
ജനകീയാസൂത്രണം



വികസനരേഖ

കോളയാട് ഗ്രാമപഞ്ചായത്ത്


കണ്ണൂർ
കോളയാട്


148-5

ഒൻപതാം പദ്ധതി ജനകീയപദ്ധതി

കോളയാട് ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് വികസനസെമിനാർ

സമഗ്ര വികസന രേഖ '96





"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ
വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്,
എന്നാൽ
ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ല
യെന്നതാനും"

—മഹാത്മാഗാന്ധി

എഡിറ്റോറിയൽ ബോർഡ്:

ടി. ശാന്ത

കെ.പി. സുരേഷ് കുമാർ.

കെ. ദിവാകരൻ മാസ്റ്റർ

.ഫിലിപ്പ് കെ. അധികാരം.

കെ.എൻ. അശോക് കുമാർ.

കെ.വിനോദ് കുമാർ.

ആന്റണി ദാസ്.

കവർ ഡിസൈൻ:

മനോജ് കുമാർ

വായന്നൂർ

ഡി.ടി.പി.:

ഗോൾഡ്സ്റ്റാർ, കണ്ണൂർ-8

ഫോൺ: 501980

148-5




1.	ആമുഖം	7
2.	ചരിത്രം	8
3.	കൃഷിയും ജലസേചനവും	10
4.	മൃഗസംരക്ഷണവും മത്സ്യബന്ധനവും	26
5.	വിദ്യാഭ്യാസം	31
6.	കുടിവെള്ളം, പൊതുജനാരോഗ്യം, പരിസരശുചീകരണം	45
7.	ഗതാഗതം, ഊർജ്ജം	51
8.	പാർപ്പിടം, സാമൂഹ്യക്ഷേമം	59
9.	സംസ്കാരം, കായികം	65
10.	വ്യവസായം	69
11.	വനിത	72
12.	സഹകരണം	76
13.	പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	80
14.	വിഭവ സമാഹരണം.	87

കോളയാട് പഞ്ചായത്ത് ഭരണസമിതി



തെനിയാടൻ ശാന്ത
(ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്)



കെ.പി. സുരേഷ് കുമാർ.
(ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്)



എൻ. കമല.
(ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)

ഇ.എസ്. സ്കറിയ മാസ്റ്റർ


എ.കെ. സുമ.

പി.എം. ജോർജ്.

എ.പി. അബൂബക്കർ ഹാജി.

എൻ. ബിന്ദു ടീച്ചർ.

എ. ശശീന്ദ്രൻ



ആമുഖം

കേരളം 40ാം പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ പദ്ധതിആസൂത്രണങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് വമ്പിച്ച സാമൂഹ്യ മുന്നേറ്റത്തിന് കളമൊരുക്കുകയാണ്. വികസനമെന്നാൽ മുകൾതട്ടിൽ നിന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടുന്ന പ്രക്രിയ ആണെന്ന മാമൂൽധാരണകളെ തിരുത്തിക്കുറിച്ച് ജനങ്ങൾ തങ്ങൾക്ക് വേണ്ടതെന്തെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. അതിന് പരിഹാരം കാണാൻ കൂട്ടായി ചർച്ചചെയ്തു കൊണ്ട് പുതിയൊരു വികസന സംസ്കാരത്തിന് രൂപം കൊടുത്തിരിക്കുകയാണ്. ഈ ജനമുന്നേറ്റത്തേയും 9ാം പദ്ധതി ആസൂത്രണത്തേയും ചേർത്തു കൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനമെന്നു വിളിക്കാം. വികസന പദ്ധതികൾ കേന്ദ്രത്തിലും, സംസ്ഥാനത്തിലും തീരുമാനമെടുത്ത് നടപ്പിലാക്കുന്ന പതിവ് ആസൂത്രണ പരിപാടിയിൽ നിന്നു വ്യത്യസ്തമായി വികസന പദ്ധതിയുടെ 30%-40% ന്റെ ആസൂത്രണവും നടത്തിപ്പും പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളെ ഏൽപ്പിക്കാനാണ് തീരുമാനം. മനുഷ്യവിഭവമടക്കം വൻതോതിൽ വിഭവ സമാഹരണം നടത്തി സന്തുലിത വികസനം നടത്തുകയാണ് ഇതിന്റെ ലക്ഷ്യം. 1980 കളിൽ ആരംഭിച്ച സാക്ഷരതാ പ്രസ്ഥാനം കേരളത്തെ ആകെ തൊട്ടുണർത്തുക മാത്രമല്ല ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാവുകയും ചെയ്തു. ഇവയുടെ തുടർച്ചയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഈ പ്രസ്ഥാനം ഇന്ത്യക്ക് മാത്രമല്ല, മൂന്നാം ലോകരാജ്യങ്ങൾക്കാകെതന്നെ മാതൃകയായി വളരും എന്ന കാര്യത്തിൽ തർക്കമില്ലതന്നെ.

സ്വന്തം കഴിവും നൈപുണികളുമുപയോഗിച്ചു കൊണ്ട് വികസനപ്രക്രിയയിൽ ഫലപ്രദമായി ഇടപെടാൻ കഴിയാതിരുന്ന ഒരു ജനതക്ക് സ്വന്തം ഗ്രാമത്തിന്റെ വികസനപ്രക്രിയയിൽ എങ്ങനെ പങ്കെടുക്കണമെന്ന് കാട്ടിക്കൊടുക്കാനുള്ള ആദ്യത്തെ ചുവടുവെപ്പായിരുന്നു വിശേഷാൽ ഗ്രാമസഭകൾ.

കോളയാട് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായുള്ള വിശേഷാൽ ഗ്രാമസഭകൾക്ക് ആവേശകരമായ തുടക്കമാണ് ഉണ്ടായിട്ടുള്ളത്. 400ഓളം ആളുകൾ പങ്കെടുത്ത വിശേഷാൽ ഗ്രാമസഭ കൂത്തുപറമ്പ് എം. എൽ. എ. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉത്ഘാടനം ചെയ്തു. ശരാശരി ഗ്രാമസഭകളുടെ പങ്കാളിത്തം 200 ആണ്. നവമ്പർ ഒന്നിന്റെ രാഷ്ട്ര പുനർനിർമ്മാണ ദിനത്തിൽ 125 ആളുകളുടെ മനുഷ്യാദ്ധ്വാനം ഒറ്റ ദിവസം കൊണ്ട് സന്നദ്ധ പ്രവർത്തനം വഴി സമാഹരിച്ചുകൊണ്ട് കക്കൻതോട് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം കോളയാടംശത്തിൽ കോളയാട് കേന്ദ്രമായി കോളയാട് പഞ്ചായത്തും, വേക്കളം അംശത്തിൽ തൊണ്ടിയിൽ കേന്ദ്രമായി വേക്കളം പഞ്ചായത്തും നിലവിൽ വന്നു. കോളയാട് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ കെ. കെ. കുര്യാക്കോസ് ആയിരുന്നു. ഒരു വനിത അടക്കം 9 പേരാണ് ആദ്യത്തെ ഭരണസമിതിയിൽ ഉണ്ടായിരുന്നത്. പഞ്ചായത്ത് ഭരണ സമിതി അന്ന് കോടതികൂടിയായിരുന്നു. 1963ൽ പഞ്ചായത്ത് പുന:ക്രമീകരണം വന്നപ്പോൾ കോളയാട് വേക്കളം വില്ലേജുകൾ ചേർത്ത് ഇന്നത്തെ കോളയാട് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. ശ്രീ സി. ബാലകൃഷ്ണൻ നമ്പ്യാർ പ്രസിഡണ്ടായ പുതിയ ഭരണസമിതി 20-12-1963ന് നിലവിൽ വന്നു.

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ കോളയാട്, വേക്കളം എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ് ഇപ്പോൾ കോളയാട് പഞ്ചായത്ത്. കണ്ണൂർ പാർലമെന്റ് നിയോജക മണ്ഡലത്തിന്റെയും, കൂത്തുപറമ്പ് അസംബ്ലി നിയോജക മണ്ഡലത്തിന്റെയും ഭാഗമാണ് ഈ പഞ്ചായത്ത്. 32.17 ച: കി. മി. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 18062ആണ്. പഞ്ചായത്തിൽ 9 വാർഡുകളിലായി 3668 വീടുകൾ ഉണ്ട്. കേരളത്തിൽ തന്നെ പട്ടിക വർഗ വനിതകൾക്കായി സംവരണം ചെയ്ത നാല് പഞ്ചായത്തുകളിൽ ഒന്നാണ് കോളയാട് പഞ്ചായത്ത്.

അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളിലൂടെ നമ്മുടെ ഗ്രാമങ്ങൾക്കാകെ ശക്തിയും, ചൈതന്യവും കൈവരാൻ പോകുകയാണ്. വീര പഴശ്ശിയുടെ പോരാളികളുടെ പിൻമുറക്കാർ അനുവധിയുള്ള നമ്മുടെ ഈ ഗ്രാമത്തിലും ജനപങ്കാളിത്തത്തോടെയുള്ള പുതിയ പദ്ധതികൾ ആരംഭിച്ചുകൊണ്ട് നമ്മുടെ ഓരോരുത്തരുടെയും പങ്കാളിത്തം ഈ പദ്ധതിയിൽ ഉറപ്പാക്കിക്കൊണ്ട് പുതിയൊരു സമൂഹസൃഷ്ടിക്കായി നമുക്ക് ഒത്തൊരുമിച്ചു മുന്നേറാം. പഴയ കാലപ്പെരുമകളിൽ നിന്ന് ആവേശം ഉൾകൊണ്ട് ഇന്നിന്റെ പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് നല്ലൊരു നാളേയ്ക്കു വേണ്ടി നമുക്കൊത്തൊരുമിച്ചു പ്രവർത്തിക്കാം. വികസനത്തിന്റെ പുതിയ പാത വെട്ടിത്തെളിക്കാനുള്ള മഹത്തായ യജ്ഞത്തിന്റെ ഭാഗമായ കോളയാട് പഞ്ചായത്ത് വികസന രേഖ ജനങ്ങളുടെ നിർദ്ദേശങ്ങൾക്കും ചർച്ചകൾക്കുമായി സമർപ്പിക്കുന്നു.



ചരിത്രം

ഒരു പ്രദേശത്തിന്റെ ചരിത്രമറിയുന്നത്, ആ പ്രദേശത്ത് ജീവിച്ചിരുന്ന സാമൂഹ്യ പരിഷ്കർത്താക്കളിൽ നിന്ന് അടിച്ചമർത്തപ്പെടുന്നവന്റെ കണ്ണീരൊപ്പാനും സ്വന്തം ജീവൻ പോലും ബലിയർപ്പിച്ച ധീരരായ പോരാളികളിൽ നിന്നും ആവേശമുൾക്കൊണ്ട് ഒരു പുതിയ സാമൂഹ സൃഷ്ടിക്കുവേണ്ടിയാണ്.

കോളയാട് പ്രദേശം പ്രാചീന ചോളസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. തുളുനാടുമായി മലബാറിനുള്ള ബന്ധം ചരിത്ര സത്യമാണല്ലോ? പ്രാകൃത തുളുസംസാരിക്കുന്ന ആദി ദ്രാവിഡ ഗോത്രത്തിൽ പെട്ടവർ ഇന്നും നമ്മുടെ ഇടയിലുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള കൊട്ടിയൂർ ശിവക്ഷേത്രത്തിലേയ്ക്കുള്ള യാത്രാ മാർഗ്ഗത്തിൽ ഒരു ഇടത്താവളമായിരുന്നു കോളയാട്. ഈ പഞ്ചായത്തിൽപ്പെട്ട പെരുവ പ്രദേശങ്ങളിൽ കാണപ്പെടുന്ന പുരാതന ക്ഷേത്രങ്ങളുടേയും വീടുകളുടെയും അവശിഷ്ടങ്ങൾ ഇക്കാര്യം നമ്മെ ബോധ്യപ്പെടുത്തുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരം ഒരു പ്രസ്ഥാനമായി രൂപം കൊള്ളുന്നതിനു മുമ്പു തന്നെ ബ്രിട്ടീഷ് മേൽകോയ്മക്കെതിരെ പോരാടുകയും വീരമൃത്യു പ്രാപിക്കുകയും ചെയ്ത ഒരു അസാധാരണ പോരാളിയായിരുന്നു വീര കേരള വർമ്മ പഴശ്ശി രാജാവ്. അദ്ദേഹത്തിന്റെ ചെറുത്തു നിൽപ്പിന് സഹായം നൽകിയ കുറിച്യ പോരാളികളുടെ പിൻതലമുറക്കാർ ഇന്നും നമ്മുടെ പ്രദേശങ്ങളിൽ അധിവസിക്കുന്നു. പഴശ്ശിരാജാവിന്റെ യുദ്ധ തന്ത്രങ്ങളിൽ ബ്രിട്ടീഷുകാർക്ക് ഒറ്റു കൊടുക്കാൻ ശ്രമിച്ച കൈതേരി അമ്പുവിനെ പെരുവയിലെ കുറിച്യ മൂപ്പനായ മഞ്ചപ്പാറക്കാരണവർ തന്ത്രപൂർവ്വം വധിച്ചതായി പറയപ്പെടുന്നു. എടയാർ ഭാഗത്ത് ഒരു കിണറിൽ ഒളിച്ചു പാർത്തിരുന്ന കണ്ണവത്ത് നമ്പ്യാരെയും മരുമകനെയും ഒരു നമ്പൂതിരി 1000 രൂപ പ്രതിഫലത്തിന് കമ്പനി പട്ടാളത്തിന് ഒറ്റു കൊടുത്തതായും അവരെ കുതിര വണ്ടിക്ക് കെട്ടി വലിച്ച് കണ്ണവത്ത് വച്ച് കഴുവിലേറ്റിയതായും പറയപ്പെടുന്നു.

19ം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഈ പ്രദേശം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിൻ കീഴിൽ വന്നിരുന്നു. മലബാർ കലക്ടറുടെ കീഴിൽ കോട്ടയം താലൂക്കിൽ ചിറ്റാരിപ്പറമ്പ് അംശത്തിലായിരുന്നു ഈ പ്രദേശം ഉൾപ്പെട്ടിരുന്നത്. പിന്നീട് കോളയാട്, വേക്കളം അംശങ്ങൾ രൂപീകരിക്കുകയും കരം പിരിവിന് അധികാരിമാരെ നിശ്ചയിക്കുകയും ചെയ്തു. ആദ്യകാലത്ത് കാർഷികകരം ഒടുക്കുന്നവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. ഭൂമിയുടെ ജന്മാവകാശം ഏതെങ്കിലും ദേവസ്വത്തിനോ അല്ലെങ്കിൽ ബ്രാഹ്മണർക്കോ ആയിരുന്നു. നമ്പടിമാർ എന്നറിയപ്പെട്ടിരുന്ന ബ്രാഹ്മണ വിഭഗക്കാർക്കായിരുന്നു ജന്മാവകാശം.

വിദ്യാഭ്യാസ പ്രവർത്തനങ്ങളെ കുറിച്ച് പറയുമ്പോൾ ബ്രാഹ്മണസമൂഹത്തിൽ നിലനിന്നിരുന്ന വേദ പാഠശാലകളിൽ നിന്നു തുടങ്ങേണ്ടി വരും. തുടർന്ന് കുടിപ്പള്ളിക്കൂട്ടങ്ങൾ, എഴുത്തു പള്ളികൾ വഴി അക്ഷരാഭ്യാസം നൽകി വന്നു. കുടിപ്പള്ളിക്കൂട്ടങ്ങൾ വഴി വിദ്യാ ദാനം നടത്തിയ മല്ലിശ്ശേരി നമ്പൂതിരി, പൈതൽ ഗുരിക്കൾ, കോരൻ ഗുരിക്കൾ, ചാത്തു ഗുരിക്കൾ തുടങ്ങിയ അറിയപ്പെടുന്നവരും അല്ലാത്തവരുമായ ഗുരുനാഥൻമാരെ സ്മരിക്കാതെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കാവതല്ല. ബ്രിട്ടീഷ് മേൽക്കോയ്മയിൽ

വന്നതിനു ശേഷം മലബാർ ഡിസ്ട്രക്ട് ബോഡിന്റെ കീഴിൽ കോളയാട്, വായന്നൂർ, എടയാർ (കണ്ണവം ഭാഗത്ത്) എന്നിവിടങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. കോളയാട് മുസ്ലീം പള്ളിക്കു സമീപം നിലവിലുണ്ടായിരുന്ന സ്കൂൾ ആദ്യത്തെ ഔദ്യോഗിക വിദ്യാലയമായി അറിയപ്പെടുന്നു. ശ്രീ കുഞ്ഞിരാമൻ അടിയോടി, നാരായണൻ മാസ്റ്റർ എന്നിവർ ആ വിദ്യാലയത്തിലെ അദ്ധ്യാപകരായിരുന്നു. മിഷിനറിമാരുടെ വരവോടെ വിദ്യാഭ്യാസ മേഖലയിൽ ഒരു നവോത്ഥാനമുണ്ടായി. 1927 ൽ കോളയാട് ഒരു കത്തോലിക്കാ വിദ്യാലയം - ഇന്നത്തെ സെന്റ് സേവിയേഴ്സ് യു. പി. സ്കൂൾ- സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത് ഈ വിദ്യാലയമാണ്. വിദ്യാഭ്യാസം സാർവത്രികമാക്കാൻ അവർ നടത്തിയ ശ്രമങ്ങൾ സ്വാഗതാർഹമാണ്.

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് മംഗലാപുരത്തു നിന്നും ഇവിടെ എത്തിയ തഹസിൽദാർ റാവു ബഹദൂർ ജെ. സി. സെക്കേറ ആയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രാമസേവാസംഘം വായനശാല ഈ രംഗത്തെ ആദ്യ സംരംഭമായിരുന്നു.


ആരോഗ്യ-ചികിത്സാ രംഗത്ത് നാട്ടു വൈദ്യ ആയുർവ്വേദ ചികിത്സാ രീതികൾ നിലവിലുണ്ടായിരുന്നു. മൺമറഞ്ഞുപോയ പല മഹൽ വ്യക്തികളും ഈ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

കൊട്ടിയൂർ, മാനന്തവാടി, (പൂളക്കുറ്റി വഴി) ഭാഗങ്ങളിലേയ്ക്കും കുറ്റ്യാടിയിലേയ്ക്കുമുള്ള യാത്രാവഴിയിലെ ഇടത്താവളമായിരുന്നു ഈ പ്രദേശം. യാത്രക്കാർക്ക് വിശ്രമത്തിനായി സത്രങ്ങളുണ്ടായിരുന്നു. ഇന്നത്തെ കോളയാട് വില്ലേജാഫീസ് കെട്ടിടം ഒരു സത്രമായിരുന്നു. 1823ൽ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നേതൃത്വത്തിൽ കണ്ണവം പുന്നപ്പാലം, നെടുംപുറംചാൽ പാലങ്ങൾ നിർമ്മിക്കപ്പെട്ടതോടെ റോഡ് ഗതാഗതത്തിനു വഴിയൊരുങ്ങി. നിടുംപോയിലിൽ നിന്നും മാനന്തവാടിയിലേയ്ക്കുള്ള പാത പിന്നീടുണ്ടായതാണ്. ആദ്യകാലത്ത് മൃഗങ്ങൾ വലിക്കുന്ന വണ്ടികളാണുണ്ടായിരുന്നത്. പിന്നിട് സൈക്കിളും കമ്പനി ഉദ്യോഗസ്ഥരായ വെള്ളക്കാരുടെ കാറുകളും വന്നു. രണ്ടാം ലോക മഹായുദ്ധത്തിനു മുമ്പു തന്നെ കൽക്കരി ഉപയോഗിച്ച് ഓടിക്കുന്ന ഒരു ബസ്സ് ഇതുവഴി ഓടിയിരുന്നു. ക്രമേണ മാനന്തവാടിയിലേയ്ക്ക് ബസ്സ് ഗതാഗതം ആരംഭിച്ചു. അതോടെ അഞ്ചൽ ഓട്ടക്കാരെ നിർത്തലാക്കി. തപ്പാൽ ബസ്സുകളിൽ അയച്ചുതുടങ്ങി.

കാർഷിക വൃത്തിയിൽ ഊന്നിക്കൊണ്ടുള്ള ജീവിതരീതിക്കായിരുന്നു അന്നും പ്രാമുഖ്യം ഉണ്ടായിരുന്നത്. കാട് വെട്ടിത്തെളിച്ച് കോയ്മാള്, ചോമാല, കറുത്തടുക്കൻ, പെരുവിത്ത്, തുടങ്ങിയ വിത്തിനങ്ങൾ ഉപയോഗിച്ച് പുനംകൃഷി നടത്തിയിരുന്നു. ക്രമേണ കരിനിലങ്ങൾ ഉണ്ടാവുകയും ചതുപ്പുകൾ നെൽ വയലായി രൂപാന്തരപ്പെടുകയും ചെയ്തു. അതിയൻ, കയമ, അമ്പിളിയാടൻ, തവളക്കണ്ണൻ, ജമാൽ, രാജകയമ, പള്ളിയാരൻ തുടങ്ങിയ അനേകം നെല്ലിനങ്ങൾ കൃഷിചെയ്തിരുന്നു. തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റത്തോടെ മരച്ചീനി കൃഷി വ്യാപകമായി. മലകളിൽ വ്യാപകമായി മരച്ചീനി കൃഷി ചെയ്യപ്പെട്ടു. രണ്ടാം ലോക മഹായുദ്ധകാലത്തുണ്ടായ കൊടും പട്ടിണിയിൽ നിന്ന് തലശ്ശേരി പ്രദേശത്തുകാരെ ഒരു പരിധിവരെ രക്ഷപ്പെടുത്തിയത് കോളയാടൻ കപ്പയായിരുന്നു എന്നത് പ്രസിദ്ധമാണ്.

വീരപഴശ്ശിയുടെ സ്മരണകളുറങ്ങുന്ന ഈ ഗ്രാമഭൂമിയിൽ സാമൂഹ്യ സാംസ്കാരിക വികസനത്തിൽ കൂട്ടായ്മയുടെ ഒരു നിറവ് ചരിത്രത്തിന്റെ ഭാഗമായി നമുക്ക് ദർശിക്കാം. ഗ്രാമ പുരോഗതിയെ ലക്ഷ്യമാക്കി ജനങ്ങളുടെ സന്നദ്ധതയിലും സംഘബോധത്തിലും അടിയുറച്ചു വിശ്വസിച്ചുകൊണ്ട് പുതിയൊരു വികസനസംസ്കാരം നമ്മുടെ നാട്ടിൽ രൂപപ്പെട്ടു വരികയാണ്. നമുക്ക് നേർവഴി കാട്ടിതന്ന പ്രപിതാമഹന്മാരെ സ്മരിച്ചുകൊണ്ട് പഴയകാലത്തിൽകവിൽ നിന്നും ആവേശമുൾക്കൊണ്ട് ഒരു നവ സമൂഹ സൃഷ്ടിക്കായി നമുക്കൊന്നാവാം.





കൃഷിയും ജലസേചനവും

കോളയാട് ഗ്രാമ പഞ്ചായത്ത് പടിഞ്ഞാറ് കണ്ണവം മുതൽ കിഴക്ക് അടിച്ചൂറ്റിപ്പാറ, നിടുംപുറംചാൽ വരെയും വടക്ക് വട്ടക്കരെ മുതൽ തെക്ക് പറക്കാട് മല വരെയും വ്യാപിച്ചു കിടക്കുന്നു. മൊത്തം വിസ്തീർണ്ണം 32.17 ച.കി.മി. ആണ്. പഞ്ചായത്തിന്റെ തെക്കു ഭാഗം നാനൂറോളം ഹെക്ടർ സ്ഥലം റിസർവ് ഫോറസ്റ്റാണ്. 4ാംവാർഡ് പൂർണ്ണമായും 9ാം വാർഡിന്റെ ചില ഭാഗങ്ങളും ഈ ഫോറസ്റ്റിനുള്ളിൽ ചിതറികിടക്കുന്നു. കോളയാട്, വേക്കളം എന്നീ രണ്ടു വില്ലേജുകളിൽ ഉൾപ്പെട്ടതാണ് ഈ പഞ്ചായത്ത്. ഇവിടെയുള്ള 90% ത്തോളംജനങ്ങളും കൃഷിയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. എല്ലാ വിഭാഗം ജനങ്ങളും ഉണ്ടെങ്കിലും മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ആദിവാസികൾ കൂടുതലായി അധിവസിക്കുന്നു. ഇവർ മൊത്തം ജനസംഖ്യയുടെ 20% ത്തോളം വരും.

ഭൂപ്രകൃതി .. കാലാവസ്ഥ

വടക്കൻ ഇടനാടിൽപ്പെടുന്ന ഈ പ്രദേശം ചെറിയ ചെറിയ കുന്നുകളും സമതലങ്ങളും നെൽപ്പാടങ്ങളും നോഡുകളും പുഴകളും ഉൾപ്പെടുന്നതാണ്. ആവൃതമായ ലാട്രേറ്റാണ് ഈ പ്രദേശത്ത് കൂടുതലായും കണ്ടുവരുന്നത്.

ശരാശരി കാലവർഷവും നിണ്ടുനിൽകുന്ന വരൾച്ചയുമാണ് ഇവിടുത്തെ കാലാവസ്ഥയുടെ പ്രത്യേകത. ശരാശരി താപനില 32 ഡിഗ്രി സെൽഷ്യസ്, ശരാശരി മഴ 3300 മി.മീ. നും 3400 മി.മീറ്ററുനും ഇടയിലാണ്. ജൂൺ ആദ്യവാരം മുതൽ ആഗസ്റ്റ് പകുതിവരെ ശരാശരിയായ മഴയും തുടർന്നു നവമ്പർ പകുതിവരെ ഇടവിട്ട മഴയും അതിനു ശേഷം ഡിസമ്പർ - ജനുവരി മഞ്ഞുകാലവും ഫിബ്രവരി മുതൽ മെയ് അവസാനം വരെ കടുത്ത വേനലും അനുഭവപ്പെടുന്നു. ഇടവപ്പാതി കൂടുതലായും തുലാവർഷം കുറവായും ആണനുഭവപ്പെടുന്നത്.

ചരിത്രം

ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് 80% ത്തോളം പ്രദേശവും കാട്ടാനകളും മറ്റു കാട്ടുമൃഗങ്ങളും നിറഞ്ഞ വനപ്രദേശമായിരുന്നു. ബാക്കി വരുന്ന 20% ത്തോളം മാത്രമേ കൃഷിക്കു വേണ്ടി ഉപയോഗിച്ചിരുന്നുള്ളൂ.

1923ൽ ആരംഭിച്ച കുടിയേറ്റമാണ് ഈ പ്രദേശത്തിന്റെ കാർഷികവും കാർഷികേതരവുമായ എല്ലാ പുരോഗതിക്കും കാരണം. തിരുവിതാംകൂറിൽനിന്നും വന്ന കുടിയേറ്റക്കാരെ കൂടാതെ ഈ ജില്ലയിലെ മറ്റുഭാഗങ്ങളിൽ നിന്നും വന്ന മറ്റു കർഷകരും അൽപാൽപ്പമായി ജന്മിമാരുടെ കൈയ്യിൽനിന്നും, ദേവസ്വത്തിൽ നിന്നും വാക്കാൽ ചാർത്തി വാങ്ങിയ സ്ഥലത്ത് കൃഷിചെയ്യു തുടങ്ങി. പുനംകൃഷിയായി

രുന്നു ആദ്യകാലത്ത് ചെയ്തുകൊണ്ടിരുന്നത്. നവര, കോയ്മാള, അടുക്കൻ, കറുത്തടുക്കൻ തുടങ്ങിയ നെല്ലിനങ്ങളും, ചാമ, മുത്താറി, തിന, വരക്, തൊവര, വെള്ളരി, മത്തൻ തുടങ്ങിയ മറ്റു വിളകളുമായിരുന്നു പുനം കൃഷിയിൽ ഉൾപ്പെട്ടിരുന്നത്. ഇതിൽ നല്ലഭാഗവും കാട്ടുമൃഗങ്ങളുടെ ശല്യം കാരണം നശിച്ചു പോകുകയായിരുന്നു. ക്രമേണ പുനംകൃഷിക്കൊപ്പം മരച്ചീനിയും, നാണ്യവിളകളായ കശുമാവ്, കുരുമുളക്, തെങ്ങ്, കവുങ്ങ്, എന്നിവയും ചെയ്തുതുടങ്ങി. പിന്നീട് 1940 കളിൽ ആരംഭിച്ച റബ്ബർ കൃഷി പഞ്ചായത്തിലെ മുഖ്യവിളയായി മാറിയിരിക്കുന്നു.

ആദ്യകാലങ്ങളിൽ ഭക്ഷ്യവിളകൾക്കായിരുന്നു മുൻതൂക്കംകൊടുത്തിരുന്നത്. എങ്കിലും കാട്ടുമൃഗങ്ങളുടെ ഉപദ്രവവും പ്രതികൂലകാലാവസ്ഥയും മൂലം ഭക്ഷ്യാൽപ്പാദനം വേണ്ടത്ര ഉണ്ടായിരുന്നില്ല. പൊതുവെ കൃഷിഭൂമി സ്വന്തമായി ഉണ്ടായിരുന്ന അൽപ്പം ജന്മിമാരൊഴികെ ജനങ്ങൾ ദരിദ്രരായിരുന്നു. ഗതാഗതം, ചികിത്സാ, വിദ്യാഭ്യാസം തുടങ്ങിയവയുടെ അപര്യാപ്തത കാർഷികരംഗത്തെയും ദോഷകരമായി ബാധിച്ചിരുന്നു.

ജന്മിമാർ പുരോഹിതൻമാരുടെ വരവോടുകൂടി സ്ഥിതി ഗതികൾക്കു മാറ്റമുണ്ടായി. വിദ്യാഭ്യാസം, അതുരസേവനം, തൊഴിൽ എന്നീ മേഖലകളിൽ ഇവർ ചെയ്ത സേവനം ഈ നാടിന്റെ പിന്നോക്കാവസ്ഥയുടെ മാറ്റത്തിനു തുടക്കം കുറിച്ചു. ഈ മാറ്റം കാർഷിക സാമ്പത്തിക-സാമൂഹ്യ രംഗത്തും പ്രതിഫലിച്ചു തുടങ്ങി. പ്രയത്നശാലികളായ കുടിയേറ്റകർഷകരുടെ കഠിനാദ്ധ്വാനം ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കി. ഈ പ്രദേശത്തിന്റെ ചില ഭാഗങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന കവുങ്ങ്, തെങ്ങ്, കശുമാവ് എന്നീ വിളകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിക്കുവാൻ തുടങ്ങി. ഇതോടെ കാർഷികവൃത്തിയിലുണ്ടായിരുന്ന താൽപര്യം കൃഷിഭൂമി സ്വന്തമാക്കുന്നതിനും കൃഷിവ്യാപിക്കുന്നതിനും കാരണമായി. ഇതേ കാലഘട്ടത്തിൽ മരച്ചീനി കൃഷി വ്യാപകമായി. "കോളയാടൻ കപ്പ" പ്രസിദ്ധിയാർജ്ജിക്കുകയും ചെയ്തു.

എങ്കിൽകൂടി കർഷകരുടെ സാമ്പത്തിക പ്രയാസങ്ങൾക്ക് വായ്പ ലഭിക്കാനും മറ്റും അംഗീകൃത വായ്പാ സ്ഥാപനങ്ങൾ ഇല്ലാതിരുന്നത് അമിതമായ പലിശയ്ക്ക് വായ്പ എടുക്കുന്നതിനും 'വിലമുറിക്കൽ' 'പ്രൊനോട്ട്' തുടങ്ങിയ സമ്പ്രദായങ്ങളെ ആശ്രയിക്കുന്നതിനും കാരണമായി. തക്കസമയത്ത് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കൃഷിഭൂമി അന്യാധീനപ്പെട്ടു പോകുന്നതിനും ഇടയാക്കിയിട്ടുണ്ട്. 1952 -53 കാലത്തുണ്ടായ കുരുമുളകിന്റെ വിലയിലെ വമ്പിച്ച വർദ്ധന കാർഷിക രംഗത്ത് ഒരു പുത്തൻ ഉണർവ്വിനു കാരണമായി. അതേപോലെ റബ്ബർ തുടങ്ങിയ മറ്റു നാണ്യവിളകളെകുറിച്ചുള്ള അവബോധം കർഷകരെ അത്തരം കൃഷികളിലേയ്ക്ക് ആകർഷിച്ചു. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. തലച്ചുമടായും കാളവണ്ടിയിലും മറ്റും കൂത്തുപറമ്പ്, തലശ്ശേരി എന്നിവിടങ്ങളിൽ എത്തിച്ചാണ് വിറ്റഴിച്ചിരുന്നത്.

തുടർന്നുവന്ന സംസ്ഥാന രൂപീകരണം, ഭൂപരിഷ്ക്കരണ നിയമം, സർക്കാരിന്റെ കാർഷിക വികസന പദ്ധതികൾ എന്നിവ കാർഷികമേഖലയിൽ കൂടുതൽ പുരോഗതിക്ക് കാരണമായിത്തീർന്നു. 1960കളിലുണ്ടായ ഇന്ത്യാ-ചൈന, ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധം ഭക്ഷ്യധാന്യങ്ങളിലുണ്ടാക്കിയ വറുതി നെൽകൃഷിയും മറ്റു ഭക്ഷ്യവിളകളും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നതിന് പ്രചോദനമായിട്ടുണ്ട്. തുടർന്നു രാസവളം, അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ, നല്ലയിനം നെൽവിത്ത്, എന്നിവയുടെ ലഭ്യതയും, ശാസ്ത്രീയ കൃഷിരീതിയെപ്പറ്റിയുള്ള അറിവും ഭക്ഷ്യാൽപ്പാദനം വർദ്ധിപ്പിച്ചു.
എന്നാൽ സാമൂഹ്യരംഗത്തുണ്ടായ മാറ്റം, വർദ്ധിച്ച കൂലിച്ചെലവ്, തൊഴിലാളികളെ ലഭിക്കാനുള്ള പ്രയാസം, നാണ്യവിളകൾ കൃഷിചെയ്താലുണ്ടാകുന്ന മെച്ചപ്പെട്ട ആദായം, കീടരോഗബാധമൂലമുണ്ടാകുന്ന അമിതമായ നഷ്ടം രാസവളം-കീടനാശിനി എന്നിവക്കുണ്ടായ വിലവർദ്ധനവ്, മെച്ചപ്പെട്ട റേഷനിങ്ങ് സമ്പ്രദായം, അന്യസംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ യഥേഷ്ടം ലഭിക്കുന്ന അവസ്ഥ എന്നിവ ഭക്ഷ്യാൽപാദന രംഗത്തെ മന്ദീഭവിപ്പിക്കുകയും റബ്ബർ, കമുക് കശുമാവ്, കുരുമുളക്, വാഴ തുടങ്ങിയ നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തു.

ഭൂവിനിയോഗം

പഞ്ചായത്തിലെ ഭൂവിനിയോഗത്തെ സംബന്ധിച്ച വിവരങ്ങൾ പട്ടിക-1ൽ ചേർക്കുന്നു.

ഭൂവിനിയോഗം
വിളകൾ

ക്രമ നമ്പർ	പേര്	വിസ്തീർണം (ഹെ)
1.	റബ്ബർ	1335
2.	കശുമാവ്	990
3.	തെങ്ങ്	885
4.	കുരുമുളക്	350
5.	കവുങ്ങ്	195
6.	വാഴ	250
7.	നെല്ല്	60
8.	കൊക്കൊ	50
9.	മരച്ചീനി	40
10.	പയർവർഗ്ഗം	35
11.	ഇഞ്ചി	40
12.	പച്ചക്കറി	8

പട്ടിക 1.

കോളയാട് ഗ്രാമപഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: A രജിസ്റ്റർ, BT രജിസ്റ്റർ)

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം(ഏക്കറിൽ)					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറം പോക്ക്	തരിശ്	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5ഏക്കറിനുമേൽ
1	2	3	4	5	6	7	8	9	10	11	12	13
വേക്കളം	3793.60	193.09	55.71	-	4042.40	187	287	368	402	391	353	106
കോളയാട്	3667.55	385.78	120.79		4174.12	281	448	427	519	486	378	112
ആകെ	**7461.15**	**578.87**	**176.50**		**8216.52**	**468**	**735**	**795**	**921**	**877**	**731**	**218**

പട്ടിക 1.

1. റബ്ബർ

പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ മൂന്നിലൊന്ന് ഭാഗം റബ്ബർ കൃഷിചെയ്യുന്നു. ഇതിൽ 90% ചെറുകിട കർഷകരുടെ കൈവശമുള്ള തോട്ടമാണ്.

ആദ്യകാലങ്ങളിൽ നാടൻ, ക്ലോണൽ വിത്തിനങ്ങളും ഇപ്പോൾ അത്യുൽപാദനശേഷിയുള്ള RR11-105, RR11-600, G.T.I, തുടങ്ങിയ നടീൽ വസ്തുക്കൾ ഉപയോഗിച്ച് ശാസ്ത്രീയമായി കൃഷിചെയ്തുവരുന്നു. ഏറ്റവും കൂടുതൽ ആദായം ലഭിക്കുന്ന കൃഷിയായി ഇതു മാറിയിരിക്കുന്നു.

റബ്ബർ ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനവും പ്രോത്സാഹനവും മണ്ണിന്റെ വളക്കൂറും, അനുയോജ്യമായ കാലാവസ്ഥയും മൂലം മെച്ചപ്പെട്ട ഉൽപ്പാദനം ലഭിക്കുന്നതുകൊണ്ട് കൂടുതൽ കർഷകർ ഈ രംഗത്ത് ആകർഷിക്കപ്പെടുന്നു.

മെച്ചപ്പെട്ട പരിചരണം മൂലം ഉൽപ്പാദനം ഇനിയും വർദ്ധിപ്പിക്കാവുന്നതാണ്. ജൈവവളം ഉപയോഗിക്കാതെ രാസവളം മാത്രമായി ഉപയോഗിക്കുന്നതു കാരണം മണ്ണിന്റെ ഘടനയിൽ മാറ്റംവരികയും രോഗബാധയ്ക്ക് കാരണമായിത്തീരുകയും ചെയ്യുന്നുണ്ട്.

ഈ മേഖലയിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നുണ്ട്. തൊഴിലാളി തൊഴിലുടമ ബന്ധം നല്ല നിലയിലാണ്. റബ്ബർ ബോർഡ് ശാസ്ത്രീയമായ തൊഴിൽ പരിശീലനം നൽകുന്നുണ്ടെങ്കിൽ പോലും, ഈ മേഖലയിൽ വിദഗ്ദ തൊഴിലാളികളെ ലഭിക്കുവാനുള്ള വിഷമം അനുഭവപ്പെടുന്നു.

2. കശുമാവ്

വിസ്തീർണ്ണം കൊണ്ട് ഈ കൃഷിക്ക് രണ്ടാം സ്ഥാനമാണുള്ളത്. വളരെ മുമ്പുതന്നെ ഈ കൃഷി ഇവിടെ പ്രചരിച്ചിട്ടുണ്ടായിരുന്നു. ഈ പ്രദേശത്തിന്റെ മണ്ണും, കാലാവസ്ഥയും ഈ കൃഷിക്ക് അനുയോജ്യമാണ് അതിനാൽ തന്നെ ലോകത്തിലെ ഏറ്റവും ഗുണനിലവാരമുള്ള കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ ഒന്നാണിത്. മറ്റു വിളകൾക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിലായിരുന്നു ഈ കൃഷി ചെയ്തുകൊണ്ടിരുന്നത്. കാര്യമായ പരിചരണം ഒന്നും നൽകാറില്ല. ചിട്ടയായ പരിചരണവും വളപ്രയോഗവും നൽകുകയാണെങ്കിൽ ഉൽപാദനം ഇനിയും വർദ്ധിപ്പിക്കാവുന്നതാണ്.

പ്രധാനമായും കശുമാവിനെ ബാധിക്കുന്ന കീടങ്ങൾ തേയിലകൊതുക്, തടിതുരപ്പൻപുഴു എന്നിവയാണ്. ഈ മേഖലയിൽ തൊഴിലാളി-തൊഴിലുടമബന്ധം വളരെ നല്ല രീതിയിലാണ്.
കശുവണ്ടി സംഭരണത്തിലെ അനിശ്ചിതാവസ്ഥയിൽ കർഷകർ ആശങ്കാകുലരാണ്. വിദേശവിപണിയിലെ കശുവണ്ടിപ്പരിപ്പിന്റെ വിലയുടെ ആനുപാതികമായ വില തോട്ടണ്ടിക്ക് ലഭിക്കാറില്ല. കശുവണ്ടിയുടെയും കശുമാങ്ങയുടെയും സംസ്കരണയൂനിറ്റ് പ്രാദേശികതലത്തിൽ ആരംഭിക്കുന്നത് കർഷകർക്ക് പ്രയോജനപ്രദമായിരിക്കും.

3. തെങ്ങ്

ഈ പഞ്ചായത്തിൽ ഏകദേശം 885 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തുവരുന്നു. പഞ്ചായത്തിന്റെ എല്ലാഭാഗത്തും, എല്ലാതരം മണ്ണിലും തെങ്ങു കൃഷി ചെയ്യുന്നുണ്ടെങ്കിലും തനിവിളയായി ചെയ്യുന്നത് കുറവാണ്; മിശ്രവിളയായിട്ടാണ് ചെയ്യുന്നത്.

അത്യുൽപാദനശേഷിയുള്ള നടീൽ വസ്തുക്കൾ, സാങ്കേതിക ഉപദേശം, ശാസ്ത്രീയ കൃഷി പരിചരണം, ജലസേചനം എന്നിവ മൂലം ഈ കൃഷി വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. വാർഷിക ഉൽപാദനം തെങ്ങൊന്നിന് നാൽപത്തഞ്ച് തേങ്ങയാണ്. ഈ പ്രദേശത്തിന്റെ കാലാവസ്ഥ, മണ്ണിന്റെ സ്വഭാവം എന്നിവ വെച്ച് നോക്കുകയാണെങ്കിൽ ശരിയായ പരിചരണം കൊണ്ട് ഉൽപാദനം ഇരട്ടിയായെങ്കിലും വർദ്ധിപ്പിക്കാം. കർഷകർ കൂടുതലായും രാസവളമാണ് ഉപയോഗിക്കുന്നത്. ജൈവവളത്തിന്റെ ഉപയോഗം കുറവാണ്. ഈ പ്രവണത, ഭാവിയിൽ മണ്ണിനെയും, തെങ്ങുകൃഷിയെ തന്നെയും പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്. കർഷകർ വേണ്ടത്ര ബോധവാൻമാരല്ലാത്തതും ജൈവവളത്തിന്റെ ദൗർലഭ്യവും ഇതിന് കാരണമാണ്. കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയാണ് പ്രധാന രോഗ-കീടബാധ. ഈ മേഖലയിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുന്നുണ്ടെങ്കിലും തൊഴിലാളികളെ, പ്രത്യേകിച്ച് തെങ്ങുകയറ്റ തൊഴിലാളികളെ ലഭിക്കുന്നതിന് പ്രയാസമുണ്ട്. ഉൽപാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നവില അപര്യാപ്തമാണ്. അതുകൊണ്ടുതന്നെ കർഷകർ അടുത്തകാലത്തായി, തെങ്ങു കൃഷി ഉപേക്ഷിച്ച് മറ്റു കൃഷികളിലേക്ക് തിരിയുന്നതായി കാണപ്പെടുന്നു.

തെങ്ങു കൃഷിക്കു വേണ്ടി കൃഷിഭവനിൽക്കൂടി ജലസേചനത്തിനും മറ്റും, വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പമ്പുസെറ്റ് സ്ഥാപിച്ച കർഷകർക്ക് യഥാസമയം വൈദ്യുതകണക്ഷൻ ലഭിക്കാത്തതുകാരണം, കർഷകർ വളരെ കഷ്ട നഷ്ടങ്ങൾ അനുഭവിക്കുന്നുണ്ട്. കൂടാതെ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നുമില്ല.

രാസവളത്തിന്റെ അമിതമായ ഉപയോഗം കുറച്ച് ജൈവവളവും മഗ്നീഷ്യം തുടങ്ങിയ സൂക്ഷ്മ മൂലകങ്ങളും ഉപയോഗിക്കുവാനുള്ള ബോധവൽക്കരണവും ഇവ യഥേഷ്ടം ലഭിക്കുവാനുള്ള സംവിധാനവുമുണ്ടാവണം. കമ്പോസ്റ്റുവളം കൃഷിയിടങ്ങളിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുക്കാവുന്നതാണ്.

തെങ്ങിന്റെ തടി മുതൽ തേങ്ങാവെള്ളം വരെയുള്ള ഉൽപന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നത് കർഷകർക്ക് ഗുണകരമായിരിക്കും.

4. കുരുമുളക്

മറ്റു പല വിളകളെയും പോലെ തന്നെ, കുരുമുളകും വളരെ വർഷങ്ങൾക്കു മുമ്പ് ഈ പ്രദേശങ്ങളിൽ കൃഷിചെയ്തുവന്നിരുന്നു. എന്നാൽ തനിവിളയായുള്ള കൃഷി വളരെ കുറവാണ്. പൊതുവേ കുന്നിൻ ചെരുവുകളിലും താഴ്ന്ന പ്രദേശങ്ങളിലും കൃഷിചെയ്തുവരുന്നു. മണ്ണും കാലാവസ്ഥയും അനുകൂലമാണ്. ശരാശരി ഒരു ഹെക്ടറിൽ നിന്നും 500 കിലോഗ്രാം ഉണങ്ങിയ കുരുമുളക് ലഭിക്കുന്നുണ്ട്. മുൻ കാലങ്ങളിൽ കാര്യമായ പരിചരണമൊന്നും നൽകിയിരുന്നില്ലെങ്കിലും അടുത്തകാലത്തായി കീടരോഗ നിയന്ത്രണങ്ങളിൽ കർഷകർ ശ്രദ്ധിച്ചുവരുന്നുണ്ട്. പഴയകാലത്തെ ഇനങ്ങളായ ബാലൻകൊട്ട, കല്ലുവള്ളി, ഉതിരൻകൊട്ട, പെരുംകൊടി എന്നിവ ചെറിയതോതിൽ ഇപ്പോഴും കൃഷി ചെയ്യുന്നുണ്ടെങ്കിലും പന്നിയൂർ-ഒന്ന്, കരിമുണ്ട എന്നീ ഇനങ്ങളാണ് ഇപ്പോൾ കൂടുതലും കൃഷിചെയ്യുന്നത്.

ശരിയായ ശാസ്ത്രീയ പരിചരണമുറകൾ, ജൈവ-രാസവള പ്രയോഗം, രോഗ-കീട പ്രതിരോധ നടപടികൾ എന്നിവ അനുവർത്തിക്കുകയാണെങ്കിൽ ഉൽപ്പാദനം ഇനിയും വർദ്ധിപ്പിക്കാം. കുരുമുളകിനെ ബാധിക്കുന്ന ഏറ്റവും മാരകമായ ദ്രുതവാട്ടം ഈ പഞ്ചായത്തിലെയും കുരുമുളകു കൃഷിയെ വൻതോതിൽ ബാധിച്ചിരിക്കുകയാണ്. കൂടാതെ പൊള്ളുവണ്ടിന്റെ ശല്യവും കാണുന്നുണ്ട്.

ഇന്നത്തെ നിലയിൽ ഉൽപന്നത്തിന്റെ വില പര്യാപ്തമാണെങ്കിലും, വിലയിലുണ്ടാവുന്ന അസ്ഥിരത, കർഷകരെ ദേഷകരമായി ബാധിക്കുന്നു. രോഗ പ്രതിരോധത്തിനായി കൃഷിവകുപ്പിൽക്കൂടി കുമിൾ നാശിനി തുടങ്ങിയ സഹായങ്ങൾ നൽകുന്നുണ്ടെങ്കിലും കർഷകർ യഥാവിധി ഉപയോഗപ്പെടുത്തുന്നില്ല.

5. കവുങ്ങ്

ആദ്യകാലങ്ങളിൽ നെൽവയലുകളോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലും മറ്റും ചെറിയതോതിൽ മാത്രമായിരുന്നു കവുങ്ങ് കൃഷി ചെയ്തുവന്നിരുന്നത്. ഇന്ന് ഏകദേശം 195 ഹെക്ടർ സ്ഥലത്ത് കവുങ്ങു കൃഷി നിലവിലുണ്ട്. മുൻ കാലങ്ങളിൽ ഉൽപാദനം കുറഞ്ഞ നാടൻ ഇനങ്ങളായിരുന്നു കൃഷി ചെയ്തുവന്നത്. ഇപ്പോൾ അത്യുൽപാദനശേഷിയുള്ള മംഗള, ശ്രീമംഗള, സുമംഗള, കാസറഗോഡൻ ലോക്കൽ എന്നിവ വ്യാപകമായി കൃഷി ചെയ്തു വരുന്നു.

ഈ പ്രദേശത്തിന്റെ എല്ലാ ഭാഗങ്ങളിലും, ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ചും കവുങ്ങ് കൃഷിചെയ്യുന്നുണ്ട്. കൂടാതെ അടുത്തകാലത്ത് നെൽവയലുകൾ നികത്തി വ്യാപകമായി കൃഷിചെയ്തുവരുന്നു. മണ്ണും കാലാവസ്ഥയും പൊതുവെ അനുകൂലമാണ്.

ഒരു കവുങ്ങിൽ നിന്നും ശരാശരി 250 അടയ്ക്ക പ്രതിവർഷം ലഭിക്കുന്നുണ്ട്. അത്യുൽപാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും ശരിയായ ശാസ്ത്രീയ പരിചരണവും നൽകിയാൽ ഉൽപാദനം ഇരട്ടിയായെങ്കിലും വർദ്ധിപ്പിക്കാം. രോഗകീടബാധകാരണം

അടുത്ത കാലത്ത് കർഷകർ ഈ കൃഷിയിൽ നിന്നും പിൽതിരിയുന്നുണ്ട്. കവുങ്ങിനെ ബാധിക്കുന്ന മാരകമായ മഞ്ഞരോഗം(YLD) ഈ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ശക്തിയായി ബാധിച്ചിട്ടുണ്ട്. കൂടാതെ മഴക്കാലത്തിന്റെ ആരംഭത്തോടെ വ്യാപകമായി കണ്ടുവരുന്ന മഹാളി ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. ശാസ്ത്രീയമായ ജൈവ-രാസ വളപ്രയോഗം പൊതുവേ കുറവായിരുന്നെങ്കിലും, ഈ അടുത്തകാലത്ത് കൃഷിചെയ്യാനാരംഭിച്ച അത്യുൽപാദന ശേഷിയുള്ള കവുങ്ങിൻ തോട്ടങ്ങളിൽ രാസവളപ്രയോഗം കൂടുതലായിട്ടുണ്ട്.

അത്യുൽപാദന ശേഷിയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതുമായ ഇനങ്ങൾ കൂടുതൽ വ്യാപകമായികൃഷിചെയ്യുന്നതിനുള്ള സഹായം ചെയ്യേണ്ടതാണ്. അതുപോലെ തന്നെ കവുങ്ങ് കൃഷിക്ക് അത്യാവശ്യമായിട്ടുള്ള ജലസേചന സൗകര്യം ഉണ്ടാക്കുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകേണ്ടത് ആവശ്യമാണ്.

മഞ്ഞരോഗം ബാധിച്ച തോട്ടങ്ങൾ മുറിച്ചുമാറ്റുന്നതിന് തൃപ്തികരമായ നഷ്ടപരിഹാരം നല്കുന്നത് ആശ്വാസകരമായിരിക്കും.

6. വാഴ

ഏകദേശം 250 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്തു വരുന്നുണ്ട് കൂടുതൽ ഭാഗവും തനി വിളയാണ്. ഇതിൽ 80%ത്തോളം നേന്ത്രവാഴകൃഷിയാണ്. കൂടാതെ റോബസ്റ്റ, മൈസൂർ പൂവൻ അടക്കാപൂവൻ, പൂവൻ എന്നിവയും ചെറിയ തോതിൽ ചെയ്തുവരുന്നുണ്ട്. പൊതുവെ വാഴക്കൃഷി ആദായകരമായതിനാൽ, നെൽവയലുകളിൽ വ്യാപകമായി കൃഷിചെയ്തുവരുന്നു.

പ്രതിവർഷം ശരാശരി ഒരു ഹെക്ടറിൽ നിന്നും 20MT നേന്ത്രക്കായ ഉൽപാദിപ്പിക്കുന്നുണ്ട്. രോഗബാധില്ലാത്ത വാഴക്കന്നുകളുടെ ഉപയോഗം, ജൈവവളത്തിന്റെ കൂടുതലായുള്ള ഉപയോഗം, ചിട്ടയായ രാസവള പ്രയോഗം,ജലസേചനം, കീടരോഗ നിയന്ത്രണം എന്നിവ ഉൽപാദനം വർദ്ധിപ്പിക്കുവാൻ സഹായിക്കും.

പ്രധാന രോഗം കുറുനാമ്പ്, ഇലകരിച്ചിൽ എന്നിവയും,കീടങ്ങൾ തടതുരപ്പൻ വണ്ട്, മാണപ്പുഴു, നിമാവിര എന്നിവയുമാണ്.

വാഴക്കൃഷി വ്യാപകമായതോടെ കർഷകരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

7. നെല്ല്

പണ്ടുമുതൽക്കെ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ടകൃഷിയായിരുന്നു, ഭക്ഷ്യവിളയായ നെല്ല്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഏകദേശം 300 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. ഒരു കാലത്ത് ഈ പ്രദേശത്തിന്റെ ജീവിതരീതിയുടെയും സംസ്കാരത്തിന്റെയും ഭാഗമായിരുന്നു ഈ കൃഷി. എന്നാൽ ഇന്ന് കേവലം 60 ഹെക്ടർ മാത്രമായി ചുരുങ്ങിയിരിക്കയാണ്. ഒന്നാം വിള 60 ഹെക്ടറിലും രണ്ടാം വിള 50 ഹെക്ടറിലും മൂന്നാം വിള 25 ഹെക്ടറിലും കൃഷി ചെയ്തുവരുന്നു.
മണ്ണും കാലാവസ്ഥയും അനുകൂലമാണ്. പഴയ കാലങ്ങളിൽ നാടൻ ഇനങ്ങളായ കയമ, രാജകയമ, തവളക്കണ്ണൻ, കിറിയായി, കൂട്ടുമുണ്ടകൻ, ചിറ്റേനി തുടങ്ങിയവയായിരുന്നു കൃഷി ചെയ്തിരുന്നത് പിന്നീട് ഐ ആർ 8, ജയ, കൾച്ചർ 28, പവിഴം, ജ്യോതി, മഷൂരി എന്നീ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ വ്യാപകമായി.

പെരുംതോടി, കൊമ്മേരി, വായന്നൂർ, എടക്കോട്ട, മേനച്ചോടി, ഇല്ലംഭാഗം, ആലച്ചേരി എന്നീ സ്ഥലങ്ങളിൽ മാത്രമായി നെൽ കൃഷി ചുരുങ്ങിയിരിക്കുന്നു. മറ്റു പ്രദേശങ്ങളൊക്കെ തന്നെ വാഴ കവുങ്ങ് തെങ്ങ് തുടങ്ങിയ നാണ്യവിളകളായി മാറ്റപ്പെട്ടിരിക്കുന്നു.

ശരാശരി ഒരു ഹെക്ടറിൽ നിന്നും 3200 കിലോഗ്രാം നെല്ല് ലഭിക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നിലവിൽ വന്നതോടെ ശാസ്ത്രീയ കൃഷിരീതി, രാസവളം- കീടനാശിനി പ്രയോഗം എന്നിവ കാരണം ഉൽപാദനം കൂടിയെങ്കിലും വിസ്തീർണ്ണത്തിൽ വന്ന കുറവ് മൊത്തം ഉൽപാദനത്തെ ബാധിച്ചിട്ടുണ്ട്. മറ്റു കൃഷിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഉൽപാദനച്ചെലവിനനുസരിച്ച് ആദായം കുറവായതിനാലും സമയബന്ധിതമായി ചെയ്യേണ്ടുന്ന ജോലി ആയതിനാൽ യഥാവസരം തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യം കാരണവും, തൊഴിലിൽ നിന്ന് മനുഷ്യനെ അന്യവൽക്കരിക്കുന്ന വിദ്യാഭ്യാസം, രോഗ-കീട ശല്യം എന്നിവയാലും കർഷകർ നെൽ കൃഷിയിൽ നിന്നു പിറകോട്ടുപോയി.

കൃഷിയിടങ്ങളിൽ കൃഷി ഉദ്യോഗസ്ഥൻമാരുടെ സന്ദർശനം ഉറപ്പാക്കിയും, പാടശേഖരസമിതികൾ പുനരുജ്ജീവിപ്പിച്ചും, നല്ലയിനം വിത്തുകൾ യഥാസമയം കർഷകർക്കു ലഭ്യമാക്കിയും ഉൽപാദനത്തിനുള്ള പ്രോത്സാഹനത്തുക വർദ്ധിപ്പിച്ചും നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നെൽ കൃഷിയെ നിലനിർത്താവുന്നതാണ്.

8. പച്ചക്കറിക്കൃഷി

ഒരുകാലത്ത് വ്യാപകമായിരുന്ന പച്ചക്കറിക്കൃഷി, വയലുകളും പറമ്പുകളും നാണ്യവിളകളായിമാറ്റപ്പെട്ടതോടെ വളരെ കുറഞ്ഞു. ജീവിതരീതിയിലും സംസ്കാരത്തിലും വന്ന മാറ്റം ഇതിന് ആക്കം കൂട്ടുന്നു. ചിലസ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പാവൽ, വെള്ളരി,

പയർ എന്നിവ കൃഷിചെയ്യുവരുന്നുണ്ട്.

പാവൽ, പയർ, വെള്ളരി, മത്തൻ, കുമ്പളം, പീച്ചിങ്ങ, മുളക്, ചീര, വെണ്ട, പടവലം എന്നിവയാണ് പച്ചക്കറിയിൽ പ്രധാനമായും ചെയ്യുന്നത്. നമ്മുടെ ആവശ്യത്തിന്റെ പത്തിലൊന്നു പോലും ഇവിടെ ഉത്പാദിപ്പിക്കുന്നില്ല. അമിതമായ കീടരോഗബാധ, ജലസേചനസൗകര്യത്തിന്റെ കുറവ്, ഉത്പാദനചിലവിന്റെ വർദ്ധനവ്, അന്യസംസ്ഥാനങ്ങളിൽ നിന്നും യഥേഷ്ടം ലഭിക്കുന്ന അവസ്ഥ, നല്ല ഗുണനിലവാരമുള്ള വിത്തിനങ്ങളുടെ ദൗർലഭ്യം തുടങ്ങിയവ പച്ചക്കറി കൃഷി കുറയാൻ ഇടയാക്കിയിട്ടുണ്ട്. സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറി, വീട്ടുവളപ്പിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നല്ലയിനം വിത്ത്, മറ്റു സാങ്കേതിക സഹായങ്ങൾ എന്നിവ ലഭ്യമാക്കിയാൽ ഈ കൃഷി വികസിപ്പിക്കാവുന്നതാണ്.

മുരിങ്ങ, കോവൽ, ചക്കുരപ്പയർ, മധുരച്ചീര, കടപ്ലാവ്, കറിവേപ്പ് എന്നീ സ്ഥായിയായിട്ടുള്ള വിളകളും അമര, വാളരിപ്പയർ, നിത്യവഴുതന, വള്ളിച്ചീര തുടങ്ങിയവയും വീട്ടുവളപ്പിൽ കൃഷിചെയ്യാൻ പ്രേരിപ്പിക്കുകയും, നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

9. സുഗന്ധവിള

കുരുമുളക് കൃഷികഴിഞ്ഞാൽ, ഇഞ്ചി, മഞ്ഞൾ, ജാതി,എന്നിവയാണ് ഈ പ്രദേശത്ത് കൃഷിചെയ്യുന്ന സുഗന്ധവിളകൾ. കൂടാതെ ഗ്രാമ്പൂ, കറുകപ്പട്ട, ഏലം വാനില എന്നിവയും നാമമാത്രമായി കൃഷിചെയ്യുവരുന്നു.

അടുത്തകാലത്ത് ഇഞ്ചിക്ക് ലഭിച്ചുവരുന്ന മെച്ചമായ വില, ഈ രംഗത്തേയ്ക്ക് കൂടുതൽ കർഷകർ ആകർഷിക്കപ്പെടുന്നു.

ഇഞ്ചിയെ ബാധിക്കുന്ന മൂടുചീയൽ രോഗവും, തണ്ടുതുരപ്പൻ പുഴുവും ഇതിനെ ദോഷകരമായി തീരുന്നുണ്ട്. ജൈവവളം, സമീകൃതരാസവളം, കീടരോഗനിയന്ത്രണം എന്നിവ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.

10. കിഴങ്ങ് വർഗ്ഗങ്ങൾ

മരച്ചീനി, മധുരക്കിഴങ്ങ്, ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ് എന്നിവയാണ് ഇവിടത്തെ പ്രധാനകിഴങ്ങുവർഗ്ഗങ്ങൾ. എന്നാൽ ഇവയിപ്പോൾ വളരെ കുറഞ്ഞതോതിൽ മാത്രമേ കൃഷിചെയ്യുന്നുള്ളൂ. കൃഷിഭൂമി മറ്റു നാണ്യവിളകളിലേയ്ക്കു മാറിയതാണ് കിഴങ്ങുവർഗ്ഗം കുറയാൻ കാരണം. കൂടാതെ ഭക്ഷണരീതിയിൽ വന്ന മാറ്റവും ഇതിന് മറ്റൊരു കാരണമാണ്. റബ്ബർ ഒഴികെ മറ്റെല്ലാ തോട്ടവിളകളുടെയും ഇടവിളയായി ചേന, ചേമ്പ് എന്നിവകൃഷിചെയ്യാവുന്നതുകൊണ്ട് ഈ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

11. ഫലവർഗ്ഗങ്ങൾ

മാവ്, പ്ലാവ്, പേര, നെല്ലി, പപ്പായ, കൈതച്ചക്ക, സപ്പോട്ട എന്നിവയാണ് ഈ വിഭാഗത്തിലെ പ്രധാനപ്പെട്ടവ. ഇവയിൽ മിക്കവയും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്താണ് ഉപയോഗിക്കുന്നത്.

പ്രത്യേക പരിചരണ മൂറകളില്ലാതെ തന്നെ ആദായകരമായി കൃഷിചെയ്യാവുന്ന ഇവയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇവിടെ ലഭ്യമാകുന്ന ഫലവർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി അച്ചാർ, ജാം, സ്കാഷ്, ജെല്ലി തുടങ്ങിയ ഉൽപ്പന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനുള്ള സംരംഭം നടത്തിയാൽ നഷ്ടപ്പെട്ടു പോകുന്ന പഴങ്ങൾ ഉപയോഗപ്പെടുത്തുവാനും കർഷകന്റെ സാമ്പത്തിക നിലമെച്ചപ്പെടുത്തുവാനും, തോഴിൽ സാധ്യത വർദ്ധിപ്പിക്കുവാനും സാധിക്കും.

12. പയർ വർഗ്ഗങ്ങൾ

നെൽവയലുകളിൽ രണ്ടാം വിളയ്ക്കു ശേഷം ചെറുപയർ, ഉഴുന്ന്, വൻപയർ എന്നിവ വ്യാപകമായി കൃഷിചെയ്യുന്ന രീതി നിലവിൽ ഉണ്ടായിരുന്നു. എന്നാൽ നെൽ വയലുകൾ കുറയുകയും വാഴ, മറ്റു നാണ്യവിളകൾ എന്നിവ വർദ്ധിക്കുകയും ചെയ്തതോടെ ഈ കൃഷി വളരെ കുറഞ്ഞുപോയിട്ടുണ്ട്.

ധാന്യവിളകഴിഞ്ഞാൽ പ്രധാന ഭക്ഷ്യവിളയായ പയർ വർഗ്ഗം, മാംസ്യാഹാരപ്രധാനമായ ഭക്ഷ്യവസ്തു എന്നതിനു പുറമേ, മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും ഈ കൃഷിക്ക് പ്രഥമ ഗണനീയമായ സ്ഥാനമുണ്ട്. അതിനാൽ ഈ കൃഷിയെ പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

13. ഔഷധ സസ്യങ്ങൾ

കൃഷിയെന്ന നിലയിൽ പരിഗണിക്കപ്പെട്ടിട്ടില്ലാത്ത ഔഷധസസ്യ കൃഷിയും നമ്മുടെ പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കച്ചോലം, ശതാവരി, കൊടുവേലി, തിപ്പല്ലി, അരൂത, അമൽപ്പൊരി, [illegible]രെക്കൊല്ലി, തുടങ്ങി ധാരാളം ഔഷധസസ്യങ്ങൾ ഈ പ്രദേശത്തു നിന്നും ശേഖരിക്കാവുന്നതും വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെ[illegible]ന്നതുമാണ്.

14. പുഷ്പകൃഷി

നമ്മുടെ തൊട്ടടുത്തുള്ള കൂത്തുപറമ്പ, തലശ്ശേരി തുടങ്ങിയ ചെറുനഗരങ്ങളിൽ പോലും പ്രതിദിനം ലക്ഷക്കണക്കിനു രൂപയുടെ പുഷ്പങ്ങൾ അന്യസംസ്ഥാനങ്ങലിൽ നിന്നും ഇറക്കുമതി ചെയ്തു വിൽപ്പന നടത്തിവരുന്നു.

നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ കുറ്റിമുല്ല, ഓർക്കിഡ് തുടങ്ങിയ കൃഷി പ്രോത്സാഹിപ്പിക്കുന്നത് തൊഴിൽ സാധ്യതയ്ക്കും സാമ്പത്തിക നേട്ടത്തിനും ഉതകും.

മേൽപറഞ്ഞകൃഷിക്ക് ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും വ്യാപകമാക്കേണ്ടതാണ്.

15. സെറികൾച്ചർ

1985 ൽ സർക്കാരിന്റെ ധനസഹായത്തോടെ വ്യാപകമായ തോതിൽ മൾബറികൃഷിയും പട്ടുനൂൽ പുഴുവളർത്തലും ആരംഭിച്ചു. ഡാദി ബോർഡ് മുഖേനയായിരുന്നു ഈ കൃഷിക്ക് വേണ്ടുന്ന സാമ്പത്തിക-സാങ്കേതിക സഹായം കർഷകർക്ക് ലഭിച്ചിരുന്നത്. മൂന്നു-നാലു വർഷം സാമാന്യം തൃപ്തികരമായ വില കർഷകർക്ക് ലഭിച്ചിരുന്നു. പര്യാപ്തമായ മാർക്കറ്റിംഗ് സൗകര്യം ലഭിക്കാത്തതും, കർഷകർ ചൂഷണം ചെയ്യപ്പെട്ടതും കാരണം ഈ കൃഷി നിലച്ചു. അടുത്ത കാലത്ത് രൂപീകരിച്ച "സെറി ഫെഡ്" കർഷകരെ ഈ രംഗത്ത് ആകർഷിക്കുവാൻ ശ്രമം നടത്തുന്നുണ്ടെങ്കിലും ആദ്യകാലാനുഭവം മൂലം കർഷകർ മുമ്പോട്ടു വരാൻ മടിക്കുന്നു. ആവശ്യമായ വിപണിയും പ്രോത്സാഹനവും ഉണ്ടാക്കുകയാണെങ്കിൽ വളരെ തൊഴിൽ സാധ്യതയുള്ള ഈ കൃഷി വികസിപ്പിക്കാവുന്നതാണ്.

16. തേനീച്ചവളർത്തൽ

തേനിന്റെ ഔഷധ-പോഷക പ്രാധാന്യം വളരെ മുമ്പുതന്നെ നമുക്ക് അറിയാമായിരുന്നെങ്കിലും , 1962ൽ മാത്രമാണ് ഈ പ്രദേശത്ത് തേനീച്ചവളർത്തൽ ആരംഭിച്ചത്. വികസന ബ്ലോക്കിൽ നിന്നും ലഭിച്ച സാമ്പത്തിക-സാങ്കേതിക സാഹായത്തോടെ ഈ കൃഷി വ്യാപിച്ചുവെങ്കിലും, നാലഞ്ചു വർഷത്തിനു ശേഷം സർക്കാരിൽ നിന്നും പ്രോൽസാഹനം നിലച്ചതോടെ ഇതു നിന്നു പോയി. പിന്നിട് എൺപതുകളിൽ ഏതാനും കർഷകർ രംഗത്തു വരികയും സർക്കാരിന്റെ സഹായത്തോടെ വിപുലീകരിക്കുകയും ചെയ്തു. കുറേപേർക്ക് തൊഴിലും, സാമ്പത്തിക നേട്ടവും ഇതു വഴി ലഭിച്ചു. ഒപ്പം തന്നെ ഫലവർഗ്ഗങ്ങളിൽ ഉൽപ്പാദന വർദ്ധനവിനും തേനീച്ചയുടെ വർദ്ധനവ് കാരണമായി.

ഉൽപ്പാദനം - ഉൽപ്പാദനക്ഷമത

ക്രമ നമ്പർ	വിളകൾ	വിസ്തീർണ്ണം (ഹെ)	ആകെ ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത
1.	റബ്ബർ	1335	2670 MT	4 MT/ ഹെക്ടർ
2.	കശുമാവ്	990	1881 MT	2.8MT/ "
3.	തെങ്ങ്	885	79.65ലക്ഷം	100 തേങ്ങ/തെങ്ങ്
4.	കുരുമുളക്	350	175 MT	1 MT/ഹെ
5.	കവുങ്ങ്	195	633.75ലക്ഷം	500 അടക്ക/കവുങ്ങ്
6.	വാഴ	250	5000 MT	40 MT/ഹെ
7.	നെല്ല് ഒന്നാം വിള	60	180 MT	4 MT/ "
	രണ്ടാം വിള	50	160 MT	4.5 MT/ "
	മൂന്നാം വിള	25	72 MT	3.5 MT/ "

പട്ടിക 2.

ഏകദേശം 92-93 കാലഘട്ടങ്ങളിൽ ആരംഭിച്ച "തായ്-സാക്ക്-ബ്രൂഡ്" എന്ന വൈറസ് രോഗം മൂലം ഈ കൃഷി നാശത്തിന്റെ വക്കോളമെത്തി. രോഗപ്രതിരോധ ശക്തിയുള്ള ഇനങ്ങളെ പരീക്ഷിച്ചു നോക്കിയെങ്കിലും വേണ്ടത്ര വിജയിച്ചിട്ടില്ല. പഞ്ചാബിലെ സർക്കാരും കർഷകരും യോജിച്ച് അവിടത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രോഗപ്രതിരോധ ശക്തിയുള്ള ഇനത്തെ ഉൽപ്പാദിപ്പിച്ച തുപോലെ, ഇവിടെയും അനുയോജ്യമായ സങ്കരയിനത്തെ ഉരുത്തിരിച്ചെടുത്ത് കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുകയും, തേനീച്ചകൃഷി, പ്രോൽസാഹിപ്പിക്കുകയും വേണം.

പഞ്ചായത്തിൽ നടപ്പാക്കുന്ന കാർഷിക വികസന പ്രവർത്തനങ്ങൾ

കാർഷികവികസനപ്രവർത്തനങ്ങൾക്ക് കൃഷിഭവനെകൂടാതെ റബ്ബർ ബോർഡ്, ഗ്രാമ വികസനവകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്, സെറിഫെഡ്, വിവിധ കമേർഷ്യൽ-സഹകരണ ബേങ്കുകൾ എന്നീ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

കൃഷിഭവൻ

ആദ്യകാലത്ത് കൃഷിവികസനത്തിനായി ഏലം വികസനപദ്ധതി, കുരുമുളക് പാക്കേജ് പദ്ധതി, സാന്ധ്യ, കശുമാവ് വികസനപദ്ധതി തുടങ്ങിയ വിവിധ ഓഫീസുകളിൽ കൂടി നടപ്പിലാക്കിയിരുന്ന പദ്ധതികൾ ഏകോപിപ്പിച്ച് 1987 സെപ്റ്റംബർ ഒന്നിന് പഞ്ചായത്തു തലത്തിലുള്ള കൃഷിഭവൻ ആരംഭിച്ചു. ഒരു കൃഷിഓഫീസറും രണ്ടു കൃഷി അസിസ്റ്റന്റുമാരുമാണ് കോളയാട് കൃഷിഭവനിലുള്ളത്.

എട്ടാം പദ്ധതിക്കാലത്ത് കൃഷിഭവൻ മുഖേന ലഭ്യമാക്കിയ നടീൽ വസ്തുക്കളും വിത്തുകളും

ക്രമ നമ്പർ	ഇനം	1992-93	1993-94	1994-95	1995-96	1996-97
1.	തെങ്ങിൻതൈ WCT	1926	750	700	1000	750
2.	തെങ്ങിൻതൈ T x D	45	70	140	150	85
3.	തെങ്ങിൻതൈ D x T	20	—	—	—	40
4.	ഒട്ടുപ്ലാവ്	10	20	100	—	—
5.	സപ്പോട്ട	8	3	70	30	—
6.	കുടംപുളി	3	10	20	—	74
7.	പേര	7	8	45	30	7
8.	നാരകം	5	—	—	—	—
9.	ചെറി	2	—	—	—	—
10	ജാതി	60	40	—	140	170
11.	കമുകിൻതൈ (മംഗള)	100	300	—	—	—
12.	കമുകിൻതൈ (ലോകൽ)	30	--	—	—	300
13.	കുരുമുളകുതല (കരിമുണ്ട)	1500	2900	11000	980	15000
14.	കുരുമുളകു തല (പന്നിയൂർ 1)	—	—	2500	440	3000
15.	കൂറ്റാട്ടൂർ മാവ്	—	35	—	—	—
16.	ഒട്ടുമാവ്	—	145	110	175	—
17.	കശുമാവ് തൈകൾ	2400	6475	—	—	—
18.	മാങ്കോസ്റ്റിൻ	—	16	20	—	15
19.	വൻപയർ	200 കി.ഗ്രാം	—	200+16	188 കി.	20 കി.
20.	ഉഴുന്ന്	8 കി.ഗ്രാം	300 കി.	—	—	—
21.	പവിഴം (നെൽവിത്ത്)	—	210കി.ഗ്രാം	—	150കി.ഗ്രാം	—
22.	ജയ	—	200കി.ഗ്രാം	—	—	200 കി.
23.	ചെറുപയർ	—	24 കി.ഗ്രാം	—	—	—
24.	എള്ള്	—	23 കി.ഗ്രാം	30 കി.	—	—
25.	ജ്യോതി (നെൽവിത്ത്)	—	410 കി.	12290 250 കി.	60	470
26.	കശുമാവ് (ഗ്രാഫ്റ്റ്)	—	—	3118	3200	3300
27.	മട്ട ത്രിവേണി നെൽവിത്ത്	—	—	50 കി.	150	—
28.	കൈരളി നെൽവിത്ത്	—	—	—	70	—
29.	ചണമ്പ് (പച്ചിലവളം)	—	—	—	600	—
30.	സെസ്ബാനിയ (പച്ചില വളം)	—	—	—	275	—
31.	ഗ്രാമ്പൂ തൈകൾ	—	—	—	—	100
32.	വെജിറ്റബിൾകൌപി (പയർ)	—	—	—	—	5 കി.
33.	കറുവപ്പട്ട	—	—	—	—	90
34.	മലയൻ ആപ്പിൾ	—	—	—	—	5
35.	റോസ് ചാമ്പ	—	—	—	—	50

പട്ടിക 3A

പട്ടിക 3

എട്ടാം പദ്ധതിക്കാലത്ത് കൃഷിഭവൻ മുഖേന നടപ്പിലാക്കിയ വികസനപദ്ധതികൾ

ക്രമ നമ്പർ	പദ്ധതി	1992-93		1993-94		1994-95		1995-96		1996-97	
		ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം	സാമ്പത്തികം
1.	ഗ്രൂപ്പ് ഫാമിംഗ്										
a	(രാസവള സബ്സിഡി)	63.75 ഹെ.	12750 രൂപ								
b	കുമ്മായം വാങ്ങിച്ചതിന് സബ്സിഡി		18850								
c	ബണ്ട് നിർമ്മാണം		2090								
2.	കുരുമുളക് കൃഷി പുനരുദ്ധാരണം										
a	ഒന്നാം വർഷം	30 ഹെ.	105000	10 ഹെ.	31600	20 ഹെ.	70000	30 ഹെ.	105000	15	52500
b	രണ്ടാം വർഷം	25 ഹെ.	32500	30 ഹെ.	39000	10 ഹെ.	13500	20 ഹെ.	26000	30	39000
c	മൂന്നാം വർഷം			25 ഹെ.	40000	30 ഹെ.	48000	10 ഹെ.	15000	20	32000
3.	കുരുമുളക് കൃഷി വ്യാപന പദ്ധതി										
a	ഒന്നാം വർഷം			1	5000	1 ഹെ.	5000	5 ഹെ.	25000		
b	രണ്ടാം വർഷം					1 ഹെ.	3000	1 ഹെ.	3000	5	15000
c	മൂന്നാം വർഷം							1 ഹെ.	2000	1	2000
4.	പ്രദർശന തോട്ടം										
a	ഒന്നാം വർഷം					1 ഹെ.	225				
b	രണ്ടാം വർഷം							1	140		
c	മൂന്നാം വർഷം									1	150
5.	ഇഞ്ചകൃഷി വികസനം										
a	പ്രദർശനതോട്ടം			2 എണ്ണം	2400	2	2400	6	7200	3 എണ്ണം	3600
b	കൃഷി വ്യാപന പദ്ധതി					1 ഹെ.	5000	2	10000	2	10000
6.	മഞ്ഞൾ കൃഷി വികസനം										
a	പ്രദർശന തോട്ടം					1 എണ്ണം	825	2	1650	2 എണ്ണം	1650
b	മഞ്ഞൾ കൃഷി വ്യാപനം							1	4000		
7.	നെൽകൃഷി വികസന പദ്ധതി										
a	ഉൽപ്പാദന ബോണസ്			42	10500	153	38250	160	40000	135	33750
8. a	വരൾച്ചാദുരിതാശ്വാസ പദ്ധതി	12 കിണർ	21300								
9.	കവുങ്ങ് കൃഷി വികസനം										
a	മഹാളി രോഗനിയന്ത്രണ പരിപാടി	15 ഹെ.	7500	51	19118	25	9987	55	22000		
b	ജലസേചന സൗകര്യം ഏർപ്പെടുത്തൽ			1 എണ്ണം	25000			1 യൂ.എണ്ണം	4000		
c	മഞ്ഞരോഗം ബാധിച്ച കവുങ്ങ് മുറിച്ചു മാറ്റൽ					200എണ്ണം	20000				
10.	കശുമാവ് കൃഷി വികസനം										
a	കശുമാവ് തൈകളുടെ വതരണം	15	2400	15	2400	30	4793	15	2400	20	3200
b	രാസവള കിറ്റ് വിതരണം			480	13344	480	13344	480	13344		
c	കീട നിയന്ത്രണ പദ്ധതി	66	19800	125	37500	101.3	30390	75	22500		
d	തടി തുരപ്പൻ പുഴു നിയന്ത്രണം					120	1920 ലി.	100	1590 ലി.		
e	ഉൽപാദന വർദ്ധന പദ്ധതി 1ാം വർഷം					25	37500	13	19500		
f	" 2ാം വർഷം							25	37500	13	19500
g	3ാം വർഷം									25	37500
h	മണ്ണ് സംരക്ഷണ പദ്ധതി					5	7500				

11.	ബയോഗ്യാസ് പദ്ധതി					1 എണ്ണം	2400				
12.	കൊക്കോ കൃഷി വികസന പദ്ധതി										
a	പ്രദർശന തോട്ടം	5 എണ്ണം	1250								
b	പുനരുദ്ധാരണ പദ്ധതി					2 ഹെ	4000				
c	ജലസേചന യൂനിറ്റ്							1 യൂനിറ്റ്	4000		
13.	പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതി										
a	തെങ്ങിൻ തൈകളുടെ വിതരണം	1926	23112								
b	രാസവളം വിതരണം				31331		33751				12500
c	ജലസേചന പമ്പു സെറ്റ്/കിണർ			1 എണ്ണം	7340			6	54603	16എണ്ണം	
14.	സമഗ്ര നാളികേര വികസനം										
a	ജലസേചന കിണർ/പമ്പുസെറ്റ് സ്ഥാപിക്കൽ					136	336493	136	315000	101	252500
b	റോക്കർ സ്പ്രെയർ					1 എണ്ണം	975	5	5000	50	50000
c	തെങ്ങ് കയറ്റ യന്ത്രം					2 എണ്ണം	1000			10	5000
d	പച്ചിലവളത്തിന്റെ വിത്ത്							50	250	50	250
e	സാമൂഹ്യ ജലസേചന പദ്ധതി					3 എണ്ണം	401154	2 എണ്ണം	326060	5 ഹെ	
15.	യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ							8 ഇനം	63550		
	തൊഴിൽ ദാന പദ്ധതി										
a	പദ്ധതിയിൽ അംഗത്വമെടുത്തവർ ആകെ 241 പേർ										
b	പട്ടികജാതി 10										
c	പട്ടികവർഗ്ഗം 103										
d	ജനറൽ 128										
16.	വിള ഇൻഷ്വറൻസ് പദ്ധതി										
	ആകെ ഇൻഷർ ചെയ്തവർ 114 പേർ										
	അടച്ച പ്രീമിയം തുക 44468 രൂപ										
17.	പ്രകൃതിക്ഷോഭ ദുരിതാശ്വാസ വിതരണം					158 ആൾ	46988	63ആൾ	50659രൂപ	289ആൾ	57491രൂപ
18.	കണിക ജലസേചനം			2	120000						
19.	പാടശേഖരത്തിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ						210000				
20.	പവർടില്ലർ						45000				

മിനികിറ്റു , പദ്ധതി, നടിൽ വസ്തുക്കളുടേയും വിത്തുകളുടേയും വിതരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനപദ്ധതി തുടങ്ങിയ ഏതാനും ചില പദ്ധതികൾ മാത്രമായിരുന്നു ആദ്യകാലത്ത് നടപ്പാക്കാനുണ്ടായിരുന്നത്. പിന്നിടിങ്ങോട്ട് ഊർജ്ജിത പച്ചക്കറിവികസന പദ്ധതി, ഗ്രൂപ്പ് ഫാമിംഗ്, നാളികേര വികസനത്തിനുള്ള ഗ്രൂപ്പ് മാനേജ്മെന്റ്, എസ്. ഇ. ജി. പി. , കശുമാവ് വികസന പദ്ധതി, കീടനാശിനി തളിക്കാനുള്ള പദ്ധതി, ബയോഗ്യാസ്, എലി നശീകരണം എന്നിങ്ങനെ വർദ്ധിച്ച് കുരുമുളക് പുനരുദ്ധാരണം, സമഗ്ര നാളികേര വികസനം, ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാനം, സാമൂഹ്യ ജലസേചനം, വിള ഇൻഷ്വറൻസ്, വിത്തുൽപ്പാദനം, വികേന്ദ്രീകൃത നഴ്സറി, സുഗന്ധവിള വികസനം എന്നിങ്ങനെ വിവിധ വികസന പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പിലാക്കി വരുന്നു.

പഞ്ചായത്തുതല കാർഷിക വികസന സമിതിയുടെ നേതൃത്വത്തിൽ ഒരു കേരവികസന സമിതിയും, പത്ത് കുരുമുളക് സംരക്ഷണ സമിതിയും, ആറ് പാടശേഖര സമിതിയും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

ഇത്രയധികം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനത്തിനും യഥാസമയം കർഷകരുടെ കൃഷിയിടം സന്ദർശിച്ച് വേണ്ടുന്ന സാങ്കേതിക ഉപദേശം നൽകുന്നതിനും ജീവനക്കാരുടെ കുറവ് കാരണം സാധിക്കുന്നില്ല. കൃഷിഭവന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് സാങ്കേതിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

കുരുമുളക് ദ്രുതവാട്ടരോഗ നിയന്ത്രണ പദ്ധതി
കുമിൾ നാശിനി വിതരണം ചെയ്തതിന്റെ വിവരം

വർഷം	കോപ്പർ സൾഫേറ്റ് (തുരിശ്)	കോപ്പർ ഓക്സി ക്ലോറൈഡ്	നീറ്റുകക്ക
199293	1650 കി.ഗ്രാം	300 കി.ഗ്രാം	–
199394	–	–	–
199495	3600 കി.ഗ്രാം	1800 കി.ഗ്രാം	3600 കി.ഗ്രാം
199596	4500 കി.ഗ്രാം	2250കി.ഗ്രാം	4500 കി.ഗ്രാം
199697	4600 കി.ഗ്രാം	2300 കി.ഗ്രാം	4600 കിഗ്രാം

പച്ചക്കറി കൃഷി വികസന പദ്ധതി
സ്കൂൾ കുട്ടികൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്തതിന്റെ വിവരം

വർഷം	വിതരണം ചെയ്ത വിത്ത് പാക്കറ്റ്
1992-93	500 എണ്ണം
1993-94	500 എണ്ണം
1994-95	735 എണ്ണം
1995-96	500 എണ്ണം

പട്ടിക 3B

കാർഷിക വികസന സമിതികൾ

ക്രമ നമ്പർ	സമിതികളുടെ പേര്	അംഗങ്ങളുടെ എണ്ണം	പ്രവർത്തന മണ്ഡലം
1.	കേരവികസന സമിതി	1195	പഞ്ചായത്ത് മുഴുവൻ
2.	മേനച്ചോടി കുരുമുളക് സംരക്ഷണ സമിതി.	183	10ം വാർഡ്
3.	വായന്നൂർ "	158	20ം വാർഡ് പടി.ഭാഗം
4.	പെരുന്തോടി "	104	30ം വാർഡ്.
5.	പെരുവ "	251	40ം വാർഡ്.
6.	പൂത്തലം "	160	50ം വാർഡ്.
7.	കോളയാട് "	89	60ം വാർഡ്.
8.	എടയാർ "	65	70ം വാർഡ്.
9.	കൊമ്മേരി "	88	90ം വാർഡ്.
10.	ആലച്ചേരി "	207	80ം വാർഡ്.
11.	കല്ലുമുതിരക്കുന്ന് "	153	20ം വാർഡ് കി. ഭാഗം.
12.	പെരുന്തോടി പാടശേഖരസമിതി.	66	21 ഹെക്ടർ.
13.	വായന്നൂർ "	50	15 "
14.	ആലച്ചേരി "	51	15 "
15.	എടക്കോട്ട-മേനച്ചോടി "	68	12 "
16.	ഇല്ലംഭാഗം-കിഴംവയൽ "	45	11 "

പട്ടിക 4

യഥാസമയം നടീൽ വസ്തുക്കളും വിത്തും കൃഷിഭവനിൽകൂടി ലഭിക്കായ്കയാൽ കൃഷിക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ പ്രദേശത്ത് ആവശ്യമില്ലാത്ത വിത്തും നടീൽ വസ്തുക്കളും കീടനാശിനിയും അസമയത്ത് കൃഷിഭവനിൽ എത്തിക്കുകയും കൃഷിക്കാരെ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

വായ്പാ സൗകര്യങ്ങൾ

ഈ പഞ്ചായത്തിന്റെ കാർഷികാവശ്യത്തിന് വായ്പ ലഭ്യമാക്കുന്നത് കോളയാട് സർവ്വീസ് സഹകരണ ബാങ്ക്, തൊണ്ടിയിൽ സർവ്വീസ് സഹകരണ ബാങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ കോളയാട് ശാഖ, വിജയാ ബാങ്കിന്റെ നിടുംപുറംചാൽ ശാഖ, സിറ്റിക്കേറ്റ് ബാങ്കിന്റെ പേരാവൂർ ശാഖ, കാർഷിക വികസന ബാങ്കിന്റെ പേരാവൂർ ശാഖ എന്നിവയാണ്.

കർഷകന് ചുരുങ്ങിയ പലിശയ്ക്ക് കാർഷികാവശ്യത്തിന് ഉതകുന്ന വിധത്തിൽ, വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം ലളിതമാക്കണം.

പ്രശ്നങ്ങൾ

1. മണ്ണൊലിപ്പ്

എ. വൻതോതിൽ കാടു വെട്ടി തെളിക്കുന്നത്.
ബി. കുന്നും ചരിവും നിറഞ്ഞ ഭൂപ്രകൃതിക്കനുസൃതമായി കൃഷിചെയ്യുന്നില്ല.
സി. മരച്ചീനി തുടങ്ങിയ മണ്ണൊലിപ്പിന് കാരണമാകുന്ന കൃഷി.
ഡി. ചരിവിനനുകൂലമായി വാരമെടുത്ത് ഇഞ്ചിപോലുള്ള കൃഷിചെയ്യുന്നത്
ഇ. കന്നുകാലികളെ നിർബാധം മേയാൻ വിടുന്നത്
എഫ്. പുഴയോരങ്ങളിലും തോടരികുകളിലും ഉണ്ടായിരുന്ന കൈത, ഓട, മറ്റു മരങ്ങൾ എന്നിവ ഉൾപ്പെട്ട ജൈവഭിത്തി നശിപ്പിച്ചത്.

ജി. രാസവളം, കീടനാശിനി എന്നിവയുടെ അമിതപ്രയോഗം കാരണം മണ്ണിന്റെ ജലസംഭരണ ശേഷി നഷ്ടപ്പെടുത്തിയത്.
എച്ച്. കെട്ടിടങ്ങളുടെയും റോഡുകളുടെയും വർദ്ധനവ്.
ഐ. പണ്ട് നിലവിലുണ്ടായിരുന്ന കാവുകളും കുളങ്ങളും നശിപ്പിച്ചത്

2. ജലസേചനം

എ. ആറുമാസത്തെ തുടർച്ചയായ വരൾച്ച, മഴയിൽക്കൂടി ലഭിക്കുന്ന ജലത്തിന്റെ 97% നഷ്ടപ്പെട്ടു പോകുന്നത്;തൽസ്ഥല ജലസംഭരണത്തിന്റെ അപര്യാപ്തത.

ബി. തോടുകളിലും മറ്റും വേണ്ടത്ര ക്രോസ് ബാറുകൾ ഇല്ലാത്തത്.
സി. ഇന്നു നിലവിലുള്ള ക്രോസ് ബാറുകളുടെ അറ്റകുറ്റപ്പണികളുടെ അഭാവം.
ഡി. ജലസംഭരണികളുടെ അഭാവം
ഇ. ജലസേചന പമ്പുസെറ്റുകൾക്കു വൈദ്യുതി കണക്ഷൻ ലഭിക്കാത്തത്.
എഫ്. വോൾട്ടേജ് ക്ഷാമം.
ജി. മണ്ണണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന പമ്പുസെറ്റുകൾക്ക് യഥാസമയം ആവശ്യമായത്ര അളവിൽ മണ്ണെണ്ണ ലഭിക്കാത്ത അവസ്ഥ

എച്ച്. വ്യക്തിഗത ജലസേചന സംരംഭങ്ങൾക്ക് വേണ്ടിവരുന്ന ഭാരിച്ച ചെലവ്.
ഐ. സാമൂഹ്യ ജലസേചന പദ്ധതികൾ ഉപയോഗപ്പെടുത്തുവാനുള്ള വിമുഖത.

3. ജലനിർഗമനം

എ. ചില പാടശേഖരങ്ങളിൽ ജലനിർഗ്ഗമനത്തിന് സൗകര്യം കുറവാണ്.

4. രോഗകീടബാധ

എ. റബ്ബറിന്റെ ചീക്ക്, പട്ടമരപ്പ്, അകാലിക ഇലപൊഴിച്ചൽ
ബി. തെങ്ങിന് കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി
സി. കവുങ്ങിന് മഞ്ഞരോഗം (Y.L.D.)മഹാളി.
ഡി. കുരുമുളകിന് ദ്രുതവാട്ടം പൊള്ളുരോഗം
ഇ. വാഴയ്ക്ക് കുറുനാമ്പ്, തടതുരപ്പൻ പുഴു

എഫ്. നെല്ലിന്റെ കുലവാട്ടം, പോളരോഗം, കുഴൽപുഴു, ചാഴി, ഓലചുരുട്ടിപ്പുഴു.
ജി. കശുമാവിന്റെ തടിതുരപ്പൻ പുഴു, തേയിലക്കൊതുക്.

5. **അശാസ്ത്രീയമായ കൃഷിരീതി**

എ. വേണ്ടത്ര അകലം നൽകാതെയുള്ള തെങ്ങു കൃഷി
ബി. വേണ്ടത്ര അകലം നൽകാതെയുള്ള തോട്ടങ്ങളിൽ കമുക്, ഫലവൃക്ഷങ്ങൾ മുതലായവ ഇടവിള കൃഷിചെയ്യുന്നത്.
സി. രോഗബാധിതവും ഉൽപ്പാദനക്ഷമതയില്ലാത്തതുമായ വിളകൾ തോട്ടത്തിൽ നിലനിർത്തുന്നത് രോഗകീട സംക്രമണത്തിന് ആക്കം കൂട്ടുന്നു

ഡി. മണ്ണു പരിശോധനയിലല്ലാത്ത രാസവളപ്രയോഗം
ഇ. ജൈവവളത്തിന്റെ ഉപയോഗക്കുറവ്
എഫ്. കൃഷിഭവന്റെ ഇന്നത്തെ സംവിധാനത്തിന്റെ അപര്യാപ്തത.

6. **വർദ്ധിച്ച കൃഷിച്ചെലവ്**

എ. രാസവളം കീടനാശിനി എന്നിവയുടെ വിലവർദ്ധനവ്.
ബി. കൂലിച്ചെലവിലുണ്ടായ വർദ്ധനവ്.
സി. യഥാസമയം തൊഴിലാളികളെ ലഭിക്കാത്തത്.
ഡി. യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള പ്രയാസം.

7. **ഉൽപ്പന്നങ്ങളുടെ വിലക്കുറവ്**

എ. കർഷകസമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല
ബി. പ്രാദേശിക തലത്തിൽ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സൗകര്യക്കുറവ്.
സി. പഞ്ചായത്തു തലത്തിൽ വിപണന സൗകര്യമില്ല

8.എ. **തൊഴിലാളികളുടെ ക്ഷാമം**
ബി. വിദഗ്ധതൊഴിലാളികളെ ലഭിക്കുവാനുള്ള പ്രയാസം.

9. **വിദ്യാഭ്യാസ സാമൂഹ്യരംഗത്തുള്ള മാറ്റം.**

എ. കാർഷികവൃത്തിയോടുള്ള മതിപ്പില്ലായ്മ.
ബി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം
സി. സർക്കാർ തലത്തിലുള്ള പ്രോൽസാഹനക്കുറവ്.
ഡി. കർഷകർക്ക് ലഭിക്കുന്ന പെൻഷൻ, സാമൂഹ്യ സുരക്ഷ എന്നിവയുടെ അപര്യാപ്തത.

10.എ. **ഗുണമേന്മയുള്ള വിത്ത്, നടീൽവസ്തുക്കൾ എന്നിവയുടെ ലഭ്യതക്കുറവ്.**
ബി. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ മേന്മക്കുറവ്.

11.എ. **പ്രകൃതിക്ഷോഭം മൂലം നഷ്ടം സംഭവിക്കുന്ന വിളകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നില്ല.**
ബി. വിള ഇൻഷ്വറൻസ് പദ്ധതി വേണ്ടത്ര വ്യാപകമായിട്ടില്ല.

സാധ്യതകൾ - നിർദ്ദേശങ്ങൾ

1. **മണ്ണു സംരക്ഷണം**

എ. സാധ്യതയുള്ളിടത്തെല്ലാം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക
ബി. കോൺടൂർ രീതിയിൽ കല്ലു കയ്യാലകളും മണ്ണു കയ്യാലകളും നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കണം. കയ്യാലകളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കണം.

സി. മണ്ണൊലിപ്പിന് ആക്കം കൂട്ടുന്ന വിളകൾ ചെരിവുഭൂമിയിൽ കൃഷിചെയ്യുമ്പോൾ കോൺടൂർ ലൈനിൽ വാരങ്ങൾ തീർത്ത് കൃഷിചെയ്യേണ്ടതാണ്.

ഡി. കന്നുകാലികളെ തോട്ടങ്ങളിൽ യഥേഷ്ടം മേയാൻ വിടുന്നത് നിയന്ത്രിക്കണം.
ഇ. കണ്ണവം പുഴയിൽ എടയാർ ഭാഗത്ത് ഇരു കരകളും, കുറ്റ്യാട്-ആലച്ചേരി പുഴയിൽ ആവശ്യമായ ഭാഗങ്ങളിൽ, എടക്കോട്ട-മീമുട്ടി-

കക്കംതോട് മേനച്ചോടി പാടശേഖരത്തിൽകൂടിയുള്ള തോട്, വായന്നൂർ ചൊവ്വക്കാവ് മുതൽ കണ്ണമ്പള്ളി താഴെഭാഗം വരെ നെൽവയലുകളുടെ ഇടയിൽകൂടിയുള്ള തോട്, പുതുശ്ശേരിപൊയിൽ-വട്ടക്കരതോട്, അത്തിക്കാവ്-പുതുശ്ശേരിപ്പൊയിൽ തോട്, കൊളോഞ്ഞി-ആര്യപ്പറമ്പ് തോട്, കക്കാട്-തെറ്റുവഴിതോട്, മണ്ഡപം പുതുശ്ശേരിപ്പൊയിൽതോട്, പെരുന്തോടി തോട് നെല്ലാനിക്കൽ തോട്, ആലച്ചേരിതോട്, പാടിപ്പറമ്പ്-എടയാർ തോട് എന്നിവയിൽ അത്യാവശ്യമുള്ള ഭാഗങ്ങളിൽ മാത്രം കരിങ്കൽ ഭിത്തികെട്ടിയും മറ്റു ഭാഗങ്ങളിൽ ഓട, കൈത, കവുങ്ങ്, ചിലയിനം പുല്ലുവർഗങ്ങൾ എന്നിവ വെച്ചുപിടിപ്പിച്ചു ജൈവഭിത്തികൾ സൃഷ്ടിച്ചും സംരക്ഷിക്കേണ്ടതാണ്.

എഫ്. രാസവളത്തിന്റേയും കീടനാശിനികളുടേയും ഉപയോഗം പരമാവധികുറച്ച്, ജൈവവളം കൂടുതലായി മണ്ണിൽ ചേർത്ത് മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കണം.

ജൈവവളത്തിന്റെ ഉൽപ്പാദനവും ഉപയോഗവും വർദ്ധിപ്പിക്കേണ്ടതും പ്രോത്സാഹനമായി ഉൽപാദനചെലവിന്റെ 50% സഹായധനമായി നൽകേണ്ടതുമാണ്.

ജി. വയലുകളും ചതുപ്പുകളും മറ്റും വിവേചനരഹിതമായി നി[illegible] കെട്ടിടങ്ങൾ നിർമ്മിക്കുന്നത് നിയമം മൂലം നിയന്ത്രിക്കേണ്ടതാണ്.

വീടിന്റേയും മറ്റുസ്ഥാപനങ്ങളുടേയും മുറ്റം കോൺക്രീറ്റ്ചെയ്യുന്നതിന്റെ ദുഷ്യവശങ്ങളെപറ്റി ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്. റോഡ് സൈഡിൽ പരമാവധി വൃക്ഷങ്ങൾ നട്ടു വളർത്തുക.

എച്ച്. നശിച്ചുകൊണ്ടിരിക്കുന്ന കാവുകളും കുളങ്ങളും പുനരുദ്ധരിക്കുകയും നിലവിലുള്ളവ സംരക്ഷിക്കുകയും ചെയ്യുക.

2. ജലസേചനം

എ. മഴക്കാലങ്ങളിൽ ഒഴുകി നഷ്ടപ്പെടുന്ന വെള്ളം ഉപയോഗശൂന്യമായ കൽപ്പണകളിലേക്കും പൊട്ടക്കിണറുകളിലേക്കും, കുണ്ടുകുഴികളിലേയ്ക്കും സൗകര്യമുള്ള സ്ഥലങ്ങളിൽ കുഴികൾ നിർമ്മിച്ച് അതിലേക്കും തിരിച്ചു വിട്ട് സംരക്ഷിക്കാവുന്നതാണ്. കർക്കിടകൊത്തും തുലാക്കൊത്തും നടത്തുന്ന പഴയസമ്പ്രദായം തുടരേണ്ടതും, അതിന്റെ പ്രാധാന്യം കർഷകരെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

ബി. താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയ ക്രോസ് ബാറുകൾ (V.C.B.)നിർമ്മിക്കണം.

കാഞ്ഞിരപ്പുഴയിൽ നിടുംപുറംചാൽ മുകൾഭാഗം, പെരുന്തോടി, അടിച്ചൂറ്റിപ്പാറ, പെരുവ-കണ്ണവം പുഴയിൽ പെരുവ, എടയാർ അമ്പലത്തിനു സമീപം, എടയാർ പഴയ സ്കൂളിനു സമീപം, ചെക്യേരി കൊടന്നോടൻ പുഴ, കൊമ്മേരി ഭാഗം, പള്ളിപ്പാലം താഴെ, പോലീസ് മുക്ക്; മീമ്മുട്ടി തോടിൽ മുള്ളംപൊയിൽ; ആലച്ചേരിതോടിൽ ആലച്ചേരിസ്കൂളിനു സമീപം.

സി. താഴെപറയുന്ന ക്രോസ് ബാറുകളും ചെക്ക് ഡാമുകളും അറ്റകുറ്റപണികൾ തീർത്ത് ഉപയോഗക്ഷമമാക്കുക.

ആലച്ചേരി, ബാവപ്പാലം, ഇല്ലം ഭാഗം വയലിനുതാഴെ കക്കം തോട്, കുരിശുപള്ളിക്കു സമീപം, പുത്തലം, കൃഷിഭവനു സമീപം, പുന്നപ്പാലം മേലെ കൊമ്മേരി. കവ്വാട്, നിടുംപുറംചാൽ.

ഡി. നിലവിലുള്ള ജലസേചനസംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്. ആയതുകൊണ്ട് ജലസ്രോതസ്സുകൾ ധാരാളമായി കാണുന്ന സ്ഥലങ്ങളിൽ ആവശ്യാനുസരണം കിണറുകളും, ജലസംഭരണികളും നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

താഴെപ്പറയുന്ന സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് സാമൂഹ്യ ജലസേചനപദ്ധതികൾ നടപ്പിലാക്കണം.

1. മേനച്ചോടി സ്കൂൾ പരിസരം 2. കീറം വയൽ 3. പടൂർ 4. വേക്കളം 5. ചന്ത്രോത്ത് 6. വായന്നൂർ (ഞാലിൽ) 7. പെരുന്തോടി 8. മാച്ചോല 9. ഈരായിക്കൊല്ലി 10. അത്തൂർ 11. നിടുംപുറംചാൽ 12. അടിച്ചൂറ്റിപ്പാറ 13. പാലയാട്ടുവയൽ 14. ചെമ്പുക്കാവ് 15. കവ്വാട് 16. ആക്കംമൂല 17. കടൽക്കണ്ടം 18. പാറക്കുണ്ട് 19. കോഴിമൂല 20. മരുതോറ 21. പുന്നപ്പാലം 22. പാടിപ്പറമ്പ് 23. പാടിപ്പറമ്പ് വയൽഭാഗം 24. നിടുമ്പോയിൽകാട് 25. പോലമേലേഭാഗം 26. ചാളയ്ക്കൽ 27. ചാത്തൻചിറ 28. മുതുകാട് 29. പാറാടി 30. കുളത്തായി 31. ആലച്ചേരി സ്കൂൾഭാഗം 32. ഇല്ലം ഭാഗം 33. മൂലയിൽ 34. അറയങ്ങാട് 35. കായക്കാട് 36. ചെക്യേരി

ഇ. ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് ജലസേചനത്തിന് പമ്പുസെറ്റുകൾ സ്ഥാപിച്ച് വർഷങ്ങൾ കാത്തിരുന്നിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്ത അവസ്ഥ ഇന്നുണ്ട്. മേൽപറഞ്ഞ പമ്പ് സെറ്റുകൾക്ക് എത്രയും പെട്ടെന്ന് പവർകണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടി എടുക്കണം.

പുതുതായി കാർഷികാവശ്യത്തിനു സ്ഥാപിക്കുന്ന പമ്പുസെറ്റുകൾക്ക് അതാതു സീസണിൽതന്നെ വൈദ്യുതി ലഭ്യമാക്കണം.

എഫ്. വോൾട്ടേജ് ക്ഷമം പരിഹരിക്കുന്നതിന് നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ഓവർലോഡ് ഒഴിവാക്കുവാൻ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

ജി. കാർഷികാവശ്യത്തിന് പമ്പുസെറ്റു സ്ഥാപിക്കുന്നതിനാവശ്യമായ മണ്ണെണ്ണ യഥാസമയം ലഭിക്കുന്നതിനു സംവിധാനം ഉണ്ടാക്കുക.

പെർമിറ്റു കൊടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക.

എച്ച്. ഭൂപരിധി പരിഗണിക്കാതെ കർഷകന് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനു കിണറുകൾ കുഴിക്കുന്നതിനു പര്യാപ്തമായ തുക വായ്പയായി ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. സർക്കാർ സാമ്പത്തിക സഹായം ലഭിക്കുന്നതിന് പമ്പുസെറ്റ് ഏതെങ്കിലും ഒരു ഏജൻസിയിൽനിന്നു തന്നെ വാങ്ങണമെന്ന നിബന്ധന ഒഴിവാക്കി. ഗുണനിലവാരമുള്ളവ ഏത് അംഗീകൃത ഏജൻസിയിൽനിന്നും യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം കർഷകനുണ്ടായിരിക്കണം.

3. ജലനിർഗമനം

ആലച്ചേരി, മേനച്ചോടി പോലെയുള്ള പാടശേഖരങ്ങളിൽ ആവശ്യമായ ജലനിർഗമനസൗകര്യങ്ങളുണ്ടാക്കണം.

4. കീട-രോഗനിയന്ത്രണം

എ. രോഗ-കീടബാധ തടയുന്നതിന് കർഷകരെ ബോധവാന്മാരാക്കുക.

ബി. വാർഡ്തോറും പ്ലാന്റ്പ്രൊട്ടക്ഷൻ സ്കാഡ് രൂപീകരിച്ച് പരിശീലനം കൊടുക്കുക.

സി. ആവശ്യമായ സസ്യസംരക്ഷണ ഉപകരണങ്ങൾ നൽകുക.

ഡി. കീടനാശിനികളും കുമിൾനാശിനികളും യഥാസമയം സൗജന്യനിരക്കിൽ ലഭ്യമാക്കുക.

ഇ. ജൈവകീടനാശിനികളും കുമിൾനാശിനികളും ധാരാളമായി ലഭ്യമാക്കുകയും അതിന്റെ ശാസ്ത്രീയ ഉപയോഗം പരിശീലിപ്പിക്കുകയും ചെയ്യുക.

എഫ്. തെങ്ങിന്റെ കൂമ്പുചിയൽ, കവുങ്ങിന്റെ മഞ്ഞരോഗം, (Y.L.D.) കുരുമുളകിന്റെ ദ്രുതവാട്ടംപോലുള്ള നിയന്ത്രണാതീതമായരോഗങ്ങൾ ബാധിച്ച് നശിക്കുന്നതിനും കൂടി വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുക.

5. ശാസ്ത്രീയ കൃഷിരീതി.

എ. ഇടവിളയ്ക്ക് സാധ്യതയുള്ള തെങ്ങ്, കവുങ്ങ് എന്നിവ കൃഷിചെയ്യുമ്പോൾ, ചെടികൾതമ്മിൽ പരമാവധി അകലം കൊടുക്കുക.

ബി. വിളസാന്ദ്രത കൂടുതലുള്ളതോട്ടങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതുമായ ഇടവിള ഒഴിവാക്കുക.

സി. രോഗ-കീടബാധിതവും, ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങ് കവുങ്ങ് തുടങ്ങിയവ മുറിച്ചു മാറ്റുക.

ഡി. മണ്ണുപരിശോധനയുടെ പ്രാധാന്യം കർഷകർക്കു ബോധ്യപ്പെടുത്തുകയും യഥാസമയം പരിശോധനാഫലം കർഷകർക്ക് എത്തിച്ചു കൊടുക്കുവാനുമുള്ള സംവിധാനമുണ്ടാക്കുക.

ഇ. ജൈവവളം സമൃദ്ധമായി ഉപയോഗിക്കുക.

എഫ്. നൂതന കാർഷികരീതികളും സാങ്കേതിക ഉപദേശങ്ങളും യഥാസമയം കർഷകരിൽ എത്തിക്കുന്നതിനു വേണ്ടി കൃഷിവേന്റെ ഇന്നത്തെ സംവിധാനം വിപുലീകരിക്കുക.

6.എ. വളം കീടനാശിനി എന്നിവ മിതമായ വിലക്ക് ലഭ്യമാക്കുക.

ബി. ഉൽപ്പാദനച്ചെലവ് കുറക്കുന്നതിന് സാധ്യമായ രംഗങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുക.

സി. കാർഷികയന്ത്രോപകരണങ്ങൾ-പവർ ടില്ലർ , പവർസ്പ്രേയർ, ത്രഷർ, റോക്കർസ്പ്രേയർ എന്നിവ യഥേഷ്ടം ലഭ്യമാക്കുക.

ഡി. പഞ്ചായത്ത് തലത്തിൽ യന്ത്രോപകരണങ്ങളുടെ വർക്ക്ഷാപ്പ് സ്ഥാപിക്കുക.

7.എ. റബ്ബർ സൊസൈറ്റികൾ സജീവമാക്കുക.

ബി. റബ്ബർപാൽ കർഷകനിൽനിന്നും നേരിട്ട് ശേഖരിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രാദേശിക തലത്തിൽ സംവിധാനമുണ്ടാക്കുക.

സി. പഞ്ചായത്ത് കേരവികസനസമിതി ഊർജ്ജിതമാക്കുക.

ഡി. പഞ്ചായത്തുതലത്തിൽ നാളികേര സംഭരണ-സംസ്കരണ സംവിധാനം ഏർപ്പെടുത്തുക.

ഇ. ഇന്നു മാർക്കറ്റിൽ സുലഭവും എന്നാൽ ദോഷകരവുമായ ലഘുപാനീയങ്ങൾ ഒഴിവാക്കി പോഷകസമൃദ്ധമായ ഇളനീരിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും പഞ്ചായത്തിൽ നിടുംപൊയിൽ, കോളയാട്, എടയാർ, ആലച്ചേരി എന്നിവിടങ്ങളിൽ ഇളനീർ പാർലർ സ്ഥാപിക്കുകയും ചെയ്യുക.

എഫ്. തെങ്ങിന്റെ തടിമുതൽ തേങ്ങാവെള്ളംവരെയുള്ള ഉൽപന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

ജി. അന്തർദേശീയവിപണിയിലെ കശുവണ്ടിപരിപ്പിന്റെ വിലയുടെ ആനുപാതികമായ വില തോട്ടണ്ടിക്ക് നൽകണം.

എച്ച്. ചെറുകിട കശുവണ്ടി സംസ്കരണ യൂനിറ്റുകൾ പ്രാദേശികമായി ആരംഭിക്കണം.

ഐ. ശരിയായി ഉപയോഗിച്ചാൽ കശുവണ്ടിയുടെ അത്രതന്നെ വില ലഭിക്കാവുന്നതും, ഇന്ന് പാഴായിപ്പോകുന്നതുമായ കശുമാങ്ങയിൽ നിന്ന് സ്കാഷ്, ജെല്ലി, ജാം, അച്ചാർ, വിനാഗിരി, കാന്റി, ദോഷരഹിതമായ വൈൻ തുടങ്ങിയവ ഉൽപാദിപ്പിക്കാം. ഇതിനാവശ്യമായ ചെറുകിട യൂനിറ്റുകൾ പഞ്ചായത്തു തലത്തിൽ ആരംഭിക്കണം.

ജെ. കുരുമുളക് സംരക്ഷണ സമിതികൾ ഊർജസ്വലമാക്കണം.

കെ. മുഖ്യമായും വിദേശവിപണിയെ ആശ്രയിക്കുന്ന കുരുമുളക് സംസ്കരണഘട്ടത്തിൽ തന്നെ ഗുണനിലവാരം ഉറപ്പാക്കിയാൽ മെച്ചപ്പെട്ടവില ലഭിക്കുന്നതാണ്. ഇതിനായി കർഷകരെ പരിശീലിപ്പിക്കണം.

എൽ. നേന്ത്രക്കായയും പഴവും ഉപയോഗിച്ച് ചിപ്സ്, ഉപ്പേരി, വാഴക്കാപ്പൊടി, ഹൽവ തുടങ്ങിയ ഉൽപന്നങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകണം.

എം. പാടശേഖരനെൽകർഷക സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
ഒന്നാം വിളക്കും രണ്ടാം വിളക്കും ശേഷം തരിശ്ശിടുന്ന നെൽപാടങ്ങളിൽ പയർകൃഷിയും പച്ചക്കറികൃഷിയും പ്രോത്സാഹിപ്പിക്കണം.

എൻ. കശുവണ്ടി, അടയ്ക്ക, തേങ്ങ, വാഴക്കുല തുടങ്ങിയ കാർഷികോൽപന്നങ്ങൾ വിളവെടുക്കുന്നതിനു മുമ്പേ മുൻകൂറായി പണം വാങ്ങി "പാട്ടം" കൊടുക്കുന്ന സമ്പ്രദായം ഈ നാട്ടിൽ നിലവിലുള്ളതിനാൽ കർഷകർക്ക് വളരെയധികം നഷ്ടം സംഭവിക്കുന്നുണ്ട്. പലകർഷകരും ഈ ചൂഷണവ്യവസ്ഥിതിയുടെ നീരാളിപിടുത്തത്തിൽനിന്നും മോചിതരല്ല. ഇത്തരം ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് ബാങ്കിങ് സ്ഥാപനങ്ങളുടെ വായ്പാ നയത്തിൽ കാതലായ മാറ്റം വരുത്തണം. അതിനായി വിളവെടുപ്പിനുമുമ്പ് കർഷകർക്ക് ആവശ്യമായ തുക അഡ്വാൻസായിട്ട് ബാങ്കുകൾ നൽകണം.

ഒ. കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുവാനും ഇടനിലക്കാരനെ ഒഴിവാക്കുവാനും ഉപകരിക്കത്തക്കവിധം "ആഴ്ചചന്ത" സംഘടിപ്പിക്കണം.

ക്യു. പ്രധാന കാർഷികോൽപ്പന്നങ്ങളുടെ വിലയിലെ അസ്ഥിരത നേരിടുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സംഭരണ കേന്ദ്രം സ്ഥാപിക്കണം.

8.എ. കർഷക തൊഴിലാളികളെ യഥാവസരം ലഭിക്കാത്ത അവസ്ഥ നേരിടുന്നതിന് യന്ത്രവൽകരണം ഒരു പരിധിവരെ പരിഹാരമാകും.

ബി. തെങ്ങു കയറ്റയന്ത്രം, കമുകുകയറ്റയന്ത്രം എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

9.എ. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആവശ്യമായ മാറ്റം വരുത്തിക്കൊണ്ട് കാർഷികമേഖലയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതും തൊഴിലധിഷ്ഠിതവുമായ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ടതാണ്.

ബി. പഞ്ചായത്തുതലത്തിൽ ഇന്നു നടത്തുന്ന വിളമത്സരത്തിൽ മാറ്റം വരുത്തി, ഒരു സ്ഥിരഫണ്ട് ( ) സ്വരൂപിച്ച്, അതിൽനിന്നും വർഷം തോറും പ്രോത്സാഹനസമ്മാനങ്ങൾ വിളമത്സരവിജയികൾക്ക് നൽകേണ്ടതാണ്.

സി. യുവതലമുറയെ കാർഷികമേഖലയിലേക്ക് കൂടുതലായി ആകർഷിക്കുന്നതിനുവേണ്ടി സോഷ്യൽ സെക്യൂരിറ്റി ഫണ്ട് കൂടുതൽ കാര്യക്ഷമമാക്കുകയും പ്രായോഗികപദ്ധതികൾ നടപ്പാക്കുകയും വേണം.


കർഷകന്റെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിന് പെൻഷൻ, മറ്റാനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് മേൽപറഞ്ഞപദ്ധതി ഉപയോഗപ്പെടുത്തണം.

10.എ. ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവ കർഷകന് ലഭ്യമാക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു നഴ്സറി ആരംഭിക്കണം.

ബി. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന വിത്തുകളുടെയും നടീൽ വസ്തുക്കളുടേയും ഗുണമേന്മ കർശനമായി ഉറപ്പു വരുത്തുകയും യഥാസമയം ലഭ്യമാക്കുകയും വേണം.

11.എ. പ്രകൃതിക്ഷോഭത്തിനിരയാവുന്ന കർഷകർക്ക് ഇന്നു നാമമാത്രമായ ആശ്വാസ ധനമാണ് ലഭിക്കുന്നത്. ഇതു വർദ്ധിപ്പിക്കണം.

ബി. വിള ഇൻഷ്വറൻസ് പദ്ധതി വ്യാപകമാക്കുകയും കർഷകരിൽ നിന്നും പ്രീമിയം ഈടാക്കാതെതന്നെ മുഴുവൻ വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടതാണ്.



മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

കോളയാട് ഗ്രാമപഞ്ചായത്തിൽ ജനസംഖ്യ 18062 ഉം മൊത്തം വീടുകളുടെ എണ്ണം 3982 ഉം ആണ്. 1987ൽ നടത്തിയ കന്നുകാലി സെൻസസ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 508 കാളകളും 2636 പശുക്കളും 43 എരുമകളും ഉള്ളതായി കാണുന്നു. പശുക്കളുടെ എണ്ണത്തിൽ 1616 എണ്ണം പ്രജനനയോഗ്യവും ബാക്കി കിടാരികളും ആണ്. 2636 പശുക്കളുള്ളതിൽ 535 എണ്ണം അത്യൽപാദനശേഷിയുള്ള സങ്കരവർഗ്ഗത്തിൽ പെട്ടവയാണ്. ഗ്രാമ പഞ്ചായത്തിൽ ആടുകളുടെ എണ്ണം 2045 മാത്രമാണ്. 1995 ലെ സെൻസസ് പ്രസിദ്ധീകരിച്ചിട്ടില്ല. എങ്കിലും ആടുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് കാണാനിടയുണ്ട്.

Kolayad Grama Panchayath

Cattle **1987**

Crossbreed			Non Descriptive			Buffaloes			Sheep
Males	Females	Breedable	Males	Females	Breedable	Male	Female	Breedable	
15.9	856	535	349	1780	1081	1	43	29	220

Goat			Pigs	Dogs	Fowls			Co-op society	Slaughter houses	vet. Institutes
Males	Females	Total			Dessi	Improved	Ducks			
348	1661	2045	117	706	9688	1321	9	1	-	3

നെൽകൃഷി അന്യം നിന്നുപോയതും യന്ത്രവൽകരണവും ഉഴവുകാളകൾ ഇല്ലാതാവാൻ കാരണമായിട്ടുണ്ട്. പേരിന് ഒരു പോത്ത് റിപ്പോർട്ടിൽ കാണുന്നുണ്ടെങ്കിലും ഇന്ന് പോത്ത് വർഗ്ഗം പഞ്ചായത്തിലില്ല.

ആകെ 11009 കോഴികൾ പഞ്ചായത്തിലുള്ളതിൽ കൂടുതലും നാടൻ വർഗ്ഗത്തിൽ പെട്ടവയാണ്. കോഴിവസന്ത, കോഴിവസൂരി, മാരകരോഗമായ ഗംബോറോ ഡിസീസ് മുതലായവയുടെ ആധിക്യവും കണ്ടറിഞ്ഞ് പ്രതിരോധവും ചികിത്സയും നേടിയെടുക്കാനുള്ള കർഷകരുടെ അജ്ഞതയും ആവശ്യമായ മരുന്നുകൾ ലഭ്യമാവാത്ത സാഹചര്യവും കോഴിവളർത്തൽ പുരോഗമിക്കാതിരിക്കാൻ കാരണമാണ്. പെട്ടെന്ന് വളരുന്നതും വരുമാനം വർദ്ധിപ്പിക്കാനുതകുന്നതുമായ ബ്രോയിലർ കോഴിവളർത്തൽ ഗ്രാമത്തിൽ വളരെ കുറവാണ്. ബ്രോയിലർ, ആസ്ട്രോവൈറ്റ് ഇനങ്ങളെ പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു.

കന്നുകാലികളിൽ അകിടുവീക്കം, ദഹനസംബന്ധമായ രോഗങ്ങൾ, പോഷക കുമ്മികൊണ്ടുള്ള രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ, പരാദരോഗങ്ങൾ, പ്രത്യുൽപാദനസംബന്ധമായ രോഗങ്ങൾ എന്നിവ കൂടുതലായി കണ്ടുവരുന്നു. പശുക്കളിൽ വന്ധ്യത ഒരു ഭീഷണിയാണ്. കൂടാതെ കാലിത്തീറ്റയുടെ ഗുണനിലവാരമില്ലായ്മ പാലുൽപാദനം കുറയാനും കന്നുകാലികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാനും ഇടയാക്കുന്നു.

കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലവർദ്ധനവും വൈക്കോൽ, പുല്ല് എന്നിവയുടെ ദൗർലഭ്യതയും കന്നുകാലി വളർത്തലിൽ അനുഭവപ്പെടുന്ന ഭീഷണിയാണ്.

മണ്ണിന്റെ ഭൗതിക, ജൈവ, രാസഘടന, ജലസംഗ്രഹണശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പുൽ കൃഷി സഹായിക്കുന്നു. തരിശു ഭൂമികളിലും തെങ്ങിൻ തോപ്പിൽ ഇടവിളയായും തീറ്റപുൽ കൃഷിചെയ്യാവുന്നതാണ് ഇത് പ്രോത്സാഹിപ്പിക്കുന്നതിന് ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്. തീറ്റപുൽകൃഷി നിലനിർത്തുന്നതിന് നന്നായി സംരക്ഷിക്കുന്ന തോട്ടങ്ങൾക്ക് പ്രോൽസാഹനം ഏർപ്പെടുത്തുന്നത് ആകർഷകമായിരിക്കും.

ചുരുക്കം ചിലർ പന്നികളെ വളർത്തുന്നുണ്ട്. കൗതുകത്തിനുവേണ്ടിയാവാം മുയലിനേയും വളർത്തുന്നവരുണ്ട്.

കന്നുകാലികളെ ഇൻഷുർ ചെയ്യാൻ കർഷകർ താല്പര്യം കാണിക്കാത്തത് ഗുണദോഷങ്ങളെ സംബന്ധിച്ച ബോധവൽകരണത്തിന്റെ അഭാവം മൂലമാണെന്ന് കരുതണം. ഇൻഷുറൻസ് നിർബന്ധമായതുകൊണ്ടാവാം ലോൺവ്യവസ്ഥയിൽ സ്വന്തമാക്കുന്ന പശുക്കളെ ഇൻഷുർ ചെയ്യുന്നത്. ഈ രീതി മാറ്റിയെടുക്കേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്തിലെ കന്നുകാലി വളർത്തൽ രംഗത്ത് എടുത്തു പറയാവുന്ന ഒരു നേട്ടം കൊമ്മേരിയിൽ 1965ൽ സ്ഥാപിച്ച ആടുവളർത്തൽ കേന്ദ്രമാണ്. കേരളത്തിൽ വേറെ ആടുവളർത്തൽ കേന്ദ്രങ്ങൾ സർക്കാറുടമയിൽ അട്ടപ്പാടി, കുര്യോട്ടുമല, കുടപ്പനക്കുന്ന് എന്നിവിടങ്ങളിൽ മാത്രമാണുള്ളത്. മികച്ചയിനം ആടുകളെ വളർത്തി ആടുകളുടെ വർഗ്ഗഗുണം ഉയർത്താനും നല്ലയിനം ആട്ടിൻകുട്ടികളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യാനും ലക്ഷ്യമിട്ട് പ്രവർത്തനമാരംഭിച്ച ആടുവളർത്തൽ കേന്ദ്രത്തിൽ വിവിധ കാലഘട്ടങ്ങളിലായി മലബാറി ഇനങ്ങൾക്കു പുറമേ ആൽപൈൻ, സാനൻ, ബാർബറി തുടങ്ങിയ അത്യുൽപാദന ശേഷിയുള്ള ആടുകളെ വളർത്തിയിരുന്നു. ഇന്ന് മൂന്നൂറോളം മലബാറിഇനം ആടുകൾ മാത്രമാണ് ഇവിടെ ഉള്ളത്. വർഗ്ഗഗുണമുള്ള ആടുകളുടെ സംഖ്യ വളരെ കുറവാണ്. അതുകൊണ്ടു തന്നെ പാലുൽപാദനം നാമമാത്രമാണ്. ആടു കേന്ദ്രം വക 12 ഏക്കർ സ്ഥലമുള്ളതിൽ ഏറിയ ഭാഗവും തെങ്ങും കവുങ്ങും മറ്റുമാണ്. പ്ലാവിൻ തൈകളും നട്ടുപിടിപ്പിച്ചീട്ടുണ്ട്. ഇടവിളയായി തീറ്റപുൽ കൃഷിയും കാണാം.

ആടു വളർത്തൽ കേന്ദ്രം സീഡ്ഫാമായി ഉയർത്തി ആടുകളിൽ കൃത്രിമ ബീജാദാനം നടപ്പാക്കിയാൽ വർഗ്ഗഗുണം മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്.

ഇപ്പോൾ ആടുവളർത്തൽ കേന്ദ്രത്തിന്റെ ഭരണം ജില്ലാ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്.

കൊമ്മേരി ആടുവളർത്തൽ കേന്ദ്രം കോമ്പൗണ്ടിൽ തന്നെ ഒരു മേഖലാ കൃത്രിമാ ബീജാദാന കേന്ദ്രവും ഒരു മൃഗാശുപത്രിയും പ്രവർത്തിച്ചു വരുന്നു. ബീജാദാന കേന്ദ്രത്തിൻ കീഴിൽ കോളയാട് ഒരു ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ മൊത്തം ബീജ സങ്കലനത്തിന്റെ 60% ഇവിടെ നടക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ബയോഗ്യസ് പ്ലാന്റുകൾ വളരെ കുറവാണ്. ജനങ്ങൾക്ക് അതിനെപ്പറ്റിയുള്ള അജ്ഞതയും മറ്റു രീതിയിലുള്ള ഇന്ധനങ്ങളുടെ ലഭ്യതയും ബയോഗ്യാസിനോടുള്ള താല്പര്യക്കുറവിന് കാരണമാണ്.

ഗ്രാമ പ്രദേശത്തെ സ്ത്രീ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നല്കാനുതകുന്ന ക്ഷീരവികസന മേഖല ക്ഷീരോല്പന്ന രംഗത്തെ പ്രതികൂല സാഹചര്യങ്ങൾ കാരണം ഇന്ന് വൻ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കയാണ്. ഈ മേഖല ശാസ്ത്രീയമായി പുന സംഘടിപ്പിക്കുകയും കൂടുതൽ ആകർഷകമാക്കുകയും ചെയ്താൽ ക്ഷീരോല്പാദനത്തിനും ഉപഭോഗത്തിലും സംസ്ഥാന ശരാശരിയേക്കാൾ താഴെ നില്ക്കുന്ന നമ്മുടെ നാടിൻപുറം സമ്പന്നമാക്കുവാനും പൊതുജനാരോഗ്യരംഗം പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യവും മെച്ചപ്പെടുത്തുവാനും സാധിക്കുമെന്നകാര്യം തീർച്ചയാണ്.

ഗ്രാമ പഞ്ചായത്തിൽ പാൽ സംഭരണത്തിനും വിതരണത്തിനും ഏകീകൃതസ്വഭാവമില്ല. ഒന്നാം വാർഡിൽ-ഒരു പാൽ സൊസൈറ്റി

രജിസ്റ്റർ ചെയതിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. മൂന്നാം വാർഡിൽ നിന്ന് പേരാവൂർ പാൽ സൊസൈറ്റി പാൽ ശേഖരിച്ച് കൊണ്ടുപോകുന്നുണ്ട്. ആറാം വാർഡിൽ ചിറ്റാരിപ്പറമ്പ് പാൽ സൊസൈറ്റിക്ക് വേണ്ടി പാൽ സംഭരിച്ച് വിതരണം ചെയ്യുന്നത് കാണാം. ഒമ്പതാം വാർഡിൽ നിന്ന് പാട്യം പാൽ സൊസൈറ്റിക്ക് വേണ്ടി പാൽ സംഭരിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ പേപ്പട്ടി ശല്യം ഒഴിയാബാധയാണ്. 700ലേറെ നായ്ക്കൾ പഞ്ചായത്തിലുണ്ടെങ്കിലും പ്രതിരോധ കുത്തിവെപ്പെടുത്തത് വെറും 5%ത്തിൽ താഴെ മാത്രമാണ്. പ്രവർത്തനം ആരംഭിച്ചിടത്ത് നിലച്ചുപോയ പേവിഷ നിയന്ത്രണ പരിപാടി (Operation Zero Rab) പുനരാരംഭിക്കുകയും നായ്ക്കൾക്കു രജിസ്ട്രേഷൻ നിർബന്ധമാക്കുകയും ചെയ്താൽ പേപ്പട്ടി ശല്യം ഇല്ലാതാക്കാം.

കോളയാട്ട് കച്ചേരി ആലയുടെ പ്രവർത്തനം നിലച്ചമട്ടാണ് പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉത്തരവാദപ്പെട്ട സംവിധാനമില്ലാത്തതാണ് കാരണം.

മാംസ്യത്തിന്റെ അളവ് സസ്യജന്യപദാർത്ഥങ്ങളിൽ നിന്ന് ലഭിക്കുന്നതുകൊണ്ട് മാത്രം നമുക്കു മതിയാവുന്നില്ല . പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ചരിത്രാതീത കാലം മുതൽക്കേ പ്രകൃതി അനുഗ്രഹിച്ച് നല്കിയ വിഭവങ്ങളിൽ മണ്ണ്, ജലം, സൂര്യപ്രകാശം, വനം എന്നിവ പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് മൃഗസമ്പത്ത്. മൃഗസമ്പത്തിനെ ഉൽപാദനോന്മുഖമായ മാർഗ്ഗത്തിൽ കടത്തിവിട്ടാൽ രാജ്യത്ത് മൃഗസമ്പത്ത് വർദ്ധിക്കുകയും തദ്വാരാ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് അദ്ധ്വാനശേഷിയെ തൃപ്തിപ്പെടുത്താൻ സഹായമാവുകയും ചെയ്യും. നാം പ്രയത്നിച്ചാൽ വികസനം ഗ്രാമങ്ങളിലൂടെ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ മൃഗസമ്പത്ത് നമ്മെ സഹായിക്കും.

പ്രശ്നങ്ങൾ

1. മികച്ചയിനം കോഴിക്കുഞ്ഞുങ്ങൾ, പന്നിക്കുഞ്ഞുങ്ങൾ, ആട്, പശുക്കിടാരികൾ എന്നിവയെ ലഭ്യമല്ല.
2. കാലിത്തീറ്റയുടെ വിലക്കൂടുതൽ; ഗുണനിലവാരമില്ലായ്മ
3. കന്നുകാലികളുടെ ആരോഗ്യ സംരക്ഷയെപ്പറ്റിയുള്ള അറിവില്ലായ്മ.
4. തൊട്ടടുത്ത ചികിത്സാകേന്ദ്രത്തിലേക്കുള്ള ദൂരക്കൂടുതലും എത്തിപ്പെടാനുള്ള സൗകര്യക്കുറവും.
5. പാലിന്റെ വിലക്കുറവ്, വിൽപ്പന സൗകര്യമില്ലായ്മ. പാൽ പാലുൽപ്പന്നങ്ങളാക്കിമാറ്റാനുള്ള സംവിധാനമില്ലായ്മ.
6. മാരകരോഗങ്ങൾ കണ്ടുപിടിക്കാനുള്ള ലബോറട്ടറി സൗകര്യങ്ങളുടെ അഭാവം.
7. പേപ്പട്ടിശല്യം.

പരിഹാര മാർഗ്ഗങ്ങൾ

1. കന്നുകാലികർഷകർക്ക് മികച്ചയിനം കോഴിക്കുഞ്ഞുങ്ങൾ, പന്നിക്കുഞ്ഞുങ്ങൾ, ആട്, പശുക്കിടാരികൾ എന്നിവ ലഭ്യമാക്കുക.
2. തീറ്റപ്പുൽ വിത്ത്, കാലിത്തീറ്റ, പുൽക്കൃഷിക്കാവശ്യമായ വളം എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. പുൽവിത്ത് വിതരണത്തിന് ഫോഡർ നഴ്സറികൾ സ്ഥാപിക്കുക.
3. ഡയറി യൂനിറ്റ് (കുറവയുള്ള രണ്ട് പശുക്കൾ) അടിസ്ഥാനത്തിൽ സ്കീമുകൾ നടപ്പാക്കുക. ഉൽപാദനക്ഷമതയേറിയ കുറവപ്പശുക്കളെ വാങ്ങാൻ പ്രോത്സാഹനധനം നല്കുക.
4. നിർധന കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ പശു, ആട്, പന്നി, കോഴി എന്നിവ ലഭിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുക.
5. കന്നുകാലികളെ വളർത്താൻ ധനസഹായം ലഭിക്കുന്നതിന് അര ഏക്കർ സ്ഥലം വേണമെന്ന നിബന്ധന എടുത്തുകളയുക.
6. കാലിത്തൊഴുത്തു നിർമ്മാണത്തിനു ഉദാരവ്യവസ്ഥയിൽ സബ്സിഡി സഹിതം ലോൺ സൗകര്യം ലഭ്യമാക്കുക.
7. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തികച്ചും സൗജന്യനിരക്കിൽ പശു, ആട്, പന്നി, കോഴി എന്നിവയുടെ കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. വളർച്ചയെത്തിയവയെ തിരിച്ചെടുത്ത് വിൽപ്പന നടത്താൻ ആദിവാസികളുടെ തന്നെ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിച്ച് ഇടത്തട്ടുകാരിൽ നിന്നുമുള്ള ചൂഷണം അവസാനിപ്പിക്കുക.
8. നാലാം വാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന നൂറ് ആദിവാസി കുടുംബങ്ങൾക്ക് അത്യുൽപാദന ശേഷിയുള്ള അഞ്ച് കുറവപ്പശുക്കൾ വീതമുള്ള ഡയറിഫാം യൂനിറ്റുകൾ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക. പാൽ സംഭരണത്തിന് വാർഡിൽ പാൽ സൊസൈറ്റി പ്രവർത്തനമാരംഭിക്കുക.
9. കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കാൻ ലബോറട്ടറി സ്ഥാപിക്കുക.
10. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന തേങ്ങാപിണ്ണാക്ക്, മരച്ചീനി തുടങ്ങിയവ ഉപയോഗിച്ച് കാലിത്തീറ്റ ഉണ്ടാക്കുന്ന ഒരു ചെറുകിട കാലിത്തീറ്റ/ കോഴിത്തീറ്റ ഫാക്ടറി സഹകരണമേഖലയിൽ പ്രവർത്തനമാരംഭിക്കുക.
11. സ്പെഷൽ ലൈവ് സ്റ്റോക്ക് ബ്രീഡിങ്ങ് പ്രോഗ്രാമിൽ സൗജന്യനിരക്കിൽ കാലിത്തീറ്റനൽകുന്ന സംവിധാനം വ്യാപകമാക്കുക.
12. തീറ്റപ്പുൽക്കൃഷിക്ക് ക്ഷീരവികസന വകുപ്പ് നൽകുന്ന സബ്സിഡി 5000 രൂപയാക്കി വർദ്ധിപ്പിക്കുക.
13. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി ചെയ്യാനാഗ്രഹിക്കുന്നവർക്ക് ഏക്കറിന് 10,000 രൂപ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.
14. തീറ്റപ്പുൽക്കൃഷി വൈക്കോൽ യൂറിയ ചേർത്തു സംപുഷ്ടമാക്കൽ, മഴക്കാലത്ത് അധികം വരുന്ന പച്ചപ്പുൽ സൈലേജാക്കി സൂക്ഷിക്കൽ, ശാസ്ത്രീയമായ കന്നുകുട്ടി പരിപാലന രീതി പ്രോത്സാഹിപ്പിക്കൽ എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിന് കർഷകരെ സഹായിക്കാൻ ഡയറിഫാം ഇൻസ്ട്രക്ടറുടെ നേതൃത്വത്തിൽ ക്ഷീരഭവൻ സ്ഥാപിക്കുക.
15. വളർത്തുമൃഗങ്ങൾക്കും കോഴികൾക്കും ആവശ്യമായ ആരോഗ്യസംരക്ഷണ നടപടികളെപറ്റി ബോധവൽകരണവും തീവ്രയത്നപരി

ശീലനപരിപാടിയും നടപ്പാക്കുക.

16. കാലാകാലങ്ങളിൽ രോഗപ്രതിരോധ നടപടികൾ നിർവിഘ്നം ലഭ്യമാക്കുക.

17. കന്നുകാലികളെ ഇൻഷർ ചെയ്യുന്നത് സംബന്ധിച്ച് കർഷകർക്കിടയിൽ വ്യാപകമായ ബോധവൽകരണം നടത്തുക. സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക. രോഗബാധ മൂലമുള്ള പാലിന്റെ ഉൽപ്പാദനക്കുറവിനെ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുക.

18. പശുക്കുട്ടികളെ സൗജന്യനിരക്കിൽ ഇൻഷർചെയ്യുന്ന പദ്ധതി നിർബന്ധമായും നടപ്പാക്കുക.

19. തിരഞ്ഞെടുക്കപ്പെട്ട 2000 വീടുകളിൽ പത്തു വീതം കോഴികളെയും രണ്ടുവീതം ആടിനേയും വളർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുകക.

20. ബയോഗ്യാസ് പ്ലാന്റ് നിർമാണത്തിനു നൽകുന്ന സഹായധനം വർദ്ധിപ്പിക്കുക.

21. ഒന്നാം വാർഡിൽ ആര്യപ്പറമ്പ് എന്ന സ്ഥലത്ത് ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം സ്ഥാപിക്കുക.

22. മൂന്നാം വാർഡിൽ ഈരായിക്കൊല്ലിയിൽ ഒരു കൃത്രിമ ബീജദാന ഉപകേന്ദ്രം സ്ഥാപിക്കുക.

23. എട്ടാം വാർഡിൽ ആലച്ചേരിയിൽ ഒരു കൃത്രിമ ബീജദാന ഉപകേന്ദ്രം സ്ഥാപിക്കുക. (ആവശ്യമായ ഭൗതിക സൗകര്യം ഗ്രാമസഭ വാഗ്ദാനം ചെയ്തിട്ടുണ്ട്)

24. ആറാം വാർഡിലെ ഐ.സി.ഡി.പി. സബ്സെന്റർ മൃഗാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുക
അല്ലെങ്കിൽ
സബ്സെന്റർ കൊമ്മേരിയിലേയ്ക്കുമാറ്റി കൊമ്മേരി മൃഗാശുപത്രി കോളയാട്ടേയ്ക്കു മാറ്റി സ്ഥാപിക്കുക. (മൃഗാശുപത്രിക്കാവശ്യമായ ഭൗതിക സൗകര്യം ഗ്രാമസഭ വാഗ്ദാനം ചെയ്യുന്നു)

25. കോളയാട്ട്, ആലച്ചേരി, ആര്യപ്പറമ്പ്, ഈരായിക്കൊല്ലി, കൊമ്മേരി എന്നീസ്ഥലങ്ങളിൽ പാൽ സംഭരണ വിതരണത്തിനായി സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്ത് ഊർജിതമായി പ്രവർത്തനമാരംഭിക്കുക. കാലാകാലങ്ങളിൽ പാലിന്റെ വിലനിശ്ചയിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുക.

26. പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ സഹകരണസംഘങ്ങളിൽ സംവിധാനം ഉണ്ടാക്കുക.

27. രജിസ്ട്രേഷനുള്ള ക്ഷീരകർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക.

28. ക്ഷീരവികസന വകുപ്പ് ധാതുലവണമിശ്രിതം വിതരണം ചെയ്യുന്ന പദ്ധതി വ്യാപകമാക്കുക.

29. കന്നുകുട്ടികൾ പൂർണ്ണവളർച്ചയെത്തി വേഗത്തിൽ ഗർഭംധരിക്കുന്നതിനുവേണ്ടി മീനെണ്ണ വിതരണം ചെയ്യുന്ന പദ്ധതി വ്യാപകമാക്കുക.

30. പാലുല്പന്ന വിപണന സ്റ്റാൾ നടത്തുന്ന തൊഴിൽ രഹിതർക്ക് ധനസഹായം നൽകുക.

31. പുൽതൈകൾ വിതരണത്തിനായി പഞ്ചായത്ത് പുറംപോക്കുഭൂമിയിൽ ഫോഡർ നഴ്സറികൾ സ്ഥാപിക്കുക.

32. കന്നുകാലികളുടെ വർഗ്ഗമേന്മയും പാലുല്പാദനശേഷിയും വർദ്ധിപ്പിക്കുന്നതിന് പ്രീമിയം ബുൾ ബീജദാന പദ്ധതി നടപ്പിലാക്കുക.

33. കൃഷി, മൃഗസംരക്ഷണവകുപ്പുകൾ സംയുക്തമായി ഗ്രാമപഞ്ചായത്ത് ആസ്ഥാനത്ത് വാർഷിക എക്സിബിഷൻ സംഘടിപ്പിക്കുക.

34. പേപ്പട്ടിശല്യം ഇല്ലാതാക്കാൻ പേവിഷനിയന്ത്രണ പരിപാടി നടപ്പാക്കുക.

35. ഗ്രാമപഞ്ചായത്ത് ആസ്ഥാനത്ത് ആഴ്ച്ചചന്ത നടത്തുക.

36. മത്സ്യമാംസാദികൾ റോഡരുകിൽ വിൽക്കാതിരിക്കാൻ മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

37. കച്ചേരി ആല പ്രവർത്തനം ആരംഭിക്കുക. കാര്യക്ഷമമാക്കാൻ ഉത്തരവാദപ്പെട്ട സംവിധാനം ഏർപ്പെടുത്തുക.

38. മാംസം ശാസ്ത്രീയമായി സംസ്കരിച്ച് പായ്ക്കിംഗ് നടത്തി വിൽപനയ്ക്കെത്തിക്കാൻ സംവിധാനം ഉണ്ടാക്കുക.

39.എ. കൊമ്മേരി ആടുവളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം കുറ്റമറ്റവിധം പരിഷ്കരിക്കുക. കേന്ദ്രത്തിൽ വെറ്ററിനറി സർജനെ നിയമിക്കുക.

39.ബി. ഉല്പാദനക്ഷമതയില്ലാത്ത ആടുകളെ ഒഴിവാക്കി അത്യുല്പാദനശേഷിയുള്ള ആടുകളെ വാങ്ങിക്കുക.

39സി. പ്രതിവർഷം 1200 ആട്ടിൻകുട്ടികളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

39ഡി. ആടുകേന്ദ്രത്തിൽ നിലവിലുള്ള കെട്ടിടസൗകര്യങ്ങൾ ഉപയോഗിച്ച് ഒരു ഹാച്ചറി യൂനിറ്റ് തുടങ്ങുക. കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് മൂന്നുദിവസത്തിനകം പ്രതിരോധകുത്തിവയ്പ്പ് നൽകി കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതി ആസൂത്രണം ചെയ്യുക.

39ഇ. അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തി പന്നികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുക.

39എഫ്. ആട്ടിൻ വളം ചെറുകിട കർഷകർക്ക് വില്പന നടത്തുക.

39ജി. ആടുവളർത്തൽ കേന്ദ്രം സിഡ്ഫാമായി ഉയർത്തുക. ആടുകളിൽ കൃത്രമ ബീജദാനം നടത്തി വർഗ്ഗഗുണം മെച്ചപ്പെടുത്തുക.

39എച്ച്. രോഗപ്രതിരോധ ശമതി മനസ്സിലാക്കാൻ സഹായിക്കുന്ന സിറോളജിക്കൽ ലബോറട്ടറി സ്ഥാപിക്കുക.

39ഐ. ആടുവളർത്തൽ കേന്ദ്രത്തിന്റെ നടത്തിപ്പിനായി ജില്ലാപഞ്ചായത്ത് മെമ്പർ ചെയർമാനായി ജനകീയ ഉപദേശകസമിതി രൂപീകരിക്കുക. സമിതി മാസം തോറും ഫാമിന്റെ പ്രവർത്തനം വിലയിരുത്തുക.

മത്സ്യബന്ധനം

കോളയാട് ഗ്രാമപഞ്ചായത്ത് ഒരു മലയോരമേഖലയാണ്. കായലുകളും വെള്ളക്കെട്ടുള്ളസ്ഥലങ്ങളും ഒന്നും തന്നെയില്ല. നിടുംപൊയിൽ റിസർവ്വ് വനത്തിൽ ഉൽഭവിച്ച് പുന്നപ്പാലം കോളയാട് ആലച്ചേരി വഴി ഒഴുകുന്ന പന്ത്രണ്ടടി വീതിയുള്ള തോട് ഏകദേശം പതിനഞ്ച് കിലോമീറ്റർ ദൂരം പഞ്ചായത്തിലൂടെ സഞ്ചരിക്കുന്നു. ഇതിൽ വേനൽകാലത്ത് വെള്ളം വളരെ കുറവായിരിക്കും. ഇതുകൂടാതെ കണ്ണവം പുഴ ജില്ലയിൽ അറിയപ്പെടുന്ന ആദിവാസിമേഖലയായ ചെമ്പുക്കാവ് പെരുവ വഴി ഒഴുകി വരുന്നു.

സർക്കാരിന്റെ വിവിധ വകുപ്പുകൾ പണിത ഇരുപതോളം കുളങ്ങൾ പഞ്ചായത്തിലുണ്ട്. സംരക്ഷിക്കപ്പെടാത്ത ചെറുകുളങ്ങൾ ധാരാളമുണ്ട്. മത്സ്യംവളർത്തൽ ഇവിടെ അറിയപ്പെടാത്ത മേഖലയാണ്. എങ്കിൽ കൂടി ശുദ്ധജല മത്സ്യകൃഷിയിൽ ജനങ്ങൾക്ക് താല്പര്യം കാണുന്നുണ്ട്. മത്സ്യത്തിന്റേയും പച്ചക്കറിയുടേയും വിലക്കൂടുതൽ ഒരു കാരണമാവാം. റോഹു, കട്ല, മൃഗാൾ, സിൽവർകാർപ്പ് തുടങ്ങിയ പേരുകൾ കർഷകർക്ക് സുപരിചിതമാണ്. അതുകൊണ്ട് ശുദ്ധജല മത്സ്യകൃഷി ഒന്ന് പരീക്ഷിച്ചുനോക്കാവുന്നതാണ്.

നാല്പതു പേർ രാവിലേയും വൈകുന്നേരവുമായി പഞ്ചായത്തിൽ മത്സവിപണനം നടത്തുന്നുണ്ട്.

പ്രശ്നങ്ങൾ:

1. ശുദ്ധജലമത്സ്യം വളർത്തലിൽ ജനങ്ങൾ അജ്ഞരാണ്.
2. മത്സ്യകുഞ്ഞുങ്ങളെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ:

1. ശുദ്ധജല മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനം നൽകുക. പ്രചരണ പരിപാടി സംഘടിപ്പിക്കുക.,
2. ഗ്രാമപഞ്ചായത്ത് ആസ്ഥാനത്ത് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുക.





വിദ്യാഭ്യാസം

ചരിത്രസംഭവങ്ങൾക്കും പുരാവൃത്തങ്ങൾക്കും സാക്ഷിയായ കോളയാട് പഞ്ചായത്ത് പ്രദേശത്തിന് ഔപചാരി അനൗപചാരിക വിദ്യാഭ്യാസമേഖലകളിൽ ഗണനീയമായ ഒരു പാരമ്പര്യമുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രം തുടങ്ങുന്നത് 1857ൽ അല്ലെന്നും 18ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തെക്കേഇന്ത്യയിലെ അസാധാരണനായ വിപ്ലവകാരിയായിരുന്ന കേരളവർമ്മപഴശ്ശിയുടെ തന്ത്രസ്ഥാനങ്ങളായിരുന്ന തൊടിക്കളം, കണ്ണവം, എടയാർ, മണത്തണ തുടങ്ങിയ പ്രദേശങ്ങളിലായിരുന്നുവെന്നും സ്ഥാപിക്കുന്ന ചരിത്രകാരന്മാർ നമുക്കുണ്ട്. പടയോട്ടങ്ങളുടേയും പോരാട്ടങ്ങളുടേയും അവശിഷ്ടങ്ങൾ ലഭ്യമായ രേഖകൾ എന്നിവയും അവരുടെ പ്രസ്ഥാനത്തേയും ചരിത്രനിരീക്ഷണത്തേയും ന്യായീകരിക്കാൻ പോന്നവയത്രെ. പഴശ്ശിയുടെ അനുചരരായ കുറിച്ചപടയാളികൾ തങ്ങളുടെ ചരിത്രപരമായ ദൗത്യം അദ്ദേഹത്തിന്റെ കാലശേഷവും നിർവ്വഹിച്ചതായി തെളിവുകളുണ്ട്.

ഇന്നത്തെ കോളയാട് ഗ്രാമപഞ്ചായത്ത് പ്രദേശം ബ്രിട്ടീഷ് മേൽകോയ്മക്കെതിരെയുള്ള പോരാട്ടത്തിനു പഴശ്ശിയെ സഹായിച്ച കുറിച്യരുടേയും മറ്റു ആദിവാസികളുടേയും രണഭൂമിയത്രെ. ക്രമാനുഗതമായി സംഭവിച്ച കോളനി വാഴ്ചയെ തുടർന്ന് എന്തെല്ലാം സാംസ്കാരിക പരിവർത്തനങ്ങളിലൂടെ ഇവിടത്തുകാർ കടന്നുപോയെന്നതിന് ലിഖിത രേഖകളൊന്നുമില്ലെങ്കിലും കല, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ കേരളത്തിലെ ഏതു ഭാഗങ്ങളോടും സമസ്ഥാനമലങ്കരിക്കുന്നുവെന്ന് നിരീക്ഷിക്കുന്നതിൽ തെറ്റില്ല. തൊടീക്കളം ക്ഷേത്രം അയൽപഞ്ചായത്തായ ചിറ്റാരിപ്പറമ്പിന്റെ കിഴക്കേ അതിർത്തിയിലാണ്. കേരളത്തിന്റെ അഭിമാന മുദ്രയായ കഥകളിക്ക് ശക്തിയും ഓജസ്സും പകർന്ന കലാകോവിദൻമാരായ കോട്ടയം രാജാക്കൻമാരുടെ ഈ ഇഷ്ടക്ഷേത്രത്തിലെ ചുമരുകളും ചിത്രാലേകൃതമാണ്. കോളയാട് പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ എടയാർ ഈ കലാകേന്ദ്രത്തെ പോഷിപ്പിച്ചതായും പോഷിപ്പിക്കപ്പെട്ടതായും കാണാം.

ഒരു പോരാട്ടത്തിന്റെ പരിസമാപ്തിയിൽ അവശേഷിക്കുന്നത് ഒരു പുതിയ സംസ്കാരമോ സംസ്കാരസമന്വയമോ ആകാം. ഈ അവശേഷിപ്പുകളിൽ പ്രധാനമായവ കല, സാഹിത്യം, ധർമ്മബോധം എന്നിവയാണ്. കോളയാട് പഞ്ചായത്തിന്റെ ആധുനികവിദ്യാഭ്യാസ ചരിത്രം തുടങ്ങുന്നത് പഴശ്ശിപോരാട്ടങ്ങളുടെ ഈ ശേഷിപ്പുകളിൽ നിന്നാണ്. മറ്റുള്ളവർ തങ്ങളുടെ സംസ്കാരം കവർന്നെടുക്കുമെന്നും മലിനമാക്കുമെന്നുള്ള ഭീതിയോടെയാണ് ഇന്നും ചില സമുദായക്കാർ, വിശേഷിച്ച് കുറിച്യർ തങ്ങളുടെ ജീവിതാചാരങ്ങൾ തുടർന്നു പോരുന്നത്. ബ്രിട്ടീഷുകാർ തങ്ങളുടെ സംസ്കാരം തകർക്കാൻ പര്യപ്തമായവരാണ് എന്ന് ദീർഘദർശനം ചെയ്ത ആദ്യത്തെ ഇന്ത്യൻ ജാതിക്കാരായി കുറിച്യരെ കാണുന്നതിലും തെറ്റില്ല. അതുകൊണ്ടായിരിക്കണം പഴശ്ശിയുടെ സമരങ്ങൾക്ക് അവർ വിഷം ചീറ്റുന്ന അമ്പും വില്ലും ഏന്തി സഹയാത്രികരായത് എന്നു വേണം അനുമാനിക്കാൻ. അകലങ്ങൾ പാലിച്ച് യുദ്ധം ചെയ്യാവുന്ന അവരുടെ ആയുധത്തിന്റെ തെരഞ്ഞെടുപ്പും യാദൃശ്ചികമാവാൻ ഇടയില്ല.

നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ നമ്പൂതിരികുടുംബങ്ങളുമായി ബന്ധപ്പെട്ട് അഗ്രഹാരങ്ങളും വേദപാഠശാലകളും നിലനിന്നിരുന്നുവത്രെ. പഞ്ചായത്തിലെ വനമേഖലകളിൽ ഇപ്പോഴും ഇടിഞ്ഞുപൊളിഞ്ഞ ക്ഷേത്രങ്ങളുടേയും ഇല്ലങ്ങളുടേയും അവശിഷ്ടങ്ങൾ കാണാം.

ഈ നൂറ്റാണ്ടിന്റെ പിറവിക്ക് മുമ്പു തന്നെ വ്യാപകമായി കുടിപള്ളിക്കൂടങ്ങളും കളരികളും നിലനിന്നിരുന്നു. എഴുത്തുപള്ളിക്കൂടങ്ങളുടെ സ്മരണകളുമായി പാടിപ്പറമ്പിനുസമീപം "എഴുത്തു പള്ളിപ്പറമ്പ്" എന്ന പേരിലൊരു സ്ഥലം ഇപ്പോഴും നിലനിൽക്കുന്നു. പഞ്ചായത്തിലെ ആദ്യത്തെ ഔദ്യോഗിക വിദ്യാലയം ഇന്നത്തെ കോളയാട് മുസ്ലീം പള്ളിക്കു സമീപം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചു തുടങ്ങിയ മുസ്ലീം സ്കൂളാണെന്നു പറയപ്പെടുന്നു. തുടർന്ന് എടയാർ, വായന്നൂർ എന്നിവിടങ്ങളിലും ബോർഡുസ്കൂളുകളും നിലവിൽ വന്നു.

അനൗദ്യോഗിക രംഗത്തെ വിദ്യാദാതാക്കളായി അറിയപ്പെട്ടിരുന്നത് 'ഗുരുക്കൾ' എന്ന് ബഹുമാനപൂർവ്വം വിളിക്കപ്പെടുന്ന അദ്ധ്യാപകരായിരുന്നു. വായന്നൂർ സ്വദേശിയായ ചാത്തു ഗുരുക്കളും പൈതൽ ഗുരുക്കളും ആലച്ചേരിയിലെ മല്ലിശ്ശേരി നമ്പൂതിരിയും എടയാറിലെ കുഞ്ഞിക്കണ്ണൻ നമ്പ്യാരും ഈ മേഖലയിൽ ചെയ്ത സേവനം സ്മരണീയമാണ്. ആദ്യത്തെ മുസ്ലീം സ്കൂളിലെ അദ്ധ്യാപകൻ കുഞ്ഞിരാമൻ അടിയോടിയായിരുന്നു. ആലച്ചേരിയിലെ മല്ലശ്ശേരി നമ്പൂതിരി എഴുത്തു പഠിപ്പിച്ചതു കൂടാതെ ചവിട്ടുനാടകം, തുടങ്ങിയ കലാരംഗങ്ങളും കൈകാര്യം ചെയ്തിരുന്നുവത്രെ..

ശ്രീ ഡെന്നീസ് പുഞ്ചക്കര ഏകാദ്ധ്യാപകനായി 1927 മെയ് 5ന് 17 കുട്ടികളുടെ പങ്കാളിത്തത്തോടെ ഒരു വിദ്യാലയം ആരംഭിച്ചു. ഇതാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ച ഇന്നത്തെ സെന്റ് സേവിയേഴ്സ് യു.പി. സ്കൂളായി മാറിയത്. സംഘടിതമായി ഹരിജൻ വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കാൻ ശ്രമങ്ങൾ നടത്തിയതായി കാണാൻ കഴിയില്ലെങ്കിലും വിദ്യാർത്ഥികളെ നിലനിർത്തുവാൻ വേണ്ടിയുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി ഇന്നത്തെപ്പോലെ അന്നും അദ്ധ്യാപകർ ഹരിജൻ വിദ്യാർത്ഥികളെ നിർബന്ധിതരാക്കിയിരുന്നുവത്രെ. ചെക്ക്യേരിയിലും പെരുവയിലും ഹരിജനങ്ങൾക്കായി ഏകാദ്ധ്യാപക വിദ്യാലയങ്ങൾ നിലനിന്നിരുന്നു. പഞ്ചായത്തു പ്രദേശത്തെ വിദ്യാർത്ഥികൾ ഹൈസ്കൂൾപഠനത്തിനായി പ്രധാനമായും തുണ്ടി, കൂത്തുപറമ്പ് ഹൈസ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. സ്ത്രീ വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിനായി ഫീസിന്റെ പകുതി മാത്രം നൽകുക എന്ന സമ്പ്രദായം ഈ വിദ്യാലയങ്ങളിൽ നിലനിന്നിരുന്നു.

കോളയാട് വിദ്യാഭ്യാസ മേഖലയിൽ മിഷിനറിമാരുടെ പ്രവർത്തനവും 1968ൽ ജനങ്ങളുടേയും പള്ളിപ്രവർത്തകരുടേയും കൂട്ടായ ശ്രമഫലമായി നിർമ്മിച്ച ഹൈസ്കൂളിന്റെ നിർമ്മാണവും ഈ രംഗത്തുണ്ടാക്കിയ ചലനം അളവറ്റതാണ്.

കോളയാട്, ആദ്യമായി സഹകരണപ്രസ്ഥാനത്തിനു നേതൃത്വം നൽകിയ ജെ.സി. സെക്കേറയുടെ പ്രവർത്തനം അനൗപചാരിക വിദ്യാഭ്യാസരംഗത്ത് സ്മരിക്കത്തക്കതാണ്. അദ്ദേഹത്തിന്റെ പേരിൽ ആരംഭിച്ച വായനശാലയാണ് ഇവിടത്തെ ആദ്യത്തേത്. നാട്ടുകാരുടെ സംഘടിത പ്രവർത്തനത്തിന്റെ ഫലമായി പിന്നീട് ഉയർന്നു വന്ന വായനശാലകളും കലാസംഘങ്ങളും നാടകസംഘങ്ങളും പിൽക്കാലത്ത് തോട്ടം മേഖലകളുമായി ബന്ധപ്പെട്ട് വളർന്നു വന്ന കർഷക ട്രേഡ് യൂനിയൻ പ്രസ്ഥാനങ്ങളും വിദ്യാഭ്യാസ പ്രക്രിയക്ക് രാസത്വരകമായി വർത്തിച്ചിട്ടുണ്ട്.

1990ലെ സാക്ഷരതാ പ്രവർത്തനം ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കപ്പെട്ടു. 1993-94ലെ അക്ഷരപുലരി, ഒന്നാംതരം ഒന്നാന്തരമാക്കൽ എന്നിവ ഈ പഞ്ചായത്തിൽ സാമാന്യം നല്ലരീതിയിൽ തന്നെ നടക്കുകയുണ്ടായി. 'ഗുരുകുലം'എന്ന പേരിൽ ആരംഭിച്ച സ്കൂൾകോംപ്ലക്സ് പ്രവർത്തനം എല്ലാ വിദ്യാലയങ്ങളിലും പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിതുടങ്ങിയിട്ടുണ്ട്. ഇതിന്റെ ജനകീയ മേഖലയിൽ പഞ്ചായത്ത്-വാർഡ് സമിതികളും അയൽകൂട്ടങ്ങളും രൂപീകൃതമായി. തത്ഫലമായി സ്കൂൾ പി.ടി.എ. മദർ പി.ടി.എ. എന്നിവയുടെ പ്രവർത്തനം ജീവത്തായി മാറുകയും വിദ്യാഭ്യാസ പ്രക്രിയയിലെ സാമൂഹ്യാപങ്കാളിത്തം ഉറപ്പാക്കപ്പെടുകയും ചെയ്തു.

സ്ഥിതിഗതികളുടെ അവലോകനം

വിദ്യാഭ്യാസരംഗത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്യുമ്പോൾ അഞ്ച് മേഖലകളാക്കി വിശകലനം ചെയ്യുന്നതായിരിക്കും ഉചിതം.

1. പ്രി-പ്രൈമറി വിദ്യാഭ്യാസം
2. പൊതുവിദ്യാഭ്യാസം
3. ഉന്നതവിദ്യാഭ്യാസം
4. അനൗപചാരികവിദ്യാഭ്യാസം
5. വികസനോന്മുഖ തുടർവിദ്യാഭ്യാസം

I പ്രി-പ്രൈമറി വിദ്യാഭ്യാസം

(i) സ്ഥിതി:- പഞ്ചായത്തിൽ ഇന്ന് പതിനേഴ് അങ്കണവാടികളും മൂന്ന് നഴ്സറികളും പ്രവർത്തിക്കുന്നു. ആയിരം ജനസംഖ്യക്ക് ഒരു കേന്ദ്രമെന്നനിലയിൽ 18062 ജനസംഖ്യയുള്ള കോളയാട് പഞ്ചായത്തിൽ പതിനെട്ടുകേന്ദ്രങ്ങൾ മാത്രം മതിയെങ്കിലും എസ്.സി, എസ്.ടി. മേഖലയുടെ പ്രത്യേകവികസനത്തിനായി ഇനിയും അങ്കണവാടികൾ ആരംഭിക്കേണ്ടതുണ്ട്.

(ii) വിമർശനങ്ങൾ:- (+) 1) ആകെ 20 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു എന്നുള്ളത് പ്രാധാനമാണ്.
2) ഇവയിൽ 17 എണ്ണം ഐ.സി.ഡി.എസ്. ന്റെ നേതൃത്വത്തിലും ഒന്ന് സഹകരണവും രണ്ടെണ്ണം മതസ്ഥാപനങ്ങളുടെ നേതൃത്വത്തിലുമാണ്.

(-) 1) ശരിയായ പരിശീലിത അദ്ധ്യാപകരെ ലഭിക്കാത്തതിന്റെയും അങ്കണവാടി അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ നടത്താത്തതിന്റേയും അപര്യാപ്തത ഈ രംഗത്തുണ്ട്.
2) ഇംഗ്ലീഷ് ഭാഷാപഠനമടക്കമുള്ള അനഭിലഷണീയമായ കാര്യങ്ങൾ നിർത്തേണ്ടതാണ്.
3) കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ പഠനോപകരണങ്ങൾസ്ഥലസൗകര്യം തുടങ്ങിയവ ലഭ്യമല്ല.

(iii) നിർദ്ദേശങ്ങൾ:- 1) റിട്ട.അദ്ധ്യാപകർ, പരിചയസമ്പന്നരായ മുത്തശ്ശി, മുത്തശ്ശന്മാർ എന്നിവരുടെ സഹായം ഈ കേന്ദ്രങ്ങളിൽ എത്തിക്കുക.
2) അങ്കണവാടി ആയമാർക്ക് കുട്ടികളുമായി ഇടപെടുന്നതിനുള്ള പ്രത്യേകപരിശീലനം നൽകണം. 3) പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് ഒറ്റപ്പെട്ട, അവരുടേത് മാത്രമായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു പകരം എല്ലാ കുട്ടികളേയും ഒരുമിച്ചുചേർക്കാൻ അനുയോജ്യമായ കേന്ദ്രങ്ങൾ ഇനിയും ആരംഭിക്കണം. ഈ വിഭാഗത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരാനുള്ള ഒരു മാർഗ്ഗം കൂടിയാണിത്. 4) പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങൾക്കായി ആയൽക്കൂട്ടത്തിലെ അനുയോജ്യമായ വീടുകൾ, വായനശാലകൾ, മഹിളാസമാജങ്ങൾ തുടങ്ങിയവയിലേതെങ്കിലും കണ്ടെത്തണം. 5) കേന്ദ്രങ്ങളിലേയ്ക്കാവശ്യമായ കളിക്കോപ്പുകളും പഠനോപകരണങ്ങളും ജനകീയസഹകരണത്തോടെ ലഭ്യമാക്കുക. 6) സമഗ്രമായ കുടുംബസർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ പ്രീ-പ്രൈമറി കുട്ടികളെയും കണ്ടെത്തി അവരെ പ്രാപ്യമായ കേന്ദ്രങ്ങളിൽ എത്തിക്കുക. 7) അങ്കണവാടിയിലെ മുറിയും പരിസരവും ശുചീകരിക്കുക. കുട്ടികൾക്കാവശ്യമായ പോഷകാഹാരം ഉറപ്പു വരുത്തുക തുടങ്ങിയവയ്ക്ക് ജനകീയ മോണിറ്ററിംഗ് ഏർപ്പെടുത്തുക 8) ആവശ്യമായ കക്കൂസ്, ശുദ്ധജലസംവിധാനം തുടങ്ങിയവയ്ക്ക് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

II പൊതുവിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ മേഖലയെ വിശകലനം ചെയ്യുമ്പോൾ പൊതുസ്ഥിതി, ഭൗതിക സാഹചര്യങ്ങൾ, ഒന്നാംതരത്തിലെ കുട്ടികളുടെ എണ്ണം, മൊത്തം കുട്ടികളുടെ എണ്ണം, കൊഴിഞ്ഞുപോക്ക്, അക്കാഡമിക്ക് നിലവാരം, എസ്.എസ്.എൽ.സി. വിജയശതമാനം, ജനകീയതലം എന്നിങ്ങനെ 8 ഭാഗങ്ങളായി തിരിക്കുന്നത് സൗകര്യപ്രദമായിരിക്കും.

A. പൊതുസ്ഥിതി

(i) സ്ഥിതി:- പഞ്ചായത്തിൽ പതിനൊന്ന് വിദ്യാലയങ്ങളുള്ളതിൽ 4 എൽ. പി സ്കൂളുകളും 6 യു.പി. സ്കൂളുകളും 1 ഹൈസ്കൂളുമാണുള്ളത്. ഇതിൽ 6 എണ്ണം (3 എൽ.പി.എസ്. + 3 യു.പി.എസ്.) സർക്കാർ ഉടമസ്ഥതയിലും ബാക്കിയുള്ളവ വ്യക്തിഗത മാനേജ്മെന്റിന്റെ കീഴിലുമാണ്. എല്ലാ വിദ്യാലയങ്ങളും ഗ്രാമപ്രദേശങ്ങളിൽ നിലനിൽക്കുന്ന ഈ പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ നോക്കിയാൽ എല്ലായിടത്തും ഒരു വിദ്യാലയമെങ്കിലും ഉണ്ട്.

(ii) വിമർശനങ്ങൾ:- (+) 1) അടുത്ത പഞ്ചായത്തായ കണിച്ചാറിന്റെ കിഴക്കൻ ഭാഗങ്ങളിൽ നിന്നും എച്ച്. എസ്., യു.പി. വിദ്യാഭ്യാസത്തിനായും കുട്ടികൾ നടന്നുവരേണ്ടതുണ്ട്. 2) മിക്കവാറും എല്ലാവാർഡുകളിലും എൽപി വിദ്യാഭ്യാസ സൗകര്യമുണ്ട്. 3) ഒരു ഹൈസ്കൂളും നാല് മറ്റു വിദ്യാലയങ്ങളും ഉൾപ്പെടെയുള്ളവ സ്വകാര്യ മേഖലയിലായതിനാൽ അദ്ധ്യാപക ക്ഷാമം മുഖ്യമായ പ്രശ്നമാകാൻ ഇടയില്ല. 4) 2 എൽ.പി. സ്കൂളുകൾ ഒഴികെ മുഴുവൻ വിദ്യാലയങ്ങൾക്കും സ്വന്തമായ കെട്ടിടങ്ങളുണ്ട്. എല്ലാറ്റിനും സ്ഥിരമായ മേൽക്കൂരയുമുണ്ട്.

(-) 1) 4ൽ 1 എൽ.പി.എസ്സും, 6ൽ 3 യു.പി.എസ്സും, ഒരു എച്ച്. എസ്സും സ്വകാര്യമേഖലയിലായതിനാൽ സ്ഥല മാറ്റ സാധ്യത ഇല്ലാത്ത അദ്ധ്യാപകർക്ക് പൊതുവേ മൂരടിപ്പ് ബാധിക്കാൻ ഇടയുണ്ട്. 2) ഈ സ്കൂളുകളുടെ ഭൗതിക സാഹചര്യാങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ സഹായിക്കുന്നില്ല. 3) പി.ടി.എ. വഴിയോ ജനകീയ മേഖലകളിലൂടെയോ സംഭാവനകൾ സമാഹരിക്കാൻ തക്ക വിധം കമ്മറ്റികൾ ഊർജ്ജസ്വലമാകുന്നില്ല. 4) മാനേജു മെന്റുകളുടെ അദ്ധ്യാപക നിയമനത്തിലും സ്കൂൾ അഡ്മിനിസ്ട്രേഷനിലും സ്വീകരിക്കുന്ന സമീപനം പൊതു ജനങ്ങളിൽ നിന്നും വിദ്യാലയത്തെ അന്യവത്കരിക്കുന്നതിനിടയാക്കുന്നു. 5) Pre- K.E.R. ആനുകൂല്യത്തിന്റെ മറവിൽ മിക്ക വിദ്യാലയത്തിലും വളരെ പരിമിതമായ സ്ഥലസൗകര്യങ്ങൾ മാത്രമേയുള്ളൂ.

(iii) നിർദ്ദേശങ്ങൾ:- 1) സ്വകാര്യ മാനേജുമെന്റിൽ സമ്മർദ്ദം ചെലുത്തി അവരെക്കൊണ്ട് സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനം നടത്തുന്നതിനും അവരുടെ സാധ്യതകൾക്കും പരിമിതികൾക്കും അതീതമായ കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും പി.ടി.എ., മാതൃസംഘം വിദ്യാലയ സമിതി എന്നിവയെ സജീവമാക്കണം. അതിന് പഞ്ചായത്ത്-വാർഡ് സമിതികളും അയൽക്കൂട്ടങ്ങളും സജീവമാക്കണം. 2) അദ്ധ്യാപകർക്ക് അദ്ധ്യാപനരീതികളെ സംബന്ധിച്ച് കാലോചിതമായ പരിശീലനം കൂടാതെ തങ്ങളുടെ വിഷയാവബോധം വർദ്ധിപ്പിക്കുന്നതിനും കുട്ടികളുടെ മനശ്ശാസ്ത്രം മനസ്സിലാക്കി ഇടപെടുന്നതിനും പരിശീലനം നൽകാൻ പഞ്ചായത്ത് അക്കാദമിക്ക് കൗൺസിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

ക്രമ നമ്പർ	സ്കൂൾ കോഡ്	വിദ്യാലയത്തിന്റെ പേര്	വാർഡ് നമ്പർ	ഉടമസ്ഥത				വിഭാഗം				പ്രദേശം
				സർക്കാർ	അർദ്ധസർക്കാർ	സ്വകാര്യം	സ്വാശ്രയം	എൽ.പി.	യു.പി.	സെക്കന്ററി	ഹ. സെക്കന്ററി	ഗ്രാമം
1.	01	മേനച്ചോടി യു.പി. എസ്	I	✓					✓			✓
2.	02	വേക്കളം യു. പി. എസ്	II	✓					✓			✓
3.	03	വായന്നൂർ ഗവ. ജി. എൽ. പി. എസ്.	II	✓				✓				✓
4.	04	പെരുന്തോടി എ. യു. പി. എസ്.	III			✓			✓			✓
5.	05	പെരുവ ജി. യു. പി. എസ്.	IV	✓					✓			✓
6.	06	പുത്തലം എ. എൽ. പി.	V			✓		✓				✓
7.	07	സെന്റ് കോർണേലിയൂസ് എച്ച്. എസ്.	VI			✓				✓		✓
8.	08	സെന്റ് സേവിയേഴ്സ് യു. പി.	VI			✓			✓			✓
9.	09	ബ്ലോസം നഴ്സറി സ്കൂൾ	VI				✓	✓				✓
10.	10	ക്രൈസ്റ്റ് കോളേജ് കോളയാട്	VI				✓				✓	✓
11	11	എടയാർ ജി. എൽ. പി.	VII	✓				✓				✓
12	12	ഇസ്ലാമിക്ക് നേഴ്സറി സ്കൂൾ	VII				✓	✓				✓
13.	13	ആലച്ചേരി യു. പി.	VIII			✓			✓			✓
14.	14	കൊമ്മേരി ജി. എൽ. പി.	IX	✓				✓				✓
15.	15	അൽഫോൻസ നേഴ്സറി സ്കൂൾ	IX				✓	✓				✓

B. ഭൗതിക സാഹചര്യം

(i) സ്ഥിതി:- സ്ഥലസൗകര്യം, കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി ലഭ്യത, കളിസ്ഥലം, കിണർ, വാട്ടർടാങ്ക് എന്നിവ മാത്രമാണ് ഭൗതിക സാഹചര്യങ്ങൾ എന്ന വിഭാഗത്തിൽ വിലയിരുത്തിയിട്ടുള്ളത്.

സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യം പോലുമില്ലാത്ത രണ്ട് വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഏറ്റവും ചെറിയ സ്ഥലസൗകര്യമുള്ള വിദ്യാലയത്തിന് ആകെ 15 സെന്റ് മാത്രമേ ഉള്ളൂ. ഈ വിദ്യാലയങ്ങൾക്ക് സ്വന്തമായി കളിസ്ഥലമോ കുട്ടികളെ പുറത്തുകൊണ്ടുപോയി പഠിപ്പിക്കുന്നതിനുള്ള സൗകര്യമോ ഇല്ല. Pre- K.E.R. എന്ന നിലയിൽ തുടരുന്ന ഈ വിദ്യാലയങ്ങളിലെ ക്ലാസ് മുറികളും വളരെ ഇടുങ്ങിയതായിരിക്കും. 15 കെട്ടിടങ്ങൾ സ്ഥിരവും 1 എണ്ണം അർദ്ധസ്ഥിരവും 2 എണ്ണം വാടക കെട്ടിടങ്ങളുമാണ്. എന്നാൽ K.E.R. പ്രകാരം നിശ്ചിത അളവോടുകൂടിയ എത്രക്ലാസ് മുറികളുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിൽ ഹൈസ്കൂളുൾപ്പെടെ ഒരു വിദ്യാലയത്തിലും പ്രവർത്തനക്ഷമമായ ലാബ് സൗകര്യം ഇല്ല. ഏഴു വിദ്യാലയങ്ങളിൽ ലൈബ്രററി പ്രവർത്തനം നടക്കുന്നു. 2 വിദ്യാലയങ്ങളിൽ ലൈബ്രററി സൗകര്യമില്ല. മറ്റു രണ്ടിടങ്ങളിലാവട്ടെ പ്രവർത്തനക്ഷമവുമല്ല.

10 വിദ്യാലയങ്ങളിൽ മൂത്രപ്പുരകളുണ്ട്. ഒന്നിൽ ഈ സൗകര്യമില്ല. കക്കൂസ് സൗകര്യമില്ലാത്ത 8 വിദ്യാലയങ്ങൾ നിലവിലുണ്ട്. 4 വിദ്യാലയങ്ങളിൽ മാത്രമേ വൈദ്യുതിയുള്ളൂ. 4 എണ്ണത്തിൽ കളിസ്ഥലവും കിണർസൗകര്യവുമില്ല.

(ii) വിമർശനങ്ങൾ:- (+) 1) മിനിമം സ്ഥലസൗകര്യങ്ങളുള്ള 9 വിദ്യാലയങ്ങളുണ്ട് 2) താത്കാലിക കെട്ടിടം ഒരു വിദ്യാലയത്തിലുമില്ല 3) സ്ഥിരം കെട്ടിടം പണിയേണ്ടുന്ന 2 വിദ്യാലയങ്ങൾ മാത്രമേ ഉള്ളൂ. 4) 4 എണ്ണത്തിലെങ്കിലും വൈദ്യുതി സൗകര്യം എത്തിയിരിക്കുന്നു.

ക്രമനമ്പർ	സ്കൂൾകോഡ്	സ്ഥലം	കെട്ടിടം			കെട്ടിടങ്ങളുടെ വിനിയോഗം				മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളിസ്ഥലം		കിണർ	
			സ്വന്തം	വാടകയ്ക്ക്	മറ്റുള്ളവ	ലാബ്		ലൈബ്രറി											
						ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
1.	01	174 സെ.	2	1			✓	✓		✓		✓			✓	✓			✓
2.	02	183 സെ.	1	1		✓		✓		✓		✓			✓	✓		✓	
3.	03	15 സെ.	1				✓		✓		✓		✓		✓		✓	✓	
4.	04		5			✓		✓		✓		✓		✓		✓		✓	
5.	05	500 സെ.	1				✓		✓	✓		✓			✓		✓	✓	
6.	06	17 സെ.	1				✓		✓	✓			✓		✓		✓	✓	
7.	07	300 സെ.	3			✓		✓		✓		✓		✓		✓		✓	
8.	08	415 സെ.				✓		✓		✓		✓		✓		✓		✓	
9.	09																		
10.	10																		
11.	11	22 സെ.	2				✓		✓	✓		✓			✓	✓			✓
12.	12																		
13.	13	160 സെ.	4			✓		✓		✓		✓		✓		✓			✓
14.	14	80 സെ.	1				✓		✓	✓			✓		✓		✓		✓

(-) 1) 15 കെട്ടിടങ്ങൾ സ്ഥിരമാണെങ്കിലും അതിൽ ക്ലാസ് മുറിക്ക് അത്യാവശ്യമായ വിസ്തീർണ്ണമുള്ളവ പരിമിതമാണ്. 2) ഓഫീസ്, സ്റ്റാഫ് റൂം എന്നിങ്ങനെ വ്യത്യസ്ത ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യം കുറവാണ്. 3) ക്ലാസുകൾക്ക് താൽക്കാലികമായ വേർതിരിവ് പലയിടത്തുമില്ല. 4) മിക്കവയിലും ലാബുണ്ടെങ്കിലും വേർതിരിച്ചമുറിയോ ഫർണിച്ചർ സൗകര്യങ്ങളോ ഇല്ല. ഉപകരണങ്ങളുടേയും അവശ്യ വസ്തുക്കളുടേയും ലഭ്യതക്കുറവും ഉണ്ടായിട്ടും ഉപയോഗിക്കാനുള്ള മനോഭാവം ഇല്ലായ്മയും പ്രധാന ന്യൂനതതന്നെയാണ്. 5) 10 വിദ്യാലയങ്ങളിൽ മൂത്രപ്പുരയുണ്ടെങ്കിലും ആൺ-പെൺ, അദ്ധ്യാപകർ എന്നിങ്ങനെ വേർതിരിച്ചുള്ള സൗകര്യം കുറവാണ്. കക്കൂസ് സൗകര്യം മൂന്നു വിദ്യാലയങ്ങളിലില്ല എന്നത് പരിതാപകരമായ അവസ്ഥയെ സൂചിപ്പിക്കുന്നു. 6) 4 വിദ്യാലയങ്ങൾക്ക് കളിസ്ഥലമില്ലാത്തത് കായിക വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. 7) സ്വന്തമായി കിണറില്ലാത്തതിനാൽ 4 വിദ്യാലയങ്ങൾക്ക് കുടിവെള്ളപ്രശ്നം അനുഭവപ്പെടുന്നു. 8) വൈദ്യുതി സൗകര്യം 7 വിദ്യാലയങ്ങളിലും ഉറപ്പാക്കണം.

(iii) നിർദ്ദേശങ്ങൾ:- 1) മിനിമം സ്ഥലസൗകര്യം മുഴുവൻ വിദ്യാലയങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2) മൂന്നോ നാലോ വിദ്യാലയങ്ങൾക്ക് പ്രാപ്യമായ ഒരിടത്ത് പഞ്ചായത്തു തന്നെ ചെറുകിട-ഇടത്തരം കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നത് നല്ലതാണ്. ഒപ്പം ഊഞ്ഞാൽ തുടങ്ങിയ വിനോദ ഉപാധികളും ആവാം. 3) Pre-K.E.R. പരിരക്ഷ നൽകപ്പെട്ട കെട്ടിടങ്ങൾ അടിയന്തിരമായ നിർദ്ദിഷ്ട അളവോടുകൂടി മാറ്റിപണിയണം. 4) ക്ലാസ് മുറികൾക്ക് താത്കാലികമായ വേർതിരിവെങ്കിലും വേണം. 5) ഒരു കെട്ടിടമെങ്കിലും ഹാൾ ആയി ഉപയോഗിക്കത്തക്കവിധം താത്കാലിക വേർതിരിവോടെ നിലനിർത്തുന്നത് നന്നായിരിക്കും. 6) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിദ്യാലയങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെയും ധനസഹായം ചെയ്യാൻ താത്പര്യമുള്ള ധനാഢ്യരെ സമീപിക്കുന്നതിലൂടെയും സാധിക്കും.

C ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം:

(i) സ്ഥിതി:- ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണം 20 ൽ കുറഞ്ഞ നാലു വിദ്യാലയങ്ങളുണ്ട്. ഇതിൽതന്നെ ഗണ്യമായി കുറഞ്ഞ രണ്ടു വിദ്യാലയങ്ങളുണ്ട്. 20 നും 40നും ഇടയിൽ കുട്ടികൾ വരുന്ന മൂന്നെണ്ണം. ഒന്നാം തരത്തിൽ 113 കുട്ടികളിൽ കൂടുതലുള്ള ഒരു വിദ്യാലയവും ഈ പഞ്ചായത്തിലില്ല.

(ii) വിമർശനങ്ങൾ (+) 1) അറുപതിൽ കൂടുതൽ ഒന്നാം തരത്തിലുള്ള മൂന്നു വിദ്യാലയങ്ങളെങ്കിലും ഉണ്ട്. ഇംഗ്ലീഷ് മീഡിയങ്ങളി

ലേയ്ക്ക് വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുന്നതിനാലാണ് ഈ കുറവെന്നു നിരീക്ഷിക്കാം. പുതിയ ജനസഞ്ചയങ്ങൾ രൂപപ്പെട്ടതും പഴയവ ശോഷിച്ചു പോയതും പ്രവേശനത്തിലുള്ള എണ്ണക്കുറവിനു കാരണങ്ങളാവാനിടയുണ്ട്.

1996-'97 1ാം തരത്തിലെ കുട്ടികളുടെ എണ്ണം

സ്കൂൾ കോഡ്	1	2	3	4	5	6	8	11	13	14
കുട്ടികളുടെ എണ്ണം	19	32	14	113	34	18	66	27	61	16

(-) 1) 5 വിദ്യാലയങ്ങളിൽ 30ൽ താഴെ മാത്രമേ ഒന്നാം തരത്തിൽ ഉള്ളൂവെന്ന് കാണുന്നത് അവയുടെ നിലനിൽപ്പിനെ ബാധിക്കും. 2) കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ് വയസ്സ് പൂർത്തിയാകാത്ത കുട്ടികളേയും പ്രവേശിപ്പിക്കാൻ വിദ്യാലയ അധികൃതരെ പ്രേരിപ്പിക്കുന്നു. ഇത് കുട്ടികളുടെ പഠനശേഷിയേയും ക്ലാസ്സിലെ പഠനപ്രാപ്തിയേയും പ്രതികൂലമായി ബാധിക്കുന്നു. 3) കുടിയേറിവരുന്ന കുടുംബങ്ങളിലെ കുട്ടികളും കൂലിപ്പിണിക്കായി പഞ്ചായത്തിനു പുറത്തുനിന്നു വരുന്ന കുടുംബങ്ങളിലെ കുട്ടികളും ഉണ്ടായിട്ടുപോലും ഒന്നാം തരത്തിലെ കുട്ടികളുടെ എണ്ണത്തിൽ ഇത് പ്രതിഫലിച്ചു കാണുന്നില്ല. ഇതിനർത്ഥം നല്ലൊരു ശതമാനം കുട്ടികളും പഞ്ചായത്തിനു പുറത്തേയ്ക്കു പോകുകയോ പൊതു വിദ്യാഭ്യാസധാരയിൽ നിന്ന് തള്ളപ്പെടുകയോ ചെയ്യുന്നുവെന്നാണ്. 4) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളെ യഥാസമയത്ത് വിദ്യാലയത്തിൽ പ്രവേശിപ്പാക്കാൻ കഴിയുന്നില്ല.

(iii) **നിർദ്ദേശങ്ങൾ:**


1) പഞ്ചായത്തിലെ മുഴുവൻ കുട്ടികളെപറ്റിയും വ്യക്തമായ ധാരണ ലഭിക്കുന്ന തരത്തിൽ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി വിദ്യാഭ്യാസ സർവ്വെ നടത്തേണ്ടതാണ്. 2) സ്കൂൾപ്രായത്തിലുള്ള മുഴുവൻ കുട്ടികളേയും അയൽപക്ക വിദ്യാലയത്തിൽ തന്നെ എത്തിക്കുക. 3) പ്രായപരിധി എത്താത്ത കുട്ടികളെ ചേർക്കുന്നത് നിരുൽസാഹപ്പെടുത്തുക. 4) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളെ യഥാസമയം വിദ്യാലയത്തിലെത്തിക്കാൻ പ്രത്യേകസ്കൂഡുകളുടെ രൂപീകരണം. 5) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് മാതൃസംഘം അയൽക്കൂട്ടം എന്നിവയിലൂടെ ശക്തമായ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തണം.

D മൊത്തം കുട്ടികളുടെ എണ്ണം

(i) സ്ഥിതി:- എൽ.പി., യു.പി., ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെല്ലാം കൂടി പഞ്ചായത്തിലാകെ 3844 വിദ്യാർത്ഥികളുണ്ട്. ഇത് ആകെ പഞ്ചായത്ത് ജനസംഖ്യയുടെ 21% ആണ്. ഇതിൽ പെൺകുട്ടികളുടെ എണ്ണം 1982 ആണ്. ഇത് സ്റ്റുഡന്റ് പോപ്പുലേഷന്റെ 51.56% ആണ്. പഞ്ചായത്തിൽ ആകെ 3844 കുട്ടികൾക്ക് 140 അദ്ധ്യാപകർ എന്ന നിലയിലുണ്ട്. ഇത് ഒരദ്ധ്യാപകന് 27 കുട്ടികൾ എന്ന അനുപാതത്തിലാണെന്നു കാണാം. ജനസഞ്ചയങ്ങളുടെ വിന്യാസം കാരണമാണെങ്കിലും കൂടിയേറ്റ സാധ്യത പരിഗണിക്കുമ്പോൾ കുട്ടികളുടെ കുറവ് ന്യായീകരിക്കാനാവില്ല.

L.P., U.P., H.S. വിഭാഗങ്ങളിലെ കുട്ടികളുടെ വിവരങ്ങൾ

ആകെ വിദ്യാർത്ഥികൾ	H.S.			പെൺ-കുട്ടികളുടെ ശതമാനം	L.P.			പെൺ-കുട്ടികളുടെ ശതമാനം	U.P.			പെൺ-കുട്ടികളുടെ ശതമാനം
	ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ	
3844	933	903	1836	49.18%	519	512	1031	49.66%	410	567	977	58.03%



പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 1996-97

(ii) വിമർശനങ്ങൾ (+) 1) കുട്ടികളുടെ എണ്ണം കുറയുന്നത് ക്ലാസിലും സ്കൂളിലും വ്യക്തിപരമായി കുട്ടികളെ ശ്രദ്ധിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമാണ്. അക്ഷരപഠനം, അക്കപഠനം എന്നീ അക്കാദമിക്ക് രംഗങ്ങളിൽ കുട്ടികൾ മെച്ചപ്പെട്ട നില കൈവരിക്കും.

(-) 1) സാമൂഹ്യവൽക്കരണം എന്ന വിദ്യാഭ്യാസ ലക്ഷ്യം പരിഗണിച്ചാൽ എണ്ണം കുറയുന്നത് നിലവാര തകർച്ചയൊക്കിടയാക്കും 2) സ്വകാര്യ വിദ്യാലയങ്ങളിൽ ഗ്രാന്റ് നൽകുന്നത് കുട്ടികളുടെ എണ്ണമനുസരിച്ചായതിനാൽ തുച്ഛമായി ലഭിക്കുന്ന തുക അറ്റകുറ്റ പണികൾക്ക് അപര്യാപ്തമാകും. 3) വിദ്യാഭ്യാസ ചെലവിന് ആളോഹരി വിഹിതം കൂടുന്നത് ദുർവ്യയത്തിന് ഇടയാക്കുന്നു. 4) ഉച്ചക്കഞ്ഞിപോലുള്ള ക്ഷേമപരിപാടികൾക്ക് ആളോഹരിച്ചെലവ് ഗണ്യമായി വർദ്ധിക്കും.

(iii) നിർദ്ദേശങ്ങൾ:- 1) വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം സാമൂഹ്യവൽക്കരണമായി കാണുന്നുവെങ്കിൽ ഇതിനുതകുന്ന തരത്തിൽ സംഘപ്രവർത്തനങ്ങൾ, സന്നദ്ധപ്രവർത്തനങ്ങൾ എന്നിവയ്ക്ക് അവസരം നൽകണം. 2) കുട്ടികളുടെ എണ്ണം കുറഞ്ഞിരുന്നാലും മിനിമം പരിധി നിശ്ചയിച്ച് ഗ്രാന്റ് നൽകണം. 3) വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തധികൃതർ ബഹുജനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തണം. 4) ഉച്ചക്കഞ്ഞി വിതരണത്തിന് ബഹുജനങ്ങളുടേയും പി.ടി.എ., മാതൃസംഘം എന്നിവയുടേയും സഹകരണം ഉറപ്പു വരുത്തണം.

E കൊഴിഞ്ഞുപോക്ക്

(i) സ്ഥിതി:- 1995-96ലെ കണക്ക് പരിശോധിക്കുമ്പോൾ എൽ.പി. ക്ലാസ്സിലെ കൊഴിഞ്ഞുപോക്ക് 0.87% ആണ്. യു.പി. ക്ലാസുകളിലാകട്ടെ 0.1% ഹൈസ്കൂൾക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്ക് 5.6% ആണെന്നും ഇതു വർദ്ധമാനമാണെന്നും കാണാം. വിശദമായ പഠനം നടത്തിയാൽ മാത്രമേ ഇതിന്റെ യഥാർത്ഥ കാര്യകാരണങ്ങൾ വ്യക്തമാവൂ. കൊഴിഞ്ഞുപോക്ക് തീരെ ബാധിക്കാത്ത 3 സ്കൂളുകളുണ്ട്.

കൊഴിഞ്ഞുപോക്ക് 1995-96

ക്ലാസ്	I	II	III	IV	V	VI	VII	VIII	IX	X
ആൺ	2	8	2	1	0	2	2	10	12	4
പെൺ	1	2	0	0	0	0	0	5	19	5
ആകെ	3	10	2	1	0	2	2	15	31	9


(ii) വിമർശനങ്ങൾ (+) 1) കൊഴിഞ്ഞുപോക്കിന്റെ ശതമാനം പഞ്ചായത്തുതലത്തിൽ എടുത്താൽ പ്രൈമറി സ്കൂളുകളിൽ ഏറെ ഇല്ലെന്നു കാണാം. 2) പൂർണ്ണമായും കൊഴിഞ്ഞുപോക്ക് തടയാൻ ഒരു വിദ്യാലയത്തിന് കഴിഞ്ഞിരിക്കുന്നു. 3) യു.പി. ക്ലാസ്സുകളിൽ എൽ.പി. യെക്കാൾ ഈ പ്രവണത കുറവാണ്. 4) ഹൈസ്കൂളിൽ കൊഴിഞ്ഞുപോക്കിന്റെകാര്യത്തിൽ പ്രകടമായ വർദ്ധനവുണ്ട്. അതിൽ തന്നെ 9ം തരത്തിൽ ഈ പ്രവണതയുടെ ആധിക്യവും കാണാം. 5) 9ം തരത്തിൽ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് വളരെകൂടുതലാണ്. 6) കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ തുടർപഠന സാധ്യത അവരുടേതല്ലാത്ത കൂറ്റം കൊണ്ട് തടയപ്പെടുന്നു. 7) ഇത്തരം കുട്ടികൾ ക്രമേണ തങ്ങളേക്കാൾ ഉയർന്നപ്രായക്കാരുടെ കൂട്ടുകെട്ടിൽ ഉൾപ്പെടുകയും വഴിതെറ്റാൻ ഇടയാവുകയും ചെയ്യുന്നു.

(iii) നിർദ്ദേശങ്ങൾ 1) കൊഴിഞ്ഞുപോക്ക്തടയുന്നതിൽ വിജയിച്ചവിദ്യാലയങ്ങളിലെ ഗുണപരമായ നടപടികൾ മറ്റു വിദ്യാലയങ്ങൾക്കും സ്വീകരിക്കാവുന്നതാണ്. 2) ഈ നടപടികളുടെ ഗുണദോഷങ്ങൾ സ്വയം മനസ്സിലാക്കാൻ അദ്ധ്യാപകർ, വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കേണ്ടതാണ്. 3) കുട്ടികളുടെ അഭിരുചിക്കിണങ്ങിയ വിധത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കണം. പഠ്യാനുബന്ധപ്രവർത്തനങ്ങൾക്കും പാഠ്യേതരപ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകണം. 4) തൊഴിൽ പരിചയത്തിന് അവസരം സ്കൂളിൽ തന്നെ പരിമിതമായ തോതിലെങ്കിലും നൽകണം. 5) കൊഴിഞ്ഞുപോകലിനു വിധേയരായവർക്കും തൊഴിലെടുക്കുന്ന കുട്ടികളുള്ള പുത്തലം, പുന്നപ്രാലം കോളനി പോലുള്ള പ്രദേശങ്ങളിൽ തുടർപഠനത്തിന് സഹായകമായ വിധത്തിൽ അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കണം. 6) കുടുംബസർവ്വേ വഴി മുമ്പു കൊഴിഞ്ഞുപോയവരെക്കുറിച്ചും സ്കൂളിൽ പോയിട്ടില്ലാത്തവരെക്കുറിച്ചും വ്യക്തമായ വിവരങ്ങൾ ശേഖരിക്കണം. 7) കോളയാട് ഹൈസ്കൂളിലെ 9ം തരത്തിൽ കാണുന്ന ഉൽകണ്ഠാജനകമായ കൊഴിഞ്ഞുപോക്ക് പ്രവണത ബന്ധപ്പെട്ടവരുടെ സത്വരശ്രദ്ധയിൽ കൊണ്ടുവരണം.

F അക്കാദമിക്ക് നിലവാരം

(i) സ്ഥിതി:- എൽ.പി., യു.പി. തലങ്ങളിൽ 1996-97 പാദവാർഷിക പരീക്ഷയ്ക്ക് ലഭിച്ചമാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ 60% വും അതിൽ കൂടുതലും മാർക്ക് നേടിയ കുട്ടികളാണ് ബഹുഭൂരിപക്ഷവും. 30% ത്തിൽ താഴെ മാർക്കുള്ളവർ ഈ തലത്തിൽ കുറവാണ്. ഹൈസ്കൂൾതലത്തിലാവട്ടെ ഇതിന് വിപരീതമായി 30% താഴെ മാർക്ക് വാങ്ങിയവർ കൂടുതലും 60% മേൽവാങ്ങിയവർ കുറവുമാണ്. പത്താം തരത്തിൽ 63.8% കുട്ടികളും 30% താഴെ മാർക്ക് നേടിയവരായി കാണാം. 60% ത്തിൽ കൂടുതൽ നേടിയവർ 7.6% മാത്രവും. ഒരു കാലത്ത് വളരെയധികം പ്രശസ്തിയും പാരമ്പര്യവും ഉണ്ടായിരുന്ന കോളയാട് ഹൈസ്കൂളിലെ 8,9,10 ക്ലാസ്സുകളിലെ റിസൾട്ടും പഞ്ചായത്തിലെ മറ്റു പ്രൈമറിസ്കൂൾക്ലാസുകളിലെ റിസൾട്ടും താരതമ്യപ്പെടുത്തുമ്പോൾ ഭീമമായ അന്തരമാണുള്ളത്.


x (class)	III	IV	V	VI	VII	VIII	IX	X
y (In %)	13	9.5	13.76	18.09	23.75	64.91	66	63.8



അക്കാദമിക്ക് നിലവാരം -പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ

(1996-97 പാദവാർഷിക പരീക്ഷാഫലത്തെ അടിസ്ഥാനമാക്കി)

x (class)	III	IV	V	VI	VII	VIII	IX	X
y (In %)	40.12	29.85	21.93	13.12	9.2	8.83	8.57	7.6




പഞ്ചായത്തിലെ ഏക ഹൈസ്കൂളായ സെന്റ് കോർണേലിയൂസ് ഹൈസ്ക്കൂളിന്റെ കഴിഞ്ഞ ഏഴുവർഷങ്ങളിലെ എസ്.എസ്.എൽ.സി. വിജയശതമാനം പരിശോധിക്കുമ്പോൾ ക്രമമായി കുറഞ്ഞുവരുന്ന പ്രവണത ദൃശ്യമാണ്. പരീക്ഷയെഴുതുന്നകുട്ടികൾ ഓരോവർഷത്തിലും താരതമ്യേനകൂടിവരുന്നതും സ്വകാര്യവിദ്യാലയമായതിനാൽ സ്ഥിരമായ അദ്ധ്യാപക ലഭ്യതയും നിരീക്ഷിച്ചാൽ ഈ പ്രതിഭാസം പഠനവിധേയമാക്കേണ്ടതാണെന്ന് ബോധ്യപ്പെടും

S.S.L.C. വിജയം ആകെ 1990-1996

വർഷം	പരീക്ഷയെഴുതിയ വിദ്യാർത്ഥികൾ	ആകെ വിജയികൾ	വിജയ ശതമാനം
1990	263	123	46.77
1991	249	95	38.15
1992	257	91	41.36
1993	235	94	40.00
1994	234	81	34.62
1995	263	78	29.66
196	280	68	24.29

S.S.L.C. വിജയം-S.T. വിഭാഗം

വർഷം	പരീക്ഷയെഴുതിയ S.T. വിഭാഗം വിദ്യാർത്ഥികൾ	ആകെ വിജയികൾ	വിജയ ശതമാനം
1990	28	5	17.85
1991	29	4	13.79
1992	29	7	24.14
1993	29	8	27.59
1994	32	0	NIL
1995	43	1	2.33
1996	49	2	408



പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ വിജയശതമാനം

(ii) വിമർശനങ്ങൾ (+) 1) അഭിമാനാർഹമല്ലാത്ത വിജയശതമാനം തുടർന്നു വരുന്നെങ്കിലും ഹൈസ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നില്ല.

S.C/S.T. വിദ്യാർത്ഥികൾ ഹൈസ്കൂൾ തലത്തിലേയ്ക്ക് കൂടുതലായി കടന്നു വരുന്നു എന്നത് ശുഭോദർക്കമായ കാര്യമാണ്. കഴിഞ്ഞ ഏഴു വർഷത്തെ കണക്കു പരിശോധിക്കുമ്പോൾ പത്താം തരത്തിലെ കുട്ടികളിൽ S.C./S.T. വിഭാഗത്തിന്റെ വർദ്ധനവ് 75% ആണെന്ന് കാണാം. 2) വിജയശതമാനത്തിന്റെ കാര്യത്തിൽ കുത്തനെയുള്ള കുറവ് ഹൈസ്കൂളദ്ധ്യാപകരിൽ ഉൽകണ്ഠ ഉണ്ടാക്കിയിട്ടുണ്ട്.

(-) 1) ഹൈസ്കൂളിലെ വിജയത്തിന്റെ പിന്നോക്കാവസ്ഥ സ്കൂളിനകത്തുള്ള പ്രശനങ്ങളിലേയ്ക്കും കുട്ടികൾ വരുന്ന സാമൂഹ്യപശ്ചാത്തലത്തിലേയ്ക്കുമാണ് വിരൽചൂണ്ടുന്നത്. 2) അക്കാദമിക്ക് പ്രവർത്തനങ്ങളിൽ പരാജയപ്പെട്ട പ്രൈമറി വിദ്യാലയങ്ങ

ളിലും അഭ്യന്തര തടസ്സങ്ങൾ ഉണ്ടെന്നു മനസ്സിലാക്കാം. 3) ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഹൈസ്കൂളദ്ധ്യാപകരുടെ ഭാഗത്തുനിന്നും ഫലപ്രദമായ പഠ്യപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതായി ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുന്നില്ലായെന്നതാണ് ഗ്രാമസഭാ അവലോകനം വെളിപ്പെടുത്തുന്നത്. 4) അർപ്പിത മനസ്ഥരായ അദ്ധ്യാപകരുടെ കഴിവുറ്റ നേതൃത്വം ഏത് ഏത് ഘടകങ്ങളിലാണ് ആവശ്യം എന്ന് മനസ്സിലാക്കി ദൗർബല്യങ്ങളെ പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ പ്രവർത്തകരിൽ നിന്നും സ്വീകരിക്കുവാനുള്ള മാനസികവസ്ഥ ഹൈസ്കൂളധികൃതർ ഒരുക്കേണ്ടിയിരിക്കുന്നു. 5) വാർഷികപരീക്ഷയെ അടിസ്ഥാനമാക്കി അക്കാദമിക നിലവാരം താരതമ്യം ചെയ്യുന്നതിലർത്ഥമില്ല.

(iii) നിർദ്ദേശങ്ങൾ:- 1) പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനാന്തരീക്ഷം വിശദമായി വിലയിരുത്തപ്പെടേണ്ടതാണ് പഠനസന്ദർഭം ഒരുക്കുന്നതിൽ മികവു കാട്ടുന്ന വിദ്യാലയങ്ങളിലെ അനുകൂലഘടകങ്ങളും മറ്റുള്ളവയിലെ പ്രതികൂലഘടകങ്ങളും മനസ്സിലാക്കി അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ., മാതൃസംഘം, ഗ്രാമപഞ്ചായത്ത് എന്നിവരുടെയെല്ലാം സഹകരണത്തോടെ പ്രശ്നങ്ങൾ പരിഹരിക്കണം. 2) അദ്ധ്യാപകർ വിദ്യാലയം പരസ്പരം സന്ദർശിക്കണം. വിദ്യാഭ്യാസ അധികൃതരുടെ സന്ദർശനം ജനകീയ മോണിറ്ററിംഗ് എന്നിവ ഫലപ്രദമായി നടപ്പിലാക്കണം. 3) പഠനം വിദ്യാർത്ഥി കേന്ദ്രീകൃതവും മനശ്ശാസ്ത്രപരവും പ്രവർത്തനാധിഷ്ഠിതവും പഠനോപകരണങ്ങളുപയോഗിച്ചുള്ളതുമാകണം. പരീക്ഷയിൽ ഓർമ്മപരിശോധനയോടൊപ്പം വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയും വിലയിരുത്തപ്പെടണം. 4) പാഠ്യാനുബന്ധപ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കണം. 5) പിയർ മോണിറ്ററിംഗ്, പിയർ ടീച്ചിംഗ് എന്നിവ ക്ലാസിലും സ്കൂളിലും നടപ്പാക്കണം. 6) പാഠപുസ്തകങ്ങൾ എല്ലാ ക്ലാസുകളിലും യഥാസമയം എത്തിയിരിക്കണം. അദ്ധ്യാപകരുടെ നിയമനം ജൂൺ അദ്യവാരം തന്നെ ഉറപ്പു വരുത്തണം. സർക്കാർ വിദ്യാലയങ്ങളിലെ താത്കാലിക നിയമനം വൈകുന്നത് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.

G ജനകീയ തലം

(i) സ്ഥിതി:- സ്കൂൾ കോംപ്ലക്സ്-ഗുരുകുലം പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ., മാതൃസംഘം, വിദ്യാലയ സമിതി എന്നിവയുടെ രൂപീകരണവും തുടർപ്രവർത്തനങ്ങളും നടന്നു. പഞ്ചായത്ത്-വാർഡ് തല സമിതികളും അയൽക്കൂട്ടങ്ങളും രൂപീകരിക്കപ്പെട്ടു. പഞ്ചായത്ത് അക്കാദമിക്ക് സമിതിയുടെ നേതൃത്വത്തിൽ പ്രൈമറിസ്കൂൾ അദ്ധ്യാപകർക്കുള്ള ഏകദിന ശിൽപശാലയും 5,6,7 ക്ലാസുകളിലെ അദ്ധ്യാപകർക്കുള്ള ഗണിതക്ലാസും നടന്നു. സ്കൂളിനെ സാമൂഹ്യകേന്ദ്രീകൃത വിദ്യാലയമാക്കാനും അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ വൈവിദ്ധ്യമാർന്ന വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കാനും സാധിച്ച വിദ്യാലയമാണ് എടയാർ ഗവ.എൽ.പി. സ്കൂൾ.

(ii) വിമർശനങ്ങൾ:- (+) 1) പി.ടി.എ., മാതൃസംഘം, എന്നിവ വഴി രക്ഷാകർത്താക്കളേയും വിദ്യാലയ പരിസരങ്ങളിലെ ജനതയെ ആകെത്തന്നെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ സാധിച്ചു. 2) താരതമ്യേന ദുർബലമെങ്കിലും ഒരു ജാഗ്രതാ ബോധം വ്യാപകമായി വളർന്നു വന്നിട്ടുണ്ട്. 3) സമൂഹത്തിന്റെ ഇടപെടൽ കാരണം കുട്ടികളുടെ ഹാജർ, പഠനനിലവാരം, ദൈനംദിന പ്രവർത്തനങ്ങൾ, സ്കൂൾ ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവയിൽ ഗണ്യമായ വർധനവ് ഉണ്ടായിട്ടുണ്ട്. 4) മാതൃസംഘം, പി.ടി.എ ജനറൽ ബോഡി എന്നിവയിൽ പങ്കാളിത്തം വർദ്ധിച്ചു. 5) ജനകീയ പങ്കാളിത്തത്തിന്റെ സാധ്യത എടയാർ ജി.എൽ. പി.സ്കൂൾ, മേനച്ചോടി ജി.യു.പി.സ്കൂൾ തുടങ്ങിയവയിൽ കുറേക്കൂടി സുവ്യക്തമായി. 6) വിദ്യാലയങ്ങളങ്ങളിൽ അദ്ധ്യാപകർക്ക് വ്യക്തിഗതമായ ധാരാളം വിദ്യാഭ്യാസ പരീക്ഷണങ്ങൾ നടത്തുവാൻ സ്കൂൾ കോംപ്ലക്സ് വഴി സാധിക്കുന്നതാണ്. 7) ജനകീയ പങ്കാളിത്തതം വിദ്യാലയങ്ങളിൽ ഭൗതികവും ആത്മീയവുമായ പശ്ചാത്തലം ഒരുക്കുന്നതിൽ ഗണനീയമായി സഹായിക്കുമെന്നാണ് പഞ്ചായത്തിലെ ഗുരുകുലം പദ്ധതിയുടെ ആദ്യപ്രവർത്തന റിപ്പോർട്ടുകൾ കാണിക്കുന്നത്.

(-) 1) വിദ്യാലയസമിതി പി.ടി.എ, മാതൃസംഘം തുടങ്ങിയവയുടെ വ്യത്യാസവും ദൗത്യവും കൃത്യമായി ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞില്ല. 2) വിദ്യാലയസമിതികളെ വേണ്ടവിധം ചലിപ്പിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. 3) അയൽക്കൂട്ടത്തിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തന സാധ്യതകൾ എന്നിവ ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞില്ല. 4) വിദ്യാഭ്യാസം എന്നാൽ കൂടുതൽ മാർക്ക് നേടുക, അക്ഷര, അക്കപഠനം ഉറപ്പിക്കുക, കുറേ തത്വങ്ങളുടെ കാണാ പഠനം നടത്തുക എന്നിവയാണെന്ന ധാരണ ഇല്ലാതാക്കുന്നതിനും വ്യക്തിയുടെ സർവതോന്മുഖമായവികാസം എന്ന ആശയം പ്രചരിപ്പിക്കുന്നതിനും സാധിച്ചില്ല. 5) അയൽക്കൂട്ടങ്ങളുടെ ചുമതല വിദ്യാർത്ഥികൾക്ക് ട്യൂഷൻസെന്ററുകൾ തുടങ്ങുകയാണെന്ന തെറ്റിധാരണ ഉണ്ടായി. 6) അദ്ധ്യാപകരും വിദ്യാഭ്യാസ പ്രവർത്തകരും ഗുരുകുലം പദ്ധതിയുടെ സോദേശ്യത്തെ ഉൾക്കൊള്ളുവാനോ അതിൽ ഭാഗഭാക്കാകുവാനോ സ്വയം സന്നദ്ധമായി ഇറങ്ങിയിട്ടുണ്ടോ എന്ന ആത്മപരിശോധന നടക്കുന്നില്ല.

(iii) നിർദ്ദേശങ്ങൾ:- 1) പി.ടി.എ., മാതൃസംഘം, വിദ്യാലയ സമതി എന്നിവയുടെ വ്യത്യാസം വ്യക്തമായും കൃത്യമായും ജനങ്ങളെ ബോധ്യപ്പെടുത്തുവാനും ഇവയുടെ ദൗത്യം നിർവ്വഹിക്കുവാനും സാധിക്കേണ്ടിയിരിക്കുന്നു. 2) വിദ്യാലയത്തിന്റെ വളർച്ചയ്ക്കുള്ള ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും വിദ്യാലയ സമിതിയെ പ്രയോജനപ്പെടുത്തുക. 3) അയൽക്കൂട്ടങ്ങളെ സ്കൂൾവിദ്യാഭ്യാസത്തിനുള്ള താങ്ങായും കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുള്ള അരങ്ങായും മാറ്റുക. 4) വികസനോന്മുഖ വിദ്യാഭ്യാസം എന്ന ആശയം വിപുലമാക്കുക. 5) പ്രി-പ്രൈമറി, എൽ.പി., യു.പി. എന്നിങ്ങനെ പ്രത്യേകം പ്രത്യേകമായി സമീപിക്കുന്നതിനു പകരം സമഗ്രമായ പരിപ്രേക്ഷ്യം ഉണ്ടാക്കുക 6) പ്രി-പ്രൈമറി, സ്കൂൾ വിദ്യാഭ്യാസം തൊഴിലെടുക്കുന്ന കുട്ടികളുടെ അനൗപചാരിക വിദ്യാഭ്യാസം, തുടർസാക്ഷരതാ പരിപാടി എന്നിവയ്ക്കു പുറമേ ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം, ഊർജ്ജസംരക്ഷണം, നാട്ടറിവ് തുടങ്ങി സാധ്യമായ മേഖലകളിലെല്ലാം സ്വയം പഠനത്തിനും ബോധവൽക്കരണത്തിനും അവസരമുണ്ടാക്കാൻ പറ്റിയത

രത്തിൽ പഞ്ചായത്തുതല വിദ്യാഭ്യാസ സർവ്വെ നടത്തുക. 7) സ്കൂളുകൾ സാമൂഹ്യസ്ഥാപനങ്ങളാണെന്നും വിദ്യാഭ്യാസം സാഹൂഹ്യപ്രക്രിയയാണെന്നുമുള്ള ബോധം വളർത്തിയെടുക്കാൻ കഴിഞ്ഞാൽ ജനകീയ സഹായം ഉറപ്പുവരുത്താനാകും. 8) എല്ലാ വിദ്യാലയങ്ങളേയും സാമൂഹ്യകേന്ദ്രീകൃത വിദ്യാലയങ്ങളാക്കി മാറ്റുവാനും പാഠ്യപദ്ധതി പോലും വികേന്ദ്രീകൃതമായ രീതിയിൽ പഞ്ചായത്തിന്റെ ഭൂപ്രകൃതി ജനപ്രകൃതി, സാംസ്കാരിക പശ്ചാത്തലം, വിഭവ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുവാനും കഴിയും.

III ഉന്നതവിദ്യാഭ്യാസം

(i) സ്ഥിതി:- പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനായി സർക്കാർ അംഗീകൃതസ്ഥാപനങ്ങളൊന്നും തന്നെയില്ല. പ്രീ ഡിഗ്രി വിദ്യാഭ്യാസത്തിനായി ആശ്രയിക്കാവുന്ന തേർഡ് ഗ്രൂപ്പ് വിഷയങ്ങൾ മാത്രം പഠിപ്പിക്കുന്ന ഒരു പാരലൽ കോളേജ് മാത്രമാണുള്ളത്.

(ii) വിമർശനങ്ങൾ:- (+) 1) ഗ്രാമപഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മാനന്തവാടി-കണ്ണൂർ പാതയടക്കമുള്ള ഗതാഗതസൗകര്യം സമീപനഗരങ്ങളായ കൂത്തുപറമ്പ്, കണ്ണൂർ, മട്ടന്നൂർ, തലശ്ശേരി എന്നിവിടങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥപനങ്ങളുമായി ബന്ധപ്പെടുത്തുന്നു. 2) ഉദ്യോഗസ്ഥരും ഭേദപ്പെട്ട സാമൂഹ്യ സാമ്പത്തിക പശ്ചാത്തലമുള്ളവരും തങ്ങളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകാൻ പട്ടണങ്ങളെ ആശ്രയിക്കുന്നു.

(-) 1) ലഭ്യമായ സൂചനകൾക്കനുസരിച്ച് ബഹുഭൂരിപക്ഷം ആളുകളും കോളേജ് വിദ്യാഭ്യാസമാണ് ഉന്നതവിദ്യാഭ്യാസമായി കരുതുന്നത്. അതിനാൽ സമാന്തര വിദ്യാലയങ്ങളെയാണ് തങ്ങളുടെ ഉദ്ദേശ്യസഫലീകരണത്തിനായി ആശ്രയിക്കുന്നത്. 2) ഉന്നതവിദ്യാഭ്യാസ രംഗത്തെത്തുന്നവരുടെ പ്രായം, ശേഷി എന്നിവ പരിഗണിക്കുമ്പോൾ അവരുടെ ഊർജ്ജത്തിന്റെ വളരെ ചെറിയൊരംശം മാത്രമേ പഠനത്തിന് വിനിയോഗിക്കപ്പെടുന്നുള്ളൂ. 3) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പലകാരണങ്ങളാലും പഠനപ്രവർത്തനം ഗൗരവപൂർവ്വം വീക്ഷിക്കപ്പെടുന്നില്ല. 4) ഉന്നത വിദ്യാഭ്യാസം നടത്തുന്നവരും നേടിയവരും സാമൂഹ്യയാഥാർത്ഥ്യങ്ങളിൽ നിന്നും ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടിരിക്കുന്നു. 5) തദ്ദേശവാസികളുടെ പരമ്പരാഗതതൊഴിൽ വൈദഗ്ധ്യത്തെ ഉപയോഗപ്പെടുത്തി സാങ്കേതിക ഉപരിപഠന സാധ്യതകൾ ആരായുന്നതിനുള്ള ആസൂത്രിത ശ്രമങ്ങളൊന്നും തന്നെ നടന്നിട്ടില്ല.

(iii) നിർദ്ദേശങ്ങൾ:- 1) കൊമ്മേരി ആടുവളർത്തു കേന്ദ്രം പോലുള്ള ഭൗതികസാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി തൊഴിൽ സാധ്യതയുള്ള ഉപരിപഠന സംരംഭങ്ങൾ ഉണ്ടാക്കണം. 2) നിലവിലുള്ള ഭൗതികവിഭവങ്ങൾ ഉപയോഗപ്പെടുത്തി ഒരു ഹയർസെക്കന്ററി വിദ്യാലയം ആരംഭിക്കണം. 3) ഉന്നതവിദ്യാഭ്യാസത്തിനു ചേരാൻ അർഹരായവരെ തിരിച്ചറിയാനും അവരെ ഗ്രൂപ്പുകളാക്കാനും സാധിക്കണം. 4) ഉന്നതവിദ്യാഭ്യാസമാഗ്രഹിക്കുന്നവർക്ക് വ്യക്തമായ ഗൈഡൻസ് ലഭ്യമാക്കണം. 5) സമാന്തരസംവിധാനങ്ങളിൽ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ ആവശ്യമായത് ചെയ്യണം. 6) ഉന്നത വിദ്യാലയങ്ങളിലെ പഠിതാക്കളും ബിരുദധാരികളും അയൽക്കൂട്ടത്തിൽ നടക്കുന്ന വികസനോന്മുഖ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളിത്തവും ചുമതലയും ഉറപ്പുവരുത്തുക. 7) സമഗ്രമായ വിദ്യാഭ്യാസ സർവ്വെയിലൂടെ മാത്രമേ സാങ്കേതിക വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം എന്നീ വ്യത്യസ്ഥമേഖലകൾ സ്വീകരിച്ചവരുടെ തോതു മനസ്സിലാക്കാനാവൂ.

IV അനൗപചാരികവിദ്യാഭ്യാസം

(i) സ്ഥിതി:- ജന്മിമാരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനായി പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്ന് ഗുരുക്കന്മാർ വന്ന് പഠിതാക്കളുടെ വീടുകളിൽ നടന്നു വന്ന ക്ലാസുകൾ, കോരൻഗുരുക്കളുടെ നേതൃത്വത്തിൽ വായന്നൂരിലെ വീടുകളിൽ വച്ച് 'അറിവ്' നൽകി വന്ന ക്ലാസുകൾ എന്നിവയോടെ ആണ് കോളയാട് പഞ്ചായത്തിന്റെ അനൗപചാരിക വിദ്യാഭ്യാസ രംഗം ആരംഭിക്കുന്നത്. S.S.L.C. പൂർത്തിയാക്കാൻ കഴിയാത്തവരേയും തോറ്റവരേയും ഉദ്ദേശിച്ച് ആരംഭിച്ച നിശാ പാഠശാലയിലൂടെ 50% പേർ വിജയികളായി. ഇന്നത്തെ പാരലൽ കോളേജായ 'ക്രൈസ്റ്റ്' ആയിരുന്നു പഠനകേന്ദ്രം. തുടർന്ന് സ്മരിക്കാവുന്നത് 'കാൻഫെഡ്'ന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനമാണ്. ബ്ലാക്ക്ബോർഡ്, മേശ, പാഠപുസ്തകങ്ങൾ, എന്നിവയും സാമ്പത്തിക സഹായങ്ങളും നൽകി പഞ്ചായത്തിലാകെ 10 കേന്ദ്രങ്ങൾ പ്രവർത്തന നിരതമായി.

വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞു പോകുന്ന കുട്ടികൾ, തൊഴിലാളികൾ, കോളനി നിവാസികൾ എന്നിങ്ങനെ അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയുള്ള വലിയൊരു വിഭാഗം പഞ്ചായത്തിലുണ്ട്.

(ii) വിമർശനങ്ങൾ:-(+) (1) നിലവിലുള്ള കലാസമിതികൾ, വായന ശാലകൾ, ക്ലബുകൾ തുടങ്ങിയവയുടെ സഹായസഹകരണത്തോടെ തൊഴിലെടുക്കുന്നവരുടെ സൗകര്യം കൂടി പരിഗണിച്ച് അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ പുനരാരംഭിക്കുവാനും പുതുതായി തുടങ്ങുവാനും കഴിയും.

(-) (1) പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകരിൽ നിന്നും ആവശ്യമായ ശ്രമങ്ങളൊന്നും ഇക്കാര്യത്തിൽ നടക്കുന്നില്ല. 2) പകൽ സമയത്തെ കഠിനാദ്ധ്വാനത്തിനുശേഷം തിരച്ചെത്തുന്നവരെ ക്ലാസുകളിലെത്തിക്കാൻ ഉൾപ്രേരണയും തീവ്രശ്രമവും ആവശ്യമാണ്.

3) പഠനപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തികമടക്കമുള്ള വിഭവ സമാഹരണം നടക്കണം. 4) നിലനിൽക്കുന്ന എല്ലാ അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളുടെയും ഏകീകരിച്ച പ്രവർത്തനം നടക്കുന്നില്ല.

(iii) നിർദ്ദേശങ്ങൾ:- 1) അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ സമഗ്ര വിദ്യാഭ്യാസ സർവേയുടെ അടിസ്ഥാനത്തിൽ ആരംഭിക്കണം. 2) ആനുകാലിക സംഭവങ്ങൾ, വിശ്വസാഹിത്യ പരിചയം, ശാസ്ത്രജ്ഞാനം തുടങ്ങിയവയ്ക്ക് പ്രാധാന്യമുള്ള തുടർ സാക്ഷരതാ പരിപാടിയാണ് പ്രായോഗികം. 3) സാക്ഷരത എന്നാൽ കേവലം അക്ഷരം പഠിക്കുക എന്നാവരുത്. 4) നാഷണൽ ഓപ്പൺ സ്കൂൾ പോലുള്ള ഏജൻസികളുമായി ബന്ധപ്പെടണം. 5) ടെലിവിഷൻ, വി.സി. ആർ, ഫിലിം പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, ഓവർഹെഡ് പ്രൊജക്ടർ തുടങ്ങിയ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തണം

V വികസനോന്മുഖ തുടർ വിദ്യാഭ്യാസം

(i) സ്ഥിതി:- ആജീവനാന്ത പഠനം, സ്വയം പഠനം, വ്യക്തിയുടെ സർവതോന്മുഖമായ വികാസം, സാമൂഹ്യവൽകരണം തുടങ്ങിയ വിദ്യാഭ്യാസ സങ്കൽപ്പങ്ങൾ ജനമനസ്സുകളിൽ നിന്ന് മാഞ്ഞ്, വിദ്യാദാതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന ഏകപക്ഷീയമായ പ്രവർത്തനമെന്ന നിലയിലാണ് ആദാനപ്രദാന പ്രക്രിയ ആവേണ്ട വിദ്യാഭ്യാസം ഇന്ന് വിവക്ഷിക്കപ്പെടുന്നത്. തുടർ വിദ്യാഭ്യാസ ചുമതല പത്രം, റേഡിയോ, ടി.വി., സിനിമ തുടങ്ങിയ മാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇവയിലൂടെ പ്രധാനമായും സംവദിക്കപ്പെടുന്നത് കമ്പോള സംസ്കാരത്തിന്റെ വിഷ ബീജങ്ങളാണ്. ഉപഭോഗ വസ്തുക്കൾ പരമാവധി സംഭരിക്കുക എന്നതാണ് വികസനം അഥവാ പുരോഗതി എന്ന മിഥ്യാധാരണയിലേക്ക് വലിയൊരു ശതമാനം ജനതതിയേയും നയിക്കുന്നതിനാണ് മാധ്യമങ്ങളെല്ലാം ഉന്നമിടുന്നത്.

(ii) വിമർശനങ്ങൾ:- (+) 1) കേരള വർമ്മ പഴശ്ശിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമരങ്ങൾ, ട്രേഡ് യൂനിയൻ കർഷക പ്രസ്ഥാനങ്ങൾ , ഗ്രന്ഥശാലാ പ്രസ്ഥാനം, കാൻഫെഡ്, ജനവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ, സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങൾ തുടങ്ങിയവ പഞ്ചായത്തിലെ വികസനോന്മുഖ തുടർവിദ്യാഭ്യാസ രംഗത്ത് സ്തുത്യർഹമായ പങ്കു വഹിച്ചിട്ടുണ്ട്. 2) വായനശാലകൾ, കലാകായിക സമിതികൾ, പ്രാദേശിക ഉത്സവങ്ങൾ, മതപരവും അല്ലാത്തതുമായ ആഘോഷങ്ങൾ എന്നിവയെല്ലാം തുടർ വിദ്യാഭ്യാസ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിൽ പ്രയോജനപ്പെടുത്താൻ കഴിയും.

(-) 1) ഉപഭോഗ സംസ്കാരത്തിന്റെ ജീർണ്ണതകളെ ഇല്ലായ്മ ചെയ്യാൻ ജനകീയമായ അഭിപ്രായങ്ങൾ സ്വരൂപിക്കപ്പെടുന്നില്ല. 2) വിഭവ സമൃദ്ധമായതുകൊണ്ടു മാത്രം ഒരു രാജ്യം സമ്പന്നമാകണമെന്നില്ല. അവയെ ഫലപ്രദമായി ഉപയോഗിച്ചാൽ മാത്രമേ സാമ്പത്തിക പുരോഗതി കൈവരിക്കാനാവൂ. 3) പഞ്ചായത്തിൽ നിരക്ഷരരായ ചെറിയ ശതമാനം ആളുകളിപ്പോഴുമുണ്ട്. ഇതിൽ കൂടുതൽ സ്ത്രീകളാണ്. തുടർവിദ്യാഭ്യാസ പരിപാടികളിൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിനായുള്ള യത്നങ്ങൾ ആവശ്യമാണ്.

(iii) നിർദ്ദേശങ്ങൾ:- 1) വികസനപ്രവർത്തനങ്ങളിൽ അടിസ്ഥാന ജീവിതാവശ്യങ്ങൾക്ക് മുഖ്യ സ്ഥാനം നൽകണമെന്ന ആശയം പ്രചരിപ്പിക്കണം. സ്വകാര്യലാഭത്തിലും മത്സരത്തിലും അധിഷ്ഠിതമായ വികസനനയത്തിനെ പൊളിച്ചെഴുതുകയും, സാമ്പത്തിക വളർച്ചയോടൊപ്പം ജനക്ഷേമവും ഉറപ്പുവരുത്തുന്ന വികസന സംസ്കാരം ഉണ്ടാക്കുകയും ചെയ്യണം.

പ്രശ്നങ്ങൾ ഒറ്റനോട്ടത്തിൽ

1. പ്രീ-പ്രൈമറി: 1) പഞ്ചായത്തിലെ പ്രീ പ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികളേയും കേന്ദ്രങ്ങളിലെത്തിക്കാനുള്ള ജനകീയ ശ്രമത്തിന്റെ അഭാവം.

2) ക്ലാസുകൾ കുട്ടികളുടെ ആകർഷണ കേന്ദ്രങ്ങളായയും ശാരീരിക മാനസിക വളർച്ചയെ പരിപോഷിപ്പിക്കുന്ന ഇടങ്ങളായും മാറുന്നില്ല.

3) പരിശീലിത അദ്ധ്യാപകരുടേയും ഇൻ സർവീസ് കോഴ്സുകളുടേയും അഭാവം.

4) കളിക്കോപ്പുകളുടേയും മറ്റ് ആവശ്യമായ സാമഗ്രികളുടേയും അഭാവം.

5) പുതുതായി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കുട്ടികളുടെ എണ്ണം സംബന്ധിച്ച അവ്യക്തത, വിഭവ പരമായ തടസ്സം

6) ഇംഗ്ലീഷ് പഠനം പോലുള്ള അനഭിലഷണീയമായ കാര്യങ്ങൾ നടക്കുന്നു

2. പൊതു വിദ്യാഭ്യാസം

1) പ്രീ കെ. ഇ. ആർ പരിരക്ഷമൂലം കുട്ടികൾക്ക് ക്ലാസുമുറിയിലോ പരിസരത്തോ ആവശ്യമായ സ്ഥലം ലഭിക്കുന്നില്ല.

2) കൂടുതൽ വിദ്യാലയങ്ങളിലും ഭൗതിക സാഹചര്യങ്ങളോ അക്കാദമിക സൗകര്യങ്ങളോ ഇല്ല.

3) പഠന ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമോ മനശാസ്ത്രപരമോ അല്ല.

4) പഠന പ്രവർത്തനങ്ങൾ രസകരവും താൽപര്യജനകവുമാകുന്നില്ല.

5) ക്രിയാത്മകമായ മേൽനോട്ടവും പരിശോധനയും നടക്കുന്നില്ല.

6) കുട്ടിയുടെ ജ്ഞാനപരം, വൈകാരികം, സൈക്കോമോട്ടോർ എന്നീ തലങ്ങളിലെല്ലാം സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി അദ്ധ്യയനമോ മൂല്യനിർണ്ണയമോ നടക്കുന്നില്ല.

7) പാരമ്പര്യ വിജ്ഞാനത്തെയും തമസ്കരിക്കുകയോ അധകരിക്കുകയോ ആണ് സിലബസ് പരിഷ്കരണങ്ങൾ ചെയ്യുന്നത്.

8) തൊഴിൽ പരിചയിക്കുന്നില്ലെന്ന് മാത്രമല്ല തൊഴിലിൽ നിന്ന് അന്യവൽക്കരിക്കപ്പെടുകയും തൊഴിലിനോടും [illegible] വരോടും വൈമുഖ്യമുണ്ടാവുന്നു.

9) പ്രതിഭയെ മൂരടിപ്പിക്കുന്ന, ട്യൂഷൻ, ഗൈഡ് സംസ്കാരമാണ് വിദ്യാഭ്യാസ രംഗം അടക്കിവാഴുന്നത്.

10) സാമൂഹ്യ പങ്കാളിത്തം എല്ലാവിദ്യാലയങ്ങളിലും തൃപ്തികരമായി നടക്കുന്നില്ല.

11) വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞു പോകുന്നു.

12) കുടിയേറ്റം മൂലമുള്ള ജനസംഖ്യാവർദ്ധനവ് സ്കൂൾ പ്രവേശനത്തിൽ പ്രതിഫലിക്കുന്നില്ല.

13) പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ പ്രാദേശിക, സാമൂഹ്യ, സാമ്പത്തിക പശ്ചാത്തലം ഭിന്നമാകയാൽ വിദ്യാർത്ഥികളുടെ പഠനത്തിലും ഇത് പ്രതിഫലിക്കുന്നു.

14) പി.ടി.എ, മാതൃസംഘം, വിദ്യാലയ സമിതികൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ എല്ലായിടത്തും ഒരു പോലെ പ്രയോജനപ്പെടുത്തിയിട്ടില്ല.

15) കൗമാര ചൂഷണവും കുട്ടികളിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും.

16) എസ്. എസ്. എൽ. സി. വിജയശതമാനത്തിൽ ഏക ഹൈസ്കൂൾ ആശങ്കാജനകമാം വിധം പുറകിലാണ്.

III ഉന്നത വിദ്യാഭ്യാസം

1) ഉന്നത വിദ്യാഭ്യാസ രംഗത്ത് കറയേശാത്ത തൊഴിൽമാത്രവാദം(Careerism) ശക്തിപ്പെടുകയാണ്. സാമ്പത്തിക ആകർഷണമുള്ള മെഡിക്കൽ- എൻജിനിയറിംഗ് മേഖലകൾ എവ്വിധമെങ്കിലും എത്തിപ്പിടിക്കാനുള്ള തത്രപ്പാടിൽ കോഴയും, പ്രീണനവും, ജാതിതട്ടിപ്പും, വരുമാനത്തട്ടിപ്പും സാർവത്രികമായിത്തീരുന്നു.

2) ബഹുഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസത്തെ ഉന്നതവിദ്യാഭ്യാസമായിക്കാണുന്നു.

3) പഠന പ്രവർത്തനം ഗൗരവമായി വീക്ഷിക്കപ്പെടുന്നില്ലന്ന് മാത്രമല്ല പഠിതാക്കളുടെ ഊഹക്കണക്കിന്റെ വളരെ ചെറിയൊരംശം മാത്രമേ പ്രായം, ശേഷി എന്നിവ പരിഗണിക്കുമ്പോൾ പഠനത്തിൽ വിനിയോഗിക്കുന്നുള്ളൂ.

4) സാമൂഹ്യ യാഥാർത്ഥ്യങ്ങളിൽ നിന്നും അന്യവൽക്കരണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു യുവ തലമുറ ഉന്നതവിദ്യാഭ്യാസത്തിന്റെ പേരിൽ വളർന്നു വരുന്നു.

5) തദ്ദേശവാസികളുടെ പരമ്പരാഗത തൊഴിൽ വൈദഗ്ധ്യത്തെ ഉപയോഗപ്പെടുത്തി ഉപരിപഠന സാധ്യതകൾ ആരായുന്ന ആസൂത്രിത ശ്രമത്തിന്റെ അഭാവം.

6) പഞ്ചായത്തിൽ ഉന്നത പഠനകേന്ദ്രങ്ങൾ പരിമിതതോതിൽ പോലുമില്ല.

IV അനൗപചാരിക വിദ്യാഭ്യാസം

1) കൊഴിഞ്ഞുപോക്കിനെ തുടർന്ന് വിദ്യാലയത്തിനു പുറത്തു പോകുന്ന കുട്ടികൾക്കും തുടർന്നു പഠിക്കാൻ സൗകര്യമില്ല.

2) . പഞ്ചായത്തിലെ നിലനിൽക്കുന്ന എല്ലാ അനൗപചാര കേന്ദ്രങ്ങളേയും ഏകോപിപ്പിക്കുവാനുള്ള [illegible] വർത്തനങ്ങൾക്കാവശ്യമായ സാമ്പത്തികമടക്കമുള്ള വിഭവസമാഹരണവും.

V വികസനോന്മുഖവിദ്യാഭ്യാസം

1) സാംസ്കാരിക ലോപത്തിന് ആക്കം കൂടുന്നു. ശീഘ്രഗതിയിൽ നഗരവൽക്കരിക്കുന്നതാണ് വികസനം എന്ന ധാരണയും ഇലക്ട്രോണിക്സ് മാധ്യമങ്ങൾ ചെലുത്തുന്ന ദുഃസ്വാധീനവും.

2) സമ്പൂർണ്ണസാക്ഷരതാ പ്രവർത്തനത്തിന്റെ തുടർച്ചയായി തുടർവിദ്യാഭ്യാസ പ്രവർത്തനം നടന്നില്ല. അക്ഷരജ്ഞാനം നേടിയ വർത്തന്നെ മറന്നുപോയിരിക്കുന്നു.

3) ടി.വി., സിനിമ തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ നടത്തുന്ന കമ്പോള സംസ്കാര പ്രചരണം ജനമനസ്സുകളിൽ തിരക്കുന്ന അനുഭവമലിനീകരണം.

4) അടിസ്ഥാനജീവിതാവശ്യങ്ങൾ വിസ്മരിക്കുകയും വൻകിടപദ്ധതികളാണ് വികസനത്തിന്റെ സൂചകങ്ങളെന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു.

5) ഉപഭോഗ സംസ്കാരത്തിന്റെ ജീർണ്ണതകളെ ഇല്ലായ്മ ചെയ്യാൻ ജനകീയ അഭിപ്രായ രൂപീകരണത്തിന്റെ അഭാവം.

സാധ്യതകൾ

1) പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വിദ്യാഭ്യാസ സർവ്വെ.

2) കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 'ഗുരുകുലം' സമഗ്ര സ്കൂൾ വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ്.

3) കഥ, കളി, പാട്ട്, മുതലായവ മാത്രമായി അയൽകൂട്ടിങ്ങളുടെ നേതൃത്വത്തിൽ പ്രീപ്രൈമറി കേന്ദ്രങ്ങൾ ആരംഭിക്കൽ. ഇതിനായി ഒരയൽക്കൂട്ടത്തിലോ രണ്ടോമൂന്നോ അയൽക്കൂട്ടങ്ങൾ ചേർന്നോ സൗകര്യപ്രദമായ വീട്/വായനശാല / കലാസമിതി / മഹിളാസമാജം എന്നിവയിലേതെങ്കിലും കണ്ടെത്തണം. പരിചയസമ്പന്നരായ മുത്തശ്ശിമാർ, സന്നദ്ധപ്രവർത്തകർ, റിട്ട. ടീച്ചർ എന്നിവരാണ് അദ്ധ്യാപകർ. ആവശ്യമായ പരിശീലനം പഞ്ചായത്തടിസ്ഥാനത്തിൽ നടത്തണം.

4) വിദ്യാലയങ്ങളിൽ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തൽ ഉദാ> പരിസരശുചീകരണം പൂന്തോട്ടനിർമ്മാണം, കുട്ടികളുടെ ഫാർക്ക് തുടങ്ങയവ. അയൽക്കൂട്ടങ്ങളുടേയും സജീവമായ പങ്കാളിത്തത്തിലൂടെ ഇവ നടത്താം.

5) ക്ലാസ്സ് മുറിയും വിദ്യാലയാന്തരീക്ഷവും ആകർഷകമാക്കൽ. ഉദാ> ചുമർ മാസിക, മനോഹരമായചിത്രങ്ങൾ ചുമരിൽ ഒട്ടിച്ചുവെക്കൽ, മഹദ്വചനങ്ങൾ എഴുതി വെക്കൽ തുടങ്ങിയവയ്ക്കു തത്പരരായ അദ്ധ്യാപകരെ ചുമതലയേൽപ്പിക്കാം.

6) സ്കൂൾ സാഹിത്യസമാജം, കൈയ്യെഴുത്തുമാസിക, പഠനയാത്ര തുടങ്ങിയ പാഠ്യാനുബന്ധപ്രവർത്തനങ്ങളുടെ ചിട്ടയായ നടപ്പാക്കൽ.

7) അയൽക്കൂട്ടതലത്തിൽ നടത്താവുന്ന വൈവിദ്ധ്യമാർന്ന പരിപാടികൾ. ഉദാ> കലാകായിക പ്രവർത്തനങ്ങൾക്ക് അവസരം, പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ മുതിർന്നവരെയോ, രക്ഷിതാക്കളെയോ ചുമതലപ്പെടുത്തൽ, പഠനത്തിനനുകൂലമായ ഭൗതികവും, മാനസീകവുമായ ചുറ്റുപാടുകൾ ഉറപ്പുവരുത്തൽ, വിവിധതരം കളിക്കോപ്പുകൾ നിർമ്മിക്കാൻ പഠിക്കൽ, പച്ചക്കറികൃഷി, ലളിതമായ പാചകവൃത്തികൾ, പോഷണം, നാടൻകളികൾ, കലകൾ, തുന്നൽ, ഫൈബർവർക്ക്സ്, മോഡലിംഗ്, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ തുടങ്ങിയവയിൽ പരിശീലനം, നേതൃത്വപരിശീലനം, പ്രഥമശുശ്രൂഷ പരിശീലനം, പരിസരശുചീകരണം, കുടിവെള്ളം, വീടിനുള്ളിൽ വെളിച്ചം, കാറ്റ്, മെച്ചപ്പെട്ടഅടുപ്പ്, കക്കൂസ് ഇവയുണ്ടെന്ന് ഉറപ്പുവരുത്തൽ, മെഡിക്കൽ ക്യാമ്പുകൾ, രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പുകൾ, കുടുംബസന്ദർശനം, പഠനയാത്രകൾ ഇവ സംഘടിപ്പിക്കൽ തുടങ്ങിയവ.

8) അയൽക്കൂട്ടലൈബ്രറികൾ ഉണ്ടാക്കാം. പുസ്തകവാരം ആഘോഷിച്ച്, അനുബന്ധമായ പ്രവർത്തകർ വിവിധഗ്രൂപ്പുകളായിതിരിഞ്ഞ് വീടുകളിൽ കയറിഇറങ്ങട്ടെ. വീട്ടുകാർ സംഭാവനചെയ്യുന്ന പുസ്തകങ്ങൾ ഈ ഒരാഴ്ചയ്ക്കുള്ളിൽ അയൽക്കൂട്ടലൈബ്രറിയിൽ എത്തിക്കാം. കുട്ടികൾക്ക് നൽകാവുന്ന പുസ്തകങ്ങൾ തെരഞ്ഞെടുത്ത് പ്രത്യേക ലൈബ്രറിയുമാക്കാം.

9) അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കൽ, കൊഴിഞ്ഞുപോയവരെ പൊതുപരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കൽ, സാക്ഷരതാ തുടർവിദ്യാഭ്യാസ ക്ലാസുകൾ സംഘടിപ്പിക്കൽ എന്നിവയ്ക്കായി കർമ്മസമിതികൾ രൂപീകരിക്കാം.

10) ഓരോ വാർഡിലേയും ഉന്നതവിദ്യാഭ്യാസം നേടിയവരെ കണ്ടെത്തി ഗ്രൂപ്പുകളാക്കി ചുമതലനൽകൽ, ഉദാ> ഗ്രൂപ്പ് സ്റ്റഡിക്ക് കുട്ടികളെ വിധേയമാക്കൽ.

11) സ്കൂൾപരിസരം മദ്യത്തിൽനിന്നും മയക്കുമരുന്നിൽ നിന്നും വിമുക്തമെന്നുറപ്പുവരുത്താൻ അയൽക്കൂട്ടങ്ങളിൽ പ്രത്യേകം സ്കാഡുകളുടെ രൂപീകരണം.

12) കൗമാരചൂഷണം, വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണതകൾ എന്നിവയെ പ്രതിരോധിക്കാനാവശ്യമായ ബോധവൽക്കരണത്തിന് അയൽക്കൂട്ടങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം. മനശ്ശാസ്ത്രജ്ഞരുമായി അഭിമുഖം, സൈക്യാട്രിസ്റ്റുകളുടേയും അദ്ധ്യാപകരുടേയും ക്ലാസുകൾ സംഘടിപ്പിക്കൽ.


13) ഭൂരിപക്ഷ വിദ്യാർത്ഥികളുടെ യാത്രാവൈഷമ്യവും വിഭവലഭ്യതയും പരിഹരിച്ച് വായന്നൂർ, എടയാർ, പുത്തലം എന്നീ എൽ.പി. സ്കൂളുകളിൽ ഒന്ന് യുപിയായും വേക്കളം ഗവ. യു.പി. വേക്കളം എയ്ഡഡ് യു.പി., മേനച്ചൊടി ഗവ. യുപി. എന്നിവയിലൊന്ന് ഹൈസ്കൂളാക്കി ഉയർത്താം.

14) പഞ്ചായത്തിൽ ഉന്നവിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമായ തോതിലെങ്കിലും ഇല്ലാത്തതിനാൽ നിലനിൽക്കുന്ന ഭൗതിക സാഹചര്യങ്ങളും വിഭവലഭ്യതയും പരിഗണിച്ച് ഏക ഹൈസ്കൂളിനേയോ ഏതെങ്കിലും ഒരു യു.പി. യെയോ ഹയർസെക്കന്ററിയായി ഉയർത്താം.

15) അയൽപഞ്ചായത്തുകളിൽ പോലും ഉന്നതപഠനകേന്ദ്രങ്ങളൊന്നുമില്ലാത്തതിനാൽ ഐ.ടി.ഐ., അഗ്രിക്കൾച്ചറൽ കോഴ്സുകൾ, പരമ്പരാഗത തൊഴിൽ വൈദഗ്ധ്യത്തെ ഉപയോഗപ്പെടുത്തിയുള്ള കോഴ്സുകൾ എന്നിവ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കാം.

16) ഇത്തരത്തിൽ വിദ്യാലയത്തിലും സമൂഹത്തിലാകെത്തന്നെ പഠനത്തിനനുകൂലമായ അന്തരീക്ഷമുണ്ടാക്കാൻ വികേന്ദ്രീകൃതാസൂത്രണം, സൂക്ഷ്മതല ആസൂത്രണം, ജനപങ്കാളിത്തം എന്നിവയിലൂടെ കഴിയും. ജനകീയബദലുകൾ തീർക്കുകയെന്നതു മാത്രമാണ് പഠനനിലവാരം ഉൾപ്പെടെയുള്ള ഇന്നത്തെ വിദ്യാഭ്യാസ പ്രതിസന്ധി പരിഹരിക്കാനുള്ള മാർഗ്ഗം.





കുടിവെള്ളം
പൊതുജനാരോഗ്യം പരിസരശുചീകരണം

കുടിവെള്ളം

പ്രകൃതി കനിഞ്ഞുനൽകുന്ന അമൂല്യസമ്പത്താണ് ജലം. ഒരു കാലത്ത് സുലഭമായിരുന്ന ജലം ഇന്ന് ആവശ്യത്തിന് തികയാതെ വരികയാണ്. വർഷത്തിൽ 3300-3400 മി.മി. വരെ മഴലഭിക്കുന്ന കോളയാട് പഞ്ചായത്ത് മാർച്ച്-ഏപ്രിൽ മാസങ്ങളായാൽ വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. ജലസംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതാണ് നമ്മുടെ ജലദൗർലഭ്യത്തിന്റെ മുഖ്യകാരണം. വനനശീകരണവും അശാസ്ത്രീയമായ ജലത്തിന്റെ ഉപയോഗവുമാണ് മറ്റൊരു കാരണം. വർഷത്തിൽ ലഭിക്കുന്ന മഴയുടെ 90%വും ഒഴുകിപോവുകയാണ്. ഇതു തടഞ്ഞുനിർത്താൻ യാതൊരു മാർഗ്ഗവും സ്വീകരിക്കുന്നില്ല.

വിദേശരാജ്യങ്ങളിൽ നിരോധിച്ച പല കീടനാശിനികളും ഇന്നും നമ്മുടെ പഞ്ചായത്തിൽ നിർബാധം ഉപയോഗിച്ചുവരുന്നു. കീടനാശിനികൾ മണ്ണിൽക്കൂടി വാർന്നിറങ്ങി ഭൂഗർഭജലംവരെ എത്തിച്ചേരുന്നു. എന്നതാണ് അമേരിക്കയിൽ നടത്തിയ പഠനം വ്യക്തമാക്കുന്നത്. ജലം മലിനമാക്കുന്നത് തടഞ്ഞില്ലെങ്കിൽ ജീവജാലങ്ങളുടെ നിലനിൽപ്പ് തന്നെ അപകടത്തിലായി തീരും എന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കുടിവെള്ള സ്രോതസ്സിന്റെ ലഭ്യത

ആകെവീട്	3668
സാനിറ്ററിവെൽ	567
സാധാരണ കിണർ	1126
കുളം	30
മറ്റുള്ളവ	1919



ഏപ്രിൽ-മെയ്മാസങ്ങളിൽ 70% ജലശ്രോതസ്സുകളും വറ്റിവരണ്ടുപോകുന്നു. പുഴകളും തോടുകളും പൂർണ്ണമായും വറ്റിപോകുന്നു.

പ്രശ്നങ്ങൾ

1) കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ.

ഒന്നാം വാർഡ്: ആര്യപ്പറമ്പ്, മേനച്ചോടി ഹെൽത്ത്സെന്ററിന് സമീപം, വട്ടക്കര കോളനിപ്രദേശം, മേനച്ചോടി അംഗൻവാടിക്ക് സമീപം, മേനച്ചോടി കോളനിപ്രദേശം.

രണ്ടാം വാർഡ് വേങ്ങേരി, കണ്ണമ്പള്ളി, വായന്നൂർ വായനശാലയ്ക്ക് സമീപം, ഞാലിൽകോളനിപ്രദേശം, മണ്ഡപം, കരോത്ത് കോളനി, കല്ലുമുതിര, വേക്കളം ഗവ. യു.പി. സ്കൂളിനു സമീപം, വായന്നൂർ മടപ്പുരച്ചാൽപ്രദേശം.

മൂന്നാം വാർഡ് മാച്ചോല, അത്തൂർ, ഈരായിക്കൊല്ലിപ്രദേശം.

നാലാം വാർഡ് പറക്കാട്, മുണ്ടക്കയം, കൊളപ്പ, ആക്കംമൂല, കറ്റ്യാട്, കുട്ടപ്പാലം, പാലയത്ത്വയൽ യു.പി. സ്കൂളിനു സമീപം.

അഞ്ചാം വാർഡ് കോഴിമൂല, നിടുംപൊയിൽകാട്, പള്ളിപ്പാലം, പുത്തലം.

ആറാം വാർഡ് പാടിപ്പറമ്പ്, കണിയാംകുന്ന്, ചോല, കടക്കോട്.

ഏഴാം വാർഡ് എടയാർ പതിനേഴാം മൈൽ അംഗൻവാടിക്ക് സമീപം.

എട്ടാം വാർഡ് ആലച്ചേരി അംഗൻവാടിക്ക് സമീപം, ആലച്ചേരി ഇല്ലം പ്രദേശം.

ഒമ്പതാം വാർഡ് മുടവങ്ങാട്, ഐരാണിക്കുണ്ട്, കുഞ്ഞുംവീട് പ്രദേശം, ഇരുൾകുണ്ട്, നിടുംപൊയിൽടൗൺ, കാവിന്റെനടുവ്, ചെക്യേരി, പൂളക്കുണ്ട് പ്രദേശങ്ങൾ.

2) ഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻപ്രദേശങ്ങളാണ്. ഇവിടെ മണ്ണൊലിപ്പ് തടയാനുള്ള പ്രവർത്തനം കാര്യമായി നടക്കുന്നില്ല.

3) നിരോധിക്കപ്പെട്ട കീടനാശിനിയായ ടൈമറ്റ് വാഴകൃഷിക്ക് വ്യാപകമായി ഉപയോഗിക്കുന്നു.

4) ഭൂരിപക്ഷം കുടുംബങ്ങൾക്കും കക്കൂസില്ല. ഇത് കുടിവെള്ളം മലിനമാക്കുന്നു.

5) പാഴായിപ്പോകുന്ന ജലം ശേഖരിച്ചു വെക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

6) സർക്കാർ നിർമ്മിച്ച .പല കിണറുകളും വെള്ളം കിട്ടുന്നവയല്ല.

7) എല്ലാ വാർഡുകളിലും ശരാശരി രണ്ട് കുഴൽകിണറുകളുണ്ടെങ്കിലും താഴ്ന്ന ഇനം ഇരുമ്പ് പൈപ്പ് ഉപയോഗിച്ചതിനാൽ വെള്ളം കുടിക്കാൻ നല്ലതല്ല. തുരുമ്പ് ചേർന്ന വെള്ളം കാൻസറിന് കാരണമാകുന്നുവെന്ന് അടുത്താകാലത്ത് കണ്ടെത്തിയതോടെ ജനങ്ങൾ കുഴൽകിണറുകളിലെ ജലം ഉപയോഗിക്കുന്നില്ല.

സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും.

ഒന്നാം വാർഡ് ആര്യപ്പറമ്പ്, മീനച്ചോടി ഹെൽത്ത് സെന്ററിന് സമീപം, വട്ടക്കര കോളനിപ്രദേശം, മേനച്ചോടി അംഗൻവാടിക്കു സമീപം ഓരോ പഞ്ചായത്തു കിണർ നിർമ്മിക്കുക, മേനച്ചോടി കോളനിപ്രദേശത്തെ പഞ്ചായത്തു കിണറുകൾ വൃത്തിയാക്കി ഉപയോഗ യോഗ്യമാക്കുക. ആര്യപ്പറമ്പ് ഗവ.യു.പി. സ്കൂൾ കിണറിന് ഒരു ടാങ്ക് നിർമ്മിച്ച് സമീപപ്രദേശങ്ങളിലേയ്ക്ക് ജലമെത്തിക്കാൻ കഴിയും.

രണ്ടാം വാർഡ് വായന്നൂർ, വേങ്ങേരി, കണ്ണമ്പള്ളി, ഞാലിൽ കോളനിപ്രദേശം, മണ്ഡപം, കരോത്ത് കോളനി, കല്ലുമുതിരക്കു ന്ന്, വായന്നൂർ, മടപ്പുരച്ചാൽ പ്രദേശങ്ങളിൽ പഞ്ചായത്ത് കിണർ അനുവദിക്കുക. വേക്കളം ഗവ.യു.പി. സ്കൂളിന് സമീപം ഒരു ടാങ്ക് നിർമ്മിച്ച് സമീപപ്രദേശങ്ങളിലേയ്ക്ക് ജലവിതരണം നടത്താൻ കഴിയും. വായന്നൂർ വായനശാലയ്ക്കു സമീപമുള്ള പൊതുകിണറിന് ഒരു ടാങ്ക് നിർമിച്ച് സമീപപ്രദേശങ്ങളിൽ ജലവിതരണം നടത്താൻ കഴിയും.

മൂന്നാം വാർഡ് മാച്ചോല ഭാഗം, ഈരായിക്കൊല്ലി എന്നീ പ്രദേശങ്ങളിൽ പഞ്ചായത്തു കാണർ നിർമ്മിക്കുക. അത്തൂരുള്ള പഞ്ചായത്തുകിണറിനു സമീപം ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്താൻ കഴിയും.

നാലാം വാർഡ് പറക്കാട്, മുണ്ടക്കയം, കൊളത്ത, ആക്കം മൂല, കറ്റയാട്, ചെമ്പുക്കാവ്, കുട്ടപ്പാലം, എന്നിവിടങ്ങളിൽ പഞ്ചായത്ത് കുണർ നിർമ്മിക്കുക. ചെമ്പുക്കാവിൽ നിലവിൽ ഉപയോഗശൂന്യമായ കിണർ വൃത്തിയാക്കുക. തെറ്റുമ്മൽ ഭാഗത്ത് പ്രകൃതിദത്ത നീരുറവ ഉപയോഗിച്ച് ജലവിതരണം നടത്തുക. പാലയത്തു വയൽ ഗവ.യു.പി. സ്കൂളിന്റെ കിണറിനു സമീപം ടാങ്ക് നിർമ്മിക്കുക.

അഞ്ചാം വാർഡ് പുത്തലം, നെടുംപൊയിൽകാട് എന്നിവിടങ്ങളിൽ പഞ്ചായത്ത് കിണർ നിർമ്മിക്കുക. ചേരിക്കൽ ഭാഗത്ത് നിർമ്മിച്ച കുഴൽകിണറിന് സമീപം ടാങ്ക് നിർമിച്ച് ജലവിതരണം നടത്തുക. കോഴിമൂലഭാഗത്തെ കുളം വൃത്തിയാക്കി ടാങ്ക് നിർമ്മിക്കുക.

ആറാം വാർഡ് പാടിപ്പറമ്പ് കുളം വൃത്തിയാക്കുക. കണിയാംകുന്ന് പഞ്ചായത്തു കിണർ ആഴം കൂട്ടിവൃത്തിയാക്കുക. ചോലപ്രദേശത്ത് പഞ്ചായത്ത് കിണർ വൃത്തിയാക്കുക. കോളയാട് ടൗണിൽ നിലവിലുള്ള ശുദ്ധജല വിതരണ സമ്പ്രദായം കാര്യക്ഷമമാക്കുക.

ഏഴാം വാർഡ് 17ാം മൈൽ അംഗൻവാടിക്ക് സമീപം ഒരു പഞ്ചായത്ത് കിണർ നിർമ്മിക്കുക.

എട്ടാം വാർഡ് ആലച്ചേരി സിറ്റി അംഗൻവാടിക്ക് സമീപം ഒരു പഞ്ചായത്ത് കിണർ നിർമ്മിക്കുക. ആലച്ചേരി ടൗണിൽ പൊതുകിണറിന് ടാങ്ക് നിർമ്മിച്ച് ജലവിതരണം സുഗമമാക്കുക. ആലച്ചേരി വായനശാലയ്ക്ക് സമീപം കുഴൽകിണറിന് സമീപം ടാങ്ക് നിർമിച്ച് ജലവിതരണം നടത്തുക.

ഒമ്പതാം വാർഡ് കൊമ്മേരി എൽ.പി. സ്കൂളിനു സമീപം ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക. നിടുംപൊയിൽ ടൗണിൽ വാട്ടർടാങ്ക് നിർമിച്ച് ജലവിതരണം നടത്തുക. മൊടവങ്ങാട്, ഐരാണിക്കുണ്ട്. കുഞ്ഞിം വീട്. ഇരുൾക്കുണ്ട്, കാവിന്റെ നടുവിൽ, പൂളക്കുണ്ട് എന്നിവിടങ്ങളിൽ പഞ്ചായത്തു കിണറുകൾ നിർമ്മിക്കുക.

പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. ശുശ്രുതൻ മുതൽ ഹിപ്പോക്രാറ്റസ് വരെയുള്ള വൈദ്യശാസ്ത്ര വിചക്ഷണന്മാർ ആവിഷ്കരിച്ച ചികിത്സാ സമ്പ്രദായങ്ങൾ വൈദ്യശാസ്ത്ര രംഗത്ത് നിലവിലുണ്ടെങ്കിലും "രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം" എന്ന ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം നിറവേറ്റാൻ നാം വളരെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

കോളയാട് പഞ്ചായത്തിന്റെ രൂപീകരണത്തിന് മുൻപുതന്നെ ഇവിടെ പാരമ്പര്യ രീതിയിലുള്ള ചികിത്സാ രീതി നിലവിലുണ്ടായിരുന്നു. അവ ഇന്നും മറ്റുള്ളവർക്ക് അന്യമാണ്. ആഷ്ടാംഗഹൃദയത്തെ അടിസ്ഥാനമാക്കിയുള്ള ആയുർവേദമായിരുന്നു മുന്നോക്ക വിഭാഗങ്ങളിൽ നിലവിലിരുന്ന ചികിത്സാ രീതി. കളരിപയറ്റിന്റെ ഭാഗമായ ഉഴിച്ചിൽ, തടവൽ ചികിത്സാ രീതിയും നിലവിലുണ്ടായിരുന്നു. ഇവ സമ്പന്ന വിഭാഗങ്ങൾക്ക് മാത്രമേ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളൂ. എണ്ണപ്പെട്ട പല പാരമ്പര്യ വൈദ്യൻമാരും നമുക്കുണ്ടായിരുന്നു. ആ തലമുറയിൽപെട്ട പലരും പുതിയതലമുറയിലും ഉണ്ട്.

അലോപ്പതി രംഗത്ത് ഇവിടെ ആദ്യമായി ഒരു സർക്കാർ സ്ഥാപനം ആരംഭിച്ചത് 1981ൽ പെരുവയിൽ ആറ്റുപുറത്ത് കുര്യാക്കോസ് എന്ന ആളുടെ വീട്ടിലായിരുന്നു. 1984ൽ ഇതൊരു പ്രാധമികാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. സഹകരണമേഖലയിൽ കോളയാട് ആരംഭിച്ച അശുപത്രിയുടെ പ്രവർത്തനം ഇപ്പോൾ നിലവിലില്ല. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കെ.കെ. കുര്യൻ മെമ്മോറിയൽ ആശുപത്രി ആരോഗ്യകേന്ദ്രമെന്ന നിലയിൽ ഫലപ്രദമാകുന്നില്ല. സർക്കാർ മേഖലയിൽ രണ്ട് ആയുർവ്വേദ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ മൂന്നു ഹോമിയോ ആശുപത്രികളും രണ്ട് ആയുർവ്വേദ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്.

199596 വർഷങ്ങളിൽ കോളയാട് പഞ്ചായത്തിലെ രോഗം ബാധിച്ചവരുടെ എണ്ണം.

ക്രമ നമ്പർ	രോഗത്തിന്റെ പേർ	രോഗികളുടെ എണ്ണം	ചികിത്സ ലഭിച്ച സ്ഥാപനങ്ങൾ പഞ്ചായത്തിലുള്ളത്				പുറത്ത്
			അല്ലോപ്പതി	ആയുർവേദം	ഹോമിയോ	മറ്റ്രീതി	
1.	ചർദി അതിസാരം	1805	306	21	50	-	1428
2.	മഞ്ഞപ്പിത്തം	102	-	11	-	12	79
3.	വാതം	2016	7	1302	-	75	632
4.	തൊറി	1396	282	206	164	102	642
5.	വിരബാധ	2042	896	62	238	315	531
6.	ശ്വാസകോശരോഗങ്ങൾ	575	206	12	-	6	351
7.	കുഷ്ഠം	4	2	-	-	-	2
8.	ടി.ബി.	75	-	-	-	-	75
9.	പ്രമേഹം	350	-	-	-	-	350
10.	ഹൃദ്രോഗം	76	-	-	-	-	76
11.	മറ്റുരോഗങ്ങൾ	634	206	102	1038	62	161
	ആകെ	9075	1905	1716	555	572	4327

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനം	വാർഡ്	ജീവനക്കാരുടെ എണ്ണം	സ്ഥാപിച്ച വർഷം	കെട്ടിടം സ്വന്തം വാടക
1.	പ്രാഥമിക ആരോഗ്യകേന്ദ്രം (പെരുവ)	IV	11	1984	വാടക കെട്ടിടം
2.	കുടുംബക്ഷേമകേന്ദ്രം (മേനച്ചോടി)	I	1	1988	സ്വന്തം കെട്ടിടം
3.	കുടുംബക്ഷേമകേന്ദ്രം എടയാർ	VII	1	1965	സ്വന്തം കെട്ടിടം
4.	കുടുംബക്ഷേമകേന്ദ്രം വേക്കളം	IX	1	1989	സ്വന്തം കെട്ടിടം
5.	ആയുർവേദ ആശുപത്രി (ചെമ്പുക്കാവ്)	IV	3	-	സ്വന്തം കെട്ടിടം
6.	ആയുർവേദ ആശുപത്രി (കോളാട്)	VI	3	-	വാടക കെട്ടിടം

1995-96ൽ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയവർ

5 വയസ്സിൽ താഴെയുള്ളകുട്ടികൾ	പൂർണ്ണത നേടിയവർ	പൂർത്തിയാകുന്നവർ
1565	1260	305

1995-96 ലെ പഞ്ചായത്തിലെ ജനനമരണ നിരക്ക് (1000 ന്)

ജനന നിരക്ക്	17
മരണ നിരക്ക്	6

കോളയാട് പഞ്ചായത്തിലെ 52% ആളുകളും വൈദ്യശുശ്രൂഷയ്ക്ക് വേണ്ടി ആശ്രയിക്കുന്നത് പഞ്ചായത്തിനു പുറമേയുള്ള സ്ഥാപനങ്ങളിയാണ് (പട്ടിക കാണുക)

കോളയാട് പഞ്ചായത്തിൽ സാധാരണ രോഗങ്ങൾക്കു പോലും 20-30 കി.മി. ദൂരത്തു പോയി ചികിത്സിക്കേണ്ടി വരുന്നു. 6000 പേർക്ക് ഒരു അലോപ്പതി ഡോക്ടറും 9000 പേർക്ക് ഒരു ഹോമിയോ ഡോക്ടറും 9000 പേർക്ക് ഒരു ആയുർവ്വേദ ഡോക്ടറും ആണുള്ളത്. വിദഗ്ദചികിത്സ ലഭിക്കാൻ 35-40 കി.മി. ദൂരം വരെ പോകണം ജനങ്ങളുടെ ആവശ്യകതയെ തൃപ്തിപ്പെടുത്തുന്ന ചികിത്സാ സൗകര്യങ്ങൾ ഇവിടെ ലഭ്യമല്ല. പ്രസവശുശ്രൂഷയ്ക്ക് പഞ്ചായത്തിൽ മതിയായ സൗകര്യങ്ങളില്ല.

<u>അംഗവൈകല്യമുള്ളവർ</u>

അന്ധർ..... 6
ബധിരർ..... 6
മൂകർ..... 5
ചലനവൈകല്യമുള്ളവർ..... 26
ആകെ..... 43

കോളയാട് പഞ്ചായത്തിലെ പകർച്ചവ്യാധികൾ
(പെരുവ പി.എച്ച്.സി.യിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്)

വർഷം	ജലജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ	വായുജന്യ രോഗങ്ങൾ	മറ്റുള്ളവ
199394	536	26	856	936
199495	586	21	791	926
199596	610	23	884	947

പട്ടികയിൽനിന്നും ജലജന്യ രോഗങ്ങൾ ക്രമമായി വർദ്ധിച്ചു വരുന്നതായി കാണുന്നു. പ്രാണിജന്യ രോഗങ്ങൾ ചുരുങ്ങി വരുന്നുണ്ടെങ്കിലും വായുജന്യ രോഗങ്ങളും വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. മറ്റു രോഗങ്ങളും വർദ്ധിച്ചു വരുന്നതായി തന്നെ കാണുന്നു.

1996ൽ കോളയാട് പഞ്ചായത്തിലെ കക്കൂസുകളുടെ എണ്ണം

1.	സെപ്റ്റിക്ക് ടാങ്ക്	206
2.	ഇ.എസ്.പി.	1011
3.	മറ്റുള്ളവ	2457

ആകെ 3668 ആൾതാമസമുള്ള വീടുകളുണ്ടെങ്കിലും 1217 വീടുകൾക്ക് മാത്രമേ സാനിറ്ററി സൗകര്യമുള്ള കക്കൂസുള്ളൂ. 2451 വീടുകളിൽ താമസിക്കുന്നവർ രോഗണുക്കൾ വർദ്ധിക്കാൻ കാരണമായ രീതിയിൽ മലമൂത്രവിസർജ്ജനം നടത്തുന്നു.

ആരോഗ്യമെന്നത് ആശുപത്രികളിലൂടെ പണം കൊടുത്ത് വാങ്ങേണ്ട ഒന്നല്ല. വ്യക്തി പരിസര ശുചിത്വത്തിലൂടെയും ശുദ്ധമായ കുടിവെള്ളം പോഷകാഹാരപ്രധാനമായ ഭക്ഷണവും, ഭക്ഷണരീതി എന്നിവയിലൂടെയും ഉറപ്പു വരുത്തേണ്ട ഒന്നാണ്.

പ്രശ്നങ്ങൾ

വാർഡ് ഒന്ന്

1) മേനച്ചോടു ഹെൽത്ത് സെന്റർ 5 ബെഡ്ഡുകളോടു കൂടിയ ആശുപത്രിയായി ഉയർത്തണം.
2) കള്ളുഷാപ്പുകൾ വഴി വ്യാജ മദ്യം വിതരണം ചെയ്യുന്നത് നിർത്തലാക്കുക.
3) മേനച്ചോടി, വട്ടക്കര കോളനികളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം.

വാർഡ് രണ്ട്

1) ആദിവാസികളിൽ പിന്നോക്കം നിൽക്കുന്ന പണിയവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പാറേമ്മൽ, കാരോത്ത്, ഈരായിക്കൊല്ലി കോളനികളിൽ വ്യാപകമായി കണ്ടുവരുന്ന ചൊറി, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടി സ്വീകരിക്കണം.
2) ഹരിജൻ കോളനികളായ പാറേമ്മൽ, മണ്ഡപം, ഈരായിക്കൊല്ലി, കാരോത്ത് എന്നിവിടങ്ങളിൽ പൊതു കക്കൂസ് നിർമിക്കുക.
3) കോളനികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക.

വാർഡ് മൂന്ന്.

1) അത്തൂർ പുഴ മലിനമാക്കുന്നത് തടയുക
2) അത്തൂർ കോളനിയിൽ സാംക്രമികരോഗങ്ങളായ മഞ്ഞപ്പിത്തം, ചർദ്ദി അതിസാരം തുടങ്ങിയവ കൂടുതലായി കാണപ്പെടുന്നു. ഇതിനെതെരെ ഫലപ്രദമായ നടപടി സ്വീകരിക്കണം.
3) അത്തൂർ ലക്ഷംവീട് കോളനിക്ക് പൊതുകക്കൂസ് നിർമ്മിക്കുക.

വാർഡ് നാല്

1) പെരുവയിൽ ആരംഭിച്ച P.H.C. ക്ക് സ്വന്തം കെട്ടിടം നിർമ്മിച്ച് പെരുവയിൽ തന്നെ നിലനിർത്തുക.

വാർഡ് അഞ്ച്

1) പഞ്ചായത്ത് നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

വാർഡ് ആറ്

1) താഴെകോളയാട് പ്രദേശങ്ങളിലെ ചില കിണറുകളിൽ മലിനജലം ഒഴുകിയെത്തുന്നു. ഇതു തടയാനാവശ്യമായ നടപടി സ്വീകരിക്കുക.
2) പഞ്ചായത്ത് കേന്ദ്രങ്ങളിൽ ഓവുചാലുകൾ നിർമ്മിക്കുക.
3) കോളയാട് ടൗണിലുള്ള ഹോട്ടലുകളിൽ നിന്ന് അവശിഷ്ടങ്ങൾ തോട്ടിൽ നിക്ഷേപിക്കുന്നത് തടയുക.
4) കോളയാട് ടൗണിൽ ഒരറവുശാല, മത്സ്യമാർക്കറ്റ് നിർമ്മിക്കുക.
5) കോളയാട് ടൗണിലെ ഗവ. ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുക.

വാർഡ് ഏഴ്

1) എടയാർ ചാലിൽ കോളനിയിൽ പകർച്ചവ്യാധികൾ വ്യാപകമാണ്. തടയാനാവശ്യമായ നടപടി സ്വീകരിക്കുക.
2) എടയാർ ഹെൽത്ത് സെന്റർ കെട്ടിടം പുതുക്കി പണിയുക

വാർഡ് എട്ട്

1) പണിയ കോളനികളിൽ സാംക്രമിക രോഗങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കുക.
2) കോളനികളിൽ പൊതുകക്കൂസ് നിർമ്മിക്കുക.

3) ആലച്ചേരി ടൗണിൽ ഒരു പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കുക.

വാർഡ് ഒമ്പത്

1) നിടുംപൊയിലിൽ കുടുംബക്ഷേമകേന്ദ്രം ഒരാശുപത്രിയായി ഉയർത്തുക.
2) നിടുംപോയിൽ ടൗണിലെ മലിനീകരണം തടയുക.

സാധ്യതകൾ

(*) കോളയാട് പഞ്ചായത്തിൽ നിലവിലുള്ള ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലാത്തതിനാൽ സഹകരണമേഖലയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരാശുപത്രി പ്രവർത്തനം ആരംഭിക്കുക.

(*) I.C.D.S. പ്രവർത്തനം വഴി മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, ശിശുക്കൾ എന്നിവർക്ക് ആവശ്യമായ പോഷകാഹാരം എത്തിക്കണം.

(*) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഒന്നിലധികം ഡോക്ടർമാരെ നിയമിച്ച് ആദിവാസി കോളനികളിൽ മാസത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പുകൾ നടത്തണം.

(*) കൊതുക്, ഈച്ച എന്നിയുടെ വർദ്ധനവ് തടയാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കുക.
   എ. മലിനജല നിഗമനകുഴികൾ നിർമ്മിക്കുക (soaked pit)
   ബി. മലിനജലം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ മണ്ണെണ്ണ ഒഴിക്കുക.
   സി. റോഡുകൾക്ക് ഓവുകൾ നിർമ്മിക്കുക.

(*) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ മാസത്തിലൊരിക്കൽ എല്ലാവീടുകളും സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക.

(*) P.H.C. കളിൽ ആവശ്യമായ മരുന്നുകൾ എത്തിക്കുക.

(*) ബോധവൽക്കരണത്തിലൂടെ മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുക.

(*) ഹോട്ടലുകൾ, ബേക്കറികൾ എന്നിവിടങ്ങളിൽ ഉണ്ടാക്കുന്ന ഭക്ഷണ സാധനങ്ങൾ കാലാകാലങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധിക്കുക.

(*) കോളയാട് പഞ്ചായത്തിൽ പൊതുവായി ഒരു ശ്മശാനം സ്ഥാപിക്കുക.

(*) മലബാർ കാൻസർ കേർ സൊസൈറ്റിയുമായി സഹകരിച്ച് കാൻസർ തടയാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.


(*) സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി വേനൽക്കാലത്ത് തോടുകളിലും, പുഴകളിലും നഞ്ച് കലക്കൽ, തോട്ടപൊട്ടിക്കൽ എന്നിവ കണ്ടുപിടിച്ച് അതു തടയുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കുക.

(*) ആലഞ്ഞു തിരിയുന്ന നായ്ക്കളെ കണ്ടെത്തി കൊല്ലുകയും വളർത്തു നായ്കൾക്ക് പഞ്ചായത്തിൽനിന്ന് ലൈസൻസെടുക്കുകയും ചെയ്യുക.

(*) വളർത്തു നായ്ക്കൾക്ക് ആറു മാസത്തിലൊരിക്കൽ പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പ് നടത്തണം.

(*) നിരോധിക്കപ്പെട്ട മരുന്നുകളുടെ ലിസ്റ്റ് പഞ്ചായത്ത് പ്രസിദ്ധീകരിച്ച് പരസ്യപ്പെടുത്തണം.

ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്കുള്ള ജൈത്രയാത്രയിൽ നമുക്ക് വേണ്ടത് ആരോഗ്യമുള്ള, കർമ്മശേഷിയുള്ള ഒരു ജനതയുടെ ഉയർച്ചയാണ്. അതിനായി നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഒരു 'ശുചിതഗ്രാമം, ആരോഗ്യഗ്രാമം' എന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് മുഴുവൻ സ്ഥാപനങ്ങൾ, സംഘടനകൾ മാധ്യമങ്ങൾ കൂടാതെ ഇതര വിഭാഗം ആളുകളേയും ഉൾപ്പെടുത്തി മുന്നോട്ടു പോകണം. ഇനിയുള്ള നമ്മുടെ മുഴുവൻ സമയവും അതിനുവേണ്ടി വിനിയോഗിക്കാമെന്ന് പ്രതിജ്ഞയെടുക്കാം. പുതിയ കണ്ടെത്തലുകളുടെയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ നമുക്ക് മുന്നേറാം.



ഗതാഗതം, ഊർജ്ജം

ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന് ഗതാഗത സൗകര്യത്തിനുള്ള പങ്ക് പരമപ്രധാനമാണ്. ഗതാഗത സൗകര്യത്തെ ഒഴിവാക്കി വികസനത്തെ കുറിച്ച് സങ്കൽപ്പിക്കാനേ കഴിയില്ല.

1963ൽ രൂപീകൃതമായ കോളയാട് പഞ്ചായത്തിൽ ഒട്ടനവധി ഗതാഗത സൗകര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. എന്നിരുന്നാലും സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് തന്നെ വാഹന ഗതാഗത സൗകര്യമുള്ള ഒരു മലയോര ഗ്രാമ പഞ്ചായത്ത് എന്ന ബഹുമതി കോളയാടിന് അവകാശപ്പെടാം.

ബ്രിട്ടീഷ് ഭരണകാലത്ത് റെയിൽ തുറമുഖ സൗകര്യമുള്ള തലശ്ശേരി പട്ടണത്തിൽ നിന്നും തേയില ഫാക്ടറി കേന്ദ്രമായ വയനാടുമായി ബന്ധപ്പെടാൻ ബ്രിട്ടീഷുകാർ നിർമ്മിച്ച പാത കോളയാട് പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്.

കോളയാട് പഞ്ചായത്തിലൂടെ കടന്നു പോകുന്ന മറ്റൊരു പ്രധാനപ്പെട്ട റോഡാണ് കോളയാട്-തോലമ്പ്ര റോഡ്. പഞ്ചായത്ത് രൂപീകരണത്തിനു മുൻപ് പോത്തുകുഴി, അറയങ്ങാട് എന്നീ സ്ഥലങ്ങളിലുള്ള എസ്റ്റേറ്റിലേക്ക് പോകുന്നതിനും പ്രധാന കാർഷികവിളയായ കപ്പ കൊണ്ടുവരുന്നതിനുമാണ് ഈ നടപ്പാത ഉപയോഗിച്ചിരുന്നത്. കോളയാട് ആദ്യമായി പഞ്ചായത്ത് ബോർഡ് രൂപീകൃതമായതിനു ശേഷം നടപ്പാത പഞ്ചായത്ത് ഏറ്റെടുക്കുകയും വീതികൂട്ടി ഗതാഗത യോഗ്യമാക്കുകയും ചെയ്തു. ആ റോഡിനു ശേഷം ജനപങ്കാളിത്തത്തോടുകൂടി നിർമ്മിച്ച മറ്റൊരു പ്രധാന റോഡാണ് കോളയാട് -വായന്നൂർ റോഡ്. ഇപ്പോൾ കോളയാട്-തോലമ്പ്ര റോഡ് P.W.D. യുടെ അധീനതയിലാണ്. വായന്നൂർ റോഡ് എം.എൽ.എ. റോഡ് എന്ന നിലയിലും ഏറ്റെടുക്കപ്പെട്ടിരിക്കുകയാണ്.

കോളയാട് പഞ്ചായത്തിൽ 41-ഓളം റോഡുകൾ നിലവിലുണ്ടെങ്കിലും ഇതിൽ ടാർ ചെയ്തതും ഗതാഗതയോഗ്യമായതുമായ റോഡുകൾ വളരെ ചുരുക്കമാണ്.

പട്ടിക ഒന്ന് പ്രകാരം പഞ്ചായത്തിലെ അഞ്ച് റോഡുകൾ P.W.D. യുടെ അധീനതയിലാണ്. ഇവയിൽ 1,2,3 നമ്പർ റോഡുകൾ ഒഴികെ ബാക്കിയുള്ളവയിൽ ബസ് സർവ്വീസുകൾ തീരെ ഇല്ലാത്തതോ നാമമാത്രമായി ഉള്ളതോ ആണ്. പട്ടികപ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 108.049 കി. മി. റോഡുണ്ടെങ്കിൽ ഇവയിൽ 46.10കി. മി. മാത്രമാണ് ടാർ ചെയ്തത്, ഇതിൽ തന്നെ 32.60കി. മി. P.W.D. അധീനതയിൽ ആണ്. അതായത് ആകെയുള്ള റോഡുകളിൽ 60% ടാർ ചെയ്യേണ്ടതായി അവശേഷിക്കുന്നു. പഞ്ചായത്ത് പരിധിയിൽ പഞ്ചായത്ത് അധീനതയിൽ ഉള്ള റോഡുകൾ 56.949 കി. മി. ആണ്. ഇതിൽ ടാർ ചെയ്തത് 13.5 കി. മി. മാത്രമാണ്. ഇതിൽ 76.29% ടാർചെയ്യേണ്ടതായി അവശേഷിക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ളതും പട്ടികയിൽ വിവരിച്ചിട്ടുള്ളതുമായ 76.29% ത്തോളം റോഡുകൾ

മൺറോഡുകളായി അവശേഷിക്കുന്നതിനാൽ ഗതാഗതയോഗ്യമല്ല. ഇക്കാരണത്താൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് അത്യാവശ്യകാര്യങ്ങൾക്ക് ബസ് ഗതാഗതയോഗ്യമായ റോഡിൽ എത്താൻ കാൽനടയായി സഞ്ചരിക്കേണ്ട സ്ഥിതിയാണുള്ളത്.

ഇപ്രകാരം ഗതാഗത മേഖലയിൽ ഒട്ടനവധി ആവശ്യങ്ങളും പരാതികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ടവരുടെ സത്വര പരിഗണനക്കായി വിവിധഗ്രാമസഭകളിലൂടെ ഉയർന്നുവന്നിട്ടുണ്ട്. അവ ഈ വികസന റിപ്പോർട്ടിൽ അവതരിപ്പിക്കുകയാണ്.

പ്രശ്നങ്ങൾ

റോഡ് . വീതികൂട്ടൽ- ടാറിംഗ്

1. കോളയാട്-തോലമ്പ്ര റോഡിൽ പള്ളിപ്പാലം മുതൽ 2കി.മി. ദൂരം വളരെ വീതി കുറവായതിനാൽ അപകടകരമാണ്. P.W.D. നിബന്ധന അനുസരിച്ച് 8മി. വീതി വേണ്ടയിടത്ത് കൊടും വളവുകളുള്ള ചില ഭാഗങ്ങളിൽ 5മി. വീതിയേയുള്ളൂ.

ടാർ ചെയ്യേണ്ട റോഡുകൾ

1. പെരുവ-പാറക്കാട്-ചെമ്പുക്കാവ് റോഡ്.
2. കോളയാട് മൊട്ട-പാടിപ്പറമ്പ് റോഡ്.
3. എടയാർ-ആലച്ചേരി-അറയ്ങ്ങാട്-തൃക്കടാരിപൊയിൽ റോഡ്.
4. കോളയാട്-ചോല-ആലച്ചേരി റോഡ്.
5. കോളയാട്-പ്രീമെട്രിക്ക് ഹോസ്റ്റൽ റോഡ്.
6. ആര്യപ്പറമ്പ്-വായന്നൂർ റോഡ്.
7. ആലച്ചേരി- എടക്കോട്ട- ആര്യപ്പറമ്പ് റോഡ്.
8. ചെകിടിപ്പാറ- വട്ടക്കര റോഡ്.
9. ചെക്യേരിറോഡ്.
10. എടയാർ-പാടിപ്പറമ്പ് റോഡ്.
11. വാരപ്പീടിക-നിടുംപുറംചാൽ റോഡ്.
12. കോഴിമൂല ബാലവാടിയിൽനിന്നും കോളയാട് വായന്നൂർ റോഡിലെക്കുള്ള ലിങ്ക് റോഡ്.
13. ബാലവാടിയിൽനിന്നും നിടുംപൊയിൽ കാട് റോഡ്.
14. വേക്കളം-മണ്ഡപം റോഡ്.
15. കല്ലുമുതിര-കരോത്ത് കോളനി റോഡ്.
16. വേക്കളം റോഡ്.
17. കുറ്റ്യാട്- കൊമ്മേരി റോഡ്.
18. മേനച്ചോടി-തൃക്കടാരിപ്പൊയിൽ റോഡ്.
19. ആര്യപ്പറമ്പ്-വെള്ളർവള്ളി റോഡ്.
20. ആലച്ചേരി-ഇടുമ്പക്കുന്ന് റോഡ്.
21. ചെട്ടിയാംമുക്ക്-ശാസ്ത്രി നഗർ റോഡ്.
22. കോളയാട്-പുത്തലം-വായന്നൂർ-പേരാവൂർ റോഡ്.
23. ആലച്ചേരി-പാറാടി-തൊടീക്കളം റോഡ്.
24. വായന്നൂർ-നാല്പാടി റോഡ്,
25. ഈരായിക്കൊല്ലി-അടച്ചൂറ്റിപ്പാറ റോഡ്

പുതിയ റോഡ് നിർമ്മാണം

1. കോളയാട്-പാടിപ്പറമ്പ് വയൽ റോഡ്.
2. കോളയാട് മൊട്ട-കണിയാംകുന്ന്-കടക്കോട്-ചോല റോഡ്.
3. 190ം മൈലിൽ നിന്നും ലക്ഷം വീട് കോളനിക്കടുത്തുകൂടി 6ാം വാർഡ് അതിർത്തിയിൽകൂടി പാടിപ്പറമ്പ് റോഡ്.
4. ചോലയിൽ ഒറ്റക്കവുങ്ങ് വഴി പാടിപ്പറമ്പ് റോഡ്.
5. കോളയാട്-പ്രീമെട്രിക് ഹോസ്റ്റൽ-ചാളക്കൽ റോഡ്.
6. കോളയാട്-യു.പി. സ്കൂളിന്റെ സമീപത്ത് നിന്നുള്ള നടപ്പാത റോഡാക്കി ചോല റോഡുമായി ബന്ധിപ്പിക്കുക
7. കോളയാട്-പാടിപ്പറമ്പ് റോഡിൽ നിന്നും പൂക്കോട് ഭാഗത്തേക്കുള്ള നടപ്പാത വയൽ റോഡുമായി ബന്ധിപ്പിച്ച് ഇവിടെനിന്ന് പുതിയ വീടിന്റെ സമീപത്തുകൂടി കടക്കോട്ട് റോഡുമായി ബന്ധിപ്പിക്കുക.
8. കോളയാട്-ആലച്ചേരി റോഡിൽ ഹൈസ്കൂൾ സമീപത്തുകൂടി പുത്തലം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.
9. കൊമ്മേരി ആടുവളർത്തൽ കേന്ദ്രം മുതൽ പെരുവയിലേക്കുള്ള റോഡ്.

10. ചങ്ങല ഗെയിറ്റ് മുതൽ ചെമ്പുക്കാവ് വരെയുള്ള റോഡും കൊമ്മേരി മുതൽ കുറ്റ്യാട് വരെ ഉള്ള റോഡും.
11. കിഴക്കച്ചാൽ റോഡ്-കോളയാട്-ചെമ്പുക്കാവ് റോഡുമായി ബന്ധിപ്പിക്കുക.
12. തെറ്റുമ്മൽ-തറപ്പിക്കണ്ടം-കൊളപ്പ റോഡ്.
13. കോളയാട് എടവട്ടം പാലത്തിനടുത്ത് കൂടെ പള്ളി എസ്റ്റേറ്റിലേക്കുള്ള റോഡ്.
14. പള്ളിപ്പാലം ബാലവാടിക്കടുത്തുനിന്ന് ആരംഭിക്കുന്ന റോഡ് വായന്നൂർ-പുത്തലം റോഡുമായി ബന്ധിപ്പിക്കുക.
15. ആലച്ചേരി-മുതുകാട്-തൊടിക്കളം റോഡ്.
16. ആലച്ചേരി പണിയക്കോളനി റോഡ് വളയങ്ങാടൻ മുക്കുമായി ബന്ധിപ്പിക്കുക.
17. ആലച്ചേരി മുസ്ലീം പള്ളിമുക്ക്-മൂലയിൽ കൂടി ആലച്ചേരി സ്കൂളിനടുത്തേക്ക് റോഡ്.
18. കക്കൻ തോട്-എടക്കോട്ട റോഡ്.
19. പുതുശ്ശേരിപൊയിൽ-വട്ടക്കര റോഡ്.
20. ആര്യപ്പറമ്പ്-പടൂർ റോഡ്.
21. നിടുംപൊയിൽ-ചെമ്പുക്കാവ് റോഡ്.
22. പെരുവ-പന്നിയോട് റോഡ്
23. എടയാർ വെസ്റ്റ്-ആലപ്പറമ്പ് റോഡ്.
24. നാറാണത്ത് മിച്ചഭൂമി റോഡ്.
25. എടയാറിൽ പൂന്താറ്റിൽ വഴി പാടിപ്പറമ്പ് റോഡുമായി ബന്ധിപ്പിക്കുക.
26. എടയാർ അണ്ടിക്കമ്പനി-ചാലിൽ കോളനി-പാടിപ്പറമ്പ് റോഡ്.
27. കൊമ്മേരി കുഞ്ഞിവീടിനുള്ള ഒരു കി.മി. റോഡ്. ജനപങ്കാളിത്തത്തോടുകൂടി നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവാദം വാങ്ങുക.
28. കോഴിമൂല-പുത്തലം-വായന്നൂർ റോഡ്.
29. കോഴിമൂലയിൽ നിന്നും പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള റോഡ്.
30. കക്കം തോട്-ആര്യപ്പറമ്പ് റോഡ്.
31. അത്തൂർ ലക്ഷം വീട് കോളനി റോഡ് തെറ്റുവഴി റോഡുമായി ബന്ധിപ്പിക്കുക.
32. അത്തൂർ കുന്ന്-പെരുന്തോടി-അടുചുറ്റിപ്പാറ റോഡുമായി ബന്ധിപ്പിക്കുക.
33. കല്ലുമുതിര കോളനി റോഡ്.
34. മേനച്ചോടി-കൂവക്കുന്ന് വഴി വായന്നൂരിലേയ്ക്ക് റോഡ്.

പൊതു നിർദ്ദേശങ്ങൾ

1) കോളയാട് നിന്നും പെരുവ-ചെമ്പുക്കാവ് പ്രദേശത്തേയ്ക്ക് ഇപ്പോൾ വാഹന ഗതാഗത യോഗ്യമായ ഫോറസ്റ്റ് റോഡുണ്ട്. കൊളപ്പ പറക്കാട് ഭാഗത്തേയ്ക്ക് കൂപ്പ് റോഡുണ്ട്. തുടർന്ന് നാലോ അഞ്ചോ കി.മീ. ദൂരം കൊണ്ട് കോഴിക്കോട് ജില്ലയിലെ ഒരു പ്രധാന കുടിയേറ്റപ്രദേശമായ വിലങ്ങാട് എത്താവുന്നതാണ്. കോളയാട്-ചെമ്പുക്കാവ്-കൊളപ്പ വഴി വിലങ്ങാട്ടേയ്ക്ക് ഗതാഗത യോഗ്യമായ റോഡുണ്ടായാൽ കണ്ണൂർ ജില്ലയിലെ സുപ്രധാന മലയോരപട്ടണങ്ങളായ ഇരിട്ടി, കേളകം, പേരാവൂർ എന്നീ പ്രദേശങ്ങളിൽ നിന്നും കോഴിക്കോട് ജില്ലയിലെ നാദാപുരം, കല്ലാച്ചി, കുറ്റ്യാടി എന്നീ പ്രദേശങ്ങളുമായി ബന്ധപ്പെടുവാനുള്ള ദൂരത്തിൽ ഏകദേശം 60 കി.മീ. ന്റെ കുറവുണ്ടാകും.

2) കോളയാട്-പേരാവൂർ-മാലൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന എടയാർ - ആലച്ചേരി-അറയങ്ങാട്-തൃക്കടാരിപൊയിൽ റോഡ് ഗതാഗത യോഗ്യമാക്കിയാൽ ഒട്ടനവധി ആളുകൾക്ക് അതുകൊണ്ടുള്ള പ്രയോജനം ലഭിക്കും.

3) കോളയാട് ടൗണിൽ ഇന്നുള്ള ഓട്ടോ സ്റ്റാന്റ് കോളയാട് - ആലച്ചേരി റോഡ് ജംഗ്ഷനിൽ ആണ് പ്രവർത്തിക്കുന്നത്. ഓട്ടോറിക്ഷകൾ മെയിൻ റോഡിലേയ്ക്ക് കയറ്റി വച്ച് പർക്ക് ചെയ്യുന്നതിനാൽ വളരെയധികം അപകടസാധ്യതകളും ഉണ്ട്. ആയതിനാൽ ഓട്ടോറിക്ഷകളുടെ പാർക്കിംഗിന് കൂടുതൽ സൗകര്യപ്രദമായ സ്റ്റാന്റ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം.

4) പഞ്ചായത്തിലെ മിക്കറോഡുകൾക്കും കൽവെർട്ടുകളും അരികിലുള്ള ചാലുകളും ഇല്ല. ഇത് അതത് പ്രദേശത്തെ ജനങ്ങളുമായി സഹകരിച്ചുകൊണ്ട് നിർമ്മിക്കാനാവശ്യമായ സന്നദ്ധപ്രവർത്തനങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്.

5) വിവിധ പ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കാനാവശ്യമായ നടപ്പാത നിർമ്മിക്കാനുള്ള ജനകീയ ഇടപെടലുകൾ വളർത്തിക്കൊണ്ടു വരേണ്ടതാണ്.

നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ഗതാഗത സൗകര്യങ്ങളെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ നമ്മുടെയൊക്കെ മനസ്സിലുണ്ടാവേണ്ടത് പുതിയ റോഡുകളുടെ നിർമ്മാണത്തിനേക്കാൾ മുൻഗണന കൊടുക്കേണ്ടത് നിലവിലുള്ള റോഡുകൾ അപകടരഹിതമാക്കുവാനും റോഡുകൾ റിപ്പയർ ചെയ്യുവാനുമായിരിക്കണം.

ഊർജ്ജം

കോളയാട് ഗ്രാമവാസികളെ സംബന്ധിച്ചേടത്തോളം അവിസ്മരണീയമായ ഒരു സുദിനമായിരുന്നു 1973 സപ്റ്റംബർ 6ാം തീയതി. അന്ന് കോളയാട് ഗ്രാമത്തിൽ ആദ്യമായി വൈദ്യുതി വിളക്ക് തെളിഞ്ഞു. കോളയാട് സർവ്വീസ് സഹകരണ ബേങ്ക് കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഒരുക്കിയ വേദിയിൽ വച്ച് കണ്ണൂർ വിദ്യുച്ഛക്തി ബോർഡ് എക്സിക്യുട്ടീവ് എഞ്ചിനീയർ ശ്രീ. ഇ.സി. ജോസഫ് സ്വിച്ച് ഓൺചെയ്തു കൊണ്ട് ഈ പഞ്ചായത്തിലെ വൈദ്യുതീകരണത്തിന് തുടക്കം കുറിച്ചു. കോളയാട് പഞ്ചായത്തിന്റെ വികസന പാതയിലെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു അത്.

ഏതൊരു ജനവിഭാഗത്തിന്റേയും പുരോഗമനത്തിന്റെ മാനദണ്ഡം കണക്കാക്കുന്ന അളവുകോലാണ് വിദ്യുച്ഛക്തി ഉപഭോഗം. സുലഭമായ ഊർജ്ജലഭ്യത പുരോഗതിയെ ത്വരിതപ്പെടുത്തുന്നു. എന്നാൽ നമ്മുടെ സംസ്ഥാനം ഇന്ന് അതിരൂക്ഷമായ വിദ്യുച്ഛക്തി ക്ഷാമത്തെ നേരിടുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങൾ ഈ സംസ്ഥാനത്തിലെ ഗ്രാമപഞ്ചായത്തുകളിലടക്കം അലയടിച്ചു കൊണ്ടിരിക്കുകയാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വൈദ്യുതി രംഗത്ത് ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഗ്രമ സഭകളിലൂടെ ഉയർന്നുവന്ന അത്തരം പ്രശ്നങ്ങൾ ഈ വികസനറിപ്പോർട്ടിൽ അവതരിപ്പിക്കുന്നു.

പ്രവൃത്തി ആരംഭിച്ചതും പൂർത്തിആവാത്തതുമായ വൈദ്യുതീകരണപ്രവർത്തനങ്ങൾ

1) മേനച്ചോടി - ആര്യപ്പറമ്പ് ഭാഗങ്ങളിൽ ഉള്ള ഉപഭോക്താക്കൾക്ക് വിദ്യുച്ഛക്തി ലഭിക്കുന്നതിനു വേണ്ടി M.G. No. 21/87-88 ആയി മിനമം ഗ്യാരണ്ടി പ്രകാരം 13 പേർക്ക് മീറ്റർപൈസ അടച്ചുകഴിഞ്ഞിട്ടും ഇനിയും കണക്ഷൻ ലഭിച്ചിട്ടില്ല.

2) പള്ളിപ്പാലം - ചേരിക്കൽ പ്രദേശത്തുള്ള 55ഓളം വീട്ടുകാർക്ക് വിദ്യുച്ഛക്തി ലഭിക്കുന്നതിനു വേണ്ടി No. 10/91-92 പ്രകാരം മിനിമം ഗ്യാരണ്ടി വെക്കുകയും പ്രസ്തുത ജോലി ചെയ്യുന്നതിനു വേണ്ടി കരാർ നൽകുകയും ചെയ്തിരിക്കുന്നു. ഏതാണ്ട് ഒരു വർഷം മുമ്പ് കുറേ തൂണുകൾ നാട്ടി എന്നത് അല്ലാതെ മറ്റൊരു പ്രവർത്തിയും ഇതുവരെ ചെയ്തിട്ടില്ല.

കോളയാട് പഞ്ചായത്ത് പരിധിയിൽ മിനിമം ഗ്യാരണ്ടി വച്ചിട്ടുള്ളതു പ്രകാരം അടിയന്തിര പ്രാധാന്യം നൽകി പൂർത്തിയാക്കേണ്ട വൈദ്യുതീകരണ പ്രവൃത്തികളുടെ വിശദവിവരം പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്.

കോളയാട് പഞ്ചായത്ത് പരിധിയിൽ പൂർത്തിയാക്കേണ്ട വൈദ്യുതീകരണ പ്രവർത്തികൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ വിവരം വിദ്യുച്ഛക്തി ലൈനുകൾ	മിനിമംഗ്യാരണ്ടി നമ്പർ	എസ്റ്റിമേറ്റ് തുക	പ്രയോജനപ്പെടുന്ന കുടുംബങ്ങൾ	ട്രാൻസ്ഫോർമറിനെ സംബന്ധിച്ചവിവരം	ലൈൻദൈർഘ്യം 11 K.V.	ഫേസ്	സിങ്കിൾഫേസ്	റിമാർക്സ്
1.	പള്ളിപ്പാലംചേരിക്കൽ	10/91-92	1,28,700	55	100 KVA-1		1.300	0.300	ജോലിആരംഭിച്ചു.തൂണുമാത്രംനാട്ടി
2.	വായന്നൂർ (കാർഷിക ആവശ്യം)	5/95-96							
		11/87-88	6,65,870	27	100 KVA-1	1.700	4.00		ഈജോലിക്ക് 8787വർഷമുതലുള്ളപാബല്യം ലഭിച്ചു
3.	കല്ലുമുതിരകുന്ന്കരോത്ത് (കാർഷികം)	7/92-93	1,30,450	14	100 KVA-1		1.500		
4.	നിടുംപൊയിൽ28ാം മൈൽ	12/94-95	3,22,700	38	100 KVA-1	0.225	2.375		
5.	പുത്തലംകോഴിമൂല (ട്രൈവൽ)	AS No:11/95-96	5,16,300	ട്രൈബൽ കോളനി	100 KVA-1	1.300	0.700	1.750	
6.	കണ്ണവംതൊടിക്കളം (കാർഷികം)	M.G. 5/94-95	13,835	1				0.275	
7.	സോഷ്യൽസെക്യൂരിറ്റിസ്കീം കക്കൻതോട് (കാർഷികം)	M.G. 2/95-96	29,200	1			0.375		

പട്ടിക 1

പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണം.

പഞ്ചായത്തിലെ ആദിവാസികൾ അധിവസിക്കുന്ന മിക്ക ആദിവാസി കോളനികളിലും ഇനിയും വൈദ്യുതീകരിച്ചിട്ടില്ല. ആദിവാസി കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച വിവരണം താഴെ പട്ടികയിൽ കൊടുക്കുന്നു.

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്	വീടുകളുടെ എണ്ണം	വൈദ്യുതീകരിച്ചത് വൈദ്യുതീകരിക്കാത്തത്
1.	പറക്കാട് മല (കുറിച്യർ സങ്കേതങ്ങൾ)	I	30	വൈദ്യുതീകരിച്ചത്
2.	വട്ടക്കര (കുറിച്യർ)	II	24	വൈദ്യുതീകരിക്കാത്തത്
3.	ഞാലിൽ (പണിയർ)	II	7	"
4.	കരോത്ത് (പണിയർ)	II	22	"
5	ഈരായികൊല്ലി (പണിയർ)	II	6	"
6.	മണ്ഡപം (കുറിച്യർ)	II	54	"
7.	നിടുംപുറംചാൽ (പണിയർ)	III	5	"
8.	മാച്ചോല (കുറിച്യർ)	III	8	"
9.	പെരുന്തോടി (കുറിച്യർ)	III	15	"
10.	അത്തൂർ (കുറിച്യർ)	III	13	"
11.	പറക്കാട് മല (കുറിച്യർ സങ്കേതങ്ങൾ)	IV	27	"
12.	കൊളപ്പമല (കുറിച്യർ സങ്കേതങ്ങൾ)	IV	38	"
13.	ചെമ്പുക്കാവ് (കുറിച്യർ സങ്കേതങ്ങൾ)	IV	108	"
14.	പെരുവ (കുറിച്യർ സങ്കേതങ്ങൾ)	IV	89	"
15.	കപ്പാട് (കുറിച്യർ സങ്കേതങ്ങൾ)	IV	34	"
16.	കോഴിമൂല (കുറിച്യർ സങ്കേതങ്ങൾ)	V	40	"
17.	കട്ലോറ (പണിയർ)	V	5	"
18.	പള്ളിപ്പാലം (കൺവർട്ടഡ്)	V	15	"
19.	ലക്ഷംവീട് (19th മൈൽ)	VI	5	"
20.	ചോല (കുറിച്യർ)	VI	8	"
21.	കണിയാംകുന്ന്	VI	4	"
22.	പാടിപറമ്പ് (കുറിച്യർ)	VI	8	"
23.	ചാലിൽ (പണിയർ)	VII	22	വൈദ്യുതീകരിച്ചത്
24.	ലക്ഷംവീട്	VII	9	വൈദ്യുതീകരിക്കാത്തത്
25.	പാടിപറമ്പ് (കുറിച്യർ)	VII	18	"
26.	എടയാർ	VII	4	"
27.	ചെക്കേരി (കുറിച്യർ സങ്കേതങ്ങൾ)	IX	110	"
28.	മൂടവങ്ങാട് (കുറിച്യർ സങ്കേതങ്ങൾ)	IX	8	"
29.	കൊമ്മേരി	IX	10	"
30.	പുന്നപ്പാലം (പണിയർ)	IX	10	"
31.	ആലച്ചേരി (പണിയർ)	VIII	7	"
32.	മേനച്ചോടി പട്ടികജാതി	I	18	വൈദ്യുതീകരിച്ചത്
33.	കോളയാട് പട്ടികജാതി	VI	4	വൈദ്യുതീകരിക്കാത്തത്
34.	എടയാർ പട്ടികജാതി	VII	8	"
35.	പുത്തലം പട്ടികജാതി	V	4	"
36.	പുന്നപ്പാലം പട്ടികജാതി	V	5	"
37.	കുറ്റ്യാട് പട്ടികജാതി	IX	5	"

പട്ടിക 3

കാർഷികമേഖലാ വൈദ്യുതീകരണം

കാർഷികാവശ്യത്തിന് പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാനായി ബാങ്ക് ലോൺ എടുത്ത് വിദ്യുച്ഛക്തി കണക്ഷനു വേണ്ടി വർഷങ്ങൾ കാത്തിരിക്കേണ്ട സ്ഥിതിയാണിന്നുള്ളത്. ഇതിന്റെ ഫലമായി ഈ പഞ്ചായത്തിലെ കാർഷികരംഗം മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കുന്നു. ഉദാഹരണമായി സാമൂഹ്യ ജലസേചന പദ്ധതി പ്രകാരം കക്കംതോട്, എടക്കോട്ട എന്നീ സ്ഥലങ്ങളിൽ കൃഷിഭവൻ മുഖാന്തരം കുളവും

പമ്പുഹൗസ് നിർമ്മിച്ച് വൈദ്യുതി ലഭിക്കാൻ വേണ്ടി ഗുണഭോക്താക്കൾ അപേക്ഷ നൽകിയിരിക്കുകയാണ്. കൂടാതെ വായന്നൂർ പ്രദേശത്ത് 1987-88ലെ മിനിമം ഗ്യാരണ്ടി പ്രകാരം 27പേർ കാർഷികാവശ്യത്തിന് വൈദ്യുതി ലഭിക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്.

കോളയാട് പഞ്ചായത്ത് പരിധിയിൽവരുന്ന ട്രാൻസ്ഫോർമറുകളുടെയും അവയുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെയും വിവരങ്ങൾ

ക്രമ നമ്പർ	ട്രാൻസ്ഫോർമർ സ്ഥാനം	കപ്പാസിറ്റി	സബ്സ്റ്റേഷൻ	ബന്ധപ്പെട്ട 11 KV ലൈൻ	ഗാർഹികം	വ്യാപാരം	വ്യവസായം	കാർഷികം	പ്രതിമാസ ഉപഭോഗം യൂണിറ്റിൽ
1.	കോളയാട്	100 KVA	കൂത്തുപറമ്പ്	കൂത്തുപറമ്പ്–കോളയാട്	215	35	2	25	17,100
2.	പൂന്നപ്പാലം	100 KVA	നിടുംപൊയിൽ	നിടുംപൊയിൽ–കോളയാട്	51	10			3560
3.	കൊമ്മേരി	100 KVA	നിടുംപൊയിൽ	നിടുംപൊയിൽ–കോളയാട്	37	10		18	4150
4.	നിടുംപൊയിൽ	100 KVA	നിടുംപൊയിൽ	നിടുംപൊയിൽ–കോളയാട്	23	20		9	3200
5.	വാരപീടിക	100 KVA	നിടുംപൊയിൽ	നിടുംപൊയിൽ–കോളയാട്	25	18		2	26001
6.	പെരുന്തോടി	100 KVA	നിടുംപൊയിൽ	നിടുംപൊയിൽകോളയാട്	35	20		8	3900
7.	എടയാർ	100 KVA	കൂത്തുപറമ്പ്	കൂത്തുപറമ്പ്–കോളയാട്	175	20	1	5	12300
8.	എടയാർ (ക്രഷർ)	100 KVA	കൂത്തുപറമ്പ്	കൂത്തുപറമ്പ്–കോളയാട്			1		1500
9.	എടയാർ കോളനി	100 KVA	കൂത്തുപറമ്പ്	കൂത്തുപറമ്പ്–കോളയാട്	140	54	1	2	12100
10.	തൊടീകളം	100 KVA	കൂത്തുപറമ്പ്	കൂത്തുപറമ്പ്–കോളയാട്	90	6		1	7700
11.	ആലച്ചേരി	100 KVA	കൂത്തുപറമ്പ്	കോളയാട്–തോലമ്പ	182	23	2	5	12940
12.	മേനച്ചോടി	100 KVA	കൂത്തുപറമ്പ്	കോളയാട്–തോലമ്പ	54	1		1	3290
13.	ആര്യപറമ്പ്	100 KVA	കൂത്തുപറമ്പ്	കോളയാട്–തോലമ്പ	50	4			3200
				ആകെ	1039	221	7	72	
	വിവധയിനം ഉപഭോക്താക്കളുടെ പ്രതിമാസ വിദ്യുച്ഛക്തി ഉപഭോഗം	കോളയാട് പഞ്ചായത്ത്			67770 unit	11050 unit	5150 unit	7650 unit	

കോളയാട് പഞ്ചായത്തിൽ വിദ്യുച്ഛക്തി ലഭിച്ചിട്ട് 23 വർഷം കഴിഞ്ഞിട്ട് വായന്നൂർ പ്രദേശത്ത് ഇനിയും വൈദ്യുതി എത്തിയിട്ടില്ല. മുഖ്യമായും കർഷകർ അധിവസിക്കുന്ന കോളയാട് പഞ്ചായത്തിൽ ഇതുവരെ കാർഷികാവശ്യങ്ങൾക്കായി 72 കണക്ഷൻ മാത്രമേ നൽകിയിട്ടുള്ളൂ. കാർഷികാവശ്യത്തിനു പമ്പുസെറ്റു വാങ്ങിയ ഒട്ടനവധി പേർക്ക് ഈ പഞ്ചായത്തിൽ കണക്ഷൻ കിട്ടാൻ ബാക്കിയുണ്ട്.

വോൾട്ടേജ് മെച്ചപ്പെടുത്തൽ

കോളയാട് പഞ്ചായത്തിൽ വൈദ്യുതി ലഭിച്ചിട്ടുള്ള ഉപഭോക്താക്കൾക്ക് രാത്രികാലങ്ങളിൽ വെളിച്ചത്തിനായി മെഴുകുതിരി ഉപയോഗിക്കേണ്ട സ്ഥിതിയാണിപ്പോഴുള്ളത്. വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റികൂട്ടാത്തതും നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റാത്തതും രൂക്ഷമായ വോൾട്ടേജ് ക്ഷാമത്തിനു കാരണമാണ്. ഉപഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് വോൾട്ടേജ് കമ്മിയുള്ള മേഖലകളിൽ ട്രാൻസ്ഫോർമർ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും വേണം.

നിർദ്ദേശങ്ങൾ

1) എടയാർ പരിസരങ്ങളിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2) എടയാർ പൂന്നാറ്റിൽ വരെയുള്ള ലൈൻ ത്രീഫെയ്സാക്കി മാറ്റുക.
3) ആലച്ചേരി സ്കൂൾഭാഗത്തുള്ള വോൾട്ടേജ് കമ്മി പരിഹരിക്കാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
4) നിർദ്ദിഷ്ട പള്ളിപ്പാലം - ചേരിക്കൽ ലൈനിൽ സ്ഥാപിക്കുന്ന ട്രാൻസ്ഫോർമറിൽ നിന്നും ത്രീഫേസ് ലൈൻ വലിച്ച് പോലീസ്

മുക്കിൽ ഇപ്പോൾ നിലവിലുള്ള ഉപഭോക്താക്കളെ ഗ്രസ്സ്യുത ലൈനുമായി ബന്ധിപ്പിക്കുക.

ചെറുകിട ജലവൈദ്യുതി

കോളയാട് പഞ്ചായത്തിലെ പെരുവ - ചെമ്പുക്കാവ് പ്രദേശത്ത് ഒരു ചെറുകിട ജലവൈദ്യുതപദ്ധതിക്ക് വേണ്ടി വൈദ്യുതി ബോർഡ് സർവ്വെ പൂർത്തിയാക്കിയിരിക്കുകയാണ്. കൊട്ടിയൂർ ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ ഓഫീസിന്റെ മേൽനോട്ടത്തിലാണ് ഈ പദ്ധതിക്കു വേണ്ടി സർവ്വെ നടത്തിയിട്ടുള്ളത്. 2500 k.w. സ്ഥാപിത ശേഷിയുള്ള ഈ പദ്ധതിയിൽ നിന്നും 63.9 ലക്ഷം യൂനിറ്റ് വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ കഴിയും. 5 കോടി രൂപയാണ് മതിപ്പ് ചിലവ് കണക്കാക്കിയിട്ടുള്ളത്. മുഖ്യമായും ആദിവാസി മേഖലയായ, ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്തതുമായ, കോളയാട് പഞ്ചായത്തിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പെരുവ, ചെമ്പുക്കാവ് പ്രദേശത്തെ ജനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്നതിന് പുറമേ ഈ പദ്ധതിയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി 5 കി.മീ. മാത്രം അകലെയുള്ള നിടുംപൊയിൽ സ്റ്റേഷനുമായി ബന്ധപ്പെടുത്തി കോളയാട് പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും വിതരണം ചെയ്യാൻ കഴിയും.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

ഊർജ്ജ ലബ്ധിക്ക് ഗ്രാമീണ സാങ്കേതിക വിദ്യകൾ വികസിപ്പിക്കാനായി കേരള സർക്കാർ രൂപം നൽകിയിട്ടുള്ള അനർട്ട് പോലുള്ള സ്ഥാപനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ പ്രാവർത്തികമാക്കാൻ കഴിവുള്ള ഒട്ടിനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അവതരിപ്പിക്കുന്നു. ഇവയുടെ പ്രചരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാവണം.

1) **സൗരോർജ്ജ പ്ലാന്റുകൾ:** സൂര്യപ്രകാശത്തെ ചില പ്രത്യേക സെല്ലുകൾ ഉപയോഗപ്പെടുത്തി വൈദ്യുതിയാക്കി മാറ്റുന്ന സംവിധാനമാണ് സൗരോർജ്ജപ്ലാന്റുകളിലുള്ളത്. താരതമ്യേന ചെലവേറിയതാണെങ്കിലും വൈദ്യുതി ലൈൻ വലിച്ച് വൈദ്യുതി എത്തിക്കാൻ ഭാരിച്ച ചെലവ് വേണ്ടി വരുന്ന ഉൾ പ്രദേശങ്ങളിൽ ഇവ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. പെരുവയിൽ ഇത്തരം വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

2) **ബയോഗ്യാസ് പ്ലാന്റുകൾ:** രണ്ടോ അതിലധികമോ പശുക്കളെ വളർത്തുന്ന ഒട്ടനവധി കർഷകർ നമ്മുടെ പഞ്ചായത്തിലുണ്ട്. കാലിത്തൊഴുത്തിനോടനുബന്ധിച്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചാൽ ഇടത്തരം കർഷകകുടുംബങ്ങളിലെ പാചകാവശ്യത്തിനും വെളിച്ചത്തിനും ഇവ പ്രയോജനപ്പെടും. ഖാദി ബോർഡ് പോലുള്ള സ്ഥാപനങ്ങൾ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദാരമായ വ്യവസ്ഥകളോടെ ലോൺ, സബ്സിഡി എന്നിവ അനുവദിക്കുന്നുണ്ട്. ഇതിന്റെ സാധ്യതകൾ വിലയിരുത്തപ്പെടണം.

3) **വിറക് എന്ന ഇന്ധനം:** ഗ്രാമപ്രദേശങ്ങളിൽ പാചകാവശ്യത്തിനായി സർവ്വസാധാരണമായി ഉപയോഗപ്പെടുത്തുന്ന ഇന്ധനമാണ് വിറക്. പക്ഷെ പാചകാവശ്യത്തിനായി ഇന്ന് ഗ്രാമീണവാസികൾ ഉപയോഗിക്കുന്ന അടുപ്പുകൾ തികച്ചും അശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടവയാണ്. വിറക് കത്തുമ്പോൾ ലഭിക്കുന്ന ഊർജ്ജത്തിൽ 68% ത്തിൽ ഏറെയും പാഴായിപ്പോവുകയാണ്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, അനർട്ട് തുടങ്ങിയ ഏജൻസികൾ ഇന്ധനക്ഷമതയുള്ള വിറകടുപ്പുകൾ സംവിധാനം ചെയ്തിട്ടുണ്ട്. പ്രസ്തുത ഏജൻസികളുടെ സഹായത്തോടെ ഇത്തരം അടുപ്പുകൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കാൻ സഹകരണ ബാങ്കുകളുടെ സഹായം തേടാവുന്നതാണ്.

4) **ഊർജ്ജസംരക്ഷണം:** ഊർജ്ജം ലാഭിക്കുന്നത് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് തുല്യമാണ്. അതിരൂക്ഷമായ ഊർജ്ജപ്രതിസന്ധിയെ നേരിടുന്ന ഈ കാലയളവിൽ ഓരോ യൂനിറ്റ് ഊർജ്ജവും വളരെ ശ്രദ്ധയോടെ ചെലവഴിക്കേണ്ടതാണ്. കുറഞ്ഞവൈദ്യുതിയിൽ കൂടുതൽ പ്രകാശം തരുന്ന വിളക്കുകൾ ഇന്നു ലഭ്യമാണ്. പഞ്ചായത്തു പരിധിയിൽ അത്തരം വിളക്കുകൾ ലഭ്യമാക്കുക. വെളിച്ചത്തിനെന്നതിനുപരി ആഡംബരങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്നത് നിരുൽസാഹപ്പെടുത്തുക. വയറിംഗ് തകരാറു മൂലം വൈദ്യുതി പാഴായിപ്പോകുന്നത് ഒഴിവാക്കുക എന്നിങ്ങനെയുള്ള മാർഗ്ഗങ്ങളിലൂടെ നമുക്ക് വളരെയധികം ഊർജ്ജം ലാഭിക്കാൻ കഴിയുന്നതാണ്.

നിർദ്ദേശങ്ങൾ

1) കോളയാട് പഞ്ചായത്ത് പരിധിയിലെ പലപ്രദേശങ്ങളിലും ട്രാൻസ്ഫോർമറുകളുടെ ഓവർലോഡ് കാരണം രൂക്ഷമായ വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നു. ഉപഭോക്താക്കളുടെ എണ്ണം കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് വോൾട്ടേജ് നില മെച്ചപ്പെടുത്തേണ്ടതാണ്.

2) കൂത്തുപറമ്പിൽ നിന്നു വരുന്ന 11 കെ.വി. ലൈൻ തകരാറു കാരണം കോളയാട് പ്രദേശത്ത് മിക്ക ദിവസങ്ങളിലും കറണ്ടില്ലാത്ത അവസ്ഥ ഉണ്ടാകുന്നു. കൂത്തുപറമ്പ് സബ് സ്റ്റേഷനിൽനിന്നും ഡബ്ൾ ഫീഡിംഗ്(Double Feeding) സംവിധാനം ഏർപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.


3) ഇന്ന് നിലവിലുള്ള മിക്ക വിദ്യുച്ഛക്തി മീറ്ററുകളും ഒന്നുകിൽ പ്രവർത്തിക്കാത്തവയോ അല്ലെങ്കിൽ അമിതവേഗത്തിൽ പ്രവർത്തിക്കുന്നവയോ ആണ്. അവ പരിശോധിച്ച് തകരാറുള്ളവ മാറ്റി സ്ഥാപിക്കേണ്ടതാണ്.


4) വൈദ്യുതി ലൈനിൽ മരക്കൊമ്പുകൾ തട്ടി നിൽക്കുന്നതിനാൽ പലപ്പോഴും വിദ്യുച്ഛക്തി തകരാറുകൾ സംഭവിക്കുന്നു. ലൈനിൽ തട്ടുന്ന മരക്കൊമ്പുകൾ മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

5) അംഗവൈകല്യം സംഭവിച്ചവർക്ക് കറണ്ട് കണക്ഷന് മുൻഗണന ലഭിക്കാൻ നിയമമുണ്ട്. അംഗവൈകല്യം സംഭവിച്ച പാവപ്പെട്ടവർക്ക് പഞ്ചായത്തു ചെലവിൽ വയറിംഗ് നടത്തി കറണ്ട് കണക്ഷൻ ലഭ്യമാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുക.

6) കോളയാട് പഞ്ചായത്തിലെ ആറാം വാർഡിലൂടെ കടന്നു പോകുന്ന 66 k.v. ലൈനിൽ തെങ്ങ്, റബ്ബർ തുടങ്ങിയവയുടെ ശിഖരങ്ങൾ തട്ടുന്നതിനാൽ പലപ്രാവശ്യം മുറിഞ്ഞു വീഴുകയുണ്ടായി. അതി ഗുരുതരമായ ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.

7) കോളയാട് പഞ്ചായത്തിൽ ആകെ 3668 വീടുകളാണുള്ളത്. ഇതിൽ 1039 വീടുകൾ മാത്രമേ ഇതുവരെ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഇത് 28.33% മാത്രമാണ്. അവശേഷിക്കുന്ന വീടുകളുടെ വൈദ്യുതീകരണത്തിന് വേണ്ട നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണം.





പാർപ്പിടം സാമൂഹ്യക്ഷേമം


പാർപ്പിടം

അവലോകനം

ജീവസന്ധാരണത്തിന് വായുവും ഭക്ഷണവും പോലെ ഒരു പരിഷ്ക്കൃത ജനസമൂഹത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ് പാർപ്പിടം. ഗിരിഗഹ്വരങ്ങളിലും വൃക്ഷകോടരങ്ങളിലും പ്രകൃതിയോട് മല്ലടിച്ചു ജീവിച്ചിരുന്ന ആദിമമനുഷ്യനിൽ നിന്ന് ആരംഭിച്ച്, ശാസ്ത്രസാങ്കേതിക വിദ്യകളുടെ സഹായത്താൽ ശീതാതപങ്ങളെ അതിജീവിക്കുന്ന കോൺക്രീറ്റ് സൗധങ്ങളിൽ സുഖലോലുപരായിക്കഴിയുന്ന ആധുനിക മനുഷ്യന്റെ ഇന്നത്തെ അവസ്ഥയിൽ നിന്നു കൊണ്ട് നമുക്കു നമ്മുടെ പഞ്ചായത്തിലെ പാർപ്പിടങ്ങളെക്കുറിച്ച് ചിന്തിക്കാം.

33.15 ച. കി. മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ 1991 സെൻസസ് പ്രകാരം 18,062 ആളുകൾ താമസിക്കുന്നു. 9 വാർഡുകളുള്ള പഞ്ചായത്തിന്റെ IVഉം IXഉം വാർഡുകൾ കണ്ണവം റിസർവ് വനത്തിലാണ്.

കോളയാട് പഞ്ചായത്ത് രൂപീകരിച്ച കാലഘട്ടത്തിൽ കെട്ടിട നികുതി കൊടുക്കാത്ത വീടുകളടക്കം 1000ൽ താഴെ വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മണ്ണുകോരി തറയാക്കിയും ഓലകൊണ്ടും മുള കൊണ്ട് മറച്ചും ചുമരിന് പകരമായി ഉപയോഗിച്ചിരുന്നു. വെളിമ്പ്രദേശങ്ങൾ ധാരാളമുള്ളതുകൊണ്ട് കക്കൂസിന്റെ ഉപയോഗം വളരെക്കുറവായിരുന്നു. കുടിയേറ്റക്കാരുടെ ആഗമനത്തോടെ വെറും ഭൂമികൾ ഇല്ലാതായി. അതോടെ പല പ്രശ്നങ്ങളും തല പൊക്കാൻ തുടങ്ങി. വീടുകൾ കെട്ടിമേയുന്നതിനാവശ്യമായ പുല്ല് പഴ്മരങ്ങൾ മുതലായവയുടെ ലഭ്യത, കക്കൂസിന്റെ ആവശ്യം, കന്നുകാലി വളർത്തൽ മുതലായവ ഇതിൽ പ്രാധാന്യം അർഹിക്കുന്നവയാണ്.



മേൽക്കാണിച്ച സ്ഥിതിവിവരക്കണക്കനുസരിച്ച് കാണുന്ന ഓടിട്ട വീടുകളിൽ അധികവും കെട്ടുറപ്പുള്ള മേൽക്കൂരയാണെന്ന് അവകാശപ്പെടുകൂടാ. അധികവും കവുങ്ങിന്റെയും, മുളയുടേയും പഴ്മരങ്ങളുടേയും മറ്റും കഴുക്കോലുകളും വാരികളുമാണ്. പുരകെട്ടിമേയുന്നതിന്റെ ഭാരിച്ചചിലവാണ് ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിച്ചത്. ചളി ഉരുട്ടിവച്ച് ചുമരുണ്ടാക്കുന്നതിനു പകരം ദീർഘചതുരാകൃതിയിലുള്ള മൺകട്ട ഉപയോഗിക്കാൻ തുടങ്ങി. നിശ്ചിത അളവിൽ കുമ്മായവും പൂഴിയും കൂട്ടി ഇടിച്ച് പാകപ്പെടുത്തി ചുമർതേക്കുന്ന സമ്പ്രദായം ഇന്ന് വിരളമാണ്. വെട്ടുകല്ലു കൊണ്ടും മൺകട്ട കൊണ്ടും ഉണ്ടാക്കിയിട്ടുള്ള ചുമരുകൾ തേച്ച് വെള്ള

അടിക്കുന്നത് സാമ്പത്തിക ശേഷിയുള്ളവർ മാത്രമായിരുന്നു. സിമന്റ് ഉപയോഗം വളരേക്കുറവായിരുന്നു. തനതു ശില്പകലകളോടു കൂടി നിർമ്മിച്ച വിരലിലെണ്ണാവുന്ന വീടുകളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

മൂന്നര പതിറ്റാണ്ട് കൊണ്ട് പഞ്ചായത്തിലെ പാർപ്പിടം നാലിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. മരം കിട്ടാനുള്ള ബുദ്ധിമുട്ടും നിർമ്മാണച്ചിലവിൽ വലിയ അന്തരമില്ലാത്തതുകൊണ്ടും കോൺക്രീറ്റു വീടുകൾക്കാണ് ആനുപാതികമായ വർദ്ധനവുണ്ടായിട്ടുള്ളത്.

ഗൾഫ് മേഖലയിൽ നിന്ന് വരുന്ന പണം ഉൽപാദന മേഖലക്ക് ഉപയോഗിക്കാതെ ഭവന നിർമ്മാണത്തിന് മാത്രമായി പരിമിതിപ്പെട്ടുപോകുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്. ഇത് സാധാരണക്കാരെ ആഢംബര ഭ്രമത്തിലേക്ക് നയിക്കുന്നു. അതിനായി അവർ തങ്ങളുടെ നാണ്യവിളകൾ ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിന് കൊടുക്കുകയോ ഉള്ള സ്ഥലം തന്നെ വിൽക്കേണ്ടിവരികയോ ചെയ്യുന്നുണ്ട്. നെൽപ്പാടങ്ങൾ നികത്തി വീടുണ്ടാക്കുന്നത് കാർഷിക മേഖലയെയും ബാധിക്കുന്നുണ്ട്.

ക്രമാതീതമായ ജനപ്പെരുപ്പവും ഭവനനിർമ്മാണ മേഖലയെ തളർത്തിയിട്ടുണ്ട്. ഇത് സ്ഥലപരിമിതിക്ക് ഇടവരുത്തുകയും ചെയ്യുന്നു. മാത്രമല്ല ഭവന നിർമ്മാണ ഏജൻസികളുമായി ബന്ധപ്പെടണമെങ്കിൽ ഇരിട്ടിയിലോ കണ്ണൂരോ പോകേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ഇത് ജനങ്ങൾക്ക് ബുദ്ധിമുട്ടാണ്.

വിവിധ ഭവനനിർമ്മാണ ഏജൻസികൾ മുഖാന്തിരം നിർമ്മിച്ചിട്ടുള്ള വീടുകളുടെ എണ്ണം

No.	സ്ഥാപനം	ആകെഎണ്ണം	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാത്തത്
1.	ഭവനനിർമ്മാണ ബോർഡ് (കൈരളി, രാജീവ് ദശലക്ഷം പദ്ധതിക്ക്)			
2.	ജില്ലാ സഹകരണ ബാങ്ക്			
3.	എൽ.ഐ.സി.	14		
4.	ഇന്ദിരാ ആവാസ് യോജന (ഗ്രാമവികസന വകുപ്പ്)	257		

Fig. 1

ഇന്ന് ഭവന രഹിതരായവർക്കും പുറത്തുനിന്ന് ജോലിക്കായി വന്നിട്ടുള്ളവർക്കും താമസിക്കാനുള്ള സൗകര്യം വളരെ കുറവാണ് അതുപോലെ പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ പൊതു കക്കൂസുകളുടെ അഭാവവും ജനങ്ങൾക്ക് വിഷമം സൃഷ്ടിക്കുന്നുണ്ട്.

നിലവിലുള്ള വീടുകളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	വീടുകളുടെ എണ്ണം	മേൽക്കൂരയുടെ സ്വഭാവം			വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം
		കോൺക്രീറ്റ്	ഓട്	ഓല	
I	410	19	264	127	24
II	410	55	205	150	44
III	434	30	256	148	20
IV	439	9	280	150	92
V	403	44	252	107	21
VI	345	59	186	100	12
VII	397	65	253	79	25
VIII	520	31	387	102	5
IX	310	30	158	122	39
TOTAL	3668	342	2241	1085	332

Fig. 2

നിലവിലുള്ള കുടിലുകൾ പുതുക്കിപ്പണിയേണ്ടതുണ്ട്. വരുന്ന അഞ്ചു വർഷത്തേക്കുള്ള ആവശ്യം കൂടി പരിഗണിക്കുമ്പോൾ ഏകദേശം രണ്ടായിരത്തോളം വീടുകൾ നിർമ്മിക്കേണ്ടി വരും. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമായതിനാൽ സർക്കാർ ധനസഹായം കൊണ്ടുമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ.




Fig-3

പഞ്ചായത്തിലെ വീടുകളുടെ തരം (വാർഡുതലത്തിൽ)

ഭവനനിർമ്മാണ രംഗത്തെ വെല്ലുവിളികൾ

1. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് സ്ഥലം വർദ്ധിക്കുന്നില്ല. അതു കൊണ്ട് വീടുവെക്കാൻ സ്ഥലമില്ലാതാകുന്നു.
2. വീടുനിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ ദൗർലഭ്യം.
3. ഗതാഗത സൗകര്യത്തിന്റെ പരിമിതിമൂലം നിർമ്മാണ സാമഗ്രികൾ സ്ഥലത്ത് എത്തിക്കാനുള്ള പ്രയാസം.
4. പരിശീലനം ലഭിച്ച നിർമ്മാണ തൊഴിലാളികളുടെ അപര്യാപ്തത.
5. സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുടെ അഭാവം.
6. വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
7. ആദിവാസികൾക്ക് അവരുടെ താമസസ്ഥലത്തുനിന്ന് മരം മുറിച്ചെടുക്കാനുള്ള നിയമ തടസ്സം.
8. സ്വന്തമായി ഭൂമിയില്ലാത്തവർ.
9. തൊഴിലില്ലായ്മ കൊണ്ടുള്ള സാമ്പത്തിക ബുദ്ധിമുട്ട്.
10. നിർദ്ധനരെ സഹായിക്കുന്നതിൽ സന്നദ്ധ സംഘങ്ങളുടെ താൽപര്യക്കുറവ്.
11. വായ്പാ പദ്ധതികളെ കുറിച്ചുള്ള അജ്ഞത.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ പാർപ്പിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുക. ചുടുകട്ട, ഹോളോബ്രിക്സ് മുതലായവ അതതു പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
2. ചെലവു കുറഞ്ഞ വീടു നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.
3. നിർമ്മാണ തൊഴിലാളികൾക്കാവശ്യമായ പരിശീലനം നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടെ കൊടുക്കുക.
4. തൊഴിലാളികൾക്ക് ആകർഷകവും ഐക്യരൂപവുമുള്ള കൂലി നിജപ്പെടുത്തുക.
5. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ ഏജൻസികൾ പ്രവർത്തിപ്പിക്കുക.
6. വായ്പ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ലഘൂകരിക്കുക.

7. മൂന്നു ലക്ഷം രൂപയിൽ കൂടുതൽ തുക മുടക്കി വീടു നിർമ്മിക്കുന്നവരിൽ നിന്ന് നിശ്ചിത ശതമാനം സർചാർജ് ഈടാക്കി നിർദ്ധനരായവർക്ക് വീട് നിർമ്മിച്ചുകൊടുക്കുക.
8. പഞ്ചായത്തിൽ കെട്ടിട നിർമ്മാണനിയമം(Building Regulation Act) ബാധകമാക്കുക.
9. സ്ഥലമില്ലാത്തവർക്ക് പഞ്ചായത്തിന്റെ വക പുറംപോക്ക് സ്ഥലങ്ങളിലും മിച്ചഭൂമിയിലും വീട് വെച്ചു കൊടുക്കുക. അതിനു ചെലവാകുന്ന തുക ദീർഘകാലാടിസ്ഥാനത്തിൽ ഉപഭോക്താവിൽ നിന്നു തന്നെ പിരിച്ചെടുക്കുക.
10. നിർദ്ധനർക്ക് സൗജന്യമായി വീടു വെച്ചു കൊടുക്കുന്നതിനു സന്നദ്ധ സംഘടനകളെ പ്രോത്സാഹിപ്പിക്കുക.
11. ആദിവാസികൾക്ക് പട്ടയം നൽകി അവരുടെ സ്ഥലത്തുനിന്നും വീടു നിർമ്മിക്കാനാവശ്യമായ മരം മുറിച്ചെടുക്കാൻ അനുവദിക്കുക.
12. കുറഞ്ഞപലിശനിരക്കിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുക.
13. ജനസേവകരാണ് തങ്ങളെന്ന ബോധത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാധാരണക്കാരെ സഹായിക്കുന്നതിൽ കൂടുതൽ താൽപര്യം കാണിക്കുക.
14. നിലവിലുള്ള മൂന്ന്, ലക്ഷം വീട് കോളനികൾ ശാസ്ത്രീയമായി അളന്നു തിട്ടപ്പെടുത്തി അർഹതപ്പെട്ടവർക്ക് പതിച്ചുനൽകുക.
15. വിധവകൾക്കും വികലാംഗർക്കും ഭവനനിർമ്മാണ സഹായത്തിന് മുൻഗണന നൽകുക.
16. വിവിധ പദ്ധതികൾ മുഖേന സർക്കാർനൽകുന്ന സഹായധനം കാലോചിതമായി വർദ്ധിപ്പിക്കുക.
17. പുറത്തുനിന്ന് വന്നു ജോലി ചെയ്യുന്നവർക്കായി പഞ്ചായത്തിന്റെ കീഴിൽ കോട്ടേഴ്സുകൾ നിർമ്മിക്കുക.

സാമൂഹ്യക്ഷേമം

അവലോകനം

കുന്നുകളുടെ പ്രദേശമായ നമ്മുടെ പ്രദേശത്തിന്റെ തെക്കുഭാഗം മുഴുവൻ വനപ്രദേശമാണ്. നാനാജാതി മതസ്ഥരായ ആളുകൾ സമുദായ മൈത്രിയോടെ ഇവിടെ ജീവിക്കുന്നു. 75% ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇവരിൽ തന്നെ ഏറിയ പങ്കും കർഷകത്തൊഴിലാളികളും മറ്റുതൊഴിലുകളിലേർപ്പെട്ടവരുമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് ആദിവാസികൾ തിങ്ങി പാർക്കുന്നു.

നിലവിലുള്ള കുടുംബങ്ങളിൽ 50%ത്തിൽ കൂടുതൽ I.R.D.P. സഹായ ധനത്തിന് അർഹരാണ്. ഇവരിൽതന്നെ അജ്ഞതകൊണ്ടും സാങ്കേതിക തടസ്സംകൊണ്ടും മുഴുവനാളുകളും ഇതിന്റെ ഗുണഭോക്താക്കളാകുന്നില്ല. മാത്രമല്ല സർക്കാരിൽനിന്നും ലഭിക്കുന്ന തുച്ഛമായ തുക ഗുണഭോക്താവിനെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുന്നില്ല എന്നതാണ് വസ്തുത. 91-92ലെ I.R.D.P. സർവ്വെ പ്രകാരം 1668 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരാണ്. I.R.D.P. ധനസഹായം ലഭിച്ചവരുടെ പട്ടിക താഴെ കൊടുക്കുന്നു.

വർഷം	കുടുംബങ്ങളുടെ എണ്ണം
91-92	68
92-93	74
93-94	66
94-95	57
95-96	44
ആകെ	309

Tyssem പദ്ധതിപ്രകാരം എട്ടാം പദ്ധതിയിൽ 45 ആളുകൾക്ക് പരിശീലനം കിട്ടിയിട്ടുണ്ട്. ഇതിൽ നാലുപേർ ഒന്നും ചെയ്യുന്നില്ല. D.W.C.R.A. പ്രകാരം പഞ്ചായത്തിൽ 3 യൂണിറ്റുകൾ അനുവദിച്ചതിൽ പെരുവയിലുള്ള ഒന്നു മാത്രമേ നല്ല നിലയിൽ പ്രവർത്തിക്കുന്നുള്ളൂ. പുത്തലത്തും മണ്ഡപത്തുമുള്ള യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിന്റെ 1992ൽ നടത്തിയ സർവ്വെ പ്രകാരം ദുർബലവിഭാഗങ്ങൾക്കിടയിൽ 111 കക്കൂസുകൾ ആവശ്യമുള്ള സ്ഥലത്ത് 102 കക്കൂസുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 55% കുടുംബങ്ങൾക്കും കക്കൂസ് ആവശ്യമുണ്ട്.

ഗ്രാമീണ കൈത്തൊഴിലുകൾ ചെയ്യുന്ന ആളുകൾക്ക് നവീനരീതിയിലുള്ള പണിയായുധങ്ങൾ നൽകിവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം 26പേർക്ക് പണിയായുധങ്ങൾ ലഭിച്ചിട്ടുണ്ട്.

വിവിധ പദ്ധതികൾ പ്രകാരം പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ ഒരു പ്രീമെട്രക്ക് വിമൻസ് ഹോസ്റ്റലും 3 എൽ.പി. സ്കൂൾ ബിൽഡിംഗും ഒരു ഷോപ്പിംഗ് കോംപ്ലെക്സും, ഒരു ഓപ്പൺ ഏയർ തീയറ്ററും, ഒരു പച്ചക്കറിച്ചന്തയും ലഭിച്ചിട്ടുണ്ട്. കൂടാതെ ഒരു ബസ്സ്റ്റാന്റ്, 2 മിനിസ്റ്റേഡിയം, 3 നടപ്പാലം ഒരു റോഡുപാലം, 2 V.C.B., 15 കുളങ്ങൾ എന്നിവയും ആസ്തിയായുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് കാർഷികാവശ്യത്തിനായി 42 കിണറുകളും കുടിവെള്ളത്തിനായി 12 കിണറുകളും നിർമ്മിച്ചിട്ടുണ്ട്. C.S.S. സ്കീം പ്രകാരം 59 കിണറുകൾ, 8 കുളങ്ങൾ, 15 പമ്പുസെറ്റുകൾ വിതരണം ചെയ്തിട്ടുമുണ്ട്.

വിവിധ പെൻഷൻ പദ്ധതികൾ പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം

തൊഴിലില്ലായ്മ വേതനം	60
കർഷകത്തൊഴിലാളിപെൻഷൻ	7
വിധവാ പെൻഷൻ	23
വികലാംഗ പെൻഷൻ	17
അഗതി പെൻഷൻ	6

ഇവിടെ പത്തു പൊതുവിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ മാത്രമേ സ്ഥിരമായി ലഭിക്കുന്നുള്ളൂ. 3298 കുടുംബങ്ങൾക്ക് റേഷൻ കാർഡ് ഉണ്ട്. 400ഓളം കാർഡുകൾ ഇനിയും ആവശ്യമാണ്. ഇവിടെ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നില്ല.

ഈ പഞ്ചായത്തിൽ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 2 എണ്ണം ഒഴികെ ഒന്നിനും പ്രാഥമിക സൗകര്യങ്ങളില്ല. പിഞ്ചുകുഞ്ഞുങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയെ സഹായിക്കേണ്ട അംഗനവാടികളുടെ സൗകര്യം വളരെ പരിമിതമാണ്. അതു കൊണ്ടു തന്നെ സ്വകാര്യവ്യക്തികൾ നടത്തുന്ന നഴ്സറികളിലേയ്ക്ക് ധാരാളം കുട്ടികൾ പോകുന്നുണ്ട്.

ക്രമ നമ്പർ	അംഗൻവാടിയുടെ പേര്	നമ്പർ	അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യത					
			കെട്ടിടം	കക്കൂസ്	കിണർ	അടുക്കള	കളിക്കളം	കളിക്കോപ്പുകൾ
1.	മേനച്ചോടി	90	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
2.	വായന്നൂർ	83	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3.	മണ്ഡപം	81	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
4.	അത്തൂർ	88	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	ഈരായിക്കൊല്ലി	86	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6.	പെരുന്തോടി	85	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7.	പെരുവ	94	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8.	ചെമ്പക്കാവ്	95	ഇല്ല					
9.	പള്ളിപ്പാലം	82	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
10.	പുത്തലം	92	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
11.	കോളയാട്	89	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
12.	എടയാർ ചാലിൽ	96	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
13.	എടയാർ പതിനേഴാംമൈൽ	87	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
14.	ആലച്ചേരി	93	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
15.	ആലച്ചേരി സിറ്റി	91	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
16.	കൊമ്മേരി	84	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
17.	ചെക്യേരി	97	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല

നിലവിൽ രജിസ്റ്റർ ചെയ്ത പത്തോളം മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും ഒന്നോ രണ്ടോ മഹിളാസമാജങ്ങൾ മാത്രമേ നാമമാത്രമായി പ്രവർത്തിക്കുന്നുള്ളൂ. ഈ രംഗത്ത് അവർക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല എന്നതാണ് അവരുടെ മുഖ്യപ്രശ്നം.

പ്രശ്നങ്ങൾ

1) I.R.D.P. പദ്ധതിയെക്കുറിച്ച് അറിവില്ലായ്മ.
2) I.R.D.P. പദ്ധതിയിൽ അംഗം ആകുവാൻ വേണ്ടിവരുന്ന വരുമാന പരിധി വളരെ കുറവാണ്.
3) TRYSEM പരിശീലനകേന്ദ്രത്തിന്റെ അഭാവം.

4) TRYSEM കോഴ്സിന് വ്യത്യസ്ത കോഴ്സുകൾ പരിശീലിപ്പിക്കുവാൻ അവസരമില്ല.
5) DWCRA പദ്ധതിപ്രകാരമുള്ള യൂണിറ്റുകൾ കാര്യക്ഷമമല്ല.
6) മഹിളാസമാജങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.
7) കക്കൂസിനെക്കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല.
8) കക്കൂസിന് സർക്കാർ നൽകുന്ന തുകയുടെ അപര്യാപ്തത.
9) സാമൂഹിക ആസ്തികളുടെ പരിമിതി.
10) അർഹതയുള്ളവർക്ക് മുഴുവൻ പെൻഷൻ ലഭിക്കുന്നില്ല.
11) അംഗനവാടികൾക്ക് കെട്ടിടത്തിന്റേയും പ്രാഥമിക സൗകര്യങ്ങളുടേയും അഭാവം.
12) കൂടുതലായി വരുന്ന നഴ്സറിസ്കൂളുകൾ.
13) സന്നദ്ധ സംഘടനകളുടെ താത്പര്യക്കുറവ്.
14) മാവേലിസ്റ്റോറുകളുടെ അഭാവം.
15) പൊതുവിതരണകേന്ദ്രത്തിലൂടെ ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവ്.
16) അർഹതയില്ലാത്തവർ തൊഴിലില്ലായ്മവേതനം കൈപറ്റുന്നു. അർഹതയുള്ളവരുടെ അപേക്ഷകൾ ചുവപ്പുനാടയിൽ കെട്ടിക്കിടക്കുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1) വിദ്യാസമ്പന്നരായ യുവതീയുവാക്കളെ കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്നതിന് ബോധവാൻമാരാക്കുക.
2) സ്വയം തൊഴിൽ പദ്ധതിക്കുള്ള വായ്പ നൽകുന്ന സംവിധാനം ലളിതമാക്കുക.
3) TRYSEM പദ്ധതി പ്രകാരം തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുക. വില്ലേജാപ്പിസിനു പുറകിലുള്ള സർക്കാർ വക സ്ഥലം ഉപയോഗിക്കാവുന്നതാണ്.
4) I.R.D.P. പദ്ധതിയെക്കുറിച്ച് പഞ്ചായത്തു തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.
5) I.R.D.P. പദ്ധതിയിൽ അംഗമാകുവാൻ വേണ്ട വരുമാന പരിധി ഉയർത്തുക.
6) DWCRA യൂനിറ്റ് അംഗങ്ങളുടെ എണ്ണം 5 ആയി പരിമിതപ്പെടുത്തുക.
7) I.R.D.P., DWCRA യൂനിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്തു തലത്തിൽ വിപണന സൗകര്യം ഏർപ്പെടുത്തുക.
8) മഹിളാ സമാജങ്ങൾക്ക് സ്വന്തമായൊരു കെട്ടിടം ജനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് നിർമിച്ചു കൊടുക്കുക.
9) എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ നിർബന്ധമാക്കുക.
10) ഏറ്റവും നല്ല പ്രവർത്തനം കാഴ്ച്ചവെക്കുന്ന മഹിളാസമാജങ്ങൾക്ക് പ്രോത്സാഹനം നൽകുക.
11) കക്കൂസ് നിർമ്മാണത്തിന് സർക്കാർ നൽകുന്ന തുക വർദ്ധിപ്പിക്കുക. പഞ്ചായത്തിൽ കോളയാട്, ആലച്ചേരി, ആര്യപ്പാറമ്പ്, പെരുന്തോടി എന്നീ സ്ഥലങ്ങളിൽ പൊതുകക്കൂസ് നിർമ്മിക്കുകയും അവയുടെ ശുചീകരണം ഉറപ്പു വരുത്തുകയും ചെയ്യുക.
12) പഞ്ചായത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പൊതുസ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. (PHC, ആയുർവ്വേദം, VEO ഓഫീസ്, I.C.D.P സബ് സെന്റർ തുടങ്ങിയവ)
13) ഒരു കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്ത് ആസ്ഥാനത്ത് നിർമ്മിക്കുക.
14) പെൻഷൻ വിതരണം ചെയ്യുന്നതിന് ഏക ജാലക സംവിധാനം ഏർപ്പെടുത്തുക. എല്ലാവിധ പെൻഷനുകളും പഞ്ചായത്തുമുഖേന അനുവദിക്കാനാവശ്യമായ തസ്തികകൾ രൂപീകരിക്കുക.
15) അർഹതയില്ലാത്തവരെ പെൻഷൻ നൽകുന്നതിൽനിന്ന് ഒഴിവാക്കുകയും അർഹതയുള്ള മുഴുവനാളുകളെയും കണ്ടെത്തി പെൻഷൻ നൽകുകയും ചെയ്യുക.
16) പഞ്ചായത്തിലെ എല്ലാ വിഭാഗം തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാവാൻ പ്രേരിപ്പിക്കുക.
17) നിലവിലുള്ള അംഗൻവാടികൾക്ക് കെട്ടിടം, കിണർ, കക്കൂസ്, അടുക്കള, കളിസ്ഥലം, കളിക്കോപ്പുകൾ എന്നിവ നൽകുക.
18) അംഗനവാടികൾക്കാവശ്യമായ അരി ഉൾപ്പെടെയുള്ള ഭക്ഷണസാധനങ്ങൾ അതാതു സെന്ററുകളിൽ എത്തിച്ചുകൊടുക്കുക.
19) I.C.D.S സൂപ്പർവൈസർമാരെ പഞ്ചായത്തടിസ്ഥാനത്തിൽ നിയമിക്കുക.
20) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് അർഹമായ വേതനം നൽകുക.
21) സാമൂഹ്യക്ഷേമ രംഗത്ത് സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. അതിന് പഞ്ചായത്ത് നേതൃത്വം നൽകുക.
22) പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുക.
23) ന്യായവില ഷാപ്പുകൾ മുഖേന എല്ലാവിധ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുക.
24) റേഷൻ കാർഡ് നൽകുന്നതിൽ കാലതാമസം ഒഴിവാക്കുക. പുതിയകാർഡ് ലഭിക്കാനുള്ള അപേക്ഷകൾ പഞ്ചായത്തു തലത്തിൽ കൈകാര്യം ചെയ്യുക.
25) അംഗൻവാടികളുടെ എണ്ണം ജനസംഖ്യാടിസ്ഥാനത്തിൽ പുനക്രമീകരിക്കുക.
26) ആദിവാസികളുടെ കോളനിവത്കരണം ഒഴിവാക്കുക.
27) പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.
28) നിലവിൽ കോളയാട്, ആലച്ചേരി എന്നീസ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്ന വ്യവസായകേന്ദ്രങ്ങൾക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകുക.
29) തൊഴിലില്ലായ്മ വേതനത്തിനുള്ള ഗുണഭോക്തൃത്വത്തിനെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കണ്ടെത്തുക.



സംസ്കാരം - കായികം

സംസ്കാരം


കോട്ടയം പഴശ്ശിരാജവംശത്തിന്റെ ഭരണ പൈതൃകവും, ചിറ്റൂരിൽ നിന്ന് പടയോട്ടത്തിന്റെ സാഹചര്യവും, ബ്രിട്ടിഷ് ഈസ്റ്റിന്ത്യാ കമ്പനി ഭരണത്തിലെ പട്ടാള വണ്ടികളുടെ പ്രതിധ്വനികളും ഏറ്റുവാങ്ങിയ കോളയാട് ഗ്രാമപ്രദേശം പഴയ മലബാർ കോട്ടയം താലൂക്കിലെ ചിറ്റാരിപ്പറമ്പ് അംശത്തിൽ പെട്ടിരുന്ന കോളയാട് വില്ലേജും, മണത്തണ അംശത്തിൽ പെട്ടിരുന്ന വേക്കളം വില്ലേജും കൂടിച്ചേർന്നതാണ്. ഈ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക വേരുകൾ തേടിയുള്ള യാത്ര നമ്മെ എത്തിക്കുന്നത് മിക്കവാറും വനഭൂമിയായിരുന്ന ഒരു പ്രദേശത്തിലേയ്ക്കാണ്. തദ്ദേശീയരായ നായർ, നമ്പ്യാർ തറവാടുകളുടെ ജീവിത സംസ്കാരത്തിലേയ്ക്കും, ആദിദ്രാവിഡ സംസ്കാരത്തിന്റെ വാതാക്കളുടെ ഒരു ജനപഥത്തിലേയ്ക്കും ഈ അന്വേഷണം എത്തി നിൽക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ സംസ്കൃതിയെ സ്വാധീനിച്ചിട്ടുള്ള ജനസാന്ദ്രത രണ്ടുതരം കുടിയേറ്റങ്ങളുടെ ഫലമാണെന്നു കാണാം. പഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരു ശതമാനം 1920നു ശേഷം തിരുവിതാംകൂറിൽ നിന്നും ഇവിടെ കുടിയേറിയ ക്രൈസ്തവ, അക്രൈസ്തവ വിഭാഗത്തിൽ പെട്ടവരും അവരുടെ പിൻമുറക്കാരുമാണ്. പൗരാണിക കാലഘട്ടത്തിൽ തന്നെ കൂത്തുപറമ്പ്, പാനൂർ തുടങ്ങിയ പടിഞ്ഞാറൻ പ്രദേശങ്ങളിൽനിന്ന് പുനംകൃഷിക്കു വന്ന ഹിന്ദുക്കളും പാനൂർ, നാദാപുരം ഭാഗങ്ങളിൽ നിന്നു വന്ന മുസ്ലീങ്ങളും ഈ ഗ്രാമത്തിൽ കുടിയേറിയിട്ടുണ്ട്. വേറിട്ടൊരു സംസ്കാരത്തിന്റെ അവകാശികളായി, അന്നും ഇന്നും അവഗണിക്കപ്പെട്ടു കഴിയുന്ന കുറിച്യ, പണിയ വിഭാഗങ്ങളുടെ സംസ്കാരങ്ങൾ കൂടി പഠിച്ചാൽ മാത്രമേ സാംസ്കാരിക ചരിത്രം പൂർത്തിയാവൂ. വ്യത്യസ്ത സാംസ്കാരിക, സാമൂഹ്യ, സാമ്പത്തിക ചുറ്റുപാടിൽ ജീവിതം തുടങ്ങിയ ഈ ജനതയ്ക്ക് കാലപ്പഴക്കത്തിൽ അവരുടെ തനതു ഭാവങ്ങൾ കൈമോശം വന്നിട്ടുണ്ട്. ഇതിനു മുഖ്യമായ കാരണം ഈ പ്രദേശത്തുണ്ടായ കുടിയേറ്റമാണ്.

ജന്മി - കുടിയാൻ സമ്പ്രദായത്തിലെ കാർഷിക സാമ്പത്തിക അടിത്തറയിൽ തുടങ്ങിയ ജീവിതസംസ്കാരം ഇന്നത്തെ അവസ്ഥയിലെത്തി നിൽക്കുമ്പോൾ യശഃശരീരരായ വെള്ളുവ കുഞ്ഞുണ്ണി നമ്പ്യാർ, ചന്ദ്രോത്ത് പൈതൽ നമ്പ്യാർ, കുന്നിനപ്പുരത്ത് അപ്പുനമ്പ്യാർ തുടങ്ങി നിരവധി മഹദ് വ്യക്തികളോടുള്ള കടപ്പാട് നിലനിർത്തേണ്ടതുണ്ട്. ആധുനിക കോളയാടിന്റെ ശില്പികളായി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച മൺമറഞ്ഞുപോയ റാവു ബഹദൂർ ജെ.സി. സെക്കോയും മുൻ കോളയാട് പഞ്ചായത്ത് പ്രസിഡണ്ടും സാമൂഹ്യപ്രവർത്തകനുമായിരുന്ന ശ്രീ. കെ.കെ. കുര്യനും, കോളയാട് ലത്തീൻ ദേവാലയത്തിന്റെ ആദ്യത്തെ വികാരി റവ. ഫാദർ പോൾ ഫെർണാണ്ടസും ഈ ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ ചരിത്രത്തിൽ എക്കാലവും തിളങ്ങി നിൽക്കുന്ന

വ്യക്തികളാണ്. ഈ ഗ്രാമത്തിന്റെ ഗതാഗത സൗകര്യങ്ങളുടെ അടിത്തറയായി നിൽക്കുന്ന 1823ൽ ബ്രിട്ടീഷ് ബെറ്റാലിയൻ (Madras II BN) പണികഴിപ്പിച്ച കണ്ണവം, പുന്നപ്പാലം, ഒനടുംപുറംചാൽ തുടങ്ങിയ പാലങ്ങൾ ചരിത്രത്തിന്റെ ഭാഗമായി ഇന്നും നിലനിൽക്കുന്നു. ഈ ഗ്രാമത്തിന്റെ സ്വച്ഛന്ദമായ ജീവിത ധാരയിൽ ഒരിക്കൽ പോലും ജനജീവിതത്തിന്റെ താളം തെറ്റിക്കുന്ന രാഷ്ട്രീയ, വർഗ്ഗീയ, സാമുദായിക സംഘട്ടനങ്ങൾ ഉണ്ടായിട്ടില്ല എന്നത് കോളയാട് ഗ്രാമവാസികൾക്ക് അഭിമാന പൂരസരം ഓർക്കാവുന്നതാണ്.

ആധുനിക കോളയാടിന്റെ ശില്പികൾ:-



ജെ.സി. സെക്കേര
തഹസിൽദാർ,
എത്തിച്ചേർന്ന വർഷം, 1920

കെ.കെ.കുഞ്ഞിരാമൻ
മുൻ പഞ്ചായത്ത് പ്രസിഡണ്ട്
രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകൻ.

ജാതി ഘടന:

ഗ്രാമപഴമയിൽ ഹിന്ദുമത വിശ്വാസങ്ങളും ആചാരങ്ങളും മാത്രമുണ്ടായിരുന്ന ഒരു കാലഘട്ടം ഈ ഗ്രാമത്തിനുമുണ്ട്. പിൽക്കാലത്ത് വന്ന മുസ്ലീം കുടിയേറ്റവും ക്രൈസ്തവ മിഷിനറിമാരുടെ വരവും സംഘടിത കുടിയേറ്റവും കൂടി വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്, എങ്കിലും ഹിന്ദുമതാചാരപ്രകാരമുള്ള തിറയുത്സവങ്ങൾ, കാവുകളിലെ ഉത്സവങ്ങൾ ആടിയും വേടനും, കോതാമൂരി പാട്ടുകൾ തുടങ്ങിയവയും, ക്രൈസ്തവ-മുസ്ലീം ആരാധനാലയങ്ങളിലെ പെരുന്നാളുകളും ആഘോഷങ്ങളും പട്ടികവർഗ്ഗ പട്ടിക ജാതി വിഭാഗങ്ങളുടെ തനത് ആചാര വിശേഷങ്ങളും ഈ ഗ്രാമത്തിന്റെ തുടിപ്പുകളായി ഇന്നും നിലനിൽക്കുന്നു.

കലാ സാംസ്കാരിക പ്രവർത്തനങ്ങൾ

ഏതാണ്ട് ഒരു നൂറ്റാണ്ട് മുമ്പു തന്നെ ഈ ഗ്രാമത്തിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഒരോ പ്രദേശത്തേയും നാട്ടുക്കൂട്ടങ്ങൾ ആ പ്രദേശത്തിന്റെ ഒരു വർഷത്തെ ജീവിതചര്യകളെ ബാധിക്കുന്ന എല്ലാകാര്യങ്ങളും ഗ്രാമത്തലവന്റെ സാന്നിധ്യത്തിൽ രൂപപ്പെടുത്തിയിരുന്നു. വിളവെടുപ്പിനോടനുബന്ധിച്ച് കൂടിയിരുന്ന ഈ നാട്ടുക്കൂട്ടങ്ങളാണ് ഇവിടുത്തെ പ്രാചീന കലാരൂപങ്ങളുടെ പ്രവേസ്ഥാനങ്ങൾ. വീരാരാധനയിൽനിന്ന് രൂപമെടുത്ത കലാസൽഷ്ടികളായിരുന്നു ഇവയിൽ മിക്കതും. തുടർന്നിങ്ങോട്ട് കുടിപ്പള്ളിക്കൂടങ്ങൾ, ആശാൻകളരികൾ എന്നിവയിൽ നിന്നാരംഭിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങളെ നമുക്കു കാണാം. ഇവ സംവിധാനം ചെയ്ത മഹൽവ്യക്തികൾ തീർച്ചയായും ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക വക്താക്കൾ തന്നെയാണ്.

1948ലാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥശാല സ്ഥാപിതമായത്. കേരളഗ്രന്ഥശാലാ സംഘത്തിൽ തലശ്ശേരി മേഖലയിലെ രണ്ടാമതായി രജിസ്റ്റർ ചെയ്യപ്പെട്ടപ്രസ്തുത ഗ്രന്ഥശാല ശ്രീ. ജെ.സി. സെക്കേര രൂപം കൊടുത്ത ഗ്രാമസേവാ സംഘം ഗ്രന്ഥശാലയാണ്. ഇതേ ഗ്രന്ഥശാലയാണ് പിന്നീട് ജെ.സി. സെക്കേര മെമ്മോറിയൽ ഗ്രന്ഥശാലയും വായനശാലയുമായി പരിണമിച്ചത്.

ഗ്രാമത്തിന്റെ പഴയകാലസാംസ്കാരിക ചരിത്രത്തിൽ നാടകങ്ങൾക്കുണ്ടായിരുന്ന സ്ഥാനം ഇവിടെ പ്രസ്താവ്യമാണ്. പുനത്തിൽ നാരായണൻ നമ്പ്യാരുടെ നേതൃത്വത്തിൽ രൂപപ്പെട്ടപുരാണ നാടകസംഘവും പെരുന്തോടി കേന്ദ്രീകരിച്ച് സന്തോഷ് റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട് ഏതാണ്ട് പ്രൊഫഷണൽ തലത്തിലേയ്ക്ക് വളർന്ന നാടക സംഘവും കോളയാട് കേന്ദ്രമാക്കി ജെ.സി. സെക്കേര സ്മാരക വായനശാലയുടെ നേതൃത്വത്തിൽ രൂപീകരിച്ച നാടകസംഘവും സജീവമായി നിലനിന്നിരുന്നു. കാലാന്തരത്തിൽ ഇവയെല്ലാം നാമാവശേഷമായി. ആ കാലഘട്ടത്തിലുണ്ടായിരുന്ന കൂട്ടായ്മ പിന്നീട് രൂപം കൊണ്ട കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ വിഭാഗീയതയുടെ മുഖമണിയുകയും അവയുടെ പ്രവർത്തനങ്ങളിൽ അപചയം ഉണ്ടാവുകയും ചെയ്തു. ഈ ഭൂമികയിൽ നിന്നു വേണം നാം പുത്തൻ കലാ സാംസ്കാരിക പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ.

നിലവിലുള്ള കലാ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ തികച്ചും നിരാശാജനകമായ ഒരു ചിത്രമാണ് നമുക്കു മുമ്പിൽ തെളിയുന്നത്. ഗ്രന്ഥാലയങ്ങളും വായനശാലകളും ഒരു പ്രദേശത്തിന്റെ സാംസ്കാരിക മേഖലയെ സമ്പുഷ്ടമാക്കേണ്ടവയാണെന്നിരിക്കെ പഞ്ചായത്തിലെ മിക്ക ഗ്രന്ഥാലയങ്ങളും വായനശാലകളും ശോചനീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്.

ഇതിനപവാദമായി പറയാവുന്ന രണ്ടു ഗ്രന്ഥാലയങ്ങൾ ആലച്ചേരി "ജ്ഞാനോദയം വായനശാല & ഗ്രന്ഥാലയവും" ഈരായിക്കൊല്ലി "ജ്ഞാനോദയം ഗ്രന്ഥാലയവും" മാത്രമാണ്.

പത്രമാസികകളുടെ പ്രചാരണം സാംസ്കാരികാഭിവൃദ്ധിയേയും വിദ്യാഭ്യാസ പുരോഗതിയേയും ഒരു പോലെ സാധീനിക്കുന്ന ഘടകമാണ്. പഴയ കാലഘട്ടത്തിൽ ഈ ഗ്രാമത്തിൽ നസ്രാണി ദീപികയും മലയാള മനോരമയും മാത്രമായിരുന്നു ലഭ്യമായിരുന്ന പത്രങ്ങൾ. മാതൃഭൂമി ദിനപത്രം പിന്നീട് മാത്രം ഗ്രാമത്തിൽ എത്തിച്ചേർന്നതാണ്. മാസികകളുടെ വിഭാഗത്തിൽ ദേശമിത്രം, മനോരാജ്യം, തനിനിറം, സരസൻ, കുങ്കുമം തുടങ്ങിയവയും കുട്ടികൾക്കുവേണ്ടി അമ്പിളി അമ്മാവൻ എന്ന മാസികയും അന്ന് ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. പിന്നീടുള്ള വർഷങ്ങളിലെ വായനാശീലത്തിൽ നിന്നും സമ്പൂർണ്ണ സാക്ഷരത കൈവരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനാശീലം തികച്ചും താഴോട്ടു പോകുന്ന ഒരു ഗ്രാഫിൽ മാത്രമേ ചിത്രീകരിക്കാൻ കഴിയൂ.

കായികരംഗം

ലഭ്യമായ വിവരങ്ങൾ വെച്ചുകൊണ്ട് ഈ ഗ്രാമത്തിൽ നിലനിന്നിരുന്ന കായിക രൂപങ്ങൾ ഓരോ പ്രദേശക്കാരും അന്യോന്യം മത്സരിച്ചു നടത്തിയിരുന്ന തലപ്പന്തുകളി, കോൽകളി, ചതുരംഗം, വാരകളി തുടങ്ങിയവയാണെന്നു കാണാം. കളരിസംഘങ്ങളാവട്ടെ പുറമെ നിന്നു വന്നിരുന്ന ഗുരുക്കൻമാർ നടത്തിയിരുന്നവയാണ്. 1940 കളിൽ ഇവിടെ വോളീബോൾ കളി പ്രചാരത്തിൽ വരികയും ജില്ലാ-സംസ്ഥാനതലം വരെ കായിക പ്രതിഭകളെ ഉയർത്തിക്കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. 1965നു ശേഷം മാത്രമേ ഫുട്ബോൾ കളി ഇവിടെ വളരാൻ തുടങ്ങിയിട്ടുള്ളൂ. പിന്നീടിങ്ങോട്ടുള്ള കായിക സംസ്കാര ചരിത്രത്തിൽ സ്കൂൾ കായികമേളകളും ചില ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടക്കുന്ന ടൂർണ്ണമെന്റുകളും മാത്രമേ പ്രസ്താവ്യമായിട്ടുള്ളൂ. ഗ്രാമത്തിലെ യുവതലമുറയിലെ സ്പോർട്സ് താൽപര്യം കേവലം ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള ആസ്വാദന പ്രക്രിയ മാത്രമായി മാറിയിരിക്കുന്നു.

ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ സ്വാധീനം

ശാസ്ത്രസാങ്കേതിക വളർച്ചയുടെ ഭാഗമായി ഇലക്ട്രോണിക്ക് മാധ്യമങ്ങളിൽ വന്ന മാറ്റം ചെറിയ തോതിലെങ്കിലും നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരിക മേഖലയെ സ്വാധിനിച്ചിട്ടുണ്ട്. ഈ മാധ്യമങ്ങൾ ആധുനീക ശാസ്ത്രാവബോധം വളരാനുപകരിക്കുന്നുണ്ടെങ്കിലും നല്ലൊരളവിൽ സാംസ്കാരിക ജീർണ്ണതയ്ക്കും വഴിവെക്കുന്നുണ്ട്. ഈ ജീർണ്ണതകൾ പരിഹരിക്കാൻ ഇത്തരം മാധ്യമങ്ങളുടെ ഉപയോഗം സമൂഹത്തിന്റെ വളർച്ചയ്ക്ക് അനുഗുണമായ രീതിയിലും സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ടും ആയിരിക്കണം.

പ്രശ്നങ്ങൾ

1) ഈ പഞ്ചായത്തിലുണ്ടായിരുന്ന കാവുകളുടേയും ആരാധനാലയങ്ങളുടേയും അപചയം.
2) ഗ്രാമത്തിന്റെ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിലുള്ള കൂട്ടായ്മ നശിച്ചുപോയിരിക്കുന്നു.
3) പഴയ തലമുറ കാത്തുസൂക്ഷിച്ച ഐതിഹ്യങ്ങൾ, മിത്തുകൾ, നാടൻപാട്ടുകൾ എന്നിവ പുതിയതലമുറക്ക് തീർത്തും അന്യമാവുന്നു.
4) സാംസ്കാരിക നിലയം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തികരിക്കാനാവാത്ത വിധം അപചയം നേരിടുന്നു.
5) വിദ്യാലയങ്ങൾ അതതുപ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നില്ല.
6) നമ്മുടെ പഞ്ചായത്തിൽ സമ്പന്നമായി നിലനിന്നിരുന്ന കുലത്തൊഴിലുകളും പരമ്പരാഗത കരകൈശലപ്രവർത്തനങ്ങളും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു.
7) പഞ്ചായത്തിൽ വ്യാപകമായ തോതിൽ മയക്കുമരുന്ന്, മദ്യം എന്നിവയുടെ ഉപയോഗം ഉയർത്തുന്ന പ്രശ്നങ്ങൾ ഒരു വെല്ലുവിളിയായി കാണേണ്ടതുണ്ട്.
8) നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് വാർത്താമാധ്യമങ്ങളുടെ അപര്യാപ്തതയും അവയുടെ ഉപയോഗ ക്രമത്തിലെ വൈകല്യങ്ങളും.
9) നമ്മുടെ ഗ്രാമത്തിന് ഒട്ടേറെ സാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ടെങ്കിലും അവയൊന്നും യുവതീയുവാക്കളുടെ സർഗാത്മക വികസനത്തിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനം നടത്തുന്നില്ല.
10) കുട്ടികൾക്കായുള്ള ഒരു ഒഴിവുകാല വിനോദകേന്ദ്രത്തിന്റെ അഭാവം അടിയന്തിരമായും പരിഗണിക്കേണ്ടതാണ്.
11) വിവിധ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സൗകര്യപ്രദമായി നടത്താൻ പറ്റിയ കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്തിലില്ല.

നിർദ്ദേശങ്ങൾ

1) പൂർണ്ണമായും ഇല്ലാതായതും, നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതുമായ നമ്മുടെ അനുഷ്ഠാനകലകളെ പുനരുജ്ജീവിപ്പിക്കാനും നവീകരിക്കാനും കഴിയണം.
2) എല്ലാ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാമത്തിന്റെ ഉത്സവം ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന വിധത്തിൽ നടത്തുക.
3) പുരാതന സംസ്കൃതിയിലേക്കുള്ള വാതായനങ്ങളായി വർത്തിച്ച ലഭ്യമായ എല്ലാ വാമൊഴിയും വരമൊഴിയും ശേഖരിക്കാനും

അതൊരു ചരിത്രരേഖയാക്കി സൂക്ഷിക്കാനും കഴിയേണ്ടതാണ്.

4) സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യാനുള്ള ജനകീയ സമിതി ഉണ്ടാവണം.

5) നിലവിലുള്ള എല്ലാ സ്കൂളുകളിലും വാർഷികാഘോഷങ്ങൾ മദ്ധ്യവേനൽ അവധിക്കാലത്ത് പതിവായി നടത്തുകയും അതതു പ്രദേശത്തെ ജനതയുടെ ഗ്രാമോത്സവമായി മാറ്റുകയും വേണം.

6) പരമ്പരാഗത കുലത്തൊഴിലുകളും കരകൗശല പ്രവർത്തനങ്ങളും സജീവമാക്കുകയും പഞ്ചായത്തു തലത്തിൽ അവയുടെ വിപണന കേന്ദ്രം കണ്ടെത്തുകയും വേണം.

7) പുന്നപ്പാലം മദ്യനിരോധന സമിതിയുടെ പ്രവർത്തനം മാതൃകയാക്കി ശക്തവും വ്യാപകമായ പ്രചാരണപ്രക്രിയക്ക് എല്ലാവാർഡിലും രൂപം കൊടുക്കണം.

8) നിലവിലുള്ള സാധ്യതകൾ പരിഗണിച്ച് വാർത്താ മാധ്യമങ്ങളായ പത്രങ്ങൾ, മാസികകൾ, റേഡിയോ, ടി.വി. തുടങ്ങിയവ ഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും പഞ്ചായത്തു വകയായി അനുവദിച്ചു കൊടുക്കേണ്ടതാണ്.

9) സാംസ്കാരിക നിലയം, ഹൈസ്കൂൾ, സ്വാതി ഫൈൻ ആർട്ട്സ് സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി കഥ, കവിത, നാടകം, സംഗീതം തുടങ്ങിയ സർഗ്ഗാത്മക കലകളുടെ വികസനത്തിനുതകുന്ന പഠനക്യാമ്പുകൾ സംഘടിപ്പിക്കാനും മേൽപ്രവർത്തനങ്ങളുടെ നൈരന്തര്യം ഉറപ്പുവരുത്തുകയും വേണം.


10) പഞ്ചായത്തിന് പൊതുവായി ഒരു കമ്മ്യൂണിറ്റി ഹാളുണ്ടാക്കാൻ കഴിയണം. ഇതിന് നിലവിലുള്ള മത-സാംസ്കാരിക-സാമ്പത്തിക സ്ഥാപനങ്ങളെ പ്രേരിപ്പിച്ച് നടപ്പിലാക്കാൻ ശ്രമിക്കാവുന്നതാണ്.

11) നിലവിൽ, പഞ്ചായത്തിലെ സ്കൂളുകളോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ വികസനം ഉറപ്പു വരുത്തേണ്ടതാണ്.

12) സാധ്യതകളനുസരിച്ച് ജനങ്ങളുടെ കായികവും മാനസികവുമായ വികസനത്തിനുതകുന്ന ആയോധന കലാകേന്ദ്രങ്ങളായ കളരികൾ, കരാട്ടെ കേന്ദ്രങ്ങൾ, ജിംനേഷ്യങ്ങൾ തുടങ്ങിയവ രൂപീകരിക്കണം.

13) സുകുമാര കലാപരിശീലന കേന്ദ്രങ്ങൾ എന്ന നിലയിൽ സംഗീത-നൃത്തകളരികൾ തുടങ്ങേണ്ടതാണ്.







വ്യവസായം

വ്യാവസായിക വികസനം നാടിന്റെ മുരടിപ്പ് മാറ്റാൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പരമ്പരാഗത വ്യവസായത്തിന് പഞ്ചായത്തിൽ ഒട്ടേറെ സാധ്യത ഉണ്ടായിട്ടുകൂടെ അത്തരം സംരംഭങ്ങൾ വളർന്നു വരുന്നില്ല. പഞ്ചായത്തിൽ അധിവസിക്കുന്ന ഒരു പ്രധാനവിഭാഗമായ പട്ടികവർഗ്ഗക്കാരും മറ്റും ആദ്യകാലങ്ങളിൽ നമ്മുടെ പ്രദേശത്ത് ലഭ്യമായ വസ്തുക്കളുപയോഗിച്ചുകൊണ്ടുള്ള കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. പരമ്പ് നെയ്ത്ത്, കുട്ടനെയ്ത്ത്, പായനെയ്ത്ത്, മുറം മടയൽ, കസേരനിർമ്മാണം എന്നിവ അവയിൽ ചിലതു മാത്രമാണ്. ഇന്നും ആധുനികതയ്ക്ക് കൈവെക്കാൻ കഴിയാത്ത ഒരു മേഖലയായിട്ടുകൂടെ ഇത്തരം സംരംഭങ്ങളെ വളർത്തിയെടുക്കാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിഞ്ഞിട്ടില്ല. സ്വന്തമായി വിപണി കണ്ടെത്താൻ കഴിയാത്തതും സാമ്പത്തിക പ്രശ്നങ്ങളും അസംസ്കൃതപദാർത്ഥങ്ങളുടെ ദൗർലഭ്യവും കൈത്തൊഴിലുകളിൽ ഏർപ്പെടുന്നതിൽ നിന്നും അത്തരക്കാരെ പിന്നോട്ടടിപ്പിക്കുന്നു.

പരമ്പരാഗത വ്യവസായത്തിന് അപചയം നേരിട്ടതിൽ കുടിയേറ്റ പ്രക്രിയയും പുത്തൻ കാർഷിക മേഖലയിലേക്കുള്ള മാറ്റവും കാരണമായി. ഉപജീവനം ലക്ഷ്യമാക്കി കൊണ്ടുള്ള കൈത്തൊഴിലുകൾക്ക് പകരം പുത്തൻ കാർഷികമേഖലയുമായി ബന്ധപ്പെട്ട് തൊഴിൽ സാധ്യത വർദ്ധിക്കുകയും, ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുലത്തൊഴിലിൽ നിന്ന് മാറി മുഴുവൻ സമയ കർഷക തൊഴിലാളികളാവുകയുമായിരുന്നു.

ഇന്നത്തെ സാഹചര്യത്തിൽ, വളർന്നുവന്ന കാർഷിക സാഹചര്യങ്ങൾക്കനുസൃതമായ ഒരു വ്യവസായിക ചുറ്റുപാട് വളർത്തിയെടുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. 1950കളിൽ ഒരു ഗ്രാമീണ കൈത്തൊഴിൽ കേന്ദ്രം ആരംഭിക്കുന്നതിനായി ഒരു കെട്ടിടം പണിയുകയുണ്ടായെങ്കിലും പ്രവർത്തനം ആരംഭിക്കുകയുണ്ടായില്ല. മരച്ചീനിയിൽ നിന്ന് സ്റ്റാർച്ച് നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കാനുള്ള ശ്രമവും നടന്നിരുന്നുവെങ്കിലും അതും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾക്കുതകുന്ന തരത്തിലുള്ള വ്യാവസായിക സംരംഭം നമുക്ക് തുടങ്ങേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ ഒട്ടുമിക്ക മേഖലകളിലേക്കും ഗതാഗത സൗകര്യമുണ്ടെങ്കിൽ കൂടിയും ഭൂരിഭാഗം പ്രദേശത്തും ഇന്നും വൈദ്യുതി കടന്നെത്തിയിട്ടില്ലാ എന്നത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിഘാതമായി നിൽക്കുന്നു. പഞ്ചായത്തിലെ മുഖ്യകാർഷികോൽപ്പന്നങ്ങളായ റബ്ബർ, കശുവണ്ടി, നാളികേരം തുടങ്ങിയവ വ്യവസായ രംഗത്ത് ഇവിടെ പ്രയോജനപ്പെടുത്തുന്നില്ല. ഇവ ഉപയോഗിച്ചുള്ള വിവിധയിനം ചെറുകിട വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്. ഒരു വീട് ഒരു ചെറുകിട വ്യവസായ യൂനിറ്റാക്കി മാറ്റാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇവിടെ ലഭിക്കുന്ന അസംസ്കൃതസാധനങ്ങൾ ഉപയോഗപ്പെടുത്തി ഇത്തരം സംരംഭങ്ങൾ ആവിഷ്കരിക്കാൻ

നമുക്ക് കഴിയണം. എന്നാൽ ചെറുകിട വ്യവസായങ്ങൾ തകർച്ചയെ നേരിടുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നായ വിപണികളുടെ അപര്യാപ്ത പരിഹരിക്കപ്പെടേണ്ടതുണ്ട്. ഇതിനായി പഞ്ചായത്ത് കേന്ദ്രത്തിൽ തന്നെ ചെറുകിട യൂനിറ്റുകൾക്ക് ആവശ്യമായ അസംസ്കൃതസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള ഒരു കേന്ദ്രം ഉണ്ടാവേണ്ടതുണ്ട്. ഇതു സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കാൻ കഴിയണം. നിലവിൽ നമ്മുടെ പഞ്ചായത്തിൽ സഹകാര മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സ്റ്റോൺക്രഷറും എടയാറിൽ തന്നെയുള്ള പേപ്പർകോൺ നിർമ്മിക്കുന്ന ഒരു പേപ്പർ പ്രൊഡക്ട്സ് യൂനിറ്റും മാത്രമാണ് നാമമാത്രമെങ്കിലും തൊഴിലാളികളെ വെച്ച് പ്രവർത്തനം നടത്തിവരുന്ന വ്യവസായ യൂനിറ്റുകൾ. സ്റ്റോൺ ക്രഷർയൂനിറ്റിൽ ഇഷ്ടിക, ഹോളോബ്രിക്സ് എന്നിവ നിർമ്മിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിൽ ഇതൊരു വ്യവസായമായി വളർത്തിയെടുക്കാൻ കഴിയും. വർദ്ധിച്ചു വരുന്ന സാധ്യതകൾ കണക്കിലെടുത്താൽ ഇഷ്ടിക, ഹോളോബ്രിക്സ് നിർമ്മാണം ലാഭകരമാക്കാൻ കഴിയും. 2 ടയർ വർക്ക്സും 2 സോഡാ നിർമ്മാണ യൂനിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരവികസനവകുപ്പിൻകീഴിൽ പരിശീലനം നേടിയ 5 വനിതകൾ ചേർന്ന് ആരംഭിച്ചിട്ടുള്ള ഒരു ക്ഷീരോൽപ്പന്ന യൂനിറ്റും ഇവിടെ പ്രവർത്തിക്കുന്നു. മറ്റു സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1ൽ ചേർത്തിരിക്കുന്നു. മേനച്ചോടി, പാടിപ്പറമ്പ്, വേക്കളം ഭാഗങ്ങളിൽ ചെങ്കല്ലുകൊത്തി വിൽപ്പന നടത്തി വരുന്നു. വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

പട്ടിക - 1 സ്ഥാപന വിവരം

ക്രമ നമ്പർ	ഇനം	ആകെ എണ്ണം	
1	പലചരക്ക്	67	
2	ഹോട്ടൽ-ചായ	45	
3	സ്റ്റേഷനറി	30	
4	കൺസ്യൂമർ സ്റ്റോർ	4	സഹകരണ മേഖല
5	തുണിക്കട	7	
6	ഫർണിച്ചർ	2	
7	ബേക്കറി	7	
8	ഹാർഡ്വേർസ്	3	
9	മലഞ്ചരക്ക് സംഭരണം	11	
10	രാസവളം	4	2 എണ്ണം സഹകരണ മേഖലയിൽ
11	സോഡ	2	
12	റൈസ് മിൽ	4	1 പ്രവർത്തിക്കുന്നില്ല
13	മെറ്റൽ വർക്ക്സ്	1	
14	ടയർവർക്ക്സ്	2	

ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം ലഭിച്ച 45പേർ പഞ്ചായത്തിലുണ്ട്. പരിശീലനത്തിനു ശേഷം എല്ലാവരും ബന്ധപ്പെട്ട മേഖലയിലേക്ക് പ്രവേശിക്കാൻ തയ്യാറായിട്ടില്ല. D.W.C.R.A യുടെ മൂന്ന് യൂനിറ്റ് പ്രവർത്തനം ആരംഭിച്ചുവെങ്കിലും 1 യൂനിറ്റ് മാത്രമാണ് പ്രവർത്തിക്കുന്നത്.

പ്രശ്നങ്ങൾ

1) സ്ഥലസൗകര്യങ്ങളുടെ അപര്യാപ്തത
2) ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി കടന്നെത്തിയിട്ടില്ല.
3) ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
4) പഞ്ചായത്തിന്റെ ഭൂരിഭാഗവും വനമേഖലയാണ്.
5) സാങ്കേതിക പരിജ്ഞാനം നേടിയവരുടെ അഭാവം.
6) പരമ്പരാഗത വ്യവസായങ്ങൾക്ക് അർഹമായ വേതനം ലഭിക്കായ്ക.
7) അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം.
8) മൂലധന-വായ്പാ സൗകര്യങ്ങളുടെ കുറവ്.
9) ലൈസൻസുകൾ ലഭിക്കാനുള്ള കാലതാമസം.

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിക്കഴിഞ്ഞാൽ മാത്രമേ പഞ്ചായത്തിൽ വ്യവസായ സംരംഭങ്ങൾ വിജയത്തിലെത്തുകയുള്ളൂ. ഭൂവിസ്തൃതിയിൽ മാറ്റം വരുന്നില്ല എന്നതുകൊണ്ടുതന്നെ സ്ഥല പരിമിതി നിലനിൽക്കുന്നു. ഇതിനുള്ള പരിഹാരമെന്ന നിലയിലാണ് ആദ്യം സൂചിപ്പിച്ച വിധത്തിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂനിറ്റുകളായി വീടുകളെ മാറ്റിയെടുക്കേണ്ടത്. വിപണനം നടത്താനും അസംസ്കൃത സാധനങ്ങൾ എത്തിക്കുന്നതിനും ആവശ്യമായ സംവിധാനം ഇത്തരം യൂനിറ്റുകൾക്ക് ഉണ്ടാക്കിക്കൊടുക്കാൻ കഴിയണം.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനാവശ്യമായ പരിശീലനം നൽകുകയും വൈദ്യുതി പ്രശ്നം പരിഹരിക്കുകയും ചെയ്യേണ്ടതാണ്. പരമ്പരാഗത വ്യവസായങ്ങൾ വളർത്തിയെടുക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ഈ രംഗത്ത് ശ്രദ്ധിക്കണം. വ്യവസായങ്ങൾ ആരണഭിക്കാനാവശ്യമായ ധനസഹായം നൽകുകയോ, സംഘങ്ങൾ നേരിട്ട് യൂനിറ്റ് നടത്തുകയോ ചെയ്താൽ ഇത്തരം സംരംഭങ്ങളെ വളർത്തിക്കൊണ്ടുവരുവാൻ കഴിയും.

സാധ്യതകൾ

1) പഞ്ചായത്തിലെ മുഖ്യ നാണ്യവിളകളിൽ ഒന്നായ റബ്ബർപാൽ ഉപയോഗിച്ച് ബലൂൺ, ഗ്ലൗസ്, റബ്ബർബാന്റ്, ചെരുപ്പുകൾ, ബൂഷ് എന്നിവ പോലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂനിറ്റ് രൂപീകരിക്കാൻ കഴിയും.

2) കശുവണ്ടി സംസ്കരണ യൂനിറ്റും വെറുതെ പാഴായി പോകുന്ന കശുമാങ്ങ ഉപയോഗിച്ച് ജാം, സ്കാഷ്, വിനാഗിരി എന്നിവയുടെ നിർമ്മാണം.

3) നാളികേരം സംഭരിച്ച് വെളിച്ചെണ്ണ ഉൽപ്പാദനവും ചകിരി ഉപയോഗിച്ച് ബ്രഷ്, കയർ, ചവിട്ടു പായ എന്നീ വസ്തുക്കളും ചകിരിച്ചോറ് ഉപയോഗിച്ചു കൊണ്ടുള്ള ജൈവവള നിർമ്മാണം, ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ, തേങ്ങവെള്ളം ഉപയോഗിച്ചുള്ള പാനീയം എന്നിവ നിർമ്മിക്കുന്നതിനായി ഒരു വ്യവസായ യൂനിറ്റ്.

4) ഖാദിവ്യവസായ യൂനിറ്റ് ആരംഭിക്കുക.

5) റബ്ബർ വിത്ത് ഉപയോഗിച്ചുകൊണ്ടുള്ള സസ്യഎണ്ണ ഉൽപ്പാദനവും ഇതുപയോഗിച്ചുള്ള സോപ്പ് നിർമ്മാണം.

6) വാർഡടിസ്ഥാനത്തിൽ മെഴുകുതിരി നിർമ്മാണ യൂനിറ്റ് ആരംഭിക്കണം.

7) സഹകരണ അടിസ്ഥാനത്തിൽ പട്ടുനൂൽ വ്യവസായം ആരംഭിക്കുക. ഇതിനായി മൾബറികൃഷിയും പട്ടുനൂൽ പുഴു വളർത്തലും സാധ്യമായ എല്ലാ വീടുകളിലും നടത്തുന്നതിനാവശ്യമായ സഹായം ചെയ്തുകൊടുക്കുക.

8) ലഭ്യമായ അസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്തി ഹാർഡ് ബോർഡ് നിർമ്മിക്കുന്ന വ്യവസായ യൂനിറ്റ് ആരംഭിക്കുക.

9) യഥേഷ്ടം ലഭിക്കുന്ന അടയ്ക്ക സംസ്കരിക്കുന്നതിനുള്ള യൂനിറ്റ്.

10) സിമന്റ്, ഇഷ്ടിക, ഹോളോബ്രിക്സ് എന്നിവയുടെ നിർമ്മാണം.

11) സഹകരണാടിസ്ഥാനത്തിൽ ക്ഷീരോല്പാദക സംഘങ്ങൾ രൂപീകരിക്കുകയും പാലുപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്യുക.

12) തേൻ സംസ്കരണ കേന്ദ്രം ആരംഭിക്കുകയും തേനീച്ചവളർത്തലിനാവശ്യമായ സഹായങ്ങളും ചെയ്തു കൊടുക്കുക.

13) കൂട്ടനെയ്ത്ത്, പായനെയ്ത്ത്, മുറം മടയൽ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായ സഹായം ചെയ്തു കൊടുക്കുക.

നിലവിലുള്ള യൂനിറ്റുകൾ സംബന്ധിച്ച വിവരം

പട്ടിക - 2

ക്രമ നമ്പർ	സ്ഥാപനം	ആകെ യൂനിറ്റ്	തൊഴിലാളികളുടെ എണ്ണം	
			പുരുഷൻ	സ്ത്രീ
1.	സ്റ്റോൺക്രഷർ	2		
2	പേപ്പർ പ്രൊഡക്ട്സ്	1		
3.	സോഡ	2		
4.	മെറ്റൽ വർക്സ്	1		
5.	ടയർവർക്സ്	2		
6.	ബേക്കറി	7		
7.	റൈസ്മിൽ	3		
8.	തേൻ ശേഖരണം	1		
	ആകെ	19		

നിർദ്ദേശങ്ങൾ


1) പഞ്ചായത്തിലെ കൊമ്മേരിയിലുള്ള അഞ്ചേക്കർ റവന്യൂ ഭൂമി ഏറ്റെടുത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക.

2) വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുവാനാവശ്യമായ പരിശീലനം നൽകുക.

3) പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുക.

4) പുത്തലത്തുള്ള ഒരേക്കർ റവന്യൂ ഭൂമി ഏറ്റെടുത്ത് സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യൂനിറ്റ് ആരംഭിക്കുക.

5) നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതിയിൽ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന ചില നിർദ്ദേശങ്ങളാണ് ഇതിലടങ്ങിയിട്ടുള്ളത്. മേൽപറഞ്ഞ സാധ്യതകളും നിർദ്ദേശങ്ങളും ചർച്ചയുടെ അടിസ്ഥാനത്തിൽ സമ്പന്നമാക്കി നമ്മുടെ പഞ്ചായത്തിൽ ചെറുകിട വ്യവസായ രംഗത്ത് ഏറെപുരോഗതി ഉണ്ടാക്കാൻ കഴിയും. പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിലില്ലായ്മയുടെ രൂക്ഷത കുറക്കുന്നതിനും നമുക്ക് കഴിയും. ജനങ്ങളുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക- പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സംസ്കാരവും വളർത്തിയെടുക്കാൻ കഴിയുകയും ചെയ്യും.



വനിത

ഗ്രൂപ്പ് 9

സമൂഹത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് സ്ത്രീപങ്കാളിത്തം അനിവാര്യമായ ഒരു കാലഘട്ടത്തിലാണ് നാമിന്നുള്ളത്. ഭരണഘടനയുടെ 73,74 ഭേദഗതിയുടെ നിലവിൽ വന്ന പഞ്ചായത്ത്രാജ്, ഭരണസംവിധാനത്തിൽ സ്ത്രീകൾക്ക് 33% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കാലാനുസൃതമായ മുന്നേറ്റങ്ങൾക്ക് സ്ത്രീകളെ സജ്ജരാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

കോളയാട് പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണ്. 18062 ആണ് ആകെ ജനസംഖ്യ. അതിൽ 9141 ആണ് സ്ത്രീകളുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ 21%ത്തിലധികം പട്ടികജാതി- പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്. പട്ടികജാതിയിൽപ്പെട്ട 111 പുരുഷൻമാരും 114 സ്ത്രീകളും പട്ടികവർഗ്ഗത്തിൽപ്പെട്ട 1614 പുരുഷൻമാരും 1706 സ്ത്രീകളും പഞ്ചായത്തിൽ താമസിക്കുന്നു. ആറു വയസ്സിനു താഴെ പ്രായമുള്ളവരുടെ ജനസംഖ്യയിൽ ഭൂരിഭാഗവും ആൺകുട്ടികളാണ്. ഇതിൽ 1219 ആൺകുട്ടികളും 1157 പെൺകുട്ടികളും ഉണ്ട്. സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളുടെ നിലവാരം പുരുഷൻമാരേക്കാൾ പിന്നിലാണ്. 7138 പുരുഷൻമാരും 6848 സ്ത്രീകളും അക്ഷരജ്ഞാനമുള്ളവരായിട്ടുണ്ട്.

സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം

വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ പെൺകുട്ടികളാണു മുന്നിൽ

കുട്ടികളുടെ എണ്ണം

	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
എൽ.പി. സ്കൂൾ	152	157	309
യു.പി. സ്കൂൾ	1300	1258	2558
ഹൈസ്കൂൾ	410	567	917

മുസ്ലീം സമുദായത്തിലും പട്ടികജാതി- പട്ടികവർഗ്ഗത്തിലും പെട്ട പെൺകുട്ടികൾ വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്. ബോധവൽക്കരണത്തിന്റെ അഭാവമാണ് അതിനു കാരണം. അധ്യാപനരംഗത്ത് ഭൂരിഭാഗവും വനിതകളാണ് ഏർപ്പെട്ടിരിക്കുന്നത്.

അധ്യാപകർ

	പുരുഷന്മാർ	സ്ത്രീകൾ	ആകെ
എൽ.പി. സ്കൂൾ	10	8	18
യു.പി. സ്കൂൾ	29	61	90
ഹൈസ്കൂൾ	16	17	33
ആകെ	55	86	141

ഉന്നതവിദ്യാസം നേടാൻ പരിമിതമായ സൗകര്യം മാത്രമേ പഞ്ചായത്തിനുള്ളൂ. വിദ്യാഭ്യാസ നിലവാരത്തിൽ മുന്നിൽ നിൽക്കുന്നത് പെൺകുട്ടികളാണ്. കഴിഞ്ഞ 5 വർഷങ്ങളായി പഞ്ചായത്തിലെ ഹൈസ്കൂളിൽ നിന്നും വിജയിച്ചുപോയ കുട്ടികളുടെ കണക്കുനോക്കിയാൽ ഇക്കാര്യം മനസ്സിലാകും.

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ	ജയിച്ചആൺകുട്ടികൾ	ജയിച്ചപെൺകുട്ടികൾ
1990 91	110	153	50	73
1991 92	140	140	27	64
1992 93	132	132	33	61
1993 94	136	136	35	46
1994 95	101	162	28	50
1995 96	115	165	32	36

1970 മുതൽ 1996 വരെ കോളയാട് ഹൈസ്കൂളിൽ പഠിച്ച കുട്ടികളിൽ കൂടുതൽ മാർക്ക് ലഭിച്ചവർ
13 ആൺകുട്ടികൾ 13 പെൺകുട്ടികൾ

ആരോഗ്യപ്രശ്നങ്ങൾ

പൊതുവേ സ്ത്രീകളുടെ ആരോഗ്യസ്ഥിതി പുരുഷൻമാരെ അപേക്ഷിച്ച് മെച്ചപ്പെട്ടതല്ല. ഈ അവസ്ഥയ്ക്കുള്ള പ്രധാന കാരണം സ്ത്രീകളുടെ അധ്വാനഭാരവും പോഷകാഹാരക്കുറവും ആണ്. വീട്ടുജോലിയുടെ കാര്യത്തിൽ പുരുഷമേധാവിത്വ ആശയങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ആസ്തമ, ക്ഷയം എന്നീ രോഗങ്ങൾ കാണപ്പെടുന്നുണ്ട്. ആദിവാസി സ്ത്രീകളിൽ കാണപ്പെടുന്ന മദ്യപാനം, വെറ്റിലമുറുക്ക് എന്നീ ദുശീലങ്ങൾ ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ അനാരോഗ്യത്തിന് കാരണമായിത്തീരുന്നു. ഇവർ തങ്ങളുടെ ആരോഗ്യത്തെക്കുറിച്ച് ബോധവതികളല്ല.

തൊഴിൽ പങ്കാളിത്തം

എല്ലാ തൊഴിൽ മേഖലകളിലും പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലാണ്. കർഷകരിൽ ഭൂരിഭാഗവും പുരുഷന്മാരാണെങ്കിലും കർഷകതൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. അതിൽ തന്നെ 60%ത്തിലധികം പേർക്ക് ഭാഗികമായേ തൊഴിൽ ലഭിക്കുന്നുള്ളൂ. ഗതാഗതവാർത്താവിനിമയ മേഖലകളിൽ സ്ത്രീ പങ്കാളിത്തം ഒട്ടും തന്നെയില്ല. ഒരു ക്ഷീരവ്യവസായ യൂനിറ്റ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പരിശീലനം നേടിയ 5വനിതകൾ ജോലിയെടുക്കുന്നു. 78 അംഗങ്ങളുള്ള ഒരു ആദിവാസി വനിതാ സഹകരണ സംഘം പെരുവയിൽ പ്രവർത്തിച്ചു വരുന്നു. മഹിളാപ്രധാൻ ഏജന്റുമാരായി പഞ്ചായത്തിൽ 4 പേർ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലേ വിവിധ സ്ഥാപനങ്ങളിൽ ആയി 37 സ്ത്രീകൾ ജോലിചെയ്യുന്നുണ്ട്.

സാമൂഹിക സാമ്പത്തിക പദവി

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലൊഴികെ മറ്റു പൊതുപ്രവർത്തനത്തിന്റെ വിവിധമേഖലകളിൽ, സ്ത്രീകളിൽ നേതൃത്വത്തിലേക്കുയർന്നവർ ആരും ഇല്ല. വനിതകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുന്ന പ്രവണത കാണുന്നില്ല. സ്ത്രീകളുടെ

നേതൃതലഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഒന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ 17 അംഗൻവാടികളും 9 മഹിളാസമാജങ്ങളും ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള 'മഹിളാസമ്സ്സംഘ്' ഉം പ്രവർത്തിക്കുന്നുണ്ട്. ഉത്തരവാദിത്വപ്പെട്ടവരിൽ നിന്നുള്ള വേണ്ടത്ര പ്രോൽസാഹനമോ ആനുകൂല്യമോ ലഭിക്കാത്തതിനാൽ മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

കോളയാട് പഞ്ചായത്തിലെ 6 പേർക്ക് വാർദ്ധക്യ കാല പെൻഷനും 23 പേർക്ക് വിധവാ പെൻഷനും 56 പേർക്ക് കർഷകത്തൊഴിലാളി പെൻഷനും ലഭിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം നടപ്പിൽ വരുത്തിയ പദ്ധതി പ്രകാരം പ്രസവാനുകൂല്യത്തിന് അർഹരായവർക്ക് സാമ്പത്തിക സഹായം നൽകാൻ വേണ്ട ശുപാർശകൾബന്ധപ്പെട്ടവകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

പഞ്ചായത്തിലെ സ്ത്രീകളുടെ പൊതുസ്ഥിതി വളരെ ശോചനീയമാണ്. മൊത്തം ജനസംഖ്യയുടെ ഗണ്യമായ ഒരു ഭാഗം ഇടത്തരക്കാരോ താഴെക്കിടയിൽപ്പെട്ടവരോ ആണ്. ഇത്തരം കുടുംബങ്ങളിൽ പുരുഷമേധാവിത്വം നിലനിൽക്കുന്നു. കുടുംബത്തിന്റെ മുഴുവൻഭാരവും ചുമക്കേണ്ടിവരുന്ന സ്ത്രീകൾ ധാരാളമുണ്ട്. കുടുംബത്തിന്റെ നേതൃത്വം സ്ത്രീയും പുരുഷനും ഒരുപോലെ പങ്കുവയ്ക്കുന്ന ഒരു ജീവിതരീതിയെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1) കുടുംബത്തിന്റെ ഉത്തരവാദിത്വം സ്ത്രീകളിൽ ആയതുകൊണ്ട് പൊതുപ്രവർത്തനത്തിന് സമയക്കുറവുണ്ട്
2) സാമൂഹ്യപ്രവർത്തനത്തിനിറങ്ങുന്ന സ്ത്രീകളെ പുച്ഛത്തോടെ കാണുന്ന മനോഭാവമാണ് സമൂഹത്തിനുള്ളത്.
3) തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
4) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും സ്ത്രീകളുടെ ഇടയിൽ നിലനിൽകുന്നു.
5) പുരുഷന്മാരുടെ മദ്യപാനംമൂലം ഒരു വിഭാഗം സ്ത്രീകൾ വളരെയധികം കഷ്ടപ്പെടുന്നു.
6) വായനശാലകളിലും സാംസ്കാരിക കേന്ദ്രങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെക്കുറവാണ്.
7) പഞ്ചായത്തിലുള്ള അംഗൻവാടികളിൽ കുട്ടികളുടെ മാനസികവും കായികവുമായ വികസനത്തിന് പര്യാപ്തമായ സൗകര്യങ്ങൾ ഒന്നും തന്നെയില്ല.
8) ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഒരു വലിയവിഭാഗം കുട്ടികൾക്കും ഉപരിപഠനത്തിന്വേണ്ടത്ര സൗകര്യമില്ല. ഇക്കാര്യത്തിൽ പെൺകുട്ടികളുടെ നില കൂടുതൽ കഷ്ടമാണ്.
9) വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കാവശ്യമായ മൂത്രപ്പുരകളോ കക്കൂസോ ഇല്ല.
10) സാമൂഹ്യപരമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളിൽ വെറ്റില മുറുക്കും മദ്യപാനവും മൂലമുള്ള ആരോഗ്യ ഭീഷണി നിലനിൽക്കുന്നുണ്ട്
11) പഞ്ചായത്തിലെ കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ശ്വാസകോശ സംബന്ധമായ ആരോഗ്യഭീഷണി നിലനിൽക്കുന്നുണ്ട്
12) വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ നിലവിൽ പരിശീലനകേന്ദ്രങ്ങളില്ല.
13) സർക്കാർ സഹായപദ്ധതികളെക്കുറിച്ചും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചും വ്യക്തമായ അറിവില്ലായ്മ സ്ത്രീകളുടെ ഉന്നമനത്തിന് തടസ്സമായി നിൽക്കുന്നു.

പരിഹാരങ്ങൾ

1) അതാതു വാർഡിലെ വിഭവസാധ്യത കണക്കിലെടുത്ത് തൊഴിൽ യൂനിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
2) പഞ്ചായത്തു മുൻകയ്യെടുത്ത് തുല്യജോലിക്ക് തുല്യവേതനം എന്നതീരുമാനം നടപ്പിലാക്കുക.
3) സ്ത്രീകൾക്കുമാത്രമായി തൊഴിൽയൂനിറ്റുകൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ബാങ്ക് മുഖേന കൊടുക്കുക.
4) പഞ്ചായത്തിൽ സ്ത്രീകൾക്ക് അനുയോജ്യമായ ഖാദി നൂൽ നൂൽപ്പ് യൂനിറ്റ് ആരംഭിക്കണം.
5) തയ്യൽ പരിശീലനകേന്ദ്രം, ഇലക്ട്രോണിക്സ് റിപ്പയറിംഗ്, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം എന്നിവ നടത്തി വിൽപ്പനയ്ക്കുള്ള വിപണി പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തുക.
6) കരിങ്കൽവ്യവസായ മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡും ലേബർകാർഡും നൽകാനുള്ള സംവിധാനം ഉണ്ടാക്കുക. ഭക്ഷണശാലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ന്യായമായ വേതനം ഉറപ്പാക്കുക.
7) മഹിളാസമാജങ്ങൾ വഴി കോഴിക്കുഞ്ഞുങ്ങൾ, ആട്ടിൻകുട്ടികൾ എന്നിവയെ സൗജന്യനിരക്കിൽ വനിതകൾക്ക് നൽകുക.
8) വനിതകൾക്കായി ഒരു സഹകരണസംഘം സ്ഥാപിക്കുക.
9) ആദിവാസി മേഖലയിൽ ഈറ്റ, ചൂരൽകൊണ്ടുള്ള കൂട മെടയൽ പനമ്പ് മുതലായവ സംഭരിച്ച് വിറ്റഴിക്കണം.
10) അടുക്കളത്തോട്ടം പരിപോഷിപ്പിക്കുന്നതിന് വേണ്ട വിത്തും വളവും കൃഷിഭവൻ മുഖേന ഏർപ്പെടുത്തണം.
11) D.W.C.R.A. യൂനിറ്റിൽ ഉൾപ്പെടുത്തി കളിമൺപാത്രനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയുടെ യൂനിറ്റുകൾ

ആരംഭിക്കണം.

12) പ്രാഥമിക ആരോഗ്യകേന്ദ്രത്തിനോടനുബന്ധിച്ച് സ്ത്രീരോഗ വിധഗ്ദനെ നിയമിക്കുക.

13) നിലവിലുള്ള എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും വിപുലീകരിച്ച് മാതൃശിശു സംരക്ഷണകേന്ദ്രമായി ഉയർത്തണം.


14) വ്യാപകമായി കണ്ടുവരുന്ന വ്യാജമദ്യത്തിന്റെ അതിപ്രസരം ഒഴിവാക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയസ്കാഡുകൾ പ്രവർത്തിക്കണം.

15) പഞ്ചായത്തിലെ എല്ലാ കർഷകത്തൊഴിലാളികൾക്കും, നിർമ്മാണത്തൊഴിലാളികൾക്കും ഏകീകൃത സേവനവേതന വ്യവസ്ഥ നടപ്പിലാക്കുക.

16) പഞ്ചായത്തു പ്രസിഡന്റിന്റെ അധ്യക്ഷതയിൽ സ്ത്രീകളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ, സ്ത്രീധന സമ്പ്രദായം എന്നീ പ്രശ്നങ്ങളെ പരിഹരിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

17) ആദിവാസി പെൺകുട്ടികൾക്ക് ചൂരൽ, ഈറ്റ, ചിരട്ട, വാഴനാര്, ചകിരി തുടങ്ങി പ്രദേശങ്ങളിൽ ധാരാളം ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് സാധനങ്ങളുണ്ടാക്കുന്നതിന് പരിശീലനം നൽകുന്നതിനായി ഒരു "കെയിൻ ക്രാഫ്ട് സെന്റർ" തുടങ്ങണം.





സഹകരണം

കോളയാട് പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം 1942ൽ ആരംഭിച്ചു. ഗവർമ്മെന്റിൽ നിന്നും റാവു ബഹദൂർ പട്ടം ലഭിച്ച തഹസിൽദാർ ജെ.സി. ഡിസൂസായുടെ നേതൃത്വത്തിൽ കോളയാട് റോമൻ കത്തോലിക്ക് പള്ളിവകയുള്ള എസ്റ്റേറ്റിലെ തൊഴിലാളികളിൽ നിന്നും ആഴ്ച്ചയിൽ കൂലിവാങ്ങിക്കുമ്പോൾ ഒരണവീതം പിരിച്ചെടുത്ത് ഒരു ഒഹരിക്കുള്ള സംഖ്യ തികയുമ്പോൾ അത്തരക്കാരെ മെമ്പർമാരായി ചേർത്ത് കോളയാട് കത്തോലിക്ക് വിവിധോദ്ദേശ ഐക്യനാണയ സംഘമായി 1942ൽ രൂപീകരിച്ചു പ്രസ്തുത സംഘമാണ് 1964ൽ കോളയാട് സർവ്വിസ് സഹകരണ ബേങ്കായി രൂപാന്തരപ്പെട്ടത്.

കോളയാട് പഞ്ചായത്തിൽ ക്രെഡിറ്റ് മേഖലയിൽ നാലു സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. നോൺ ക്രെഡിറ്റ് മേഖലയിൽ 3 സംഘങ്ങളും പ്രവർത്തിക്കുന്നു.

ക്രെഡിറ്റ് സംഘങ്ങൾ

ക്രെഡിറ്റ് സംഘങ്ങളിൽ കോളയാട് സർവ്വീസ് സഹകരണ ബേങ്കിന് കോളയാട് ഹെഡ്ഓഫീസും ആലച്ചേരിയിൽ ഒരു ബ്രാഞ്ചുംപ്രവർത്തിച്ചു വരുന്നു. കോളയാട് പഞ്ചായത്തിലെ ക്രെഡിറ്റ് മേഖലയിൽ പെട്ട ഒരു പ്രധാനപ്പെട്ട ഒരു സ്ഥാപനമാണിത്. മുഖ്യമായും കാർഷിക വായ്പ്പയാണ് നൽകുന്നതെങ്കിലും ദുർബ്ബല വിഭാഗങ്ങൾക്ക് കുറഞ്ഞപലിശ നിരക്കിൽ ഐ.ആർ.ഡി.പി. വായ്പ്പകളും കക്കൂസ് നിർമ്മാണ വായ്പ്പകളും മറ്റും നൽകിവരുന്നുണ്ട്. ഇതിനു പുറമേ വീട് റിപ്പേർ ചെയ്യുന്നതിനും, കല്ല്യാണാവശ്യങ്ങൾക്കും, വിദേശയാത്രാ ആവശ്യത്തിനും വിദേശ തൊഴിൽ യാത്രയ്ക്കു വേണ്ടിയും, കിണർ, പമ്പു സെറ്റ്, റബ്ബർറോളർ മുതലായ വ്യത്യസ്ത മേഖലയിലും വായ്പകൾ നൽകിവരുന്നു. ഇതിനു പുറമേ റബ്ബർ, കുരുമുളക്, കശുമാവ് കൃഷികൾക്ക് ദീർഘകാലത്തേയ്ക്കുള്ള വികസന വായ്പ്പകളും നൽകിവരുന്നുണ്ട്. പ്രത്യേക നിക്ഷേപ സമാഹരണത്തിലൂടെയും അല്ലാതെയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പെൻഷൻ പദ്ധതി ഈ ബാങ്കിന്റെ പ്രത്യേകതയാണ്. ക്രെഡിറ്റ് മേഖലയിൽപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട സ്ഥാപനമാണ് കൂത്തുപറമ്പ് കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്. ഈ ബാങ്ക് പേഴ്സണൽ വായ്പകളും കച്ചവടാവശ്യത്തിനുള്ള വായ്പ്പകളും നൽകിവരുന്നു. കൂടാതെ നിടുംപൊയിലിൽ, നിടുംപൊയിൽ പട്ടികവർഗ്ഗ സഹകരണസംഘവും, പെരുവയിൽ, പെരുവ ആദിവാസി വനിതാ സഹകരണസംഘവും പ്രവർത്തിച്ചു വരുന്നു.

നോൺ ക്രെഡിറ്റ്

നോൺ ക്രെഡിറ്റ് മേഖലയിൽ ആര്യപ്പറമ്പ് ആസ്ഥാനമായി ഒരു സഹകരണ കൺസ്യൂമർസ്റ്റോർ പ്രവർത്തിച്ചു വരുന്നു. സാധാരണക്കാർക്ക് ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുകയാണ് ഇതിന്റെ പ്രധാന പ്രവൃത്തി. ഇതിന് ആലച്ചേരിയിൽ ഒരു ബ്രാഞ്ച് നല്ല നിലയിൽ പ്രവർത്തിക്കുന്നു.

കോളയാട് സെന്റ് കോർണേലിയൂസ് ഹൈസ്കൂളിൽ ഒരുസ്കൂൾ സൊസൈറ്റി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ സമീപ പ്രദേശങ്ങളിലെ സ്കൂളുകളായ മേനച്ചോടി ഗവൺമെന്റ് യു.പി., ആലച്ചേരി യു.പി., വായന്നൂർ ഗവ: എൽ.പി. കൊമ്മേരി ഗവ: എൽ.പി, പാലത്തുവയൽ ഗവ:യു.പി എന്നിവയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുകയാണ് ഇതിന്റെ മുഖ്യ ജോലി.

ഇതിനു പുറമേ വേക്കളം യു.പി സ്കൂളിലും ഒരു സൊസൈറ്റി താഴെ പറയുന്ന സ്കൂളുകളിലേക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. പൂളക്കുറ്റി എൽ.പി.സ്കൂൾ, വേക്കളം എൽ.പി. സ്കൂൾ എന്നിവയാണവ. കൂടാതെ ആര്യപ്പറമ്പിൽ ക്ഷീരോൽപാദക സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രവർത്തന രഹിതങ്ങളായ സംഘങ്ങൾ.

ആലച്ചേരി കരിങ്കൽ വ്യവസായ സഹകരണ സംഘം, ആലച്ചേരി കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ, വായന്നൂർ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ, കോളയാട് പഞ്ചായത്ത് തേനിച്ച വളർത്തൽ സഹകരണസംഘം, ഈരായിക്കൊല്ലിക്ഷീരോൽപാദക സഹകരണ സംഘം, പെരുന്തോടി തേനീച്ചവളർത്തൽ സഹകരണസംഘം, വായന്നൂർ പട്ടുനൂൽപ്പുഴു വളർത്തൽ സഹകരണസംഘം എന്നിവയാണ് പ്രവർത്തന രഹിതമായ സംഘങ്ങൾ.

നിലവിലുള്ള സഹകരണ സംഘങ്ങളുടെ പട്ടിക

ക്രമ നമ്പർ	സഹകരണ സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച തീയ്യതി	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം രൂ	ജീവനക്കാരുടെ എണ്ണം		നിക്ഷേപം രൂ	വായ്പകൾ രൂ
					പു.	സ്ത്രീ		
	ക്രെഡിറ്റ് സംഘങ്ങൾ							
1.	കോളയാട് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം. നമ്പർ എഫ്. 1088	18-03-1942	3759	6,36,796	11	3	2,12,67,826	2,02,01,484
2.	കൂത്തുപറമ്പ കോ ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ക്ലിപ്തം നമ്പർ എഫ് 1261 (ബ്രാഞ്ച്)	22-12-1990			4	1	29,31,591	27,65,125
3.	നിടുംപൊയിൽ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം. നമ്പർ.എൽ.എൽ. 207	23-07-1977	1153	1,16,145	2	0		92,355
4.	പെരുവ ആദിവാസി വനിതാ സഹകരണ സംഘം ക്ലിപ്തം. നമ്പർ സി. 1410	27-06-1996	78	10,000			15,100	21,000
	നോൺ ക്രെഡിറ്റ്							
1.	ആര്യപറമ്പ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സ്റ്റോർ ക്ലിപ്തം. സി. 882	11-11-1982	755	1,39,740	3	0	8,904	
	സ്കൂൾ തലം							
1.	കോളയാട് സെന്റ് കോർണേലിയൂസ് ഹൈസ്കൂൾ കോ-ഓപ്പ്. സൊസൈറ്റി ക്ലിപ്തം നമ്പർ എൽ. 449	17-12-1975	2,140	13,087				
2.	വേക്കളം യു.പി. സ്കൂൾ കോ-ഓപ്പ്. സൊസൈറ്റി, പെരുന്തോടി.	30-04-1976	1014	1,446				

പിരിച്ചുവിടപ്പെട്ട സഹകരണ സംഘങ്ങൾ

കോളയാട് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി സൊസൈറ്റി, കോളയാട് ക്ഷീരോൽപാദക സഹകരണ സംഘം കോളയാട് പഞ്ചായത്ത് ബാംബു ഏന്റ് കെയിൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റി എന്നിവ ഏറെക്കാലം പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നിട് പിരിച്ചുവിട്ടപ്പെട്ടവയാണ്.

കോളയാട് പഞ്ചായത്തിന്റെ വികസനത്തിന് സഹകരണപ്രസ്ഥാനത്തിന് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന മേഖലകൾ.

1. ക്ഷീരോൽപാദക സഹകരണസംഘം- കോളയാട് പഞ്ചായത്തിൽ ഒരു പാലുത്പാദക സഹകരണ സംഘം രൂപീകരിക്കുകയും ആയതിന്റെ സംഭരണ കേന്ദ്രങ്ങൾ എല്ലാവാർഡുകളിലും തുറക്കുകയും ചെയ്യുക. സംഘത്തിലെ അംഗങ്ങൾക്ക് കറവമാടുകളെ വാങ്ങുന്നതിന് സഹകരണപ്രസ്ഥാനങ്ങളിൽ നിന്നും ഐ.ആർ.ഡി.പി. മുതലായ ദുർബ്ബല വിഭാഗങ്ങൾക്കുള്ള വായ്പകൾ സംഘവും ബേങ്കും തമ്മിൽ ലിങ്കു ചെയ്യുക.

2. വനിതാ സഹകരണ സംഘം- വനിതകളുടെ ഉന്നമനത്തിനായി ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കുക.

3. പഞ്ചായത്ത് തലത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സ്ഥാപിക്കുക.

4. വനിതാ വ്യവസായ സഹകരണസംഘം- വിവിധ തൊഴിൽ ഉദ്ദേശത്തോടുകൂടി റെഡീമെയ്ഡ് വസ്ത്രക്കൾ, ചിപ്സ് യൂനിറ്റ്, തുന്നൽ പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നതിന് കണ്ണൂർ ജില്ലാ മൊത്ത വ്യാപാര സ്റ്റോറുമായി ലിങ്കു ചെയ്യുക.

5. പഞ്ചായത്തുതലത്തിൽ കാർഷികോൽപന്നങ്ങൾ മുഴുവൻ ശേഖരിക്കുന്നതിനും ഒരു മാർക്കറ്റിംങ്ങ് സഹകരണസംഘം സ്ഥാപിക്കുകയും എല്ലാ വാർഡുകളിലും അതിന്റെ സംഭരണ ഡിപ്പോകൾ രൂപീകരിക്കുകയും ചെയ്യുക. ആയതിനാവശ്യമായ സഹായധനങ്ങൾ ഗവൺമെന്റ് തലത്തിലും, വായ്പാ സഹായങ്ങൾ ജില്ലാ ബേങ്ക് തലത്തിലും സംവിധാനം ചെയ്യുക.

6. സഹകരണമേഖലയിൽ സാങ്കേതിക വിദ്യാഭ്യാസം നല്കുന്നതിന് ഉപയുക്തമായ ഐ. ടി. സി. മാതൃകയിലുള്ള സ്ഥാപനങ്ങൾ തുടങ്ങുക.

7. പഞ്ചായത്ത് തലത്തിൽ കോഴിവളർത്തൽ സഹകരണസംഘം രൂപീകരിക്കുക.

8. പഞ്ചായത്ത് തലത്തിൽ ആട്, പന്നി വളർത്തൽ സഹകരണസംഘം രൂപീകരിക്കുക.

9. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഖാദി യൂനിറ്റ് ആരംഭിക്കുക.

10. വനവിഭവങ്ങളെ അടിസ്ഥാനമാക്കി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

11. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു പഴം പച്ചക്കറി സൊസൈറ്റി സ്ഥാപിക്കുകയും കണ്ണൂർ ജില്ലാ പഴം പച്ചക്കറി സൊസൈറ്റിയുമായി അഫിലിയേറ്റ് ചെയ്യുകയും ചെയ്യുക.

12. സ്കാഷ്, ജാം എന്നിവ ഉണ്ടാക്കുന്നതിനായി റെഡ്ക്കോയുടെ ഒരു യൂനിറ്റ് തുടങ്ങുക.

13. നിലവിലുള്ള തേനീച്ചവളർത്തൽ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക. ആയതിന് നിലവിലുള്ള സൊസൈറ്റികളിലെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും താല്പര്യമുള്ള ഓരോവീട്ടിലും രണ്ട് വീതമെങ്കിലും തേനീച്ചപ്പെട്ടി നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുകയും, പ്രവർത്തകർക്ക് തേനീച്ചവളർത്താനാവശ്യമായ പരിശീലനം നല്കുകയും വേണം.

14. കോളയാട് പഞ്ചായത്തിൽ ആതുര ശുശ്രൂഷാ രംഗത്ത് ഉപയുക്തമായ കാര്യമായ സ്ഥാപനങ്ങളൊന്നും ഇല്ലാത്തതിനാലും കൂത്തുപറമ്പിനും പേരാവൂരിനും ഇടയിൽ കാര്യമായ വൈദ്യസഹായം ലഭിക്കുന്നതിന് സാഹചര്യം ഇല്ലാത്തതിനാലും സഹകരണമേഖലയിൽ കോളയാട് ഒരു സഹകരണഹോസ്പിറ്റൽ സ്ഥാപിക്കുക.

15. ചകിരി സംസ്കരണ കയറുത്പന്ന സഹകരണസംഘം രൂപീകരിക്കുക.

16. കരിങ്കൽ വ്യവസായ സഹകരണസംഘം ആരംഭിക്കുക.

17. പട്ടുനൂൽപ്പുഴു സഹകരണസംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

18. സഹകരണാടിസ്ഥാനത്തിൽ ഒരു പ്രസ്സ് സ്ഥാപിക്കുക.

19. സഹകരണാടിസ്ഥാനത്തിൽ റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുക.

20. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കശുവണ്ടി കൂടിവറുപ്പ് സഹകരണസംഘം സ്ഥാപിക്കുക.

നിർദ്ദേശങ്ങൾ

1. കാലാകാലങ്ങളിൽ ബേങ്കുകൾ നല്കുന്ന കാർഷികവായ്പകൾ സംബന്ധിച്ച് വിവരങ്ങൾ യഥാസമയം കൃഷിക്കാരെ അറിയിക്കുന്നതിനുള്ള സംവിധാനം ബാങ്കുകൾ ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

2) കൃഷിക്കാർക്ക് അനുവദിക്കുന്ന വായ്പകൾ പ്രസ്തുത ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം

3) വായ്പാ നിബന്ധനകൾ കുറച്ചു കൂടി ഉദാരമാക്കുന്നത് നന്നായിരിക്കും.

4) സംഘങ്ങളിലെ മെമ്പർഷിപ്പുകൾ രാഷ്ട്രീയ വത്കരിക്കാതെ യഥാർത്ഥ കൃഷിക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.


5) സഹകരണ സംഘങ്ങളിലെ ഭരണ സമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ഭരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ പരിശീലനം നൽകുക.


6) സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ച് മെമ്പർമ്മാരെ ബോധവത്കരിക്കുക.

7) സ്കൂൾ സഹകരണ സംഘങ്ങൾ കേവലം പുസ്തകം വിതരണം ചെയ്യുന്ന ഏജൻസി മാത്രമാവാതെ കുട്ടികൾക്കാവശ്യമായ യൂനിഫോറങ്ങളും സ്റ്റേഷനറി സാധനങ്ങളും വിതരണം ചെയ്യുന്നതിന്റെ ചുമതലകൂടി ഏറ്റെടുക്കേണ്ടതാണ്.

8) കൺസ്യൂമർ സഹകരണസംഘങ്ങളോട് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്, നിലവിൽ ജനങ്ങളിലുള്ള മനോഭാവം മാറ്റിയെടുക്കുന്നതിനു വേണ്ടി രാഷ്ട്രീയ നേതൃത്വം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക-സാമൂഹിക- സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയും. കോളയാട് പഞ്ചായത്തിൽ സഹകരണരംഗത്ത് ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.





പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം.

കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കോളയാട്. പഞ്ചായത്തിലെ ജനസംഖ്യയിൽ 18.32% പട്ടികവർഗ്ഗക്കാരും 1.24% പട്ടികജാതിക്കാരുമാണ്,. 761 കുടുംബങ്ങളിലായി 3805 പട്ടികവർഗ്ഗക്കാരും 45 കുടുംബങ്ങളിലാ.ഇ 225 പട്ടികജാതിക്കാരും അധിവസിക്കുന്നു. പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും ഈ വിഭാഗക്കാർ ഉണ്ടെങ്കിലും ബഹുഭൂരിപക്ഷവും താമസിക്കുന്നത് 4,9 വാർഡുകളിലെ വനാന്തരമേഖലയിലാണ്. വീരകേരളവർമ്മ പഴശ്ശിരാജയുടെ വിശ്വസ്തനായിരുന്ന കുറിച്യപ്പടയാളികളുടെ പിൻമുറക്കാരാണ് ഇപ്പോൾ കണ്ണവം കാട്ടിൽ ജീവിക്കുന്നത്. കണ്ണവം പാലം മുതൽ വയനാട് ജില്ലാ അതിർത്തിയായ രപേര്യച്ചുരം വരെയും തെക്ക് കോഴിക്കോട് ജില്ലാ അതിർത്തിയായ കുറ്റ്യാടി വരെയും നീണ്ടുകിടക്കുന്ന പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായ വനപ്രദേശമാണ് പെരുവ കാടുകൾ. ഇവിടങ്ങളിലെ ഏതാനും കുടുംബങ്ങൾ ഒഴിച്ചാൽ ബാക്കി മുഴുവനാളുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നു.

നാടിന്റെ മോചനത്തിനു വേണ്ടി ചോര ചിന്തി ജീവത്യാഗം ചെയ്ത ഒരു തലമുറയുടെ പിൻമുറക്കാർ സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റണ്ട് പിന്നുട്ടിട്ടും പിറന്ന മണ്ണിൽ അന്യരായി ജീവിക്കേണ്ട സ്ഥിതിവിശേഷം ഇപ്പോഴും തുടരുന്നു. നൂറ്റാണ്ടുകളായി അവർ താമസിച്ച് കൈവശംവെച്ച് അനുഭവിച്ചുവരുന്നതുമായ ഭൂമിക്ക് പട്ടയം നൽകുക എന്നതാണ് അവരെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ആവശ്യം.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതു കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗീകമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകരമായിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. കോളനികളുടെ വിവരം ഒന്നാം പട്ടികയിൽ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	വാർഡ്	(പട്ടികവർഗ്ഗം) കോളനിയുടെ പേര്		വീടുകളുടെ എണ്ണം
	I	മേനച്ചോടി	(കുറിച്യർ)	30
	I	വട്ടക്കര	(,,)	24
	II	ഞാലിൽ	(പണിയർ)	7
	II	കരോത്ത്	(,,)	22
	II	ഈരായിക്കൊല്ലി	(,,)	6
	II	മണ്ഡപം	(കുറിച്യർ)	54
	III	മാച്ചോല	(,,)	8
	III	പെരുന്തോടി	(,,)	15
	III	അത്തൂർ	(,,)	13
	III	നിടുംപുറംചാൽ	(പണിയർ)	5
	IV	പറക്കാട് മല	(കുറിച്യ സങ്കേതങ്ങൾ)	27
	IV	കൊളപ്പ മല	(,,)	38
	IV	ചെമ്പക്കാവ്	(,,)	108
	IV	പെരുവ	(,,)	89
	IV	കുറ്റ്യാട്	(കുറിച്യർ)	35
	V	കോഴിമൂല	(,,)	40
	V	കട്ലോറ	(പണിയർ)	5
	V	പള്ളിപ്പാലം	(കുറിച്യർ)	15
	VI	ലക്ഷം വീട്	(പണിയർ)(അംഗീകൃതം)	5
	VI	ചോല	(കുറിച്യർ)	8
	VI	ചാളക്കൽ	(,,)	6
	VI	കണിയൻകുന്ന്	(,,)	6
	VII	ചാലിൽ	(പണിയർ)(അംഗീകൃതം)	27
	VII	ലക്ഷംവീട്(വയലിൻകര)	(,,) (,,)	9
	VII	പാടിപറമ്പ്	(കുറിച്യർ)	15
	VII	എടയാർ(റോഡരികിൽ)	(പിണിയർ)	5
	VIII	ആലച്ചേരി	(,,)	7
	IX	ചെക്ക്യേരി	(കുറിച്യസങ്കേതങ്ങൾ)	110
	IX	മുടവങ്ങാട്	(കുറിച്യർ)	8
	IX	പുന്നപ്പാലം	(പണിയർ)	9
	IX	കൊമ്മേരി	(കുറിച്യർ)	10
			S.T. ആകെ	**766**
		<u>പട്ടികജാതി</u>		
1.	I	മേനച്ചോടി, വായന്നൂർ		18
2.	IV	ലക്ഷം വീട്		5
3.	VII	എടയാർ		8
		പുത്തലം-പുന്നപ്പാലം		9
		കുറ്റ്യാട്		5
			S.C. ആകെ	**45**

പട്ടിക-1

പട്ടിക-2

ക്രമനമ്പർ	കോളനിയുടെ പേർ	വീടിന്റെ സ്വഭാവം			ആവശ്യമുള്ള വീടുകളുടെ എണ്ണം	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
		കോൺക്രീറ്റ്	ഓട്	ഓല		
	മേനച്ചോടി	-	25	5	10	40
	വട്ടക്കര	-	20	4	10	31
	ഞാലിൽ	-	7	-	2	9
	കരോത്ത്	-	19	3	3	25
	ഈരായിക്കൊല്ലി	-	3	3	3	9
	മണ്ഡപം	-	35	19	10	67
	മാച്ചോല	1	10	2	2	12
	പെരുന്തോടി	-	10	5	5	10
	അത്തൂർ	-	-	8	8	8
	നിടുംപുറംചാൽ	-	-	7	7	7
	പറക്കാട് മല	-	6	21	10	37
	കൊളപ്പ മല	-	15	23	10	48
	ചെമ്പുക്കാവ്	-	60	48	25	133
	പെരുവ	-	70	19	19	105
	കറ്റ്യാട്	-	30	4	10	44
	കോഴിമൂല	1	25	15	5	45
	കട്ലോറ	-	3	2	5	7
	പള്ളിപ്പാലം	-	10	5	10	20
	ലക്ഷം വീട്	-	5	-	3	8
	ചോല	-	5	3	3	8
	ചാളക്കൽ	-	3	3	4	7
	കണിയൻകുന്ന്	-	3	3	3	6
	ചാലിൽ	-	22	-	8	30
	ലക്ഷംവീട്(വയലിൻകര)	-	4	-	4	9
	പാടിപറമ്പ്	-	10	5	5	15
	എടയാർ(നോഡരികിൽ)	-	-	5	5	5
	ആലച്ചേരി	-	7	-	2	7
	ചെക്യേരി	-	95	15	15	125
	മുടവങ്ങാട്	-	4	4	2	10
	പുന്നപ്പാലം	-	5	5	2	12
	കൊമ്മേരി	-	5	5	1	11
					211	1012

പട്ടിക രണ്ടിൽ കോളനികളിലെ വീടിന്റെ സ്വഭാവം ആവശ്യമുള്ള വീടുകളുടെ എണ്ണ്, ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം എന്നിവ ചേർത്തിരിക്കുന്നു.

പട്ടിക രണ്ട് പരിശോധിച്ചാൽ ആദിവാസികൾക്ക് മാത്രമായി തന്നെ 211 എണ്ണം വീടുകളും 1012 എണ്ണം കക്കൂസുകളും ആവശ്യമാണ്. നമ്മുടെ സമൂഹത്തിലെ ഏറ്റവും ദരിദ്രരായ ഒരു ജനവിഭാഗം അനുഭവിക്കുന്ന പ്രശ്നങ്ങളുടെ രൂക്ഷത ഈ പട്ടിക നമ്മെ ബോധ്യപ്പെടുത്തുന്നു. ഇത് പരിഹരിക്കുന്നതിനാവട്ടെ നമ്മുടെ പദ്ധതി ആസൂത്രണത്തിലെ മുൻഗണനകൾ.

പട്ടിക 3ൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആവശ്യമായ കിണറുകളേയും കുളങ്ങളേയും പറ്റി പ്രതിപാദിക്കുന്നു.

പട്ടിക 3

വാർഡ് നമ്പർ	കോളനിയുടെ പേര്	ടാങ്കുകൾ/ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനികൾ	കിണർ ആവശ്യമുള്ള കോളനികൾ	കുളങ്ങൾ ആവശ്യമുള്ളകോളനികൾ	ജലവൈദ്യുതിയുടെ മിനി ജലവിതരണ പദ്ധതികൾ നടപ്പിലാക്കാം
I	മേനച്ചോടി	×	×		
I	വട്ടക്കര		×	×	
II	ഞാലിൽ		×		
II	കരോത്ത്		×		
II	ഈരായിക്കൊല്ലി		×		
II	മണ്ഡപം		×	×	
III	മാച്ചോല		×	×	
III	പെരുന്തോടി		×	×	
III	അത്തൂർ		×		
III	നിടുംപുറംചാൽ		×		
IV	പറക്കാട് മല		×	×	
IV	കൊളപ്പ മല		×		
IV	ചെമ്പുക്കാവ്	×	×	×	
IV	പെരുവ	×	×	×	×
IV	കറ്റ്യാട്		×	×	
V	കോഴിമൂല		×	×	
V	കട്ലോറ		×		
VI	ലക്ഷംവീട്		×		
VI	ചോല		×		
VI	പാടിപറമ്പ്		×		
VI	ചാളക്കൽ		×		
VII	ചാലിൽ		×		
VIII	ആലച്ചേരി		×		
IX	ചെക്യേരി	×	×	×	
IX	മുടവങ്ങാട്		×		
IX	പുന്നപ്പാലം		×		
IX	കൊമ്മേരി		×		

പട്ടിക നാലിൽ വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, പൊതുകക്കൂസ് എന്നിവയുടെ സ്ഥിതി വിവര കണക്കുകൾ കൊടുക്കുന്നു.

പട്ടിക-4

ക്രമ നമ്പർ	കോളനിയുടെ പേര്	റോഡുകൾ		വൈദ്യുതി		കുടിനീർ		
		ഗതാഗത യോഗ്യമായത്	ഗതാഗത യോഗ്യമല്ലാത്തത്	ഉണ്ട്/ഇല്ല	വൈദ്യുതീകരണം തുടങ്ങിയിട്ടുള്ളത്	പൊതു കിണർ	പൊതു ടാപ്പ്	പൊതു കക്കൂസ്
	മേനച്ചോടി	ഉണ്ട്	ഇല്ല	ഉണ്ട്	-	4	-	-
	വട്ടക്കര	ഇല്ല	ഉണ്ട്	ഇല്ല	-	1	-	-
	ഞാലിൽ	ഉണ്ട്	ഉണ്ട്	ഇല്ല	-	1	-	-
	കരോത്ത്	ഉണ്ട്	ഉണ്ട്	ഇല്ല	-	1	-	-
	ഈരായിക്കൊല്ലി	ഉണ്ട്	ഇല്ല	ഇല്ല	-	-	-	-
	മണ്ഡപം	ഇല്ല	ഉണ്ട്	ഇല്ല	-	1	-	-
	മാച്ചോല	ഉണ്ട്	ഉണ്ട്	ഇല്ല	-			
	പെരുന്തോടി	ഉണ്ട്	ഇല്ല	ഇല്ല	-			
	അത്തൂർ	ഉണ്ട്	ഉണ്ട്	ഇല്ല	-			
	നിടുംപുറംചാൽ	ഉണ്ട്	ഇല്ല	ഇല്ല	-			
	പറക്കാട് മല	ഇല്ല	ഉണ്ട്	ഇല്ല	-	1	-	-
	കൊളപ്പ മല	ഇല്ല	ഉണ്ട്	ഇല്ല	-	1	-	-
	ചെമ്പുക്കാവ്	ഇല്ല	ഉണ്ട്	ഇല്ല	-	4	1	-
	പെരുവ	ഉണ്ട്	ഉണ്ട്	ഇല്ല	-	4	-	-
	കുറ്റ്യാട്	ഇല്ല	ഉണ്ട്	ഇല്ല	-	2	-	-
	കോഴിമൂല	ഉണ്ട്	ഇല്ല	ഇല്ല	-	1	-	-
	കട്ലോറ	ഉണ്ട്	ഇല്ല	ഇല്ല	-		-	-
	ലക്ഷം വീട്	ഉണ്ട്	ഇല്ല	ഇല്ല	-	1	-	-
	ചോല	ഉണ്ട്	ഉണ്ട്	ഇല്ല	-			
	പാടിപറമ്പ്	ഇല്ല	ഉണ്ട്	ഇല്ല	-	1		
	ചാളക്കൽ	ഇല്ല	ഉണ്ട്	ഇല്ല	-			
	ചാലിൽ	ഉണ്ട്	ഇല്ല	ഉണ്ട്	-	1	-	1
	ആലച്ചേരി	ഉണ്ട്	ഇല്ല	ഇല്ല	-			
	ചെക്ക്യേരി	ഇല്ല	ഉണ്ട്	ഇല്ല	-	2	2	-
	മുടവങ്ങാട്	ഇല്ല	ഉണ്ട്	ഇല്ല	-	1	-	-
	പുന്നപ്പാലം	ഉണ്ട്	ഉണ്ട്	ഇല്ല	-	1	-	-
	കൊമ്മേരി	ഉണ്ട്	ഉണ്ട്	ഇല്ല	-	-	-	-

* ഈ റിപ്പോർട്ടിന്റെ പലഭാഗങ്ങളിൽ കോളനികളെന്നു വിളിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഒന്നിച്ച് താമസിക്കുന്ന പ്രദേശങ്ങളാണ്. അംഗീകൃത കോളനികൾ 3 എണ്ണം മാത്രമേ ഉള്ളൂ. പലതും കോളനികളായി അംഗീകരിച്ചു കിട്ടേണ്ടതുണ്ട്.

പ്രശ്നങ്ങൾ-നിർദ്ദേശങ്ങൾ

1) വനവിഭവങ്ങൾ ഉപയോഗിച്ച് ആദിവാസികൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാനാവശ്യമായ സഹായങ്ങൾ നൽകുക.

2) തൊഴിൽ സാധ്യത ഉറപ്പു വരുത്താൻ ആട്. കോഴി, പശു, പന്നി വളർത്തലുകൾ പ്രോത്സാഹിപ്പിക്കുക.

3) ആദിവാസികൾക്കു മാത്രമായി ചെറുകിട വ്യവസായ യൂനിറ്റുകൾ ആരംഭിക്കുക.

4) ആദിവാസി സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായകരമാവുന്ന തരത്തിലുള്ള ചെറുകിട തൊഴിൽ സംരംഭങ്ങളാരംഭിക്കുക.

5) പാർപ്പിടമില്ലാത്ത മുഴുവൻ ആദിവാസി ജനവിഭാഗങ്ങൾക്കും വീട് വെക്കാനാവശ്യമായ സഹായങ്ങൾ ഉറപ്പു വരുത്തുക.

6) ആദിവാസികളുടെ നിലവിലുള്ള വീടുകൾ റിപ്പെയർ ചെയ്യുന്നതിന് സഹായകരമാവുന്ന തരത്തിലുള്ള ജനകീയ സന്നദ്ധ പ്രവർത്തനങ്ങൾ വളർത്തിക്കൊണ്ടുവരിക.

7) മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും കുടിവെള്ളം, കക്കൂസ്, പൊതു വഴി ഇവ ഏർപ്പെടുത്തുക.

8) വൈദ്യുതീകരിക്കാത്ത ആദിവാസി കോളനികൾ വൈദ്യുതീകരിക്കുക.

9) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കുക.

10) പത്തോ അതിലധികമോ ആദിവാസി കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന ആദിവാസി സങ്കേതങ്ങൾ കോളനികളായി അംഗീകരിക്കുക.

11) ചെമ്പുക്കാവിൽ I.T.D.P. വകുപ്പിന്റെ കീഴിലുള്ള സ്കൂൾ കെട്ടിടവും സ്ഥലവും സംരക്ഷിച്ച് അവിടെ ആദിവാസികൾക്കായി തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക.

12) പെരുവ P.H.C. ക്ക് സ്ഥിരം കെട്ടിടം നിർമ്മിച്ച് പെരുവയിൽ തന്നെ പുനഃസ്ഥാപിക്കുക.

13) ആദിവാസി കോളനികളോട് ബന്ധപ്പെടുത്തി പൊതു ശ്മശാനങ്ങൾ നിർമ്മിക്കുക.

സാധ്യതകൾ

വൈദ്യുതി:

പഞ്ചായത്തിൽ ചാലിൽ, മേനച്ചോടി എന്നീ രണ്ടു കോളനികളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. മറ്റ് ആദിവാസി കോളനികൾ ഒന്നും തന്നെ വൈദ്യുതീകരിക്കുവാൻ പദ്ധതികളായിട്ടില്ല. ഊർജ്ജിതത്തിന്റെ വിഭാഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പെരുവ മിനി ജലവൈദ്യുത പദ്ധതി ആരംഭിക്കുകയാണെങ്കിൽ ഇതിന്റെ ഗുണം ആദിവാസികൾക്കു ലഭിക്കും.

കുടിവെള്ളം

കോളനികളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണെന്ന് പട്ടിക 3 ബോധ്യപ്പെടുത്തുന്നു. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി പല ഏജൻസികളും കിണർ, കുഴൽകിണർ എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗ ശൂന്യമാണ്. ഉപയോഗ ശൂന്യമായ ജലശ്രോതസ്സുകളെ ഉപയോഗ യോഗ്യമാക്കിയും അവയുടെ സംരക്ഷണത്തിന് ജനങ്ങളുടെ ശ്രദ്ധ ഉറപ്പാക്കുകയും വേണം.

പാർപ്പിടം

പട്ടിക 2ൽ പാർപ്പിടത്തെ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ കൊടുത്തിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ സർക്കാരിൽ നിന്ന് വിവിധ പദ്ധതികൾ പ്രകാരം നടപ്പാക്കിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾ വഴി പാർപ്പിട പ്രശ്നം ചെറിയ ഒരളവു വരെ മാത്രമേ പരിഹരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 211 കുടുംബങ്ങൾക്ക് വീടുകളില്ല. അതുപോലെ തന്നെ ..... എണ്ണം വീടുകൾ ഓല മേഞ്ഞവയാണ്. സ്വന്തമായി ഭൂമിയില്ലാത്തതു കൊണ്ട് വീടു നിർമ്മിക്കാൻ കഴിയാത്ത കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതു കൊണ്ട് ഭവന നിർമ്മാണ പദ്ധതികളുടെ ആനുകൂല്യം കിട്ടാതെ പോയവരുമുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ സ്വന്തമായി വീടില്ലാത്ത ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാനും നിലവിലുള്ള വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കാനും കഴിയുന്ന തരത്തിലുള്ള പദ്ധതി നിർദ്ദേശങ്ങളുണ്ടാവണം.


വിദ്യാഭ്യാസം

പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ നല്ലൊരു ശതമാനം പേരും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരാണ്. നിരക്ഷരരുടെ എണ്ണവും വളരെ കൂടുതലാണ്. രക്ഷിതാക്കളുടെ താത്പര്യക്കുറവ്, ദാരിദ്ര്യം, പട്ടിണി ഇവയൊക്കെ ഇതിനു കാരണങ്ങളാണ്. 1996-97 വർഷം വിവിധ സ്കൂളുകളിലായി 1036 ആദിവാസി കുട്ടികൾ പഠനം നടത്തുന്നുണ്ട്. കോളയാട് പെൺകുട്ടികൾക്കായി ഒരു പ്രീ മെട്രിക്ക് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ ..... എണ്ണം കുട്ടികൾ മാത്രമേ കോളയാട് പഞ്ചായത്തിൽ നിന്നുള്ളവരായുള്ളൂ. പണിയ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിന് ജില്ലാ കൗൺസിൽ ആവിഷ്കരിച്ച പ്രത്യേക വിദ്യാഭ്യാസ പരിപാടി മൂലം കുട്ടികളെ

സ്കൂളുകളിലേയ്ക്ക് അയക്കാനുള്ള പ്രവണത രക്ഷിതാക്കളിൽ വർദ്ധിച്ചിട്ടുണ്ട്. ഇതിനു പ്രധാന കാരണമായിട്ടുള്ളത് സാമൂഹ്യ സമ്മർദ്ദമാണ്. ഈ വിഭാഗത്തിലെ മുഴുവൻ കുട്ടികളേയും സ്കൂളുകളിലെത്തിക്കാനും അവരെ അവിടത്തന്നെ നിലനിർത്താനുമുള്ള ബോധപൂർവ്വമായ ഇടപെടൽ സമൂഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായാൽ മാത്രമേ ഇവരുടെ ഉന്നമനം കാര്യക്ഷമമാവൂ.

പഞ്ചായത്ത് ജനതയുടെ പൊതുവായ വികസന പ്രശ്നങ്ങൾക്കു പുറമേ സാമൂഹ്യമായ പരിഗണന, അംഗീകാരം ഇവയുടെ അഭാവം സംബോധനയിലും ബന്ധങ്ങളിലും പാലിക്കപ്പെടാത്ത തുല്യത തുടങ്ങിയവയെല്ലാം ഇവരുടെ ജീവിതം കൂടുതൽ ദുരിത പൂർണ്ണമാക്കുന്നു. വികേന്ദ്രീകൃതാസൂത്രണത്തിൽ ഈ വിഭാഗത്തിന്റെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെയും പദ്ധതി ആസൂത്രണത്തിൽ അഭൂത പൂർവ്വമായ മുൻഗണന നൽകി ഈ ജനവിഭാഗത്തിന്റെ ക്ഷേമം നമുക്കുറപ്പാക്കാം.







വിഭവസമാഹരണം

ഒരു സമ്പദ്ഘടനയുടെ നിലനിൽപ്പിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വിഭവങ്ങൾ. മികച്ച ആസൂത്രണവും വിഭവങ്ങളുടെ ശരിയായ വിനിയോഗവുമാണ് സാമൂഹിക പുരോഗതിയുടെ നിദാനം അധികാരങ്ങൾ താഴെത്തട്ടിലെത്തുകയും പഞ്ചായത്തുകൾ പ്രദേശിക സ്വയം ഭരണ സ്ഥാപനങ്ങളായി ഉയരുകയും ചെയ്യുന്ന ഘട്ടത്തിൽ പഞ്ചായത്തിന്റെ വരുമാനം നിലവിലുള്ളതിൽ നിന്നും ഏറെ വർദ്ധിപ്പിക്കേണ്ടതത്യാവശ്യമാണ്. ഈ നിലയിൽ ശക്തമായ സാമ്പത്തിക അടിത്തറയിൽ നിന്നു കൊണ്ടു മാത്രമേ മെച്ചപ്പെട്ട വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുകയുള്ളു.

കാർഷിക വ്യാവസായിക വികസന മേഖലകളിൽ അടിസ്ഥാനപരമായ പൊളിച്ചെഴുത്ത് നടത്തുകയും, പുതിയ വികസന പാത തുടരുന്നതിനോടൊപ്പം, മറ്റു വികസനോന്മുഖമായ സ്രോതസ്സുകളെക്കൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ നിന്നും കൊണ്ട് നമ്മുടെ പഞ്ചായത്തിൽ എത്തിച്ചേരുമ്പോൾ അടിസ്ഥാനപരമായ വിഭവങ്ങൾ ഏറെ പരിമിതമായ ഒരു സാഹചര്യമാണ് നിലവിലുള്ളത്. വിഭവങ്ങളെ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതി വർദ്ധനവ് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമായി മാറിയിരിക്കുന്നു. ഇത് കൈകാര്യം ചെയ്യുന്നതിനോടൊപ്പം സാധാരണക്കാരനെ സാരമായി ബാധിക്കാത്ത നിലയിലേയ്ക്ക് ഇത് വളർത്തിക്കൊണ്ടുവരികയും ചെയ്യു, വർദ്ധിച്ചു വരുന്ന ആവശ്യങ്ങളേയും പ്രശ്നങ്ങളേയും നേരിടാൻ നാം സ്വയം സജ്ജരാവേണ്ടിയിരിക്കുന്നു.

മേൽക്കൊടുത്ത പട്ടികയിൽ നിന്നും പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇതിനനുസൃതമായി ആനുപാതിക വർദ്ധനവ് എല്ലാമേഖലയിലും വന്നു ചേർന്നിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പഞ്ചായത്തിന്റെ വരുമാനങ്ങൾ

	85-86	95-96
കെട്ടിട നികുതി	44,522	1,55,937
തൊഴിൽ നികുതി	28,187	87,925
വിനോദ നികുതി	771	26,023
വാഹന നികുതി	112	-
ബസ്റ്റാന്റ്	-	18,250
ഷോപ്പിംഗ് കോംപ്ലക്സ്	-	83,783
ഉപാധിരഹിത ഫണ്ട്	-	3,17,000
JRY	3000	6,68,650
ഗവ. ഗ്രാന്റ്	-	2,60,712

കെട്ടിട നികുതി.

നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അശാസ്ത്രീയത നിലനിൽക്കുന്നു. ആഡംബരപൂർണ്ണമായതും വിലപിടിപ്പുള്ളതുമായ കെട്ടിടങ്ങൾ, വീടുകൾ എന്നിവയ്ക്ക് നിലവിലുള്ള നികുതിയിൽ നിന്ന് വർദ്ധനവ് ഏർപ്പെടുത്തിക്കൊണ്ട് നികുതിഘടന പൊളിച്ചെഴുതണം. ഈ നിലയിൽ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

തൊഴിൽ നികുതി

തൊഴിൽ നികുതി ഇപ്പോൾ ഈടാക്കുന്നത് ഗവ. ഉദ്യോഗസ്ഥർ, നാമമാത്രമായ കച്ചവട സ്ഥാപന ഉടമസ്ഥരിൽ നിന്നുമാണ്. ഇതിൽ മാറ്റം വരുത്തിക്കൊണ്ട് മറ്റു തൊഴിൽ മേഖലകളിലെ തൊഴിലെടുക്കുന്നവരെക്കൂടി ഈ നികുതിഘടനയിൽ കൊണ്ടു വരണം. സ്റ്റോൺ ക്രഷർ തൊഴിലാളികൾ, കരിങ്കൽകഷാ തൊഴിലാളികൾ, ഹോളോബ്രിക്സ് തൊഴിലാളികൾ, ഡ്രൈവർമാർ, ടയ്ലർമാർ തുടങ്ങിയ സംഘടിതമായ മേഖലകളിലെ തൊഴിലെടുക്കുന്നവരെക്കൂടി ഈ പരിധിയിൽ കൊണ്ടുവന്നാൽ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

ലൈസൻസ് ഫീസ്

പഞ്ചായത്തിലെ നിലവിലുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് അശാസ്ത്രീയ രൂപത്തിലാണ്. ഇതു വർദ്ധിപ്പിക്കേണ്ടത് പരിഗണിക്കണം അതോടൊപ്പം കല്ലുകൊത്തുന്ന കപ്പണ, കരിങ്കൽ കഷാ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിർബന്ധമായും ഫീസ് ഏർപ്പെടുത്തുകയും ചെയ്യണം.

വസ്തു കൈമാറ്റത്തിൽ പഞ്ചായത്തിന് ലഭ്യമാകുന്ന നികുതിയിനത്തിൽ 75% വും, 25%വും എന്ന വേർതിരിവ് ഇപ്പോൾ നിലവിലുണ്ട്. ഇതിനു ഭേദഗതി വരുത്തിക്കൊണ്ട് നൂറുശതമാനവും പഞ്ചായത്തിനു ലഭിക്കണം. പാരലൽ കോളേജുകൾക്ക് ലൈസൻസു ഫീസ് നിശ്ചയിച്ചുകൊടുക്കുകയും, വളർത്തു നായ്ക്കൾക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്താൽ ഈ ഇനങ്ങളിൽ പഞ്ചായത്തിൽ കൂടുതൽ വരുമാനം ലഭ്യമാകുന്നു.

വിനോദനികുതി

വിനോദനികുതിയിനത്തിൽ പഞ്ചായത്തിന്റെ ഏക വരുമാന മാർഗ്ഗം സിനിമാശാലയാണ്. ഇതിൽ ടിക്കറ്റ് എണ്ണത്തിനനുസരിച്ച് നികുതി ഈടാക്കുന്ന ഘടനയാണ് നിലവിലുള്ളത്. ഇത് ഒരു പ്രദർശനത്തിന് സ്ഥിരമായ ഒരു തുക എന്നനിലയിൽ ഈടാക്കിയാൽ പഞ്ചായത്തു വരുമാനം വർദ്ധിപ്പിക്കാം.

നിലവിലുള്ള പഞ്ചായത്തു ഗ്രൗണ്ടും ഓപ്പണേയർ തീയറ്ററും ഉപയോഗിക്കുന്നതിൽ വാടക നിശ്ചയിച്ചത് വളരെ പരിമിതമാണ്. ഇതിൽ സാമ്പത്തിക അടിസ്ഥാനത്തെ മുൻനിർത്തിക്കൊണ്ടുള്ള പരിപാടികൾക്ക് നിർബന്ധമായും വാടക വർദ്ധിപ്പച്ചു കൊണ്ട് ഈടാക്കിയാൽ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും.

പുറം പോക്ക് ഭൂമി

പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച് പൂർണ്ണമായ വിവരം പഞ്ചായത്തിനില്ല. ഭൂമി അളന്നു തിട്ടപ്പെടുത്തി പഞ്ചായത്തു കൈവശം വന്നുചേരണം. ഇങ്ങനെയുള്ള ഭൂമി പഞ്ചായത്തു വർഷം തോറും ആവശ്യക്കാർക്ക് പാട്ടത്തിനു കൊടുത്താൽ വരുമാനം വർദ്ധിപ്പിക്കാം. അതോടൊപ്പം കോളയാട് , എടയാർ, കൊമ്മേരി, പുത്തലം പ്രദേശങ്ങളിൽ ഉള്ള റവന്യൂ പുറംപോക്ക് സ്ഥലങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞാൽ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയുന്നതോടൊപ്പം തൊഴിലില്ലായ്മ കൂടി പരിഹരിക്കുവാൻ കഴിയുന്നതാണ്.

വാഹന നികുതി

വാഹന നികുതിയിനത്തിൽ പഞ്ചായത്തിന് ഒരു വരുമാനവും നിവവിൽ ലഭിക്കുന്നില്ല. കോളയാട് ടൗണിൽ ആവശ്യമായ സ്ഥലം കണ്ടെത്തി വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

ഷോപ്പിങ്ങ് കോംപ്ലെക്സ്

ഷോപ്പിങ്ങ് കോംപ്ലെക്സ് കെട്ടിടങ്ങൾ വാടകയിനത്തിൽ കൊടുക്കുന്നതിൽ നല്ലൊരു വരുമാനം പഞ്ചായത്തിനു ലഭ്യമാകുന്നുണ്ട്. ഇതു വിപുലീകരിക്കാൻ നല്ല സാധ്യത നമ്മുടെ പഞ്ചായത്തിലുണ്ട്. നിലവിലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സ് കെട്ടിടങ്ങൾ കോളയാട്, നിടുംപൊയിൽ എന്നിവിടങ്ങളിലാണ്. ഇതിൽ കോളയാട് ഷോപ്പിംങ്ങ് കോംപ്ലെക്സ് കെട്ടിടങ്ങൾക്ക് സമാന്തരമായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഷോപ്പിങ്ങ് കോംപ്ലെക്സ് കെട്ടിടം പുതുതായി നിർമ്മിച്ചു കൊടുക്കുവാൻ കഴിഞ്ഞാൽ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

ടൂറിസം

ടൂറിസത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എങ്കിലും ചെമ്പുക്കാവിലെ "വെള്ളരിപ്പാറ" വെള്ളച്ചാട്ടം, കൊളപ്പയിലെ ആന സംരക്ഷണ മേഖല, പറക്കാട് മേഖലയിലെ പ്രകൃതിസുന്ദരമായ വനഭൂമി എന്നീ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ ശ്രമം നടത്തിയാൽ ഈ ഇനത്തിൽ പഞ്ചായത്തു വരുമാനം വർദ്ധിപ്പിക്കാം.

ഗൾഫ് പണം

പഞ്ചായത്തിന്റെ സമ്പദ് ഘടനയെ നിർണ്ണയിക്കുന്നതിൽ ഗൾഫ് പണത്തിന്റെ സ്വാധീനം വളരെ വലുതാണ്. നിലവിൽ ഗൾഫ് പണത്തിന്റെ വിനിയോഗം പ്രത്യുൽപ്പാദനപരമല്ല. ഉൽപ്പാദനപരമായ മേഖലകളെ കണ്ടെത്തി ഈ പണത്തെ ഒറ്റയ്ക്കോ കൂട്ടായ്മയിലൂടെയോ ആവഴിക്കു തിരിച്ചുവിട്ടാൽ ഉൽപ്പാദന രംഗത്ത് നമുക്ക് വമ്പിച്ച കുതിച്ചു ചാട്ടം നടത്തുവാൻ കഴിയും. വ്യാവസായിക മേഖലയിലേയ്ക്ക് ഈ പണം തിരിച്ചു വിടാനുള്ള നല്ല സാധ്യത നിലവിൽ പഞ്ചായത്തിലുണ്ട്. ഇത് തൊഴിലില്ലായ്മ പരിഹരിക്കുന്നതോടൊപ്പം പഞ്ചായത്തു വരുമാനവും ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയും.

ഗൾഫിൽ ജോലിചെയ്യുന്നവരുടെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

വാർഡ്	1	2	3	4	5	6	7	8	9
എണ്ണം	3	9	25	8	40	47	55	30	14

ധനകാര്യ സ്ഥാപനങ്ങൾ

പഞ്ചായത്ത് സമ്പദ്ഘടനയുടെ സാമ്പത്തിക ശ്രോതസ്സിൽ ഗണനീയ സ്ഥാനം ധനകാര്യ സ്ഥാപനങ്ങൾക്കുണ്ട്. പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ മെച്ചപ്പെട്ട നിലയിൽ ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നു. പ്രധാനമായും കാർഷിക മേഖലയിലെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള വായ്പകളാണു കൂടുതലും അനുവദിക്കുന്നത്. ഈ നിലയിലുള്ള വായ്പകൾ പോലും ഫലപ്രദമായി ഉപയോഗിക്കാത്ത നിലയും ഇന്നുണ്ട്. കാർഷിക മേഖലയ്ക്കു നൽകുന്ന പരിഗണനയ്ക്കൊപ്പം ചെറുകിട വ്യാവസായിക മേഖലയെക്കൂടി പരിപോഷിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ പദ്ധതികൾക്ക് പഞ്ചായത്ത് നേതൃത്വം നൽകണം. ഇത് തുടർന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതോടൊപ്പം പഞ്ചായത്ത് വരുമാനവും വർദ്ധിക്കുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ കോളയാട് സർവ്വീസ് സഹകരണ ബാങ്ക്, കൂത്തുപറമ്പ് സഹകരണബാങ്കിന്റെ ഒരു ശാഖ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, നിടുംപൊയിൽവനിതാ പട്ടികജാതി പട്ടികവർഗ്ഗ സൊസൈറ്റി, പെരുവയിലെ ആദിവാസി സഹകരണസംഘം എന്നിവയാണ് പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ.

നിക്ഷേപ-വായ്പ കണക്ക് ചുവടെ

	നിക്ഷേപം	വായ്പ
കോളയാട് സർവ്വീസ് സഹകരണ ബാങ്ക്	2,12,67,826	2,02,01,484
കൂത്തുപറമ്പ് സഹകരണ ബാങ്ക്	29,31,591	27,65,125
നിടുംപൊയിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘം	- -	92,353
പെരുവ ആദിവാസി വനിതാ സഹകരണസംഘം	15,100	21,000
നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്	72,00,000	179,00,000

മറ്റ് വരുമാന മാർഗ്ഗങ്ങൾ

നിലവിലുള്ള സ്രോതസ്സുകളുപയോഗിക്കുന്നതിനോടൊപ്പം പുതിയ മാർഗ്ഗങ്ങളും നാം കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്ത് സ്റ്റേഡിയത്തോട് ചേർന്നുകിടക്കുന്ന നിർദ്ദിഷ്ട സ്ഥലത്ത് മത്സ്യ- മാംസ- പച്ചക്കറി മാർക്കറ്റുകൾ അടിയന്തിരമായി നിർമ്മിക്കുകയും, ആഴ്ചച്ചന്ത, കാലിച്ചന്ത എന്നിവ ഫ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ വരുമാനം ഗണ്യമായി വർദ്ധിക്കുന്നതാണ്. ആധുനിക സംവിധാനങ്ങളോടേയുള്ള കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കേണ്ടതാണ്. പഞ്ചായത്ത് അധീനതയിലുള്ള ഭൂമികളിലെ ആദായവസ്തുക്കൾ ലേലം ചെയ്ത് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കണം.

ചെലവുകൾ

പഞ്ചായത്ത് വരുമാനത്തിന്റെ വലിയ ഒരു ശതമാനം പൊതുമരാമത്ത് ജോലികൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത്. റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ കോൺട്രാക്ടറുടെ കൈകളിലൂടെയാണ് നടന്നു വന്നിട്ടുള്ളത്. പണത്തിന്റെ വലിയ ഒരു ഭാഗം ഈ നിലയിൽ ദുർവിനിയോഗം ചെയ്യുന്നതിന് ഇടനൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ മേൽനോട്ടത്തിലോ, ജനകീയ കമ്മറ്റികൾ രൂപീകരിച്ച് കൊണ്ടോ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിയണം.

വാർഡ് വികസന സമിതിയും, അയൽക്കൂട്ടങ്ങൾ, മറ്റ് സന്നദ്ധസംഘടനകൾ അതത് പ്രദേശത്തെ റോഡുകളുടെ സംരക്ഷണം ഏറ്റെടുത്താൽ അതുവഴി ഒരു റോഡിൽ പലഘട്ടങ്ങളിലായി പണം ചെലവഴിക്കുന്ന അവസ്ഥ ഇല്ലാതാക്കാൻ കഴിയും.

വരുമാനത്തിന്റെ വലിയ ഒരു ഭാഗം [illegible] ചിലവഴിക്കുന്നു. ഇത് കുറക്കുവാൻ കഴിയില്ലെങ്കിലും ഇത് പരമാവധി നിയന്ത്രിക്കുന്നതിന് കഴിഞ്ഞേ മതിയാവൂ.

മനുഷ്യാധ്വാനം

വികസനോന്മുഖമായ നാടിനു വേണ്ടിയുള്ള [illegible] ആസൂത്രണവും, മാനുഷിക അധ്വാനത്തിന്റെ മൂല്യം ചോർത്തുന്ന [illegible] നിദാനം. ഈ വിടവിനെ സന്നദ്ധ പ്രവർത്തനത്തിലൂടെ ഏറെ ഉപയോഗിച്ചുവരുന്ന [illegible] ആശുപത്രി സ്കൂൾ കെട്ടിടനിർമ്മാണം എന്നിവ ഇത്തരം പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. [illegible] ബോധവൽകരണവും നടത്തിയാൽ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് സന്നദ്ധപ്രവർത്തനം [illegible] മുതൽക്കൂട്ടാണ്. ഇതിനാവശ്യമായ ഒരു പട്ട് നിർദ്ദേശങ്ങൾ കഴിഞ്ഞ ഗ്രാമസഭകളിൽ നിന്നു തന്നെ ഉരുത്തിരിഞ്ഞിട്ടുണ്ട്.

റോഡുകളുടെ നിർമ്മാണം, [illegible] പൊതു സ്ഥലങ്ങളിൽ [illegible] തെരുവുവിളക്കുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തടസ്സങ്ങൾ [illegible] തരിശുഭൂമി മനുഷ്യധ്വാനം വിനിയോഗിക്കുവാൻ നമുക്ക് കഴിയണം. പുതിയൊരു വികസന സംസ്കാരം [illegible] പഞ്ചായത്തെ ഉയർത്തുവാനും നമുക്ക് കഴിയും.

പ്രശ്നങ്ങൾ

1) തൊഴിൽ നികുതിയിൽ എല്ലാ വിഭാഗം തൊഴിലാളികളും [illegible]
2) കെട്ടിടനികുതി നിർണ്ണയത്തിൽ അശാസ്ത്രീയത നിലനിൽക്കുന്നു.
3) ലൈസൻസ് ഫീസ് പരിധിയിൽ മുഴുവൻ [illegible]
4) പഞ്ചായത്ത് പുറംപോക്ക് ഭൂമി കയ്യേറ്റക്കാർ [illegible]
5) ടൂറിസത്തിന്റെ സാധ്യത വിനിയോഗിച്ചിട്ടില്ല.
6) ഗൾഫ് പണത്തിന്റെ സാധ്യത വേണ്ടത്ര വിനിയോഗിച്ചിട്ടില്ല.
7) കോണ്ട്രാക്ടർമാരും, ഇടനിലക്കാരും അമിത ലാഭം [illegible]
8) സന്നദ്ധ പ്രവർത്തനത്തെ വേണ്ടത്ര ഉപയോഗിച്ചിട്ടില്ല.

സാധ്യതകൾ

1) ആധുനികരീതിയിലുള്ള കെട്ടിടങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.
2) തൊഴിൽ നികുതി ഘടനയിൽ എല്ലാ വിഭാഗത്തിലും [illegible] നികുതി ഈടാക്കുക.
3) ലൈസൻസ് ഫീസ് മുഴുവൻ വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഫലപ്രദമായും ഭംഗിയായും ഈടാക്കുക.
4) പുറം പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി [illegible] നടപടി സ്വീകരിക്കുക.
5) ചെമ്പൂക്കാവ് മേഖലയെ ബന്ധപ്പെടുത്തി ടൂറിസം [illegible] ഉപയോഗപ്പെടുത്തുക.
6) ഗൾഫ് പണത്തെ ചൊല്പടിക്ക് വ്യവസായ മേഖലയിലേക്ക് തിരിച്ചു വിടുക.
7) കോളേജ് ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ, [illegible] തുടങ്ങിയവ നിർമ്മിക്കുന്നതിന് കെട്ടിടവും തുച്ഛവിലയ്ക്ക് തരിശുഭൂമിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8) ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള [illegible] നടപടികൾ ആവിഷ്കരിക്കുക.
9) 2 ഹെക്ടറിൽ കൂടുതൽ [illegible]



വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പുകൾ

1. ചരിത്രം:

ചെയർമാൻ	:	വി. പി. ഗോവിന്ദൻ മാസ്റ്റർ
കൺവീനർ	:	പി. കെ ബാലൻ മാസ്റ്റർ
	:	ജോൺ ചെറിയാൻ മാസ്റ്റർ
	:	രാഘവൻ എടയാർ

2. കൃഷിയും ജലസേചനവും:

ചെയർമാൻ	:	പത്മനാഭൻ (കൃഷി ഓഫീസർ)
കൺവീനർ	:	ഫിലിപ്പ് കെ. അധികാരം
	:	ബാലകൃഷ്ണൻ
	:	രാജു
	:	സബാസ്റ്റ്യൻ
	:	സി. എം. ജോർജ്ജ്
	:	കെ. പി. ജോസഫ്

3. മൃഗപരിപാലനം മത്സ്യബന്ധനം:

കൺവീനർ	:	പി. നാണു
	:	രഞ്ജിത്ത് കൊമ്മേരി
	:	പ്രിയൻ കുറ്റ്യാട്

4. വിദ്യാഭ്യാസം

ചെയർമാൻ	:	പി. സി. ജോസഫ് മാസ്റ്റർ
കൺവീനർ	:	രഞ്ജിത്ത് മാസ്റ്റർ
	:	ത്രേസിയാമ്മ ടീച്ചർ
	:	പി. മോഹനൻ
	:	ടി. വി. സകറിയ
	:	ബാലൻ മാസ്റ്റർ കൊമ്മേരി

5. ആരോഗ്യം .. കുടി വെള്ളം

ചെയർമാൻ	:	ടി. ശാന്ത
കൺവീനർ	:	പി. വി. ശ്രീധരൻ മാസ്റ്റർ
	:	ഷിബു ജോസഫ്
	:	പി. പ്രഹ്ലാദൻ
	:	മധു. എം
	:	മനോജ് ആര്യപ്പറമ്പ

6. ഗതാഗതം .. ഊർജ്ജം

ചെയർമാൻ	:	ശീന്ദ്രൻ പി മേനച്ചോടി
കൺവീനർ	:	കെ. ടി. ഫിലിപ്പ്
	:	എം. പി. മുകുന്ദൻ
	:	പി. പ്രേമവല്ലി

7. ഭവന നിർമ്മാണം .. സാമൂഹ്യ ക്ഷേമം

ചെയർമാൻ	:	സകറിയ മാസ്റ്റർ
കൺവീനർ	:	പി. കെ. പ്രദീപൻ
	:	എൻ. ജനാർദ്ദനൻ മാസ്റ്റർ
	:	വി. ഭാസ്കരൻ (വി.ഇ.ഒ)
	:	രമ (എൽ.വി.ഇ.ഒ)
	:	സുരേഷ് പെരുവ

8. സംസ്കാരം .. കായികം

ചെയർമാൻ	:	എൻ. ബിന്ദു
കൺവീനർ	:	എം. ആർ വിജയൻ
	:	ആന്റണി ദാസ്
	:	ബി. ജയരാജൻ
	:	ഭാസ്കരൻ മാസ്റ്റർ

9. വ്യവസായം

ചെയർമാൻ	:	എ ശശീന്ദ്രൻ
കൺവീനർ	:	കെ.എൻ. അശോക് കുമാർ
	:	ശശാങ്കൻ
	:	വി. കെ. ജോസ്
	:	അനിൽ കൊമ്മേരി

10. വനിതാ ക്ഷേമം

ചെയർമാൻ	:	എൻ. കമല
കൺവീനർ	:	വിജയ കുമാരി
	:	ഷാജി മോൾ
	:	സതി ടീച്ചർ
	:	ടി. എ. ജോസ്
	:	സി. ശോഭ
	:	സി. സതീശൻ
	:	കെ. മനോഹരൻ
	:	പി. ഡി. പത്മിനി

11. സഹകരണം


ചെയർമാൻ	:	പി. എം. ജോർജ്ജ്
കൺവീനർ	:	പി. എം മാധവൻ നമ്പ്യാർ
	:	എം. സുരേന്ദ്രൻ
	:	ഒ. ടി. സത്യൻ
	:	ബാബു മാസ്റ്റർ
	:	കെ. ടി. ജോസഫ്

12. പട്ടികജാതി .. പട്ടികവർഗ്ഗ ക്ഷേമം

ചെയർമാൻ	:	എം. കെ. സുമ
കൺവീനർ	:	റോയ് പൗലോസ്
	:	എം. ഭാസ്കരൻ
	:	എ. ഷാജു
	:	കെ. വി. ബാലൻ

13. വിവേസുമാഹരണം

ചെയർമാൻ	:	എ. ടി. അബൂബക്കർ ഹാജി
കൺവീനർ	:	സി. സജീവൻ
	:	എം. മോഹനൻ
	:	എ. മോഹനൻ
	:	ജെന്നി കെ പൗലോസ്
	:	കെ. പവിത്രൻ




അധികാരം ജനങ്ങളിലേക്ക്





"സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന്
തോന്നുന്നുവോ അപ്പോൾ
മാത്രമാണ് ഭാരതം
പൂർണ്ണ സ്വാതന്ത്ര്യം നേടുക"

-ഗാന്ധിജി



അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്



അധികാരം ജനങ്ങൾക്ക്